257
DECEMBER 2016

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



## വർത്തമാന കാലത്തെ അകാല മറവികൾ

ട്രംപിന്റെ വിജയവും
സംസ്കാരങ്ങളുടെ സംഘട്ടനങ്ങളും
കോളേജുവിദ്യാഭ്യാസം-മാറ്റങ്ങൾക്ക് കാതോർത്ത്
സ്ത്രീയും നിയമവും
ഓർമകളിലെ പീറ്റർ നോർമാൻ
എം.എസ്. ബാബുരാജ്:
അജ്ഞാതദ്വീപിൽനിന്നെത്തിയ അരയന്നം
മാനവ മോചനത്തിന്റെ പുതു വെളിച്ചം
ബുദ്ധമത ദർശനത്തിൽ

ക്രിസ്മസ് പുതുവത്സരാശംസകൾ

**KERALA PRIVATE COLLEGE TEACHER 257**

DECEMBER 2016

## EDITORIAL BOARD

Chief Editor
**Prof. Pramod Vellachal**

Managing Editor
**Prof. Tomichan Joseph**

Assistant Editor
**Dr. N.M. Sunny**

**Members**
Prof. A.G. Oleena
Dr. K.L. Vivekanandan
Dr. D.K. Babu
Dr. P.K. Kusalakumari
Dr. Beena S.
Dr. C. Unnikrishnan
Dr. N.K. Sunil Kumar
Dr. N. Renuka
Dr. Lakshmi Priya
Dr. Suneetha T.V.
Dr. James Paul
Prof. Padmanabhan Kavumbai
Dr. Soni John
Prof. E. Sreelatha
Dr. Biji Abraham
Dr. Vijayan Pillai

Design
*Jwala Creatives*
*9447853005*

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.

- *എഡിറ്റോറിയൽ* 3
- *സാങ്കേതിക സർവകലാശാല ജനാധിപത്യ ധ്വംസനത്തിന്റെ വേദി* 6
  **ഡോ. കെ.എൽ വിവേകാനന്ദൻ**
- *സ്ത്രീയും നിയമവും* 11
  **ഖദീജ മുംതാസ്**
- *ചിഞ്ചു ടീച്ചറുടെ ഡയറി* 16
  **ടി.പി. വേണുഗോപാലൻ**
- *ഡൊണാൾഡ് ട്രംപിന്റെ വിജയവും സംസ്കാരങ്ങളുടെ സംഘട്ടനങ്ങളും* 17
  **പ്രമോദ് വെള്ളച്ചാൽ**
- *പാക്കിസ്ഥാന്റെ കയറ്റുമതി തീവ്രവാദം കാശ്മീരിലൂടെ ഇന്ത്യയിലേക്ക്* 21
  **ഡോ. ജിജി പോൾ. എസ്**
- *വജ്രജൂബിലി നിറവിൽ കേരളം - ആത്മപരിശോധനാ നിമിഷം* 27
  **ഫാ. ഡോ. തോമയോൻ റോബി**
- *കോളേജുവിദ്യാഭ്യാസം- മാറ്റങ്ങൾക്ക് കാതോർത്ത്* 31
  **ഡോ. ജെയിംസ് പോൾ**
- *The Social Media and Mediated Motherhoods* 40
  **Dr. A.C. Sreehari**
- *Your Income Tax for the Assessment Year 2017-18 (Financial Year 2016– 17)* 44
  **Prof. Tomichen Joseph**
- *ഓർമകളിലെ പീറ്റർ നോർമാൻ* 50
  **ഡോ. സോണി ജോൺ**
- *Demonitisation of Indian Currency- A Master Stroke to Poor* 54
  **Dr. Kumar S P**
- *എം.എസ്. ബാബുരാജ്: അജ്ഞാതദ്വീപിൽനിന്നെത്തിയ അരയന്നം* 56
  **ഡോ. എൻ. രേണുക**
- *ദൈവത്തിന് പ്രിയപ്പെട്ടവർ* 65
  **ദീപ നിശാന്ത്**
- *ഗ്രഹണത്തിന്റെ ശാസ്ത്രം ശാസ്ത്രത്തിന്റെ ഗ്രഹണം* 69
  **സ്വരൺ പി. ആർ.**
- *വർത്തമാന കാലത്തെ അകാല മറവികൾ* 70
  **ഡോ. കെ പി ജയകുമാർ**
- *സർവ്വീസ് ട്യൂട്ടോറിയൽ* 77
  **ഡോ. കെ.പി. വിനോദ് കുമാർ**
- *മാനവ മോചനത്തിന്റെ പുതു വെളിച്ചം ബുദ്ധമത ദർശനത്തിൽ* 83
  **ഡോ.എൻ.എം.സണ്ണി**

## എഡിറ്റോറിയൽ




# വെട്ടിക്കുറച്ചും തട്ടിപ്പറിച്ചും


ആവേശഭരിതമായ ഇന്ത്യൻ യുവത്വത്തെ, കാലോചിതമായി ആകർഷിച്ച് അവർക്ക് മികച്ച വിദ്യാഭ്യാസം നൽകി ഉന്നതിയിലേക്ക് നയിക്കുമ്പോഴാണ് രാഷ്ട്രം അതിന്റെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നത് എന്നു പറയാം. അവരെ നിരന്തരം തൊഴിലില്ലാത്തവരും വിദ്യാഭ്യാസമില്ലാത്തവരുമാക്കി മാറ്റുമ്പോൾ രാഷ്ട്രം ഒരു ദുരന്തം സൃഷ്ടിക്കുകയാണ്. അവരെ പരിരക്ഷിക്കുമ്പോൾ രാഷ്ട്ര പുരോഗതിയും സാധ്യമാണ്. ദൗർഭാഗ്യവശാൽ മോദി സർക്കാറിന്റെ വിദ്യാഭ്യാസ സമീപനം അധികമൊന്നും പൊതുസമൂഹം ചർച്ചചെയ്തിട്ടില്ല. വിദ്യാഭ്യാസം, ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് കേവലമായ സാമൂഹിക-സാമ്പത്തിക പ്രശ്നം മാത്രമല്ല, അത് രാഷ്ട്രത്തിന്റെ സുരക്ഷയുടെ കൂടെ പ്രശ്നമാണ്. പക്ഷേ അത്തരം ആത്മവിശ്വാസങ്ങളുടെ മിനാരങ്ങൾ അടിച്ചുതകർക്കുകയാണ് ഇന്ത്യൻ ഭരണകൂടം. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ബജറ്റ് നീക്കിയിരിപ്പുകൾ ശ്രദ്ധിച്ചാൽ ഈ കാര്യം വ്യക്തവുമാണ്. വിദ്യാഭ്യാസത്തിനുള്ള മൊത്തം ബജറ്റ് നീക്കിവെക്കൽ 82, 771 കോടിയിൽ നിന്നും 69,074 കോടിയിലേക്ക് വെട്ടിക്കുറച്ചു. 2012-13 വർഷത്തിലേക്ക് യു.പി.എ. ഗവൺമെന്റ് 18 ശതമാനം കൂട്ടിയിരുന്നെങ്കിൽ 2013-14 വർഷത്തിൽ അത് 8.03 ശതമാനമായി കുറഞ്ഞു. ബിജെപി സർക്കാർ 2015-16 വർഷത്തേക്കുള്ളത് 24.68 ശതമാനം കുറച്ചു. സർവ്വശിക്ഷ അഭിയാനുള്ളത് 22.14 ശതമാനവും, ഹയർസെക്കണ്ടറി സ്കൂളുകൾക്കുവേണ്ടിയുള്ള മധ്യമശിക്ഷാ അഭിയാൻ 28.7 ശതമാനവും ഉന്നതവിദ്യാഭ്യാസരംഗത്ത്, RUSAക്കുവേണ്ടി 48 ശതമാനവും കുറച്ചതായി കണക്കുകൾ പറയുന്നു. പന്ത്രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങളായിരുന്ന, Expansion, Growth, Access, Equity എന്നിവ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചതിന് കടകവിരുദ്ധമാണ് ഇത്തരം നടപടികൾ. സാംസ്കാരിക സ്ഥാപനങ്ങൾക്കും ഐ.ഐ.ടി.കൾക്കുമുള്ള മൂലധനം അവർ തന്നെ കണ്ടെത്തണമെന്ന വാദവും ഇന്ത്യൻ ഫാസിസ്റ്റ് ഭരണകൂടം മുന്നോട്ടുവെക്കുന്നു. വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള മുതൽമുടക്കുകളിൽ നിന്ന് ഭരണകൂടം സമർത്ഥമായി പിൻമാറുന്ന കാഴ്ചയാണ് ഇവിടെ വ്യക്തമാകുന്നത്.

വെട്ടിക്കുറച്ചും തട്ടിപ്പറിച്ചും പ്രജകളെ ശത്രുപക്ഷത്ത് നിർത്തുന്ന സമീപനമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. Demonetization എന്ന പേരിൽ കള്ളപ്പണമെല്ലാം കുത്തകകൾക്ക് വെളുപ്പിച്ചെടുക്കാനുള്ള അവസരം നൽകി, അതിന്റെ മറവിൽ സംഘപരിവാറിന്റെ ജനവിരുദ്ധ സാംസ്കാരിക അജണ്ടകളും വെളുപ്പിച്ചെടുത്ത് ഒരു ജനതയെ മുഴുവൻ കബളിപ്പിക്കുകയാണ്. മരിക്കാൻ ഞങ്ങൾക്ക് മനസ്സില്ല എന്ന് പറഞ്ഞതുപോലെ കബളിപ്പിക്കപ്പെടാതിരിക്കാനുള്ള മിനിമം സാക്ഷരതയെങ്കിലും ഇന്ത്യക്കാർക്ക് ഭരണകൂടം നൽകുന്നില്ല എന്നതാണ് സത്യം. പ്രഭാത് പട്നായിക് അഭിപ്രായപ്പെട്ടിരുന്നതുപോലെ സാംസ്കാരിക രംഗത്ത് മാത്രമല്ല, സാമ്പത്തിക രംഗത്തുമുള്ള പ്രതിവിപ്ലവശക്തിയായി വേണം ഇന്ത്യൻ ഭരണകൂടസമീപനങ്ങളെ കാണാൻ. ഭരണഘടനയുടെ മൗലിക അവകാശങ്ങളും ഒന്നൊന്നായി വെട്ടിക്കൊണ്ടിരിക്കുകയാണ്. Right to Live എന്ന മഹത്തായ കാഴ്ചപ്പാട് പോലും ഔദാര്യത്തിന്റെ വെളിച്ചത്തിൽ സാധൂകരിക്കപ്പെടുന്ന നാണക്കേട് മറ്റേതെങ്കിലും നാട്ടിൽ ഉണ്ടാകുമോ? ക്ലാസ് മുറിയിൽ മാത്രമൊതുങ്ങുന്ന സമയബന്ധിതമായ അദ്ധ്യാപനം മാത്രമല്ല, പൊതുസമൂഹത്തെ കാര്യങ്ങൾ പറഞ്ഞുപഠിപ്പിക്കേണ്ടുന്ന ഉത്തരവാദിത്വവും അദ്ധ്യാപകസമൂഹം ഏറ്റെടുക്കേണ്ട സമയമാണിത്. അതുകൊണ്ട് തന്നെ പുതിയൊരുവർഷം പിറക്കുമ്പോൾ അദ്ധ്യാപകസമൂഹത്തിന്റെ സാമൂഹിക ഉത്തരവാദിത്തങ്ങളും കൂടുകയാണെന്ന് നാം തിരിച്ചറിയണം. എല്ലാവർക്കും ക്രിസ്മസ് പുതുവത്സര ആശംസകൾ.

**പ്രമോദ് വെള്ളച്ചാൽ**
pvellachal@gmail.com
9447384054

# ADIEU MASTER COMRADE





# SONG TO FIDEL



You said the sun would rise.
Let's go
along those unmapped paths
to free the green alligator you love.
And let's go obliterating
insults with our
brows swept with dark insurgent stars.
We shall have victory or shoot past death.
At the first shot the whole jungle
will awake with fresh amazement and
there and then serene company
we'll be at your side.
When your voice quarters the four winds
reforma agraria, justice, bread, freedom,
we'll be there with identical accents
at your side.
And when the clean operation against the tyrant
ends at the end of the day
there and then set for the final battle
we'll be at your side.
And when the wild beast licks his wounded side
where the dart of Cuba hits him
we'll be at your side
with proud hearts.
Don't ever think our integrity can be sapped
by those decorated fleas hopping with gifts
we want their rifles, their bullets an a rock
nothing else.
And if iron stands in our way
we ask for a sheet of Cuban tears
to cover our guerrilla bones
on the journey to American history.
Nothing more.

**Che Guevara**

ഡോ. കെ.എൽ വിവേകാനന്ദൻ



# സാങ്കേതിക സർവകലാശാല ജനാധിപത്യ ധ്വംസനത്തിന്റെ വേദി

സർവകലാശാല സംവിധാനം ജനാധിപത്യപരമായി തന്നെ നിലനിൽക്കേണ്ടതിനെ കുറിച്ച് അർത്ഥവത്തായ ചർച്ചകൾ നമ്മുടെ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളായി അവയെ വളർത്തിയെടുക്കാൻ കേരളത്തിൽ പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന ഒരു സർക്കാരും ഇന്നുണ്ട്. എന്നാൽ സർക്കാർ-സമൂഹ താൽപര്യങ്ങൾക്ക് അക്ഷരാർത്ഥത്തിൽ വിരുദ്ധമായ നയസമീപനങ്ങളുമായാണ് പുതുതായി രൂപം കൊണ്ട എ.പി.ജെ അബ്ദുൾകലാം സാങ്കേതിക സർവകലാശാല പ്രവർത്തിക്കുന്നത്. അക്കാദമികവും ഭരണപരവും ആയ കാര്യങ്ങളിൽ അബദ്ധ ജടിലമാണ് ഇവിടുത്തെ അനുഭവങ്ങൾ.

ജനാധിപത്യരീതിയിൽ ഉള്ള യാതൊരു ആലോചനകളുമല്ല ഈ സർവകലാശാലയെ നയിക്കുന്നത്. വൈസ് ചാൻസലർ ഉൾപ്പെടെയുള്ള നാല് ഉദ്യോഗസ്ഥരുടെ തീരുമാനങ്ങൾ ഒട്ടേറെ വിഷയങ്ങളിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട അക്കാദമിക്, ഭരണസമിതികളുടെ അഭാവത്തിൽ അധികാരങ്ങൾ കേന്ദ്രീകരിക്കപ്പെട്ട ദുരവസ്ഥയാണുള്ളത്. ആയതിനാൽ തന്നെ തെറ്റുകൾ ആവർത്തിക്കപ്പെടുകയാണ്.

മെറിട്രാക്ട് എന്ന സ്വകാര്യ സ്ഥാപനത്തിന് പരീക്ഷാ ജോലികളാകെ പുറംകരാർ നൽകാനുള്ള നീക്കം അക്കാദമിക്-പൊതുസമൂഹത്തിന്റെയാകെ പ്രതിരോധത്താൽ പിൻവലിച്ചിരുന്നതായിരുന്നു. വീണ്ടുമിതാ, ചോദ്യപ്പേപ്പറുകൾ ഒരു സ്വകാര്യ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള വെബ്സൈറ്റിൽ കൂടി പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുവാനാണ് നീക്കം. പരീക്ഷ കഴിഞ്ഞാൽ ഉത്തരക്കടലാസുകൾ സ്പീഡ് പോസ്റ്റ് വഴി പരീക്ഷാ മൂല്യനിർണയ കേന്ദ്രങ്ങളിൽ എത്തിക്കാൻ കോളേജുകൾക്ക് തന്നെ നിർദേശം കൊടുക്കുക വഴി ഏതേത് ക്യാമ്പുകളിൽ ഏതേത് കോളേജുകളിലെ പേപ്പറുകളാണ് മൂല്യനിർണയത്തിനെത്തുകയെന്നതും പരസ്യമാകും. ക്യാമ്പ് ഓഫീസർമാരുൾപ്പെടെ മൂല്യനിർണയ ക്യാമ്പിന്റെ ചുമതലയുള്ളവർ അതത് കോളേജിലെ അധ്യാപകർ തന്നെയാകുന്നതും തീർത്തും സുതാര്യമല്ലാത്ത ഒരു അവസ്ഥ സൃഷ്ടിക്കും. മൂല്യനിർണയം നടത്തിക്കഴിഞ്ഞാൽ പേപ്പറുകൾ അതത് കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിക്കുന്നത് പുനർമൂല്യനിർണയത്തിന്റെ കാര്യത്തിലടക്കം സുതാര്യത തകർക്കും. നിലവിൽ യാതൊരുവിധ പ്രതിഫലതുകയും അധ്യാപകർക്ക് നൽകുന്നുമില്ല.

ഗുണമേന്മയെ കുറിച്ച് ഏറെ വാചാലരാകുന്ന ഉദ്യോഗസ്ഥരാകട്ടെ, ഒരു സെമസ്റ്ററിൽ 60 മാർക്കോളം മോഡറേഷൻ നൽകി വിജയ ശതമാനം ഉയർത്തിയത് സംബന്ധിച്ചത് വിവാദത്തിൽ പെട്ടിരിക്കുകയുമാണ്.

പരീക്ഷയുടെ മാർക്ക് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാമെന്ന് സാങ്കേതികാർത്ഥത്തിൽ മേന്മയായി പറയുമ്പോഴും, സർവകലാശാലാ അധികൃതരുടെ ഒപ്പില്ലാതെ ഇത്തരം മാർക്ക് ലിസ്റ്റുകളുടെ സാംഗത്യം എങ്ങനെ വിലയിരുത്തപ്പെടും എന്ന് കനത്ത ആശങ്കയുണ്ട്. ആർക്കും ഒരു പ്രയോജനവും നാളിതുവരെ ബോധ്യപ്പെടാത്ത അക്കാദമിക് ഓഡിറ്റിംഗ് ഇപ്പോൾ നടക്കുന്നുണ്ട്. അധ്യാപകരെ തന്നെയാണ് ഇതിന്റെ ഉത്തരവാദിത്തവും ഏൽപ്പിച്ചിട്ടുള്ളത്. ഇത് ക്ലാസുകളെ ന്യായമായും ബാധിക്കുകയാണ്.

കെട്ടിടവും പേരിലുള്ള, പേരിനുള്ള 'സാങ്കേതികതയും' മാത്രമല്ല പ്രധാനം. അതിന്റെ ഉള്ളടക്കവും അക്കാദമിക് ഇടപെടലുകളും ഗവേഷണവും വ്യാപന പ്രവർത്തനങ്ങളും ആണ് സുപ്രധാനം. നിയമനിർമാണത്തിലൂടെ അക്കാദമിക വേദികളുടെ രൂപീകരണം തന്നെയാണ് ആവശ്യം. അതിന് ഒരുക്കങ്ങൾ ചെയ്യാൻ സർക്കാരും സർവകലാശാലയും മുന്നിട്ടിറങ്ങുകയേ നിർവാഹമുള്ളൂ.

# ബോധവീഥിയിൽ കനലുകളൂതിയൂതി....

## സംസ്ഥാനപ്രവർത്തക ക്യാമ്പ്

### മാവേലിക്കര, 2016 ഒക്ടോബർ 15,16

എകെപിസിടിഎ സംസ്ഥാനപ്രവർത്തക ക്യാമ്പ് 2016 ഒക്ടോബർ 15,16തീയതികളിൽ മാവേലിക്കര ജീവാറാം മാർ ഇവാനിയോസ് ആനിമേഷൻ സെന്ററിലെ പ്രൊഫ.ഷീജനഗറിൽ നടന്നു. 15നു രാവിലെ 10 മണിക്കു പ്രസിഡന്റ് പ്രൊഫ.എ.ജി.ഒലീന പതാക ഉയർത്തി.തുടർന്നുചേർന്ന സമ്മേളനത്തിൽ വെച്ച് മാവേലിക്കര നഗരസഭ ചെയർപേഴ്സൺ ശ്രീമതി.ലീല അഭിലാഷ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.ഉന്നതവിദ്യാസരംഗത്ത് ഏറെ പ്രതിസന്ധികൾ സൃഷ്ടിച്ചവയായിരുന്നു കഴിഞ്ഞ കേന്ദ്ര-സംസ്ഥാന സർക്കാരുകളെന്ന് ഉദ്ഘാടക അഭിപ്രായപ്പെട്ടു.സുതാര്യതയും ഗുണമേന്മയും ജനാധിപത്യസ്വഭാവവും തകർത്തെറിഞ്ഞു. എയ്ഡഡ് കോളേജുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ ഒന്നും ചെയ്തില്ല.സേവന-വേതനവ്യവസ്ഥകളിൽ അന്യായമായി കടന്നുകയറി അധ്യാപകരെയും ജീവനക്കാരെയും പൂർണമായും നിരാശപ്പെടുത്തി.കേരളത്തിലുണ്ടായ രാഷ്ട്രീയമാറ്റം അഭിമാനകരമാണ്.കാലം ഇതാവശ്യപ്പെടുന്നു. മോദിസർക്കാരിന്റെ വർഗീയ-ഫാസിസ്റ്റ് നയങ്ങൾ അപകടകരമാണ്.ഇതു തിരിച്ചറിഞ്ഞിട്ടുള്ളവരാണ് അധ്യാപകർ.രാജ്യത്തിനു പൊതുവെയും ഉന്നതവിദ്യാഭ്യാസത്തിനു പ്രത്യേകിച്ചും മാർഗനിർദ്ദേശം നല്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ക്യാമ്പിലെ ചർച്ചകളിൽ ഉരുത്തിരിയണമെന്നും ലീല അഭിലാഷ് അഭിപ്രായപ്പെട്ടു.

വിപ്ലവഗായിക ശ്രീമതി പി.കെ.മേദിനി മുഖ്യപ്രഭാഷണം നടത്തി.വിപ്ളവപോരാട്ടങ്ങൾക്കൊപ്പം നീങ്ങിയ സ്വന്തം ജീവിതാനുഭവങ്ങൾ പങ്കുവച്ച മേദിനിച്ചേച്ചി തുടർന്നാലപിച്ച ചാരുതയാർന്ന സമരഗീതങ്ങൾ ക്യാമ്പംഗങ്ങളിൽ ആവേശത്തീപ്പൊരികൾ പാറിച്ചു.

കഴിഞ്ഞ യുപിഎ സർക്കാർ നടപ്പാക്കിയ വാണിജ്യവൽക്കരണനയങ്ങൾക്കൊപ്പം വർഗീയ-ഫാസിസ്റ്റ് നയങ്ങൾകൂടി നടപ്പാക്കുകയാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാരെന്നു പ്രസിഡന്റ് പ്രൊഫ.എ.ജി.ഒലീന അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.അധ്യാപകരുമായി ചർച്ചചെയ്യുവാനോ അഭിപ്രായങ്ങൾ കേൾക്കുവാനോ തയ്യാറാകാത്ത മോദി സർക്കാർ ജനാധിപത്യമാർഗങ്ങളിൽനിന്നും വ്യതിചലിച്ചു ദേശീയവിദ്യാഭ്യാസനയരൂപീകരണം നടത്തുകയാണെന്നും പ്രസിഡന്റ് കൂട്ടിച്ചേർത്തു.

ഉന്നതവിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കുതകുന്ന പൊതുനിക്ഷേപം വകയിരുത്താൻ കേന്ദ്രസർ





ക്കാരിനു താത്പര്യമില്ലെന്നു ദേശീയവിദ്യാഭ്യാസനയം-2016 ലഘുലേഖ പ്രകാശനം ചെയ്തുകൊണ്ടു സംഘടനയുടെ മുൻ ജനറൽ സെക്രട്ടറി ഡോ.കെ.ശ്രീവത്സൻ പറഞ്ഞു.സമരമല്ലാതെ മറ്റു മാർഗങ്ങളില്ല.വരാൻപോകുന്ന പോരാട്ടങ്ങൾക്കുള്ള ഊർജ്ജസംഭരണിയായി ക്യാമ്പ് മാറുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

അകാലത്തിൽ അന്തരിച്ച മാവേലിക്കര പീറ്റ് മെമ്മോറിയൽ അധ്യാപിക പ്രൊഫ.ആർ.ഷീജയ്ക്ക് ക്യാമ്പംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചു.സംസ്ഥാന കമ്മറ്റിയംഗം പ്രൊഫ.വി.ഐ.ജോൺസൺ ഷീജടീച്ചറെ അനുസ്മരിച്ചു സംസാരിച്ചു.ഉന്നതവിദ്യാഭ്യസമേഖല നേരിടുന്ന അതിസങ്കീർണമായ വർത്തമാനകാലപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും സംഘടന ഏറ്റെടുക്കേണ്ടുന്ന പ്രവർത്തനങ്ങൾക്കു രൂപംകൊടുക്കുന്നതിനുമാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളതെന്നു ജനറൽ സെക്രട്ടറി ഡോ.കെ.എൽ.വിവേകാനന്ദൻ സ്വാഗതപ്രസംഗത്തിൽ പറഞ്ഞു.നേതൃനിരയിലേയ്ക്കു വളർന്നുവരുന്നവർക്കു സംഘടനയെക്കുറിച്ചും സമരചരിത്രത്തെക്കുറിച്ചും അവബോധമുണ്ടാക്കുക എന്ന പ്രധാനലക്ഷ്യവും ക്യാമ്പിനുണ്ട്. സെക്രട്ടറി പ്രൊഫ.എം.ശ്രീകുമാർ കൃതജ്ഞത പറഞ്ഞു.

ഉദ്ഘാടനസമ്മേളനത്തിനുശേഷം വിവിധപ്രവർത്തനരേഖകൾ അവതരിപ്പിച്ചു. നാമെല്ലാം ആഗ്രഹിച്ച തരത്തിലുള്ള സർക്കാരാണു കേരളത്തിൽ ഇപ്പോൾ അധികാരത്തിലുള്ളതെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസമേഖലയ്ക്കു സംഭവിച്ച ഭീമമായനഷ്ടങ്ങൾ നികത്താനും ഈ മേഖലയെ കൂടുതൽ മേന്മയിലേയ്ക്കു നയിക്കാനും സാധ്യമാകുന്ന നിർദ്ദേശങ്ങൾ പുതിയസർക്കാരിനു സമർപ്പിക്കുവാൻ ക്യാമ്പിലെ ചർച്ചകൾക്കു കഴിയണമെന്നു ജനറൽ സെക്രട്ടറി ഡോ.കെ.എൽ.വിവേകാനന്ദൻ സംഘടനാരേഖ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു.ട്രഷറർ പ്രൊഫ.ടോമിച്ചൻ ജോസഫ് സാമ്പത്തികരേഖയും ഡോ.ഡി.കെ.ബാബു അക്കാദമിക് രേഖയും വനിതാകമ്മറ്റി









കൺവീനർ ഡോ.എസ്.ബീന വനിതാപ്രവർത്തനരേഖയും ഡോ. കെ.പി.വിനോദ്കുമാർ സർവീസ് രേഖയും ചർച്ചയ്ക്കായി വച്ചു. പ്രസിഡന്റ് പ്രൊഫ.എ.ജി.ഒലീന അധ്യക്ഷയായിരുന്നു.സെക്രട്ടറിമാരായ.ഡോ.കെ.കൃഷ്ണദാസ് സ്വാഗതവും ഡോ.സി.അബ്ദുൾ മജീദ് നന്ദിയും രേഖപ്പെടുത്തി.

കേരള, കോഴിക്കോട്, എംജി, കണ്ണൂർ എന്നിങ്ങനെ സർവകലാശാലാടിസ്ഥാനത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചയ്ക്ക് അതതു മേഖലാ സെക്രട്ടറിമാർ നേതൃത്വംനല്കി. ചർച്ചയ്ക്കുശേഷം ചെങ്ങന്നൂർ പ്രദീപും സംഘവും നാടൻപാട്ടുകൾ അവതരിപ്പിച്ചു.10മണിയോടെ ആദ്യദിനപരിപാടികൾ അവസാനിച്ചു.

രാവിലെ എട്ടരയ്ക്കു ഗ്രൂപ്പ് ചർച്ചയുടെ റിപ്പോർട്ടിങ്ങോടെ രണ്ടാംദിവസത്തെ പരിപാടികൾ തുടങ്ങി. ചർച്ചകൾക്കു ജനറൽ സെക്രട്ടറി മറുപടി നല്കി. തുടർന്നു സംസ്ഥാനസെക്രട്ടറി പ്രൊഫ. എ. നിശാന്ത് ക്രെഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു.

പുരോഗമനകലാസാഹിത്യസംഘം സംസ്ഥാന സെക്രട്ടറിയും സംഘടനയുടെ മുൻ ജനറൽ സെക്രട്ടറിയുമായ പ്രൊഫ.വി.എൻ. മുരളി സംഘടനാചരിത്രം അവതരിപ്പിച്ചു. ആറുപതിറ്റാണ്ടോളം നിറഞ്ഞുനില്ക്കുന്ന സംഘടനയുടെ സമരചരിത്രം ദീർഘമായിത്തന്നെ അദ്ദേഹം പ്രതിപാദിച്ചതു പുതിയ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പുത്തനുണർവ്വും ആവേശവും പകരുന്നതായിരുന്നു.വൈസ് പ്രസിഡന്റ് ഡോ.പി.കെ.കുശലകുമാരി സ്വാഗതവും ആലപ്പുഴ ജില്ലാസെക്രട്ടറി ഡോ.ബി.ശ്രീകുമാർ നന്ദിയും പറഞ്ഞു.2മണിക്കു പതാക താഴ്ത്തിയതോടെ പങ്കാളിത്തംകൊണ്ടും ചർച്ചകളുടെ സജീവതകൊണ്ടും ചരിത്രത്തിന്റെ ഭാഗമായിമാറിയ ദ്വിദിനക്യാമ്പിനു പരിസമാപ്തിയായി.

# Modi's Demonetisation Massive Blunder


## India's Biggest Blunder taking back decades

Leading Economist **Kaushik Basu**



*"The worst may be yet to come"*

Nobel Laureate and Economist **Paul Krugman**



*"Move might only force the currupt to become more careful in the future"*

Nobel Laureate and Eminent Economist **Amartya Sen**



*"Demonetisation is despotic move"*

Editor-in-Chief of Forbes (Business Publication) **Steve Forbes**



*"What India has done to its money is sickening and immoral"*

## DEMONETISATION: INEFFECTIVE, INADEQUATE & PREMATURE

The demonetization of Rs 500 and Rs 1000 notes by the NDA government has three claims: to end the circulation of "counterfeit notes" from Pakistan; to eliminate and stop the use of "black money"; and to create a "cashless economy"

As an ideal state, moving into a cashless economy is not necessarily a bad idea. Developed countries have, over time, eliminated notes of larger denomination and moved to card/bank-based transactions. Such a shift indeed aids in controlling corruption and crime. The problem in India is that any move in haste towards a cashless economy would be premature and self-defeating. How many shops have credit/debit card machines, or even mobile-based transaction facilities? How many people have credit/debit cards? How many people have, or know about, Internet banking? Even after the recent progress made in opening new bank accounts, crores of households remain without bank accounts. These are indications of total lack of readiness. In such a context, any drastic push towards a cashless economy would be harsh on the unbanked households and those poorly connected to the banking system



# സ്ത്രീയും നിയമവും

ഖദീജ മുംതാസ്



ഞാൻ സ്ത്രീപക്ഷത്തു തന്നെ; മനുഷ്യപക്ഷത്തും 'സ്ത്രീയും നിയമവും' എന്ന കെൽസയുടെ (കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി) കൈപ്പുസ്തകത്തിൽ ഹിന്ദുമുസ്ലിം ക്രിസ്ത്യൻ വിവാഹ നിയമങ്ങളെപറ്റി പ്രത്യേകം പ്രത്യേകമായി പ്രതിപാദിക്കുന്നുണ്ട്. ഹിന്ദുവിൻെറയും ക്രിസ്ത്യാനിയുടെയും കാര്യത്തിൽ വിവാഹമോചനത്തെറ്റി വിവരിക്കുമ്പോൾ, 'വിവാഹമോചനം നേടാനുള്ള കാരണങ്ങൾ' എന്നാണ് സബ്ടൈറ്റിൽ. മുസ്ലിം വിവാഹനിയമത്തിൻെറ അധ്യായത്തിൽ 'മുസ്ലിം സ്ത്രീക്ക് വിവാഹമോചനം ലഭിക്കാൻ വേണ്ട കാരണങ്ങൾ' എന്നും! മുസ്ലിം പുരുഷന് കാരണങ്ങൾ വേണ്ട എന്നർത്ഥം. അദ്ദേഹത്തിന് ഈ രാജ്യത്തെ കോടതിയും വേണ്ട, നിയമങ്ങളും വേണ്ട. ഒരു കാരണം പോലും പറയുകയോ അറിയിക്കുകയോ ചെയ്യാതെ മൂന്നുവട്ടം ഇതാ നിന്നെ ഞാൻ തലാഖ് (പുരുഷ തീരുമാനമനുസരിച്ചുള്ള വിവാഹബന്ധം വേർപെടുത്തൽ പ്രഖ്യാപനം) ചൊല്ലിയിരിക്കുന്നു എന്നു പ്രഖ്യാപിച്ചാൽ അയാൾ ആ സ്ത്രീയിൽ നിന്നും ദാമ്പത്യത്തിൽ നിന്നും മോചിതനായി. ജീവിക്കാൻ സ്വന്തമായി ചുറ്റുപാടുകളൊന്നുമില്ലാത്തവളെങ്കിൽ ഭാര്യയും, കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരും തെരുവിലായി. നിസ്സഹായയും ചിലപ്പോഴൊക്കെ നിരക്ഷരയുമായിരിക്കാവുന്ന അവൾ പിന്നെ അവകാശങ്ങൾക്കായി കോടതികൾ കയറിയിറങ്ങണം. വക്കീലിനെ കണ്ടെത്തണം. വക്കീൽ ഫീസ് കൊടുക്കാൻ വഴി തേടണം. ജീവിതം മുഴുവനുമൊരു യാതനായാത്രയാക്കണം.


മുത്തലാഖിനെ എതിർക്കുന്നവരാരും വിവാഹമോചനത്തെയല്ല എതിർക്കുന്നത്. വിവാഹം ഒരു കോൺട്രാക്റ്റ് മാത്രമാണെന്നത്ര ഉദാരമാണുതാനും ഇസ്ലാം. ഏതു മതത്തിലെയായാലും ഒരു സ്ത്രീയോ പുരുഷനോ കൂട്ടായോ വെവ്വേറെയായോ വിവാഹമോചന തീരുമാനമെടുത്താൽ അതിനു തടസ്സം നിൽക്കാൻ സ്റ്റേറ്റിനവകാശമില്ല തന്നെ. 'വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു എന്നും ദൈവം



കൂട്ടിച്ചേർത്തതിനെ പിരിക്കാൻ മനുഷ്യനവകാശമില്ല' എന്നും ശക്തമായ ചിന്താധാര നിലനിൽക്കുന്ന ക്രിസ്ത്യൻ സമുദായത്തിൽപോലും വിവാഹമോചന വിഷയത്തിലും പിന്തുടർച്ചാവകാശ നിയമങ്ങളിലും പരിഷ്കരണങ്ങൾ നടന്നു കഴിഞ്ഞു. ഹിന്ദുമതത്തിൽ അതിനേക്കാൾ എത്രയോ മുമ്പേ, 1955ൽ തന്നെ പരിഷ്കരണങ്ങളും ഏകീകരണവും നടന്നിരിക്കുന്നു. മുത്തലാഖും, ബഹുഭാര്യാത്വവും, പിന്തുടർച്ചാവകാശങ്ങളിലെ സ്ത്രീവിരുദ്ധതകളും പരിഷ്കരിക്കാനാകാത്ത ദൈവനിയമങ്ങളാണെന്ന വാദവുമായി സ്വാതന്ത്ര്യത്തിനുശേഷം എഴുപതാം വർഷത്തിലും ഇൻഡ്യൻ മുസ്ലിങ്ങൾ അചഞ്ചലരായിത്തന്നെ!

ക്രൈസ്തവ മതത്തെപ്പോലെ ഇസ്ലാമും ഒരു പ്രത്യേക കാലഘട്ടത്തിൽ ഒരു പ്രത്യേക പ്രദേശത്ത് അതാതിടങ്ങളിൽ നിലനിന്നിരുന്ന അനാചാരങ്ങളെ തിരുത്തിയ, ലോകത്തിനു മാനവികതയുടെയും സാഹോ ദര്യത്തിന്റെയും സന്ദേശങ്ങളുയർത്തിയ, ആത്മീയതയിലൂന്നിയ വിപ്ലവ പ്രസ്ഥാനങ്ങളായിരുന്നു. അന്നവ തുടങ്ങിവെച്ച പരിഷ്കരണ ദൗത്യം വേദഗ്രന്ഥങ്ങളിൽത്തന്നെ പരാമർശിക്കപ്പെടുന്ന വിശ്വമാനവികതയുടെയും തുല്യനീതിയുടെയും ആശയങ്ങളുൾക്കൊണ്ടുതന്നെ കാലാനുസൃതമായി തുടർന്നു കൊണ്ടുവരേണ്ടവയാണെന്ന് ചിന്താശക്തിയുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളു. ഇനി അങ്ങനെയല്ല, വേദഗ്രന്ഥങ്ങൾ പറഞ്ഞത് വള്ളിപുള്ളി വിടാതെ അനുസരിക്കലാണ് ഭക്തന്റെ ധർമ്മമെന്നു വിശ്വസിക്കുന്നുവെങ്കിൽ, മുത്തലാഖിന്റെ കാര്യത്തിലെങ്കിലും അവർ കാണിക്കുന്ന കാപട്യം അത്ഭുതപ്പെടുത്തുന്നതാണ്. ഖുർആനിൽ കൃത്യമായി പറയുന്നത് വിവാഹമോചന തീരുമാനമെന്നാൽ ഏറെ ആലോചിച്ചും സ്വയം തിരുത്തിയും ഒക്കെ എടുക്കേണ്ട ഒന്നാണെന്നാണ്. ഒരു സ്ത്രീയുമായി ഒന്നിച്ചു കഴിയാനാകില്ലെന്നു തോന്നിയാൽ പുരുഷന് ആദ്യവട്ട തീരുമാനമറിയിക്കാം. അത് ആദ്യ തലാഖ്. അപ്പോൾ കുടുംബക്കാർ ഇടപെടുന്നു. കാരണങ്ങൾ വിശകലനം ചെയ്യപ്പെടുന്നു. യോജിക്കാനുള്ള മാർഗ്ഗങ്ങൾ


**മുത്തലാഖും, ബഹുഭാര്യാത്വവും, പിന്തുടർച്ചാവകാശങ്ങളിലെ സ്ത്രീവിരുദ്ധതകളും പരിഷ്കരിക്കാനാകാത്ത ദൈവനിയമങ്ങളാണെന്ന വാദവുമായി സ്വാതന്ത്ര്യത്തിനു ശേഷം എഴുപതാം വർഷത്തിലും ഇൻഡ്യൻ മുസ്ലിങ്ങൾ അചഞ്ചലരായിത്തന്നെ!**



ഉണ്ടോ എന്നാരായുന്നു. പറഞ്ഞു തീർക്കാവുന്ന തെറ്റിദ്ധാരണകളുടെയും വ്യാജാഭിമാനബോധത്തിന്റെയും പേരിൽ ഒരു ബന്ധം തകർത്തു കളയുന്നതിലെ സാമൂഹ്യമായ ആഘാതങ്ങളെപ്പറ്റി കരുതലുള്ളതുകൊണ്ടാണ് അങ്ങനെ. പിരിയാനുള്ള തീരുമാനം ഐച്ഛികമായി വെച്ചുകൊണ്ടുതന്നെ ദമ്പതികളെ വീണ്ടും ഒന്നിച്ചു കഴിയാൻ വിടുന്നു. ആ കാലയളവിൽ ദമ്പതികൾക്കിടയിൽ ഒരു പുനർവിചിന്തനത്തിന് സാധ്യതകളുണ്ടാകാമല്ലോ. മാസങ്ങൾ നീണ്ടുനിൽക്കുന്ന ഈഒത്തുകഴിയലിനു ശേഷവും തീരുമാനത്തിൽ മാറ്റമില്ലെങ്കിൽ രണ്ടാം വട്ട തലാക്ക്. വീണ്ടുമൊരു വട്ടം കൂടി ആലോചനയ്ക്കവസരമേകിക്കൊണ്ട് മൂന്നാം തലാഖുവരെ സമയം. മൂന്നാംവട്ടതലാഖോടെ ഒന്നിച്ചൊരു വിധേനയും കഴിയാനാകില്ലെന്നു തീരുമാനമെടുത്ത ദമ്പതികൾ പിരിയുന്നു. ഇനി ആ സ്ത്രീ മറ്റൊരു വിവാഹ ബന്ധത്തിന്റെ കെട്ടുപാടുകളിൽ നിന്ന് തലാഖിനാലോ ഭർതൃമരണത്താലോ സ്വതന്ത്രയായിരിക്കുന്ന അവസരത്തിലേ, ആദ്യഭർത്താവിന് അവളെ സ്വീകരിക്കാനാകു എന്നു നിബന്ധന വെച്ചത് ഏറെ ആലോചിച്ചു മാത്രം തലാഖു തീരുമാനമെടുക്കുക എന്ന മുന്നറിയിപ്പായാണ്. ഏറെ ന്യായവും, തലാഖു ചൊല്ലപ്പെട്ട സ്ത്രീയ്ക്കും, തലാഖു ചൊല്ലിയ പുരുഷനും ഭാവിയെറ്റി തീരുമാനങ്ങളും കരുതലുകളുമെടുക്കാനും ബന്ധുക്കളെ ഉൾപെടുത്താനും സാവകാശം നൽകുന്ന വിവാഹമോചന രീതി തന്നെയാണിത്. ഈ മനുഷ്യോചിതവും വേദഗ്രന്ഥകല്പിതം തന്നെയുമായ വിവാഹമോചന സമ്പ്രദായത്തെയാണ്, ലഹരിയ്ക്കടിമയായിരുന്നു കൊണ്ടുപോലും മൂന്നുവട്ടം തലാഖ് ഒരുമിച്ചു ചൊല്ലിപ്പോയാൽ സ്ത്രീ അപമാനിതയും തിരസ്കൃതയുമായി ഇറങ്ങിപ്പോരേണ്ടി വരുന്ന മുത്തലാഖ് സമ്പ്രദായമായി ഇന്നാട്ടിൽ നിലനിർത്തിപ്പോരുന്നത്. സ്ത്രീയുടെ അഭിമാനസംരക്ഷണത്തിനു കൂടി ഉദ്ദേശിച്ച് കല്പിക്കട്ടെ പുനർവിവാഹനിർദ്ദേശത്തെ പരിഹാസ്യമാക്കി, അവളെ ഒറ്റദിവസത്തേക്ക് ഒരു 'വാടകക്കാരനെ'ക്കൊണ്ട് പേരിനു കെട്ടിച്ച് പിറ്റേന്നു മൊഴി ചൊല്ലിച്ച്, മുത്തലാഖിനുശേഷം ഭൂതോദയമുണ്ടായ പുരുഷന് 'ഹലാലാ'ക്കിയെടുക്കുന്ന കാടൻ രീതിയും കൊണ്ടുവരട്ടെ. സ്വതന്ത്ര ഇൻഡ്യയിലെ ആത്മാഭിമാനാവകാശമുള്ള മുസ്ലിംസ്ത്രീ ഇവിടെ വെറുമൊരു 'മാംസശരീരം' മാത്രമായി ഒതുങ്ങിപ്പോവുന്നതു കാണുക.

പാക്കിസ്ഥാനിലും ബംഗ്ലാദേശിലും തുർക്കിയിലും തുനീഷ്യയിലും പരിഷ്കരിക്കട്ടെ വിവാഹമോചന, ബഹുഭാര്യത്വ നിയമങ്ങൾ ഇന്ത്യയിൽ ഒരു പരിഷ്കരണവുമില്ലാതെ നിലനിർത്തണമെന്നു പറയുന്നവരുടെ വാദം ആ രാജ്യങ്ങളൊന്നും യഥാർത്ഥ മുസ്ലിം രാജ്യങ്ങളല്ല എന്നാണ്. എങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു ബഹുസ്വര മതേതര രാജ്യത്തിനുമാത്രം അക്കാര്യത്തിൽ എന്തുത്തരവാദിത്തമാണുള്ളത്? സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പ് ഭരണകർത്താക്കളായിരുന്ന വെള്ളക്കാരുടെ ആവശ്യപ്രകാരം മുതുകളിൽത്തന്നെ തട്ടിക്കൂട്ടിയെടുത്ത മുസ്ലിം വ്യക്തിനിയമം അക്കാരണം കൊണ്ടുതന്നെ ഇസ്ലാമിക ശരീഅത്ത് വള്ളിപുള്ളി വിടാതെ പിന്തുടരുന്നതോ, ആഗോളതലത്തിൽ മുസ്ലിം രാജ്യങ്ങളിൽ സാർവ്വത്രികമോ അല്ല. കാലാനുസൃതമായി പരിഷ്കരിക്കപ്പെടേണ്ടതാണ് സിവിൽ നിയമങ്ങളെന്ന് കുലങ്കഷമായ കൂടിയാലോചനകൾക്കും സുദീർഘ ചർച്ചകൾക്കും ശേഷം രൂപീകൃതമായ ഇൻഡ്യൻ ഭരണഘടനയുടെ ക്രാന്തദർശികളായ ശില്പികൾ രേഖപ്പെടുത്തി വെച്ചതുമാണ്. സ്ത്രീവിരുദ്ധവും ജനാധിപത്യവിരുദ്ധവുമായ വ്യക്തിനിയമങ്ങൾ സ്വതന്ത്രഇന്ത്യയുടെ ബാല്യദശയിൽത്തന്നെ തിരുത്തപ്പെടാതിരുന്നത് വിഭജനാനന്തര ഇന്ത്യയിലെ അശാന്ത കാലാവസ്ഥയിൽ ബഹുസംസ്കൃതികളെ ഒന്നിച്ചു നിർത്തിക്കൊണ്ടുപോകേണ്ടതിലെ നിഷ്കർഷ കൊണ്ടു തന്നെയായിരുന്നു. പിന്നീട് ഇതിനുള്ള ചർച്ചകളും മുന്നൊരുക്കങ്ങളും നടന്നപ്പോളൊക്കെ മതസ്വാതന്ത്ര്യത്തിന്റെയും സ്വത്വസംരക്ഷണത്തിന്റെയും വാദങ്ങളുന്നയിച്ച് അതിനെ എതിർക്കുകയായിരുന്നു മുസ്ലിംസമൂഹം. മുസ്ലിംസമൂഹമെന്നാൽ മുസ്ലിംപുരുഷസമൂഹം. മുസ്ലിം സ്ത്രീകളുടെ ശബ്ദത്തിന് ഒരിക്കലും തുറവിയുണ്ടായിരുന്നുമില്ലല്ലോ. ഏഴു


**പാക്കിസ്ഥാനിലും ബംഗ്ലാദേശിലും തുർക്കിയിലും തുനീഷ്യയിലും പരിഷ്കരിക്കട്ടെ വിവാഹമോചന, ബഹുഭാര്യത്വ നിയമങ്ങൾ ഇന്ത്യയിൽ ഒരു പരിഷ്കരണവുമില്ലാതെ നിലനിർത്തണമെന്നു പറയുന്നവരുടെ വാദം ആ രാജ്യങ്ങളൊന്നും യഥാർത്ഥ മുസ്ലിം രാജ്യങ്ങളല്ല എന്നാണ്. എങ്കിൽ ഇന്ത്യയെപ്പോലുള്ള ഒരു ബഹുസ്വര മതേതര രാജ്യത്തിനുമാത്രം അക്കാര്യത്തിൽ എന്തുത്തരവാദിത്തമാണുള്ളത്?**



മുത്തലാഖിനെറ്റി തീരുമാനമെടുക്കേണ്ടത് ഹമീദ് ചേന്ദമംഗലൂരോ, കാരശ്ശേരിയോ, ഫസൽ ഗഫൂറോ അല്ലെന്ന് കെ.എം.ഷാജി. അതു മുസ്ലിങ്ങൾക്കു വിട്ടുകൊടുക്കുക എന്നും. അപ്പോൾ ആരൊക്കെയാണു മുസ്ലിങ്ങൾ? വളരെ അടിയന്തിരമായി വ്യക്തിനിയമ പരിഷ്കാരം ആവശ്യമാണെന്നു വിശ്വസിക്കുന്ന വലിയൊരു വിഭാഗം പ്രബുദ്ധരായ മുസ്ലിം സമൂഹമുണ്ടിവിടെ. മുത്തലാഖു കൊണ്ടും ബഹുഭാര്യാത്വം കൊണ്ടും കെടുതികളനുഭവിക്കുന്ന സമൂഹത്തിൻെറ അടിത്തട്ടിലെ ദരിദ്രരായ മുസ്ലിം സ്ത്രീകളും മറിച്ചു ചിന്തിക്കാൻ വഴിയില്ല.

ദശകങ്ങളോളമായി ജനാധിപത്യ ബോധവും സ്വസമുദായത്തിലെ സഹോദരിമാരുടെ സഹനജീവിതത്തെപ്പറ്റി സഹാനുഭൂതിയുമുള്ള മുസ്ലിം സ്ത്രീസംഘടനകൾ മനുഷ്യവിരുദ്ധവും മതവിരുദ്ധം തന്നെയുമായ ഇത്തരം നിയമങ്ങളുടെ പരിഷ്കരണങ്ങൾക്കു വേണ്ടി സംസാരിച്ചു കൊണ്ടും ഇടപെട്ടുകൊണ്ടും ഇരിക്കുന്നു. ഭരണത്തിലിരിക്കുന്ന പാർട്ടികളുടെ പ്രീണനനയങ്ങൾ മൂലം അവയൊന്നും ഒരിക്കലും ചെവിക്കൊള്ളപ്പെട്ടിട്ടില്ല. വോട്ടുബാങ്കിൻെറ താക്കോൽ സൂക്ഷിപ്പുകാർ പുരുഷ പൗരോഹിത്യമാണല്ലോ. അവകാശങ്ങൾ നിഷേധിക്കട്ടെ നിസ്സഹായരാക്കപ്പെടുന്ന സ്ത്രീ സമൂഹത്തിൻെറ തലയിൽ ചവുട്ടി നിന്നുകൊണ്ടാണല്ലോ മതത്തിൻെറ കെട്ടുറപ്പും വോട്ടുബാങ്കു താക്കോൽ സൂക്ഷിപ്പും പുരുഷ ഇസ്ലാമിൻെറ വക്താക്കൾ പ്രാവർത്തികമാക്കുന്നത്. 1986ൽ തലാഖു ചൊല്ലപ്പെട്ട ദരിദ്രസ്ത്രീക്ക് ജീവനാംശം കൊടുക്കാനുള്ള സുപ്രീംകോടതി വിധിയെപോലും അട്ടിമറിച്ച് പുതിയൊരു ഓർഡിനൻസ് കൊണ്ടുവരാൻ മാത്രം ശക്തരായി അവർ. ഇപ്പോഴിതാ നിയമപരിഷ്കരണത്തിനുള്ള തീരുമാനാവകാശം ഒട്ടും ആശാസ്യമല്ലാത്ത ഒരു കാലത്തിൻെറ കടവിൽ കൊണ്ടുവന്നു കെട്ടിയിരിക്കുന്നു അവർ.

ഇൻഡ്യ ഹിന്ദുവിൻേറതു മാത്രമെന്ന വാദങ്ങളുയരുകയും സവർണ്ണമേധാവിത്വത്തിൻെറ കരാളതകൾ ന്യൂനപക്ഷങ്ങളും ജാതിശ്രേണിയിൽ താഴ്ന്നവരും അമ്പരോടെ നോക്കിക്കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്ത് പ്രതിരോധത്തിൻെറ മുന്നേറ്റത്തിൽ അണിചേരേണ്ട മുസ്ലിംസമുദായം ആത്മപരിശോധനയ്ക്ക് തയ്യാറായേ മതിയാകൂ. സ്വസമുദായത്തിലെ ജനാധിപത്യവിരുദ്ധതകൾ ശരിയായ രീതിയിൽ അഭിമുഖീകരിക്കുകയും തിരുത്തുകയും ചെയ്യാത്ത ഒരു സമൂഹത്തിന് എങ്ങനെ ഭരണകർത്താക്കളുടെ ജനാധിപത്യ വിരുദ്ധതകളെപ്പറ്റി സംസാരിക്കാനാകും? ഒരു സമൂഹത്തിൻെറ, സമുദായത്തിൻെറ സാംസ്കാരികമാപിനി അവർ സ്ത്രീകളോട് എങ്ങനെ പെരുമാറുന്നു എന്നതനുസരിച്ചായിരിക്കുമെന്ന് തിരിച്ചും



മറിച്ചുമിട്ട് നാമെപ്പോഴും പറയാറുണ്ടല്ലോ. ഏകപക്ഷീയമായ, പുരുഷ കേന്ദ്രീകൃതമായ വിവാഹമോചനവും ബഹുഭാര്യാത്വവും മുസ്ലിം സമുദായത്തിലെ സ്ത്രീകളെയും കുട്ടികളെയും മാനസികമായും സാംസ്കാരികവുമായും എങ്ങനെ ബാധിക്കുന്നു എന്നു വിശകലനം ചെയ്യാതെ സമുദായത്തിന് ഇനിയുമേറെക്കാലം പിടിച്ചു നിൽക്കാനാവില്ല തന്നെ. മുത്തലാഖ് മാത്രമല്ല, വ്യക്തി നിയമത്തിലെ ജനാധിപത്യ വിരുദ്ധമായ എല്ലാ നിയമങ്ങളും പരിഷ്കരിക്കാനാവശ്യപ്പെട്ട് മുന്നോട്ടു വരികയാണ് തിരിച്ചറിവുള്ള ഒരു സമുദായം ഇപ്പോൾ ചെയ്യേണ്ടത്.

അതിനു പകരം ഇരുട്ടു കൊണ്ട് ഓട്ടയടയ്ക്കുന്ന പരിപാടികളാണ് ചർച്ചകളിലും നവമാധ്യമ അഭിപ്രായപ്രകടനങ്ങളിലും നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. കണക്കുകൾ കൊണ്ടുള്ള കളികളുമേറെ. വിവാഹമോചനം ഏറ്റവും കുറഞ്ഞ ശതമാനം ഇസ്ലാമിൽ, ബഹുഭാര്യാത്വം ഏറ്റവും കുടുതൽ ഹിന്ദു സമുദായത്തിൽ, അസാർഗ്ഗിക ബന്ധങ്ങളേറെ അമുസ്ലിങ്ങളിൽ എന്നിങ്ങനെ. സിനിമാതാരങ്ങളായ മഞ്ജുവാര്യരെയും സരിതയെയും ലിസിയെയും വരെ തലാഖു ചൊല്ലട്ടെ നിസ്സഹായരുടെ പട്ടികയിലേയ്ക്ക് അവർ നീക്കി നിർത്തുന്നു. പരിഹാസ്യമാണ് ഇത്തരം വാദങ്ങൾ എന്നു പറയാതെ വയ്യ. അവയൊക്കെ എങ്ങനെയാണ് മുത്തലാഖിന് സമാനമാകുന്നത്? പ്രത്യേകിച്ച് അവയിലധികവും പരസ്പരം ആലോചിച്ചും ജനാധിപത്യപരമായും നടന്നവയായിരിക്കുമ്പോൾ! വിവാഹമോചനം ഒട്ടും ആഗ്രഹിക്കാത്ത സമുഹമെങ്കിൽ, ബഹുഭാര്യാത്വം ഏറ്റവും കുറച്ചു മാത്രം പ്രാക്ടീസ് ചെയ്യുന്നവരെങ്കിൽ എന്തിന് നിയമങ്ങൾ നിലനിർത്തണമെന്നുമാത്രം വാശി?

മുത്തലാഖിനെറ്റി തീരുമാനമെടുക്കേണ്ടത് ഹമീദ് ചേന്ദമംഗലൂരോ, കാരശ്ശേരിയോ, ഫസൽ ഗഫൂറോ അല്ലെന്ന് കെ.എം.ഷാജി. അതു മുസ്ലിങ്ങൾക്കു വിട്ടുകൊടുക്കുക എന്നും. അപ്പോൾ ആരൊക്കെയാണു മുസ്ലിങ്ങൾ? വളരെ അടിയന്തിരമായി വ്യക്തിനിയമ പരിഷ്കാരം ആവശ്യമാണെന്നു വിശ്വസിക്കുന്ന വലിയൊരു വിഭാഗം പ്രബുദ്ധരായ മുസ്ലിം സമൂഹമുണ്ടിവിടെ. മുത്തലാഖു കൊണ്ടും ബഹുഭാര്യാത്വം കൊണ്ടും കെടുതികളനുഭവിക്കുന്ന സമൂഹത്തിൻെറ അടിത്തട്ടിലെ ദരിദ്രരായ മുസ്ലിം സ്ത്രീകളും മറിച്ചു ചിന്തിക്കാൻ വഴിയില്ല. എങ്കിലും നേതൃസ്ഥാനം സ്വയമേറ്റെടുക്കുന്നവർക്ക്, ഷബാനു കേസ് വിധിയ്ക്കെതിരെയെന്നതു പോലെ രാജ്യവ്യാപകമായി അണികളെ ഇളക്കിവിട്ട് പ്രകടനങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കാനാവും എന്നുമറിയാം. 'അപരിഷ്കൃതരും, മുഷ്കരുമായ' മുസ്ലിങ്ങളെ രാജ്യവ്യാപകമായി പ്രതിസ്ഥാനത്തു നിർത്തി ആക്രമിക്കാനും അടിച്ചമർത്താനും ഫാഷിസ്റ്റ് ശക്തികൾക്ക് വേറെ കാരണങ്ങൾ തേടിപ്പോകേണ്ടി വരില്ല അപ്പോൾ. മുത്തലാഖും നാലുകെട്ടലും നിയമപരമായി നിലനിർത്തിയില്ലെങ്കിൽ മുസ്ലിമായി ജീവിക്കാനാകയില്ലെന്ന കടുംപിടുത്തങ്ങൾ തികച്ചും ന്യൂനപക്ഷ വിരുദ്ധമായ ഒരു ഏകശിലാ സിവിൽകോഡിൻെറ അടിച്ചേല്പിക്കലിലേയ്ക്കേ നയിക്കൂ എന്ന സത്യം വിസ്മരിക്കപ്പെടുകയുമാണ്.


ടി.പി. വേണുഗോപാലൻ



# ചിഞ്ചു ടീച്ചറുടെ ഡയറി

12 മെയ് 2031 തിങ്കൾ പഴഞ്ചിറത്താവയിൽ അടുത്ത കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട ഷോപ്പിംഗ് മാളിൽ രാവിലെ പോയി. അത്യാവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കണം. നാളെ വെക്കേഷൻ കോഴ്സ് തുടങ്ങുകയാണ്. ഇത്തവണ രസതന്ത്രം അങ്ങ് തിരുവനന്തപുരത്താണ്. പത്തു പതിനഞ്ച് കൊല്ലങ്ങൾക്ക് മുൻപ് ഓരോ ജില്ലയിലും രണ്ടും മൂന്നും കേന്ദ്രങ്ങളിൽ കോഴ്സ് നടക്കാറുണ്ടായിരുന്നത്രെ! സ്കൂളുകൾ പൂട്ടിപ്പോയതു കാരണം ടീച്ചേഴ്സിന്റെ എണ്ണം കുറഞ്ഞു. ഇപ്പോൾ സംസ്ഥാനത്ത് ഒറ്റ കേന്ദ്രത്തിലാണ് കോഴ്സ്. നാളെ കാലത്ത് ഒമ്പത് മണിക്ക് മൂർഖൻ പറമ്പിൽ നിന്ന് പുറപ്പെട്ടാൽ 10 മണിക്ക് മുൻപായി തിരുവനന്തപുരത്ത് എത്താം.

ഷോപ്പിംഗ് മാളിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പ്രവേശിച്ചപ്പോൾ തന്നെ ഇത് പഴഞ്ചിറത്താവ തന്നെയോ എന്ന് സംശയമുണ്ടായി. കെട്ടിടം ഉയരുന്ന വേളയിൽ പ്രകൃതി സ്നേഹികൾ എന്ന് വിളിപ്പേരുള്ള ഏതാനും കിഴവൻമാർ ഇവിടെ ഉണ്ണാവ്രതം നടത്തി ചത്തുപോയിട്ടുണ്ടത്രെ! അരികത്തുണ്ടായിരുന്ന കുറുക്കനാലിന്റെ ഒരു കമ്പു പോലും വെട്ടാൻ വിടില്ലെന്നായിരുന്നു അവറ്റകളുടെ വാശി. മരം എന്നു പറഞ്ഞാൽ എന്താണെന്ന് ഇനിയത്തെ തലമുറക്ക് കാട്ടിക്കൊടുക്കാൻ വേറൊന്നും ബാക്കിയില്ല എന്നായിരുന്നു വാദം. അഞ്ചാറു ദിവസം ആൽമരം കെട്ടിപ്പിടിച്ച് കിടന്നു.ആറാം ദിവസം എല്ലാവരും ചത്തു. ആൽമരം കിളച്ചു കോരിയ കുഴിയിൽ തന്നെ അവറ്റകളെ നാട്ടുകാർ മണ്ണിട്ടു മൂടി.പട്ടു വസ്ത്രങ്ങളുടെ കമനീയ ശേഖരമായിരുന്നു ഗ്രൗണ്ട് ഫ്ലോറിൽ .പത്തൊമ്പതര ലക്ഷം രൂപയുടെ സാരി വാങ്ങി. ഇതു കൊണ്ട് തൃപ്തിപ്പെട്ടേ പറ്റൂ. കഴിഞ്ഞ മാസത്തെ ശമ്പളം ടാക്സ് പിടുത്തവും കഴിഞ്ഞ് അക്കൗണ്ടിലെത്തിയപ്പോൾ വെറും അമ്പത്താറര ലക്ഷം. അരക്കപ്പ് ചായക്ക് കൊടുക്കണം ആയിരത്തഞ്ഞൂറ് ഉലുവ . കടയിൽ നിന്ന് ചായ വാങ്ങുന്നത് നിർത്തി. യാത്ര ചെയ്യുമ്പോൾ ലേശം വെള്ളവും ചായപ്പൊടിയും പഞ്ചസാരയും പാലും കൂടെ കരുതിയാൽ മതി. വെള്ളം അല്പനേരം സൂര്യനു നേരെ പിടിച്ചാൽ തന്നെ തിളക്കും. അത്രക്കെളുപ്പമാണ് ചായയുണ്ടാക്കാൻ. ലിഫ്റ്റിൽ കയറി കൃത്രിമ ആഭരണങ്ങളുടെ കലവറയിലേക്ക് കുതിച്ചു. സാരിക്ക് മാച്ച് ചെയ്യുന്ന വള, മാല, കമ്മൽ, എന്നിവ വാങ്ങി. യാത്രയിൽ സ്വർണം ധരിക്കരുത്. വിമാനത്തിലായാലും കള്ളൻമാർക്ക് കുറവില്ലാത്ത കാലമാണ്. കോട്ടും സ്യൂട്ടും ധരിച്ച കള്ളൻമാരെ തിരിച്ചറിയാൻ പ്രയാസമാണ്.ഒരു പവൻ കട്ടു പോയാൽ കോടി ഒന്ന് പോയിക്കിട്ടും. ഏഴാമത്തെയോ എട്ടാമത്തെയോ നിലയിൽ ഊളിയിട്ടപ്പോഴാണ് സാരിക്ക് മാച്ച് ചെയ്യുന്ന ലതർ ബാഗ് കണ്ടെടുക്കാനായത്. വീണ്ടും ലിഫ്റ്റിൽ കയറി ഏതോ നിലയിലെത്തിയപ്പോൾ പുതുതായി വിപണിയിലെത്തിയ ഓക്സിജൻ പായ്ക്കറ്റുകൾ കണ്ണിൽ പെട്ടു. ഇപ്പോൾ ബോട്ടിലുകളിൽ ഓക്സിജൻ റീഫിൽ ചെയ്ത് ഹാന്റ് ബാഗിൽ തിരുകി പൈപ്പിലൂടെ മൂക്കിലേക്ക് ഒഴുക്കിവിടുന്ന സമ്പ്രദായമാണല്ലോ. ഇനി ബോട്ടിലുകൾ വേണ്ടത്രെ! മൃദുവായ പാക്കറ്റുകൾ പിറകിൽ ഒരു ബെൽട്ടു കൊണ്ട് കെട്ടിഞ്ഞേറ്റാം. ചെവിക്ക് പിറകിൽ ഇറുക്കിയ കുഴൽ നാസാദ്വാരങ്ങളിൽ കടത്തിവെക്കാം. സാരിക്ക് മാച്ച് ചെയ്യുന്ന ഓക്സിപാക്കറ്റ് കൂടി വാങ്ങിയപ്പോൾ കാർഡിൽ മിനിമം ബാലൻസ് മാത്രമേ അവശേഷിച്ചുള്ളൂ. പാതാളത്തിലിറങ്ങുമ്പോലെ ലിഫ്റ്റിലൂടെ താഴെക്ക് വന്നു. ധൃതിയിൽ പുറത്തിറങ്ങവേ കോളാമ്പി മൈക്ക് കെട്ടിയ ഒരു ഹെലികോപ്റ്റർ തെരുവിൽ വന്നിറങ്ങുന്നു. ഇലക്ഷൻ പ്രചരണമാണ്. കോപ്റ്ററിൽ നിന്നിറങ്ങിയ സ്ഥാനാർത്ഥി, മൂക്കിൽ സ്ഥാനം തെറ്റിക്കിടന്നിരുന്ന കുഴലുകൾ ശരിയാക്കിയ ശേഷം പ്രസംഗം ആരംഭിച്ചു. ......ആസന്നമായ നിയമസഭാ തെരഞ്ഞെടുപ്പിൽ എന്നെ തെരഞ്ഞെടുക്കുകയാണെങ്കിൽ, അറബിക്കടലിൽ ആർക്കും വേണ്ടാതെ കടക്കുന്ന ജലം നമ്മുടെ പഴഞ്ചിത്താവയിൽ കൊണ്ടുവന്ന്, അരിപ്പയിലൂടെ കടത്തിവിട്ട്, ഓക്സിജൻ വേർതിരിച്ചെടുത്ത് റേഷൻ കടകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യു. ആയതിനാൽ നിങ്ങളുടെ വിലയേറിയ ഓരോ....



# ഡൊണാൾഡ് ട്രംപിന്റെ വിജയവും സംസ്കാരങ്ങളുടെ സംഘട്ടനങ്ങളും


പ്രമോദ് വെള്ളച്ചാൽ

ചീഫ് എഡിറ്റർ



ലോകമെമ്പാടുമുള്ള മനുഷ്യരുടെ മനസ്സുകളിൽ പൊതുവെയും അമേരിക്കൻ ജനതയുടെ മനസ്സിൽ പ്രത്യേകിച്ചും ദഹിക്കാതെ കിടക്കുന്ന ചോദ്യമാണ് റിപ്പബ്ലിക്കനായ ട്രംപിന്റെ അപ്രതീക്ഷിത വിജയം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഡെമോക്രാറ്റ് സ്ഥാനാർത്ഥിയായിരുന്ന ഹിലാരി ക്ലിന്റന് അടിപതറിയതെങ്ങിനെയെന്ന രാഷ്ട്രീയ ജിജ്ഞാസ ഇന്നും ഉത്തരങ്ങൾക്ക് വേണ്ടിയുള്ള വിശകലനങ്ങളിൽ വിയർക്കുന്നുണ്ട്. അസഹിഷ്ണുത, സിദ്ധാന്ത മൗലികവാദം, സ്ത്രീവിരുദ്ധത, ആർത്തി തുടങ്ങിയ കാര്യങ്ങളിൽ മാത്രമല്ല, ട്രംപിന്റെ 'സവിശേഷത' - വംശീയതയുടെ വടവേരുകളിൽ കെട്ടുപിണഞ്ഞുകിടക്കുന്ന താന്ത്രിക വാചാലതയും ട്രംപിന്റെ വിജയകാഹളങ്ങൾക്ക് സഹായമായിട്ടുണ്ട്. 'ദി ന്യൂയോർക്കർ' മാഗസിൻ ട്രംപിന്റെ വിജയത്തെക്കുറിച്ചെഴുതിയത് ഒരു അമേരിക്കൻ ദുരന്തം (An American Tragedy) എന്നാണ്.

അമേരിക്കൻ അദ്ധ്വാന വർഗത്തിന്റെ വിമോചന ദൗത്യ പതാകകൾ പേറേണ്ടിയിരുന്ന ലിബറൽ ഡെമോക്രാറ്റുകൾ, ആഗോളീകരണാനന്തര സുരക്ഷിത സമ്പന്നവർഗത്തിന്റെ കൈപ്പാവകളാവുകയും, ലക്ഷ്യഫലപ്രാപ്തികൾ വിസ്മരിച്ചുകൊണ്ട് സംസാരിച്ചു എന്നുമുള്ള വിലയിരുത്തലുകളുമുണ്ട്. സാധാരണക്കാരായ അമേരിക്കക്കാരുടെ രാഷ്ട്രീയ സ്വപ്നങ്ങളും, അവരുടെ നിരാശാഭരിതമായ നെടുവീർപ്പുകളും പണക്കൊഴുപ്പുകൊണ്ട് മൂടിവെക്കുകയായിരുന്നു ഡെമോക്രാറ്റുകൾ. സമാധാനവാഗ്ദാനവുമായി മുന്നിട്ടിറങ്ങിയ ലിബറലുകൾക്ക് യുദ്ധങ്ങൾക്കൊന്നും അറുതിവരുത്താൻ സാധിച്ചിരുന്നില്ല എന്ന് മാത്രമല്ല, യുദ്ധങ്ങൾ ബുദ്ധിപൂർവ്വം സൃഷ്ടിച്ചുകൊണ്ട് സമാധാനം മുഴുവൻ അടിച്ചുതകർക്കുകയായിരുന്നു. സഹിഷ്ണുത (tolerence) എന്ന ആശയം പിൻപറ്റിയിരുന്ന പാശ്ചാത്യസംസ്കാരത്തിന് തീവ്ര ഇസ്ലാം (Radical Islam) മുന്നോട്ടുവെച്ച അസ്തിത്വ സന്നിഗ്ദ്ധതകളെ അഭിമു





> ക്രിസ്തീയവൽക്കരണം അല്ലെങ്കിൽ അമേരിക്കാവൽക്കരണമെന്ന യാഥാസ്ഥിതിക വാദമുയർത്തി തീവ്ര ഇസ്ലാമുകളുടെ ചേറിൽ അമേരിക്കൻ മുസ്ലീം ജനതയെ അപകടകരമായ അപരസാന്നിദ്ധ്യമാക്കി വംശീയവും സാംസ്കാരികവുമായ മുതലെടുപ്പ് നടത്താൻ ട്രംപിസ്റ്റുകൾക്ക് സാധിച്ചു എന്നുവേണം കരുതാൻ

ഖീകരിക്കാൻ പോലും സാധിക്കാതെ പോയി. അധികാരത്തിന്റെ അഴിമതി നിറഞ്ഞ വഴികൾ, അതിൽ ആത്മരതിയനുഭവിച്ച നിലപാടുകൾ എല്ലാം ഹിലാരി ക്ലിന്റന് വിനയായിത്തീർന്നു.

ഹിലാരി ക്ലിന്റനും ലിബറൽ ഡെമോക്രാറ്റുകളും അവശേഷിപ്പിച്ച പ്രത്യയശാസ്ത്രപരമായ വഴുക്കലുകളിൽ നിന്നാണ് ട്രംപ് തന്റെ വീക്ഷണങ്ങളെ മൂർച്ചകൂട്ടിയത് എന്ന് കാണാം. ഡെമോക്രാറ്റുകളുടെ കാറ്റുവീഴ്ചക്കു കാരണമായ, പരസ്പരബന്ധിതമായ ചില കാര്യങ്ങൾ ചർച്ച ചെയ്താൽ മാത്രമേ, അമേരിക്ക ഇന്നെത്തിനിൽക്കുന്ന അപകടകരമായ ഒരവസ്ഥയെ നമുക്ക് ബോധ്യമാവുകയുള്ളൂ. തീവ്ര ഇസ്ലാമുകൾ എന്ന പ്രതിഭാസത്തെ നമസ്കരിക്കൽ, ആഗോളീകരണ മുതലാളിത്ത യുക്തികൾ ഉന്മൂലനം ചെയ്ത സാധാരണ മനുഷ്യരുടെ ജീവിതാവസ്ഥകൾ, സ്ഥാപനവൽക്കരണത്തിനെതിരെ നടന്ന പാർട്ട്യേതരമായ സഹകരണകലാപം തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മപരിശോധനകൾക്ക് വിധേയമാക്കേണ്ടതാണ്.

ക്രിസ്തീയവൽക്കരണം അല്ലെങ്കിൽ അമേരിക്കാവൽക്കരണമെന്ന യാഥാസ്ഥിതിക വാദമുയർത്തി തീവ്ര ഇസ്ലാമുകളുടെ പേരിൽ അമേരിക്കൻ മുസ്ലീം ജനതയെ അപകടകരമായ അപരസാന്നിദ്ധ്യമാക്കി വംശീയവും സാംസ്കാരികവുമായ മുതലെടുപ്പ് നടത്താൻ ട്രംപിസ്റ്റുകൾക്ക് സാധിച്ചു എന്നുവേണം കരുതാൻ. ഒരു പക്ഷേ





ഈയൊരു നിലപാടിനെ പിന്തുണയ്ക്കുന്ന സിദ്ധാന്തപരമായ അന്വേഷണങ്ങൾ തന്നെയാണ് 1996ൽ സാമുവൽ ഹണ്ടിംഗ്ടൺ പ്രസിദ്ധീകരിച്ച സംസ്കാരങ്ങളുടെ സംഘട്ടനങ്ങൾ എന്ന ഗ്രന്ഥം (Clashes of Civilizations and the Remaking of world order 1996). പ്രസ്തുത പുസ്തകത്തിൽ ഹംണ്ടിങ്ങ്ടൺ പറയുന്നു "It is my hypothesis that the fundamental source of conflict in the new world will not be primarily ideological or primarily Economic. The great divisions among humankind and the dominating source of conflict will be cultural. National State will remain the most powerful actors in world affairs, but the principal conflict of global politics will occur between nations and groups of different civilizations. The clash of civlization will dominate global politics. The faultline between civilisations will be the battle line of future".

വർണ്ണവിരുദ്ധവും വംശീയവുമായ പുതിയ അമേരിക്ക എന്ന ലക്ഷ്യം ഇസ്ലാം വിരുദ്ധത കൂടി നിറച്ച് വിസ്ഫോടനാത്മകമായ ഒരവസ്ഥയിലേക്കായിരിക്കും ഒരു പക്ഷേ ട്രംപ് സഞ്ചരിക്കുന്നത്. ഹണ്ടിംഗ്ടൺ തീസിസിനെ ന്യായീകരിക്കുന്ന ഒരു അമേരിക്കൻ രാഷ്ട്രീയവും അമേരിക്കൻ രാഷ്ട്രീയത്തെ നിർവ്വചിക്കുന്ന പ്രത്യയശാസ്ത്രനിർമിതി എന്ന നിലക്ക് 'സംസ്കാരങ്ങളുടെ സംഘട്ടനവും' മാറിത്തീരുമ്പോൾ അത് ലോകത്ത് തന്നെ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചേക്കാം. സമീപകാലത്ത് പ്രസിദ്ധീകരിച്ച ISIS: A Historyയുടെ കർത്താവായ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ ഫവാസ് ഗർജസ് (Fawas Gerges) അഭിപ്രായപ്പെട്ടത്, അൽ-ഖ്വായിദയുടെ ലക്ഷ്യങ്ങൾക്ക് സമാനമായ വഴികളിലൂടെയാണ് ട്രംപിന്റെ സഞ്ചാരം എന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ട്രംപിസ്റ്റുകൾ ലോകത്തെ ഒരു ദ്വന്ദമായി (binary) മാത്രമേ കാണുന്നുള്ളൂ. അതെന്താണ് എന്ന് വെച്ചാൽ Muslim Vs Christians എന്നർത്ഥം. ഉൽക്കണ്ഠാകുലരായ ഇസ്ലാമുകൾക്കെതിരെ പാശ്ചാത്യലോകം വലിയൊരു യുദ്ധത്തിന് കോപ്പു കൂട്ടുകയാണ് എന്ന അൽ-ഖ്വയ്ദ വാദത്തിന്റെ മറ്റൊരു പതിപ്പായാണ് ട്രംപിന്റെ ആഹ്വാനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

കാൽനൂറ്റാണ്ട് മുമ്പ് ബർണാർഡ് ലെവിസ് (Bernard Levis) എന്നയാളാണ് 'Clash of Civilizations' എന്ന പ്രയോഗം നടത്തിയത്. പക്ഷേ പിന്നീട് ആ പ്രയോഗത്തെ ലോക രാഷ്ട്രീയ-സാംസ്കാരിക വിമർശനങ്ങളിൽ വിഖ്യാതമാക്കിയത് രാഷ്ട്രീയ ശാസ്ത്രജ്ഞനായ സാമുവൽ ഹണ്ടിംഗ്ടൺ ആണ്. 1990ൽ അദ്ദേഹമെഴുതിയ 'മുസ്ലീം വിദ്വേഷത്തിന്റെ അടിവേരുകൾ (The Roots of Muslim Rage) എന്ന ലേഖനത്തിൽ പറയുന്നത് ശ്രദ്ധേയമായ ഒരു സംഗതിയാണ്. മുസ്ലീം വിദ്വേഷത്തെ അദ്ദേഹം നിർവ്വചിച്ചിരിക്കുന്നത്, ജൂഡോ-ക്രിസ്ത്യൻ പാരമ്പര്യങ്ങൾക്കും മതേതര വർത്തമാനത്തിനും, ഇതിന്റെ രണ്ടിന്റെയും ലോകവ്യാപകമായ വ്യാപനത്തിനുമെതിരെയുള്ള ഒരു പുരാതന ശത്രുവിന്റെ ചരിത്രപരവും യുക്തിരഹിതവുമായ പ്രതികരണം എന്നാണ്. ലെവിസ് ഒരു പ്രസക്തമായ കാര്യം കൂടി അടിവരയിട്ടു പറയുന്നുണ്ട്. നമ്മളും ഇതുപോലെ യുക്തിരഹിതവും ചരിത്രപരവുമായ പ്രതികരണങ്ങളിൽ പ്രകോപിതരാവരുത് എന്നാണ്. പക്ഷേ പ്രകോപിതരാവാനുള്ള ആഹ്വാനമാണ് ട്രംപിസ്റ്റുകൾ നൽകുന്ന അപകടകരമായ സന്ദേശം എന്നത് ദുരന്തങ്ങളിലേക്കുള്ള ക്ഷണപത്രമായി കാണേണ്ടിയിരിക്കുന്നു.

കാലാകാലങ്ങളായി കുടിയേറ്റക്കാരായും അവരുടെ പരമ്പരകളായും ഇസ്ലാം മതക്കാർ അമേരിക്കയിൽ ചേക്കേറിയിട്ടുണ്ട്. പക്ഷേ സമീപകാലത്തായി ലിബറൽ മതേതരവാദികൾക്കെതിരായ മുസ്ലീം യുവതയുടെ സേനാവൽക്കരണം നേരത്തെ അമേരിക്കക്ക് അത്ര പരിചിതമല്ലാത്ത ഒരു സംഗതിയാ






ണ്. പുറത്തുനിന്നുള്ള ഭീകരാക്രമണങ്ങൾക്ക് (9/11) അമേരിക്ക വിധേയമായിട്ടുണ്ടെങ്കിലും അമേരിക്കൻ സാമൂഹികജീവിതത്തിൽ ഇഴുകിച്ചേർന്ന മുസ്ലീം കൂട്ടായ്മകൾ അമേരിക്കക്കാരെ വകവരുത്തുന്ന സംഭവങ്ങൾ പുതിയ അനുഭവങ്ങളാണ്. ഭാവനയിൽ പോലും കാണാത്ത ഇത്തരം സമീപനങ്ങൾ വലിയ പ്രകോപനങ്ങൾ ഇളക്കിവിട്ടിട്ടുണ്ട്. മിഡിൽഈസ്റ്റിൽ നിന്നുമുള്ള അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും വേഷങ്ങളിൽ പൊതിഞ്ഞ് ഇത്തരം തീവ്ര ഇസ്ലാം ഗ്രൂപ്പുകൾ അമേരിക്കയിലേക്ക് നുഴഞ്ഞുകയറിയിട്ടുണ്ട് എന്നാണ് സംസാരം. എന്നിട്ടും ഡെമോക്രാറ്റുകൾക്ക് തിരിച്ചറിവുണ്ടായില്ല എന്ന മതാധിഷ്ഠിത വാദമുഖമാണ് ട്രംപ് തെരഞ്ഞെടുപ്പിൽ ആയുധമാക്കിയത്. ജിഹാദുകളുടെ സിദ്ധാന്തങ്ങളുടെ മൂലധന സ്രോതസ്സുകളായ സൗദി അറേബ്യയും പാക്കിസ്ഥാനും വേണ്ട വിധത്തിൽ നിരീക്ഷിക്കപ്പെടാതെ പോയി എന്ന വാദവും അവിടെ നിലനിൽക്കുന്നു.എണ്ണമണമുള്ള വഹാദി നിയന്ത്രിത ഇസ്ലാമിക് തീവ്രവാദം പാശ്ചാത്യ സംസ്കാരത്തെ നിരന്തരമായി ആക്രമിച്ചുകൊണ്ടിരിക്കുന്നു എന്ന വാദം ട്രംപിസ്റ്റുകൾ തെരഞ്ഞെടുപ്പിൽ ശക്തിപ്പെടുത്തി. മിഡിൽഈസ്റ്റിലെ ഷെയ്ക്കുമാരുടെ ധനമൂലധനവുമായി സന്ധിചെയ്ത ഹിലാരിക്ക് അമേരിക്കയെ രക്ഷിക്കാനാവില്ല എന്ന ട്രംപിന്റെ വാദം ഒരർത്ഥത്തിൽ രാജ്യസ്നേഹപരമായി തോന്നാമെങ്കിലും അപകടകരമായ ഒന്നായിട്ടുവേണം കാണാൻ. രാഷ്ട്രീയത്തിൽ നിന്ന് മതത്തെ മാറ്റിനിർത്തിയ പാരമ്പര്യങ്ങൾക്കു ബദലായി യാഥാസ്ഥിതിക മതമൗലികരാഷ്ട്രീയത്തെ സംഘട്ടനങ്ങളുടെ സാംസ്കാരിക യുക്തിയായി ചിത്രീകരിച്ചുകൊണ്ടുള്ള പോക്ക് ഭാവിയിൽ സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് കാലം സാക്ഷ്യപ്പെടുത്തട്ടെ. വാൾസ്ട്രീറ്റ് കലാപത്തിന്റെ ഇച്ഛാപരമായ പ്രതിരോധത്തിലൂടെ പണമൂലധനാധിഷ്ഠിതമായ അധികാരിവർഗങ്ങൾക്കെതിരെ മഞ്ഞിലും വെയിലിലും പോരാടിയ ഒരു ജനതയ്ക്ക് കുമ്പിളിൽ കഞ്ഞിതന്നെയായിരിക്കുമോ എന്ന സാമ്പത്തിക രാഷ്ട്രീയ ചോദ്യമാണ് ഇവിടെ അവശേഷിക്കപ്പെടുന്നത്.



# പാക്കിസ്ഥാന്റെ കയറ്റുമതി തീവ്രവാദം കാശ്മീരിലൂടെ ഇന്ത്യയിലേക്ക്

ഡോ. ജിജി പോൾ. എസ്
മാർഡയനേഷ്യസ് കോളേജ്, തൃശ്ശൂർ



ഇന്ത്യയിലെ മനോഹര സംസ്ഥാനമായിരുന്ന കാശ്മീരിനെ 1948 മുതൽ പാക്കിസ്ഥാന്റെ കയറ്റുമതി തീവ്രവാദം തകർത്ത് കളയുകയുണ്ടായി. സ്വപ്നങ്ങളും, പ്രതീക്ഷകളും, ആചാരങ്ങളും, അനുഷ്ഠാനങ്ങളും നഷ്ടപ്പെട്ട ജനത, സ്വതന്ത്രകാശ്മീർ സങ്കൽപ്പങ്ങളെയും മറന്ന്കൊണ്ട് ജനാധിപത്യത്തെ ഹൃദയത്തിൽ സ്വീകരിച്ചപ്പോൾ, പാക്കിസ്ഥാന്റെ കാപട്യഅവസരവാദ സമീപനങ്ങൾക്ക് കാശ്മീരിൽ സ്ഥാനമില്ലാതായി. ജമ്മു, ലഡാക്ക്, കാശ്മീർ എന്നീ മൂന്ന് മേഖലകളായി തിരിച്ചിരിക്കുന്ന സംസ്ഥാനത്ത്, 14 ജില്ലകളും, ഭരണസൗകര്യത്തിനായി ജമ്മു, കാശ്മീർ എന്നീ ഡിവിഷനുകളും. അമാനുഷികമായ സൗന്ദര്യമാണ് കാശ്മീരിന് ഭൂപ്രകൃതി നൽകിയിരിക്കുന്നത്. 2000 നു ശേഷം സംസ്ഥാനം നേടിയ ഉയർച്ച തകർക്കാനായിട്ടാണ് ഇന്ത്യയുടെ തലയായ കാശ്മീരിൽ പാക്കിസ്ഥാൻ ഐ.എസ്.ഐയുടെ നേതൃത്വത്തിൽ തീവ്രവാദി സംഘങ്ങളെ മുന്നിൽ നിർത്തി തീവ്രവാദപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ദേശീയ ശരാശരിക്ക് മുകളിൽ നിൽക്കുന്ന സാക്ഷരത, ഭൂരിപക്ഷ ജനങ്ങളും സമാധാനകാംക്ഷികളും, ദേശസ്നേഹികളും, കർഷകരും, സ്വാതന്ത്ര്യത്തിന് മുൻപ്, ഭൂപരിഷ്കരണം നടപ്പിലാക്കിയ നാട്ടുരാജ്യം. അസ്ഥിരതയുടെയും അസമാധാനത്തിന്റെയും പാതയിൽ വിലാപങ്ങളുമായി കാശ്മീരിജനത ഏകനായി ജീവിതത്തിൽ യാത്രചെയ്യുന്നു.


ജമ്മുകാശ്മീരിലെ സംഘർഷാവസ്ഥ നാലാം മാസത്തിലേക്ക് കടന്നിട്ടും പ്രശ്നങ്ങൾ പരിഹരിക്കാൻ കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് കഴിയുന്നില്ല. ജൂലൈ-8ന് ആരംഭിച്ച സംഘർഷത്തിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലുകളിൽ 90ൽ അധികം പേർ മരണപ്പെട്ടതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആയിരങ്ങൾ പരുക്കേറ്റ് ആശുപത്രികളിലും വീടുകളിലുമായി കഴിയുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി ആറായിരത്തോളം പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതായി സംസ്ഥാന സുരക്ഷാവിഭാഗ




സ്ഥലങ്ങളാണ്. 58ൽ അധികം തീവ്രവാദി സംഘടനകളാണ് കാശ്മീരിനെ ഇന്ത്യയിൽ നിന്ന് മോചിപ്പിക്കാനായി ശ്രമിക്കുന്നത്. 2009 പകുതിയോടെ അടച്ച് പൂട്ടിയ തീവ്രവാദ പരിശീലന കേന്ദ്രങ്ങൾ 2014ഓടെ പ്രവർത്തനം തുടങ്ങുകയും, 2015 –16 ആയപ്പോഴെക്കും അതിർത്തിയിൽ നൂറ് കണക്കിന് തീവ്രവാദികൾ ഇന്ത്യയിലേക്ക് കടക്കാനായി തയ്യാറാവുകയും ചെയ്തു. 19ഓളം നുഴഞ്ഞ് കയറ്റപ്രദേശങ്ങൾ ഇന്ത്യൻ ആർമി കണ്ടെത്തിയിട്ടുണ്ട്. മഞ്ഞ് കാലത്തിന് മുൻപ് സർവ്വസജ്ജരായി തീവ്രവാദികളെ കടത്ത് കേന്ദ്രങ്ങളിൽ എത്തിക്കും. മഞ്ഞ് വീഴ്ച തുടങ്ങുമ്പോൾ പ്രാദേശിക സഹായത്തോടെ അതിർത്തി കടത്തും. ഉറി, കുപ്പവാര, പൂഞ്ച്, മേഖലകൾ വഴിയാണ് തീവ്രവാദികൾ ഇന്ത്യക്കുള്ളിൽ പ്രവേശിക്കുന്നതെന്ന് അറിയുന്നു. 6 മാസത്തെ പരിശീലനത്തിനായി തീവ്രവാദസംഘടനകൾ ലക്ഷങ്ങളാണ് ചിലവഴിക്കുന്നത്. ആധുനിക ആയുധങ്ങൾ, ഗറില്ലാരീതികൾ, ചാവേർ പരിശീലനങ്ങൾ, ശരീരത്തെ പട്ടിണിക്കിട്ട് വൈറ്റമിൻ ഗുളിക പരിശീലനങ്ങൾ ഉൾപ്പെടെ 30 തരം രീതികളാണ് നൽകുന്നത്. ഒരു ഗ്രൂപ്പിൽ 16 അംഗങ്ങൾ ഉണ്ടായിരിക്കും. 16 അംഗങ്ങളെ 3 വിഭാഗങ്ങളായി തിരിച്ച് രഹസ്യകോഡുകളും നൽകും. പരിശീലനകാലയളവിൽ അംഗങ്ങൾക്ക് നിശ്ചിത വരുമാനം നൽകും. വീട്ടുകാർക്ക് ചിലവിനുള്ള തുക, കുട്ടികളുടെ പഠന കാര്യങ്ങൾ, പെൺകുട്ടികളുടെ വിവാഹ ക്രമീകരണങ്ങൾ ഒക്കെ സംഘടന നടത്തി കൊടുക്കും. പരിശീലന കാലത്ത് മികവ് തെളിയിക്കുന്നവർക്ക് റാങ്ക് നൽകും. വ്യക്തികളെ ലക്ഷ്യം വയ്ക്കുന്നത് നിർത്തി പരമാവധി നാശനഷ്ടങ്ങൾ ഉണ്ടാക്കാനാണ് തീവ്രവാദികൾ ശ്രമിക്കുന്നത്. തീവ്രവാദികൾക്ക് ഹിന്ദു, ഇസ്ലാം, ക്രൈസ്തവൻ

ങ്ങളും. മൂന്ന് മാസം കഴിഞ്ഞു സ്കൂളുകളും, കോളേജുകളും തുറന്ന് പ്രവർത്തിപ്പിച്ചിട്ട്. അധ്യായനവർഷം നഷ്ടപ്പെടുമെന്ന ഭീതിയിൽ മാതാപിതാക്കളും, കുട്ടികളും. വാർത്താ വിനിമയ സംവിധാനങ്ങൾ, ഗതാഗത സംവിധാനങ്ങൾ, സാമൂഹിക, സാമ്പത്തിക മേഖലകൾ ഒക്കെ താറുമാറായ അവസ്ഥയിലും സമാധാനം പുന:സ്ഥാപിക്കുമെന്ന് പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ കാശ്മീരി ജനതയ്ക്ക് നൽകിയ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. സർവ്വകക്ഷിയോഗങ്ങൾ, സർവ്വകക്ഷി സന്ദർശനങ്ങൾ, കേന്ദ്രമന്ത്രിമാരുടെ ചർച്ചകൾ, ഉദ്യോഗസ്ഥതലചർച്ചകൾ, പ്രധാനമന്ത്രിയുമായി സംസ്ഥാന മുഖ്യമന്ത്രി 3 പ്രാവശ്യം കൂടികാഴ്ച നടത്തിയെങ്കിലും സമാധാനവും, സുരക്ഷിതവും കാശ്മീരി ജനതയ്ക്ക് വിദൂരത്തിലാണ്. ഇതിനിടയിലാണ് സുരക്ഷാസേനയുടെ പെല്ലറ്റ് തോക്ക് പ്രയോഗങ്ങളും, അധികാരികളുടെ മനുഷ്യവകാശ ധ്വസനങ്ങളും. ഒരോ വർഷവും കോടികൾ ചെലവഴിച്ചിട്ടും എന്ത്കൊണ്ട് കാശ്മീരിൽ ശാശ്വത സമാധാനം സ്ഥാപിക്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. സമാധാനം അരികിലുണ്ട് സ്ഥാപിക്കേണ്ട കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. കാശ്മീർ പ്രശ്നം എന്നത് രാഷ്ട്രീയ നാടകമാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാശ്മീരിൽ ജനഹിതം നടപ്പിലാക്കും എന്ന 1947 നവംബർ 02ലെ പ്രസംഗവും, ഇരുരാജ്യങ്ങളും പിൻതുടരുന്ന നയങ്ങളും ഒക്കെ വൈകാരിക സമീപനങ്ങളിലൂടെ മാത്രമാണ്.

കാശ്മീർ താഴ്വരയിലെ ഉറി, കുപ്വാര, ബാരമുള്ള, ഷോപ്പിയൻ മേഖലകളാണ് തീവ്രവാദികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന പ്രദേശങ്ങൾ. പാക്ക് അധീന കാശ്മീരുമായി അടുത്ത് കിടക്കുന്ന






എന്നൊന്നും ഇല്ല. പരിശീലന മികവ് തെളിയിക്കണം. ആദ്യഘട്ടത്തിൽ രക്തം കൊണ്ടുള്ള ഉടമ്പടിയാണ്. ഇതിനെതിരെ പ്രവർത്തിച്ചാൽ മരണമായിരിക്കും ലഭിക്കുന്നത്. ഇന്ത്യൻ ആർമിയിലെ ജവാനെ വധിച്ചാൽ പ്രതിഫലം കുറവായിരിക്കും. ആർമിയിലെ ഉയർന്ന റാങ്കിലുള്ളവരെ വധിച്ചാൽ പ്രതിഫലം വർദ്ധിക്കും. ആക്രമണത്തിനിടയിൽ മരണപ്പെട്ടാൽ ഓരോമാസവും സഹായധനം മരണപ്പെട്ട തീവ്രവാദിയുടെ വീട്ടിൽ എത്തിയിരിക്കും. ഇന്ത്യവിരുദ്ധ സന്ദേശങ്ങൾ ഇവരുടെ മനസ്സിൽ കയറ്റിവിട്ട് മാനസ്സികമായും, ശാരീരികമായും ഇന്ത്യയെ ശത്രുവാക്കി തീർത്ത് മനസ്സിൽ അടങ്ങാത്ത പക സൃഷ്ടിക്കും. കാശ്മീരിനെ മോചിപ്പിക്കാനായി വിദേശതീവ്രവാദികൾ, പാക്കിസ്ഥാനിലെ തീവ്രവാദികൾ, അശാന്തിയുടെ വക്താക്കളായി ഇന്ത്യയിലെ ചില പൗരൻമാർ, അതിർത്തി കടന്ന് പരിശീലനം നേടി ആക്രമിക്കുന്നവർ ഒപ്പം പാക് ആർമിയും, ഐ.എസ്.എയേയും. ഇന്ത്യക്കെതിരെ ആക്രമണങ്ങൾ നടത്തുന്ന പ്രമുഖർ ലഷ്കർ-ഇ-തൊയ്ബ, ജെയ്ഷ മുഹമ്മദ് സംഘടനകളാണ്. വിദേശത്ത് നിന്ന് ലഭിക്കുന്ന സംഭാവനകളാണ് തീവ്രവാദ സംഘടനകൾ സ്വതന്ത്രകാശ്മീർ രൂപീകരണത്തിനായ് കാശ്മീരിൽ വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നത്.

പാക്ക് അധീന കാശ്മീരിലെ മുസാഫറാബാദ്, മീർപ്പൂർ, റാവൽ കോട്ട് മേഖലകളിലാണ് പരിശീലന കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നതെന്നറിയുന്നു. റാവൽ കോട്ടിലെ ബാഗ്, സുദ്നതി പ്രദേശങ്ങളിൽ മാത്രം 45ഓളം തീവ്രവാദി പരിശീലന കേന്ദ്രങ്ങൾ ഉള്ളതായി മനസ്സിലാക്കുന്നു. ഐ.എസ്.ഐയുടെ നിയന്ത്രണത്തിലുള്ള പത്തോളം ചാവേർ പരിശീലനകേന്ദ്രങ്ങൾ 5300 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഹാഫീസ് സെയ്ദിന്റെ നേതൃത്വത്തിൽ മാത്രം ഇന്ത്യയുടെ അതിർത്തിക്കടുത്തായി ഒൻപതോളം രഹസ്യക്യാമ്പുകൾ പ്രവർത്തിക്കുന്നതായും അറിയുന്നു. മഞ്ഞ് മലകളിൽ മാത്ര 06 ഓളം ക്യാമ്പുകൾ തീവ്രവാദികൾ നടത്തുന്നു. പുഞ്ചിൽ നിന്ന് 45കി.മീ ദൂരം മാത്രമാണ് പാക്ക് അധീന കാശ്മീരിലെ റാവൽ കോട്ടയിലേയ്ക്ക്. അവിടന്ന് 80കി.മീ ദൂരം റാവൽ പിണ്ടിയിലേക്കും ശേഷം 3 മ്മ മണിക്കൂർ യാത്രചെയ്താൽ ഇസ്ലാംമാബാദിലേയ്ക്കും. വിഭജനം ഇരു രാഷ്ട്രങ്ങൾക്കും നൽകിയ വേദനകൾ ലഘൂകരിക്കാനായും, അതിർത്തികൾക്കപ്പുറങ്ങളിലായി ജീവിക്കുന്നവർക്ക് പുഃനസമാംഗനത്തിനു വേണ്ടിയും മുൻപ്രധാനമന്ത്രി എ.ബി.വാജപേയ് ആരംഭിച്ച പുഞ്ച് - റാവൽകോട്ട് അതിർത്തി ബസ്സ് എല്ലാ തിങ്കളാഴ്ചയും സർവ്വീസ് നടത്തുന്നുണ്ട്.(2016 ആഗസ്റ്റ് അവസാന ആഴ്ചമുതൽ താൽക്കാലികമായി സർവ്വീസ് നിർത്തിവച്ചിരിക്കുന്നു). ഉറി മലനിരകളുടെ അടിത്തട്ടാണ് പുഞ്ച് ജില്ല. 1947/48ലെ യുദ്ധത്തെ തുടർന്ന് പുഞ്ച് ജില്ല രണ്ടായി വിഭജിക്കുകയും, ഒരു ഭാഗം പാക്ക് അധീന കാശ്മീരിലും, ബാക്കി ഇന്ത്യയിലും തുടരുന്നു. പുഞ്ച് ജില്ലയിലാണ് മിനി പാക്കിസ്ഥാൻ എന്നറിയപ്പെടുന്ന സുരാൻകോട്ടും, രജോറിയും.

നീണ്ട 69 വർഷങ്ങൾ കഴിഞ്ഞു. ഇരുരാഷ്ട്രങ്ങളും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിനു പകരം അവസരവാദ രാഷ്ട്രീയ, സൈനിക, വൈകാരിക പ്രശ്നങ്ങൾ ഊതിവീർപ്പിച്ച് കാശ്മീരുമായി യാത്ര തുടരുകയാണ്. എത്രകാലം ഭീതിയുടേയും, അസ്ഥിരതയുടേയും, അസമാധാനത്തിന്റെയും പാതയിൽ ഇരുരാജ്യങ്ങളിലേയും ജനങ്ങൾ യാത്രചെയ്യേണ്ടിവരും.

1990-91ലെ പാക്കിസ്ഥാന്റെ കയറ്റുമതി തീവ്രവാദത്തിന്റെ ഇരകളായി 3½ ലക്ഷം കാശ്മീരി പണ്ഡിറ്റുകൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മാതൃരാജ്യം നഷ്ടപ്പെട്ട് തകരഷെഡ്ഡുകളിൽ അഭയാർത്ഥികളെപ്പോലെ കഴിയുന്നു. ഇന്ത്യയുടെ ആദ്യ






പ്രധാനമന്ത്രിയുടെ തലമുറക്കാരാണ്. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സംസ്കാരങ്ങൾ ഒക്കെ നഷ്ടപ്പെട്ടു. സാമൂഹിക, സാമ്പത്തിക, കുടുംബബന്ധങ്ങൾ തകർന്നു. വിവാഹമോചിതരുടെ എണ്ണം കാശ്മീരി പണ്ഡിറ്റുകൾക്കിടയിൽ വർദ്ധിക്കുന്നു. 59% സ്ത്രീകളും ഭീതിജനകമായ ഉത്കണ്ഠയ്ക്കടിമപ്പെട്ടിരിക്കുന്നു. ഭീകരുടെ ചെയ്തികൾ നേരിട്ട് കണ്ട അന്നത്തെ കുട്ടികൾ ഇന്നാകട്ടെ മാനസ്സികമായി തകർന്ന അവസ്ഥയിലും ജമ്മുകാശ്മീർ മനുഷ്യവകാശ കമ്മീഷനിൽ ഓരോവർഷവും അപ്രത്യക്ഷരായവരുടെ എണ്ണം വർദ്ധിക്കുന്നു. ആർക്കും അറിഞ്ഞ് കൂടാ 'ജീവിച്ചിരിക്കുന്നോ, അതോ മരണപ്പെട്ടോ'. ഇത്രയേറെ നിന്ദകളിലും, പരിഹാസങ്ങളിലും, കണ്ണീരിലൂടെയും സഞ്ചരിക്കുന്ന വിഭാഗം ഇന്ത്യയിൽ കാശ്മീരി ജനത മാത്രമായിരിക്കും. ദുർഘടമായ കാലാവസ്ഥയേയും, തീവ്രവാദികൾക്ക് അനുകൂലമായ ഭൂപ്രകൃതിയിലും, കുടുംബത്തേയും, ബന്ധങ്ങളേയും വിസ്മരിച്ചുകൊണ്ട് കൊടുംതണുപ്പിൽ ആയിരകണക്കിന് യുവഭടൻമാരല്ലെ നമ്മുടെ സമൃദ്ധിയ്ക്കായ് മഹനീയത, സമർപ്പണം, ത്യാഗം ഉപയോഗിച്ച് കൊണ്ട് ജോലി നോക്കുന്നത്. ഇതിനിടയിൽ മരണപ്പെട്ടാലോ ദേശീയപതാകയിൽ പൊതിഞ്ഞ ശരീരവും കൂടെ ലക്ഷങ്ങളും. ലക്ഷങ്ങൾ കൊണ്ട് നഷ്ടപ്പെട്ട ജീവനെ മടക്കി നൽകാൻ നിങ്ങൾക്ക് കഴിയുമോ? ഇനിയെങ്കിലും സമാധാനം സൃഷ്ടിക്കണ്ടേ? ഏകെ 47നോ, ഗ്രാനൈഡ് ലൊഞ്ചറുകൾക്കോ, പ്രത്യേക അധികാരങ്ങൾക്കോ, കാശ്മീരിൽ ശാശ്വത സമാധാനം സൃഷ്ടിക്കാൻ പറ്റില്ല. സമാധാനം എന്നത് സമർപ്പണത്തിലൂടേയും, ത്യാഗത്തിലൂടെയും, നിരന്തര സംഭാഷണങ്ങളിലൂടെയും വരേണ്ടതാണ്. ആൾ പാർട്ടി ഹുറിയത്ത് കോൺഫറൻസ്സിന്റെ, ചെയർമാനായ സെയ്ദ് അലിഷാഗിലാനിയുമായി 2008, 2010, 2011, 2013ൽ ഒക്കെ പ്രശ്നപരിഹാരത്തിനായ് ഞാൻ സംസാരിച്ചിട്ടുണ്ട്. 2008ൽ നടത്തിയ അഭിമുഖം 30 ജൂലൈ 2008ലെ മാധ്യമം പത്രം എഡിറ്റോറിയൽ പേജിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇന്നത്തെ സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി സജാദ്ഗനിലോണിമായി നടത്തിയ ചർച്ച (കാശ്മീർ പീപ്പിൾ കോൺഫറൻസ്സ് ചെയർമാൻ) 17 മാർച്ച് 2009ന് ദീപിക ദിനപ്പത്രം കാശ്മീരി ജനത ഇന്ത്യയോടൊപ്പം നിൽക്കാൻ തയ്യാർ എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കാശ്മീരിൽ ജനിച്ച് കഷ്ടാനുഭവങ്ങളിലൂടെ ബാല്യം ചെലവഴിച്ച് അമേരിക്കയിൽ കുടിയേറി പാർത്ത അതിപ്രശ്സതനായ ഇംഗ്ലീഷ് കവിയായ ആഗ ഷഹീദ് അലിയുടെ 'ദ കൺട്രീ വിത്ത് ഔട്ട് എ. പോസ്റ്റോഫീസ് ' എന്ന പദ്യത്തിലെ ചിലവരികൾ കുറിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ.

''We shall meet again, in Srinagar,
By the gates of the Villa of Peace,
Our hands blossoming into fists
Till the soldiers return the keys and disappear,
Again we will ented our last world,
First that vanished"




# വജ്രജൂബിലി നിറവിൽ കേരളം – ആത്മപരിശോധനാ നിമിഷം

ഫാ. ഡോ. തോമസ്യോൻ റോബി
ബസേലിയസ് കോളേജ്, കോട്ടയം




ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളം ഷഷ്ഠിപൂർത്തിയുടെ നിറവിലാണ്. മലയാളികൾ അഭിമാനത്തോടെ ഓർക്കുന്ന ദിനം - നവംബർ ഒന്ന്. 1956 നവംബർ ഒന്നിനാണ് നാട്ടുരാജ്യങ്ങളും രാജവാഴ്ചയും ഓർമകളാക്കി കേരളം രൂപീകൃതമായത്. മൂന്നായി ഭിന്നിച്ചുകിടന്ന (തിരുവിതാംകൂർ, കൊച്ചി, മലബാർ) നാടിനെ ഭാഷാടിസ്ഥാനത്തിൽ ഒറ്റ ആസ്ഥാനമാക്കിയപ്പോൾ ഭാവികേരളം എങ്ങിനെയായിരിക്കണമെന്ന് ഐക്യകേരളപ്പിറവിക്കായി പ്രയത്നിച്ച ദേശാഭിമാനികൾക്കുണ്ടായിരുന്ന സ്വപ്നങ്ങൾ സഫലമായോ എന്ന് ചിന്തിക്കുവാനുള്ള അവസരമാണ് ഈ 60-ാം വാർഷികം. ഈ അറുപതു വർഷം കൊണ്ട് കേരളം കുറച്ചൊന്നുമല്ല മാറിയത്. അഭിമാനകരമായ നേട്ടങ്ങളും അപമാനകരമായ കോട്ടങ്ങളും അതിൽ ഉൾപ്പെടുത്തും. ഈ മാറ്റങ്ങളെ സ്വാംശീകരിക്കുക എന്നതാണ് പ്രാധാന്യം. അതോടൊപ്പം കോട്ടങ്ങളുടെ വിശകലനവും. ഐക്യകേരളത്തിന്റെ ചില ഏടുകളിലൂടെയുള്ള ഒരു സഞ്ചാരം ഇവിടെ ആവശ്യമാണ്.



**ഭൂപ്രകൃതിയിൽ അനുഗ്രഹിക്കപ്പെട്ട കേരളം**

ഭാരതത്തിന്റെ തെക്കുപടിഞ്ഞാറ് മൂലയിൽ കിഴക്ക് സഹ്യപർവ്വതത്തിന്റെയും പടിഞ്ഞാറ് അറബിക്കടലിന്റെയും ഇടയ്ക്ക് കിടക്കുന്ന കേരളം എന്ന ഭൂവിഭാഗത്തിന്റെ വടക്കും കിഴക്കും തെക്കും ഭാഗങ്ങളിലെ അതിരുകളായി വർത്തിക്കുന്നത് കർണ്ണാടക-തമിഴ്നാട് സംസ്ഥാനങ്ങളാണ്. മതസഹിഷ്ണുതയുടെയും സാക്ഷരതയുടെയും കാര്യങ്ങളിൽ കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുന്നിൽ നിൽക്കുന്നു. വിസ്തീർണ്ണം 39000 ച.കി.മീ. സങ്കീർണ്ണ പ്രദേശങ്ങളിലൂടെ രൂപം കൊണ്ട വിവിധങ്ങളായ ഭൂരൂപങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളത്തിന്റെ ഭൂപ്രകൃതി. സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ വിവക്ഷയനുസരിച്ച് കേരളത്തിൽ മൂന്നു പ്രകൃതി വിഭാഗങ്ങളാണുള്ളത്. 1) സമുദ്രനിരപ്പിലെ ഉയർന്നു നിൽക്കുന്ന മലനാട് 2) ഇടനാട് 3) തീരപ്രദേശം. ഈ വിഭജനത്തിനാണ് കൂടുതൽ പ്രചാരം. കുറേക്കൂടി സൂക്ഷ്മമായി കിഴക്കൻ മലനാട് (Eastern Highland) അടിവാരം (Foot Hill Zone) ഉയർന്ന കുന്നിൻ പ്രദേശങ്ങൾ (Hilly uplands), പാലക്കാട് ചുരം, തൃശ്ശൂർ കാഞ്ഞങ്ങാട് സമതലം, എറണാകുളം - തിരുവനന്തപുരം റോളിംഗ് സമതലം, പടിഞ്ഞാറൻ തീരസമതലം എന്നീ പ്രകൃതി മേഖലകളായും വിഭജിക്കാറുണ്ട്.

സഹ്യാദ്രിയോട് ചേർന്ന് തെക്കുവടക്കായി നീണ്ടുകിടക്കുന്നതാണ് മലനാട് അഥവാ കിഴക്കൻ മലനാട്. വന്യമൃഗങ്ങൾ നിറഞ്ഞ കാടുകളാണ് ഈ മേഖലയിൽ ഏറിയ പങ്കും. ഉഷ്ണമേഖലാ നിത്യഹരിത വനങ്ങളും ചോലവനങ്ങളും ഇവിടെയുണ്ട്. കേരളത്തിലെ പ്രധാന നദികളെല്ലാം ഉത്ഭവിക്കുന്നതും മലനാട്ടിൽ നിന്നാണ്. പാലക്കാട് ജില്ലയിലെ മണ്ണാർകാടിനടുത്തുള്ള സൈലന്റ് വാലിയാണ് ഏറ്റവും പ്രശസ്തമായ നിത്യഹരിതവനം. സഹ്യാദ്രിക്ക് സമാന്തരമാണ് തെക്കുവടക്കുനീളത്തിലുള്ള പടിഞ്ഞാറൻ തീരസമതലം. മലനാടിനും തീരസമതലത്തിനും ഇടയ്ക്കാണ് ഇടനാട്. കുന്നുകളും സമതലങ്ങളും അടങ്ങിയ ഭൂപ്രകൃതിയാണിവിടെ ഉള്ളത്. പടിഞ്ഞാറ് അറബിക്കടലിലേക്കോ കായലു



വൃക്ഷകേരളം ഉദ്ഘാടനച്ചടങ്ങിൽ നിന്ന്

കളിലേക്കോ ഒഴുകുന്ന 41 നദികൾ, കിഴക്കോട്ടൊഴുകുന്ന മൂന്നുനദികൾ, കായലുകൾ, തോടുകൾ തുടങ്ങിയവ കേരളത്തെ ജലസമ്പന്നമാക്കുന്നു.

കൊച്ചി തുറമുഖം കൂടാതെ 17 അപ്രധാന തുറമുഖങ്ങളും കേരളത്തിലുണ്ട്.. കേരളത്തിന്റെ വിസ്തീർണ്ണത്തിന്റെ 29.1 ശതമാനം വനമാണ്. ഇതിൽ വിവിധതരം ഉഷ്ണമേഖലാ വനങ്ങൾ, ഇലപൊഴിയും വരണ്ട വനങ്ങൾ, ചോലവനങ്ങൾ, പുൽമേടുകൾ തുടങ്ങിയവ ഉൾപ്പെടുത്തും. നാലു ഋതുക്കൾ കേരളത്തിനുണ്ട്. കാലവർഷവും തുലാവർഷവും ശൈത്യകാലവും അതത് സമയത്ത് പ്രകൃതി കനിഞ്ഞുനൽകുന്നു. ഇങ്ങനെ വൈവിധ്യമേറിയ ഭൂപ്രകൃതിയാൽ സമ്പന്നമായ കേരളം. ദൈവത്തിന്റെ സ്വന്തം നാട് (God's Own Country) എന്ന് വിശേഷിപ്പിക്കുന്ന കേരളത്തിന്റെ പ്രകൃതി മനോഹാരിതയാണ് എന്നും വിദേശീയരെ ആകർഷിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് പ്രകൃതിയെ നശിപ്പിക്കുകയും കാടുകൾ വെട്ടിതെളിച്ചും സമുദ്രവും കാട്ടാറുകളും വകഞ്ഞ് നികത്തിയും നെൽപാടങ്ങളിൽ വലിയ സൗധങ്ങൾ തീർത്തും പ്രകൃതിയുടെ മനോഹാരിത നശിപ്പിച്ചിരിക്കുകയാണ്. ഈ ഷഷ്ഠിപൂർത്തിയുടെ നിറവിൽ നാം തിരിഞ്ഞുനോക്കിയാൽ ഇന്നു കാണുന്ന കാലാവസ്ഥ വ്യതിയാനവും പ്രകൃതിക്ഷോഭങ്ങളും എല്ലാം മനുഷ്യന്റെ അത്യാഗ്രഹത്തിന്റെ ഫലമാണ് എന്ന് തിരിച്ചറിയാം. 'Sustainable development' എന്നതിനേക്കാൾ വെറും വികസനകാംക്ഷികളായി നാം മാറിയിരിക്കുന്നു.

പരിസ്ഥിതി മലിനീകരണം ഭയാനകമായി വർദ്ധിച്ചു. കുളങ്ങളും തോടുകളും മലിനമായിരിക്കുന്നു. ജലദൗർലഭ്യം നാം അനുഭവിക്കുന്നു. നഗരങ്ങളിലെ മാലിന്യനിർമാർജ്ജനം വലിയ പ്രശ്നമായി വളർന്നു. ഈ സ്ഥിതിവിശേഷത്തിൽ നിന്ന് ഉള്ള മോചനമാണ് അറുപതിന്റെ നിറവിൽ നാം ആർജ്ജിക്കേണ്ടത്. ഉപഭോഗസംസ്ഥാനം എന്ന സ്ഥാനം കൂടുതൽ നാം ഉറപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഉപയോഗിക്കുന്ന സാധനങ്ങളിൽ ചെറിയൊരു ശതമാനം മാത്രമേ ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഇതുമാറി പകരം

പ്രകൃതിയെ സ്നേഹിച്ച്, കൃഷിയെ വളർത്തി നഷ്ടപ്പെട്ട കേരളപ്രകൃതിയുടെ മനോഹാരിത വീണ്ടെടുക്കാന ഒരു ആത്മപരിശോധന ആവശ്യമായിരിക്കുന്നു.

**ചരിത്രം കുറിച്ച ഐക്യകേരളം**

അറുപതു പിന്നിടുന്ന കേരളത്തിന്റെ മുന്നിൽ നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കഥകളുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അത് വിവേകാനന്ദൻ 'മലബാർ തീരം ഭ്രാന്താലയമോ' എന്ന് ഡോ. പൽപ്പുവിനോട് ചോദിച്ചത്. അവിടെനിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യമായപ്പോഴേയ്ക്കും ഇന്ത്യയിലെ സാമൂഹികമായും രാഷ്ട്രീയമായും ഏറെ പ്രബുദ്ധമായ സംസ്ഥാനമെന്ന നിലയിലേക്ക് കേരളമെത്തി. പിന്നീട് കേരളപ്പിറവിക്കുശേഷം മലയാളി സമൂഹം കൈവരിച്ച നേട്ടങ്ങളുടെ ഫലമായി വലിയ മുന്നേറ്റം തന്നെ കാഴ്ച വെക്കുവാൻ വജ്രകേരളത്തിന് കഴിഞ്ഞു.

1920ൽ കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനം ഭാഷാ അടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചത് വലിയ ചരിത്ര സംഭവമായിരുന്നു. 1921-ൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി രൂപവത്കരിക്കപ്പെടുകയും ചെയ്തു. പിന്നീട് ഈ മൂന്നു നാട്ടുരാജ്യങ്ങളായിരുന്നവയെ ഒന്നിച്ചു ചേർക്കണമെന്ന ആശയം വിപ്ലവകരം തന്നെയായിരുന്നു. 1947 ഏപ്രിലിൽ കെ. കേളപ്പന്റെ അദ്ധ്യക്ഷതയിൽ തൃശ്ശൂരിൽ ചേർന്ന 'ഐക്യകേരള കൺവെൻഷൻ' കേരള സംസ്ഥാനമെന്ന ആശയത്തിന് ആക്കം കൂട്ടി. മലയാളം സംസാരിക്കുന്നവർക്ക് ഒരു പ്രത്യേക സംസ്ഥാനം എന്നതായിരുന്നു കൺവെൻഷൻ മുന്നോട്ടുവെച്ച ആശയം. 1947 ജൂലൈ ഒന്നിന് നടന്ന തിരുകൊച്ചി സമ്മേളനം ഈ ഏകീകരണത്തിന്റെ തുടക്കമായി. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംഘടന നടന്നപ്പോഴാണ് ഇപ്പോഴത്തെ കേരള സംസ്ഥാനത്തിന് പൂർണ്ണരൂപം കൈവന്നത്. അപ്പോൾ അന്നത്തെ തിരുവിതാംകൂറിന്റെ ചില ഭാഗങ്ങൾ നമുക്ക് നഷ്ടപ്പെട്ടു. പകരം മലബാർ കേരളത്തിന്റെ ഭാഗമായി. അങ്ങനെ തിരുവിതാംകൂറിന്റെ ഭാഗങ്ങളും കൊച്ചിയും മലബാറും ചേർത്ത്, മലയാളം സംസാരിക്കുന്നവർക്കായി 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം നിലവിൽ വന്നു.



ഐക്യകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമായി പരിണമിച്ച് അറുപതാണ്ടുകൾ പിന്നിടുമ്പോൾ നമുക്ക് രാഷ്ട്രീയമായും സാംസ്കാരികമായും അഭിമാനിക്കാൻ കുറേ നേട്ടങ്ങളുണ്ട്. സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യത്തെ സംസ്ഥാനം, പ്രതിശീർഷ ഉപയോഗത്തിൽ ഒന്നാമതെത്തിയ സംസ്ഥാനം, ശിശുമരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം, എല്ലാ ഗ്രാമങ്ങളിലും പോസ്റ്റ് ഓഫീസ് നിലവിൽ വന്ന സംസ്ഥാനം, ആദ്യ സമ്പൂർണ്ണ ബാങ്കിംഗ് സംസ്ഥാനം, പുരുഷന്മാരെക്കാൾ സ്ത്രീകൾ കൂടുതലുള്ള ഏക സംസ്ഥാനം, വ്യവസായ സൗഹൃദ സംസ്ഥാനം, വിജ്ഞാനമേഖലയിൽ കുതിച്ചുചാട്ടം നടത്തുന്ന സംസ്ഥാനം, ഇങ്ങനെ പല നേട്ടങ്ങളും പറയുവാൻ കഴിയും.

എന്നാൽ നേട്ടങ്ങളോടൊപ്പം തന്നെ വരുന്ന കോട്ടങ്ങളെയും നാം വിസ്മരിച്ചുകൂടാ. വർദ്ധിച്ചുവരുന്ന ജാതിസ്വത്വവാദങ്ങളും, സമുദായ സംഘടനാ സമ്മർദ്ദങ്ങളും വർഗീയ താല്പര്യങ്ങളും നമ്മുടെ വിവേകത്തെ




യും സമഭാവനാ ബോധത്തെയും തുരങ്കംവെക്കുന്നത് നാം കാണാതിരുന്നുകൂടാ. മുന്നണി രാഷ്ട്രീയവും അതുമൂലമുള്ള പ്രതിസന്ധികളും ഇപ്പോൾ കേരളരാഷ്ട്രീയത്തിന്റെ പ്രതിസന്ധികളാണ്. ഐക്യകേരള നേതാക്കന്മാർ സ്വപ്നം കണ്ട കേരള വികസനമോ സാധ്യതകളോ നാം പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല. വിദ്യാഭ്യാസ-സാംസ്കാരിക തലങ്ങളിൽ ഏറെ മുന്നേറിയെന്ന് അവകാശപ്പെടുമ്പോഴും രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും ഇന്നും നിർബാധം അരങ്ങേറുന്നു. എന്നിരുന്നാൽ തന്നെയും കേരളം ഐക്യകേരളത്തിന്റെ രൂപീകരണശേഷം സാമൂഹ്യമേഖലയിൽ ഇന്ത്യയിലെ മുൻനിര സംസ്ഥാനമായി മാറാൻ കേരളത്തിന് കഴിഞ്ഞു. ദളിത് പിന്നോക്ക വിഭാഗങ്ങൾക്ക് മുഖ്യധാരയിലേക്ക് കടന്നുവരാനുള്ള സാഹചര്യം കേരളത്തിലുണ്ടായി.

**മറ്റു മേഖലകളിലുള്ള കുതിച്ചുചാട്ടം**

സ്വതന്ത്ര ഇന്ത്യയിലെ രാഷ്ട്രീയ പരീക്ഷണശാലയായി മാറിയ കേരളം രാജ്യത്തിന് പല രംഗങ്ങളിലും വഴികാട്ടിയായി. സാർവ്വത്രിക വിദ്യാഭ്യാസം, പ്രാഥമികാരോഗ്യ പരിരക്ഷ, സാമൂഹ്യസുരക്ഷാപദ്ധതികൾ, മിനിമംകൂലി, ജന്മിത്വം അവസാനിപ്പിക്കാനുള്ള നടപടികൾ, ന്യൂനപക്ഷാവകാശസംരക്ഷണം, തുടങ്ങിയ ചരിത്രപരമായ പ്രാധാന്യമുള്ളവ നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. ഭക്ഷ്യമേഖലയിലെ ഇടപെടലുകൾ, പൊതുവിതരണത്തിന്റെ ശക്തിപ്പെടുത്തൽ, സാക്ഷരതാ പ്രസ്ഥാനം, ദുർബലവിഭാഗങ്ങളുടെ ശാക്തീകരണം, ജാതിവ്യവസ്ഥയുടെ നുകത്തിൽ നിന്ന് സമൂഹത്തെ മോചിപ്പിക്കൽ, അധികാരവികേന്ദ്രീകരണം, ജനകീയാസൂത്രണം തുടങ്ങിയവ കേരളത്തെ ലോകത്തിന് മുൻപിൽ മാതൃകയായി ഉയർത്തി





നിർത്തുന്നു. ടെക്നോപാർക്കും, ഇൻഫോപാർക്കും, സ്റ്റാർട്ടപ്പുമൊക്കെ അഭിമാനകരമായ നേട്ടം തന്നെ. വിനോദസഞ്ചാരം, ആരോഗ്യം, ധനകാര്യസേവനം, വിദ്യാഭ്യാസം എന്നിവയുടെ വളർച്ച കേരളത്തെ മറ്റു സംസ്ഥാനങ്ങളുടെ മാതൃകയാക്കി മാറ്റുവാൻ സാധിച്ചു. ജനസംഖ്യാനിയന്ത്രണം, സാക്ഷരതയും ആയുർദൈർഗ്യവും ശിശുമരണനിരക്കിലുണ്ടായ കുറവും കേരള മോഡലായി അറിയപ്പെടുന്നു. ദേശീയ ശരാശരിക്കും മുകളിലായി വളർച്ച നേടുവാൻ കഴിഞ്ഞു. ആളോഹരി വരുമാനത്തിനും കേരളം ദേശീയ ശരാശരിയ്ക്ക് മുകളിലാണ്. കേരളത്തിലെ ന്യൂനപക്ഷങ്ങൾ കേരളത്തിന്റെ വ്യത്യസ്ഥമേഖലകളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

എന്നാൽ ഇത്തരത്തിലുള്ള കുതിച്ചുചാട്ടത്തിനിടയിൽ ചില വീഴ്ചകൾ വന്നതും നാം അറിഞ്ഞ് മുന്നേറണം. മുന്നണി രാഷ്ട്രീയക്കാർ അധികാരത്തിലേക്ക് മാത്രം ചുരുങ്ങി. ആരോഗ്യമേഖലയും വിദ്യാഭ്യാസമേഖലയും കച്ചവടമേഖലയായി മാറി. കൃഷിഭൂമി ഇല്ലാതെയായി. കൈക്കൂലിയും അവകാശബോധത്തിനുണ്ടായ അപചയവും മറ്റു സംസ്ഥാന തൊഴിലാളികളുടെ പ്രവാഹവും വോട്ടുബാങ്കുരാഷ്ട്രീയവും കേരള ജനാധിപത്യത്തെ ചോദ്യം ചെയ്യുന്നു. വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണതയും മദ്യപാനത്തിനുള്ള ആസക്തിയും നമ്മുടെ സമൂഹത്തെ പുനർവിചാരണ ചെയ്യുന്ന അവസ്ഥയിലാക്കിയിരിക്കുന്നു.

**അറുപതിൽ ഒരു ആത്മപരിശോധന**

ധാർമ്മികമൂല്യങ്ങളിലും, സദാചാരമൂല്യങ്ങളിലും ഉണ്ടായിട്ടുള്ള ഇടിവ് ആപത്കരം തന്നെ. ജനങ്ങളുടെ വീക്ഷണത്തിലുണ്ടായ സങ്കുചിതത്വവും വർഗീയ വിഭാഗീയതയും, ഇടുങ്ങിയ രാഷ്ട്രീയ ചിന്തകളും ഇന്ന് ബലപ്പെട്ടിരിക്കുന്നു. അഭിമാനിക്കുവാനുള്ളതിനേക്കാൾ ആശങ്കപ്പെടാനുള്ള മാറ്റങ്ങളാണ് അറുപതു വർഷത്തിൽ ഉണ്ടായിട്ടുള്ളതെങ്കിലും സംസ്ഥാനത്തിന്റെ സാംസ്കാരിക പാരമ്പര്യവും, മതസൗഹാർദ്ദവും മനുഷ്യവിഭവശേഷിയും പ്രതീക്ഷയ്ക്ക് വകനൽകുന്നവയാണ്. ഇവിടെ രാഷ്ട്രീയ-മത-സാംസ്കാരിക-സാമൂഹ്യരംഗങ്ങളിൽ ഒരു ആത്മപരിശോധന ആവശ്യമാണ്. വന്നുപോയ വീഴ്ചയെ പരിഹരിച്ച് പുതിയ വളർച്ചയിലേക്കും ചിന്തയിലേക്കുമുള്ള കാൽവെപ്പ് ആവശ്യമായിരിക്കുന്നു.

അപചയങ്ങൾ ഉണ്ടെങ്കിലും ഐക്യകേരളത്തിന്റെ അറുപതുവർഷം നേട്ടങ്ങളുടേതായിരുന്നു. ഭാഷാടിസ്ഥാനത്തിൽ നിലവിൽ വന്ന സംസ്ഥാനങ്ങളിൽ പലയിടത്തും വിഭാഗീയത-വിഘടനവാദങ്ങൾ ഉയർന്നുവന്നപ്പോഴും ഐക്യകേരളം ഒറ്റമനസ്സോടെയാണ് ഈ ആറു പതിറ്റാണ്ടിലും നിലനിന്നത്. കേരളത്തിന്റെ മുന്നേറ്റത്തിന് ചാലകശക്തിയായതും ഈ ഐക്യകേരളം തന്നെ. രാജ്യത്തെ മുൻനിര സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിൽ കേരളത്തിന്റെ രാഷ്ട്രീയം വഹിച്ച പങ്ക് വലുതാണ്. വരുംകാലവെല്ലുവിളികളെ നേരിട്ടു മുന്നേറാൻ രാഷ്ട്രീയകേരളം കരുത്തുകാട്ടുമെന്ന് പ്രതീക്ഷിക്കാം.

നവകേരള സൃഷ്ടിക്കായി നമ്മെത്തന്നെ സമർപ്പിക്കാൻ ഓരോ കേരളീയനും കഴിയണം. കേരളപ്പിറവിയുടെ അറുപതാം ദിനത്തിൽ കേരളമുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എഴുതിയ ലേഖനത്തിന്റെ ഒരു ഭാഗം ഇവിടെ അന്വർത്ഥമാണ്. ''മതനിരപേക്ഷവും, അഴിമതിരഹിതവും വികസിതവുമായ ഒരു നവകേരളം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്കായി നമുക്ക് ഈ കേരളപ്പിറവി ദിനത്തിൽ നമ്മെത്തന്നെ പുനരർപ്പിക്കാം. ജാതിമത വേർതിരിവുകൾക്ക് അതീതമായി നമുക്ക് ഒരുമിച്ച് നിന്ന് കേരളത്തെ ഐശ്വര്യപൂർണ്ണമായ ഭാവിയിലേക്ക് നയിക്കാം. നമ്മുടെ പുതുതലമുറയെ സ്വയം പര്യാപ്തതയുടെ സൗഭാഗ്യങ്ങളിലേക്ക് നയിക്കാം. അങ്ങനെ ഒരുനവകേരളത്തിന്റെ സൃഷ്ടിക്കായി നമുക്ക് നമ്മളെത്തന്നെ സമർപ്പിക്കാം. അതാകട്ടെ നമ്മുടെ വജ്രജൂബിലി പ്രതിജ്ഞ.'' (ദേശാഭിമാനി, 2016 നവംബർ 1 പേജ് 6) തല ഉയർത്തി കേരളം വിരാജിക്കട്ടെ. വജ്രജൂബിലി ആശംസകൾ. ഈ ചിന്തകൾ നമുക്ക് പ്രചോദനമാകട്ടെ.



# കോളേജുവിദ്യാഭ്യാസം - മാറ്റങ്ങൾക്ക് കാതോർത്ത്

ഡോ. ജെയിംസ് പോൾ
നിർമലഗിരി കോളേജ്, കൂത്തുപറമ്പ്



കേരളത്തിലെ സർക്കാർ-എയിഡഡ്-സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2016-17 അക്കാദമിക് വർഷത്തെ വിദ്യാർത്ഥി പ്രവേശം അവസാനിക്കുമ്പോൾ ശുഭകരമായ വാർത്തകളാണ് എങ്ങുനിന്നും കേൾക്കുന്നത്. മേൽപറഞ്ഞ വിഭാഗങ്ങളിലെ മികവു പുലർത്തുന്ന ഒട്ടുമിക്ക കോളേജുകളിലും ഒറ്റ സീറ്റും ഒഴിവില്ലാതാവുകയും മുൻവർഷങ്ങളെ അപേക്ഷിച്ച് ഉയർന്ന മാർക്കുള്ള കുട്ടികൾ പഠിക്കാനെത്തുകയും ചെയ്തു എന്നതാണ് കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽനിന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരം. ഇടക്കാലത്ത് വലിയ തോതിൽ വിദ്യാർത്ഥി പ്രവേശനം കുറഞ്ഞുപോയ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പരമ്പരാഗത ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ഇപ്പോൾ പെട്ടെന്നുണ്ടായ തിരക്കിനു കാരണങ്ങൾ പലതാണ്.

ഒന്ന്-കേരളത്തിലെ സ്വാശ്രയമടക്കമുള്ള എഞ്ചിനിയറിംഗ് മേഖലയിലെ പരീക്ഷാഫലത്തിൽ കാണുന്ന തോൽവിയുടെ ഉയർന്ന നിരക്ക്. എഞ്ചിനിയറിംഗ് മേഖലയിൽ വിശേഷിച്ചും ഐ.റ്റി. അടക്കമുള്ള മേഖലയിലുണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധി.

രണ്ട്- പ്ലസ് ടു പരീക്ഷയുടെ വിജയശതമാനത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിലുണ്ടായ ഗണ്യമായ വർദ്ധന. പെട്ടെന്നുണ്ടായ ഈ കുതിച്ചുചാട്ടം പരമ്പരാഗത ബിരുദവിഷയങ്ങൾക്ക് ചേരുന്നവരുടെ എണ്ണം വർദ്ധിപ്പിച്ചു.

മൂന്ന്- കാലാനുസൃതമായി കോഴ്സുകളെ നവീകരിച്ച് കുടുതൽ ആകർഷകവും നിലവാരമുള്ളതുമാക്കിത്തീർക്കാൻ നടത്തിയ ശ്രമങ്ങൾ.

നാല്- ദേശസാൽകൃതമടക്കമുള്ള നിരവധി ബാങ്കുകളും വിപ്രോ പോലെയുള്ള പ്രമുഖ ഐ.റ്റി. കമ്പനികളും ആർട്സ് ആന്റ്

സയൻസ് കോളേജുകളിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാംപസ് റിക്രൂട്ട്മെന്റ്.

അഞ്ച്- പരമ്പരാഗത ശാസ്ത്ര-മാനവിക- ഭാഷാ വിഷയങ്ങളുടെ പഠന-ഗവേഷണ പ്രവർത്തനങ്ങൾക്ക് സർവ്വകലാശാലാ ധനസഹായ കമ്മീഷൻ (യു.ജി.സി.) നൽകിവരുന്ന ഉദാരമായ സാമ്പത്തിക സഹായങ്ങൾ കൊണ്ട് സമീപകാലത്ത് കേരളത്തിലെ കോളേജുകളിലുണ്ടായ അക്കാദമിക-ഭൗതിക വളർച്ച.

## കോളേജുവിദ്യാഭ്യാസത്തിന്റെ സാമൂഹ്യാടിത്തറ


സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനപടിയായിരുന്ന എസ്. എസ്.എൽ.സി പരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങി പാസായിരുന്ന കുട്ടികൾ പ്രീഡിഗ്രി വിദ്യാഭ്യാസത്തിന് കോളേജുകളിലെത്തുകയും പിന്നീട് അവിടെനിന്ന് വഴിപിരിഞ്ഞ് വിവിധ ശാസ്ത്ര-സാങ്കേതിക-വൈദ്യശുശ്രൂഷാമേഖലകളിലേക്ക് നയിക്കപ്പെടുകയും ഒരു ചെറുന്യൂനപക്ഷം മാത്രം ബിരുദസമ്പാദനത്തിനായി കോളേജുകളിൽതന്നെ തുടരുകയും അതിൽ മികവുനേടുന്ന ചെറിയ ശതമാനം മാത്രം ബിരുദാനന്തരബിരുദത്തിന് ചേരുകയും ചെയ്തിരുന്നതാണ് എൺപതുകൾവരെയുള്ളകേരളത്തിന്റെ ഉന്നതവിദ്യാഭ്യാസചരിത്രം. എൺപതുകളിൽ കോളേജുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ വ്യാപനം കൂടുതൽ കുട്ടികളെ സ്കൂൾവിദ്യാഭ്യാസത്തിനുശേഷം കോളേജുകളിലെത്തിക്കുന്നതിനു സഹായകമാക്കി. ഇതിനുവേണ്ടി കൂടുതൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുവാനും സർക്കാർ തയ്യാറായി. അങ്ങനെ എൺപതുകളുടെ ആദ്യപകുതിയിൽ കേരളത്തിലെ ബിരുദാനന്തരബിരുദധാരികളിൽ കുറേപ്പേർ പി.എസ്.സി. പരീക്ഷയെഴുതി സർക്കാർ കോളേജുകളിലും വേറെ കുറേപ്പേർ വലിയ തുക കോഴ കൊടുത്ത് സ്വകാര്യ കോളേജുകളിലും വളരെ ചുരുക്കംപേർ അക്കാദമിക് മികവിന്റേയും സമുദായ പിന്തുണയുടെയുമൊക്കെഅടിസ്ഥാനത്തിലും അധ്യാപകരായിത്തീർന്നു. സർവ്വകലാശാലാ സിണ്ടിക്കേറ്റ് ഭരിക്കുന്ന രാഷ്ട്രീയകക്ഷികളുടെ നാമനിർദ്ദേശത്താൽ രൂപീകരിക്കപ്പെടുന്ന ബോർഡ് ഓഫ് സ്റ്റഡീസ് നിശ്ചയിക്കുന്ന കരിക്കുലവും സിലബസുമൊക്കെ പഠിപ്പിക്കുന്നതിനപ്പുറം മറ്റെന്തെങ്കിലും സക്രിയമായ ഉത്തരവാദിത്തങ്ങൾ മഹാഭൂരിപക്ഷം അധ്യാപകർക്കും നിർവ്വഹിക്കാനുണ്ടായിരുന്നില്ല. പരീക്ഷകളും മൂല്യനിർണ്ണയവുമൊക്കെ വളരെ യാന്ത്രികവും വ്യവസ്ഥാപിതവുമായി നടന്നുകൊണ്ടിരുന്നു.

തൊണ്ണൂറുകളിൽ സ്വാശ്രയമേഖലയിൽ എഞ്ചിനിയറിംഗ്- മെഡിക്കൽ കോളേജുകൾ തുടങ്ങാനുള്ള സർക്കാർ തീരുമാനമാണ് പരമ്പരാഗത ബിരുദ-ബിരുദാനന്തരകോഴ്സുകൾ നടത്തുന്ന കോളേജുകളെ വലിയ ഒരു സ്വത്വ പ്രതിസന്ധിയിലേക്കു നയിച്ചതും ഘടനാപരമായ മാറ്റങ്ങളിലേക്കു വഴി തുറപ്പിച്ചതും. കോളേജുകളിൽ പ്രീഡിഗ്രി കോഴ്സുകളിൽ കണക്ക്-സയൻസ് വിഷയങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷനും അനുബന്ധമായി എൻട്രൻസ് കോച്ചിംഗും ആരംഭിച്ച് സ്വകാര്യകോളേജുകൾ രംഗം കൊഴുപ്പിച്ചു. ഒന്ന്, രണ്ട് ഗ്രൂപ്പുകളിൽ അഡ്മിഷന് മിക്ക മാനേജുമെന്റുകളും ഉയർന്ന തലവരിപ്പണം ഈടാക്കി. സ്വകാര്യട്യൂഷൻ തരമാക്കിക്കൊടുത്തുകൊണ്ട് പണം സമ്പാദിച്ച അധ്യാപകരുടെ എണ്ണവും ഈ മേഖലയിൽ കുറവായിരുന്നില്ല.



ഇതിന്നകംതന്നെ യു.ജി.സി. അതിന്റെ ചെയർമാനായിരുന്ന ഡോ.യശ്പാലിന്റെ നേതൃത്വത്തിൽ ബിരുദ -ബിരുദാനന്തര കോഴ്സുകളുടേയും ഗവേഷണപ്രവർത്തനങ്ങളുടെയും കാര്യത്തിൽ വ്യക്തമായ ചില മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. 1986 മുതൽ യു.ജി.സിയുടെ ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ തങ്ങൾക്കും കിട്ടണമെന്നാവശ്യപ്പെട്ട് ഇവിടെയും സമരങ്ങളും പ്രക്ഷോഭങ്ങളുമൊക്കെ ധാരാളമായി നടന്നിരുന്നു. പിന്നീട് 1992 -ൽ മുൻകാല പ്രാബല്യത്തോടെ അത് അനുവദിച്ചുകിട്ടുകയും കേരളത്തിലെ കോളേജധ്യാപകരെ രണ്ടുതട്ടിലാക്കി കുറച്ചുപേർക്ക് യു.ജി.സി. നിരക്കിലും ബാക്കിയുള്ളവർക്ക് സർക്കാർ സ്കെയിൽ നിരക്കിലും ശമ്പളം നൽകിത്തുടങ്ങി. ശമ്പളം പ്രാബല്യത്തിൽവന്നുവെങ്കിലും അക്കാദമിക് രംഗത്ത് സമൂലമായ മാറ്റങ്ങൾക്ക് തുടക്കമാകുമായിരുന്നയു.ജി.സി പാക്കേജ് കേരളത്തിൽ നടപ്പായില്ല.

കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് മികച്ച പ്രതിഭകളെ പരമ്പരാഗത ശാസ്ത്ര-മാ



നവിക-ഭാഷാ വിഷയങ്ങളിലേക്ക് ആകർഷിക്കുകയും ഗവേഷണമേഖല വികസിപ്പിച്ചെടുക്കുകയുമൊക്കയായിരുന്നു യു.ജി.സിയുടെ ലക്ഷ്യം. എഞ്ചിനിയറിംഗ്-മെഡിസിന്റെ ആകർഷണങ്ങളിലേക്ക് ബുദ്ധിമാന്മാരായ കുട്ടികൾ കൂടുതലായി എത്തിപ്പെടുന്നത് സമൂഹത്തിന്റെ വിജ്ഞാനോത്പാദനത്തിന്റേയും വിജ്ഞാന വിതരണത്തിന്റേയും സംതുലിതാവസ്ഥയെത്തന്നെ ബാധിക്കുന്നതാണെന്ന യു.ജു.സിയുടെ നിരീക്ഷണം ഏറെക്കുറെ ശരിയാണെന്ന് പിൽക്കാല അനുഭവം നമ്മളെ ബോധ്യപ്പെടുത്തി. ബിരുദാനന്തരബിരുദം നേടുന്നവരിൽ യു.ജി.സി.യുടെ അഖിലേന്ത്യാ പരീക്ഷയായ ജെ.ആർ.എഫ്-നെറ്റ് പരീക്ഷകൾ പാസ്സാകുന്നവരുടെ എണ്ണം ഈയടുത്തകാലംവരെ വളരെ ചെറുതായിരുന്നു. ഈ പരീക്ഷകൾ പാസാകുന്നവരാണ് ഗവേഷണ മേഖലയിലേക്കു തിരിയുന്നതും കോളേജധ്യാപകരാകുന്നതുമെല്ലാം. ഫെലോഷിപ്പായും ശമ്പളമായുമൊക്കെ ഭേദപ്പെട്ട തുകതന്നെ നൽകാൻ തുനിഞ്ഞിട്ടും വേണ്ടത്ര പ്രതിഭകൾ ആദ്യകാലങ്ങളിൽ ഈ മേഖലയിലേക്ക് ആകർഷിക്കപ്പെട്ടില്ല. കടന്നുവരാൻ ശ്രമിച്ചവരാകട്ടെ മികവുള്ളവരല്ലാതിരുന്നതിനാൽ വിജയിച്ചുമില്ല.

കോളേജുവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കണമെങ്കിൽ ആ വിദ്യാഭ്യാസം നേടി സമൂഹത്തിന്റെ ഏതെല്ലാം കർമ്മമണ്ഡലങ്ങളിലേക്കാണ് വിദ്യാർത്ഥികൾ പഠനാനന്തരം പ്രവേശിക്കുന്നതെന്ന് നോക്കണം. വിദ്യാർത്ഥികളെ എഞ്ചിനിയർ മാത്രമാക്കുന്ന എഞ്ചിനിയറിംഗ് കോളേജുകളുടെയോ, ഡോക്ടർമാർ മാത്രമാക്കുന്ന മെഡിക്കൽ കോളേജുകളുടെയോ അവസ്ഥയല്ല ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കുളളത്.ശാസ്ത്ര-മാനവിക-ഭാഷാ വിഷയങ്ങളിൽ ബിരുദത്തിനുചേരുന്ന ഒരു വിദ്യാർത്ഥിക്ക് ഉന്നതമായ ഗവേഷണപ്രവർത്തനങ്ങൾക്കു പോകാനുള്ള അടിസ്ഥാനചോദന ലഭ്യമാകുന്നത് ബിരുദപഠനകാലത്താണ്.മേൽപറഞ്ഞ വിഷയങ്ങളെല്ലാം ആധികാരികമായും തന്മയത്വത്തോടെയും പഠിപ്പിച്ച് ഭാവി തലമുറയെ കരുപ്പിടിപ്പിക്കേണ്ട ഹൈസ്ക്കൂൾ-ഹയർ സെക്കണ്ടറി അധ്യാപകരെ സൃഷ്ടിക്കുന്നത് ഈ കോളേജുകളാണ്. സർക്കാറാപ്പീസുകളിലെ ഐ.എ.എസ്-ഐ.പി.എസ് ഉദ്യോഗസ്ഥർ തുടങ്ങി ക്ലാർക്കുമാർവരെയുള്ള ജീവനക്കാർ,സർവ്വകലാശാലാ ജീവനക്കാർ, അഭിഭാഷകർ, മാധ്യമ പ്രവർത്തകർ, ബാങ്കു മാനേജർമാരും അവിടെയുള്ള മറ്റു ജീവനക്കാരും, മന്ത്രിമാർ, നിയമസഭാ സാമാജികർഎന്നിങ്ങനെ സമൂഹത്തിന്റെ നാനാതുറകളിലേക്കുമുള്ള ആളുകളെ രൂപപ്പെടുത്തിയെടുക്കുന്ന സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമായ കോളേജുകളെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചർച്ചയിൽനിന്നും കുറേക്കാലം ഒഴിവാക്കിനിർത്തിയിരുന്നു. സ്വാശ്രയപ്രശ്നം കൊടുമ്പിരിക്കൊണ്ടിരുന്ന കാലത്ത് ഉന്നതവിദ്യാഭ്യാസമെന്നാൽ എഞ്ചിനിയറിംഗ്-മെഡിസിൻവിദ്യാഭ്യാസമാണ് എന്നൊരു ധാരണയാണ് പ്രചരിച്ചിരുന്നത്.

എന്നാൽ യു.ജു.സി ഗവേഷണത്തിനും, അധ്യാപകരുടെ ഉന്നമനത്തിനും കോളേജുകളുടെ ഭൗതികവികാസത്തിനുമൊക്കെയി നിർലോപം പണം ചിലവഴിച്ചിട്ടും തൊണ്ണൂറുകളുടെ അവസാനംവരെ കാര്യമായ മാറ്റങ്ങളൊന്നും പ്രകടമായില്ല. ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറേണ്ട പ്രീഡിഗ്രി കോളേജുകളിൽത്തന്നെ തുടരുന്നതും ഗവേഷണപ്രവർത്തനങ്ങൾക്ക് കോളേജുകളിൽ ഇടം ലഭിക്കാതെ പോകുന്നതും ബിരുദകോഴ്സുകൾ ഒട്ടും നവീകരിക്കപ്പെടാതെ നിലനിൽക്കുന്നതുമെല്ലാം ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഉന്നതവിദ്യാഭ്യാസം അനാകർഷകമായി തുടരുന്നതിന് കാരണമായി.ഇതിന്നിടെ സ്കൂൾ കരിക്കുലത്തിൽ വന്ന സമൂലമായ മാറ്റങ്ങളെ കോളേജ് അക്കാദമിക് സമൂഹം മുഖവിലക്കെടുത്തില്ല. സ്കൂൾ-പ്ലസ്ടു തലങ്ങളിലുണ്ടായ പരിഷ്ക്കാരങ്ങളുടെ തുടർച്ചയോ, ലോകത്തെങ്ങുമുണ്ടായ വിജ്ഞാനവിസ്ഫോടനമോ, പുതിയ സാമ്പത്തിക-സാമൂഹ്യക്രമമോ യാതൊന്നും ഉപരിതലത്തിൽ പോലും സ്പർശിക്കാതെ കടന്നുപോയിക്കൊണ്ടിരുന്ന പരമ്പരാഗതബിരുദവിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റുന്നതിന് ഹേതുവായിത്തീർന്നത് യഥാർത്ഥത്തിൽ കോളേജുകളിൽനിന്നും പ്രീഡിഗ്രി വേർപെടുത്തിയതാണെന്ന് നിസ്സംശയം പറയാം.

പ്രീഡിഗ്രി വേർപെടുത്തിയതിനേക്കുറിച്ചുള്ള തർക്കം ഇനിയും അവസാനിച്ചിട്ടില്ല. എൺപതുകളുടെ ഒടുക്കം അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ടി.എം. ജേക്കബ്ബ് കൊണ്ടുവന്ന പ്രീഡിഗ്രി ബോർ

ഡ് അക്ഷരാർത്ഥത്തിൽ കേരളത്തിലെ ക്യാംപസുകളെ നടുവെ പിളർത്തി രണ്ടു കഷണങ്ങളാക്കുന്ന ഒരു തീരുമാനമായിരുന്നു. ഭാവിയിൽ ഒട്ടനവധി സാമൂഹ്യപ്രശ്നങ്ങൾതന്നെ സൃഷ്ടിക്കുമായിരുന്ന ആ തീരുമാനം വലിയ പ്രക്ഷോഭത്തിന്റെ ഫലമായാണ് പിൻവലിക്കപ്പെട്ടത്. എന്നാൽ പിന്നീട് ഏകദേശം പത്തുവർഷത്തിനുശേഷം 1998 മുതൽ പ്ലസ്ടു ഡയറക്ട്രേറ്റ് രൂപികരിച്ച് ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന് വ്യാപകമായ പശ്ചാത്തലസൗകര്യം സൃഷ്ടിച്ചുകൊണ്ട് ഘട്ടംഘട്ടമായാണ് കോളേജുകളിൽനിന്നും പ്രീഡിഗ്രി പൂർണ്ണമായും വേർപെടുത്തിയത്. അതിനുശേഷം ഹയർസെക്കണ്ടറിവിദ്യാഭ്യാസത്തിൽ അക്കാദമികവും ഭൗതികവുമായ എന്തുമാത്രം മാറ്റങ്ങളുണ്ടായി എന്നത് ഏവർക്കും സുവിദിതമായ കാര്യമായതിനാൽ അതിവിടെ വിശദീകരിക്കുന്നില്ല.

2001ഓടെ പ്രീഡിഗ്രി വിദ്യാഭ്യാസം പൂർണ്ണമായും ഒഴിഞ്ഞുപോയപ്പോൾ ഉടലെടുത്ത മുഖ്യ പ്രതിസന്ധി അധ്യാപക- അനധ്യാപകപുനർവിന്യാസവും മിച്ചംവരുന്ന ഭൗതികസൗകര്യങ്ങളുടെ ക്രമീകരണവുമായിരുന്നു. എന്നാൽ പ്രീഡിഗ്രി വേർപെടുത്തലിന്റെ ഭാഗമായി ഒരൊറ്റ അധ്യാപകനും ജീവനക്കാരനും ക്യാംപസിൽനിന്നും പുറത്താകില്ല എന്ന് സർക്കാർ ഉറപ്പു നൽകി. ആ തീരുമാനത്തിനു സാധുത നൽകുംവിധത്തിൽ എല്ലാ കോളേജുകളിലും പുതിയ ഏതാനും കോഴ്സുകൾ അനുവദിച്ചുകൊണ്ട് ഉത്തരവായി. അധ്യാപകരുടേയും ജീവനക്കാരുടേയും തൊഴിൽ സംരക്ഷിക്കുക എന്നതിൽനിന്നും വിഭിന്നമായി മറ്റെന്തെങ്കിലും ഉന്നതമായ വിദ്യാഭ്യാസ ലക്ഷ്യം ഈ നടപടിക്കു പിന്നിലുണ്ടായിരുന്നില്ല. രണ്ടായിരത്തിലെ ആദ്യദശകത്തിന്റെ പാതിഭാഗം പിന്നിടുമ്പോൾ പോലും കോളേജുകളിലുണ്ടായ പുതിയ സാഹചര്യങ്ങളെ ഗൗരവമായിക്കാണുവാനോ ബിരുദകോഴ്സുകളുടെ പുനഃസംഘാടനം ലക്ഷ്യമാക്കിയുള്ള കർമ്മപദ്ധതികൾ രൂപപ്പെടുത്തുവാനോ കാര്യമായ ഇടപെടൽ ആരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല.

## ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം.(സി.സി.എസ്.എസ്)

2006 ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാറാണ് കോളേജുകളിലെ ബിരുദകോഴ്സുകളുടെ പുനഃസംഘാടനം ലക്ഷ്യമിട്ട് സമഗ്രമായ പരിഷ്ക്കരണത്തിന് പച്ചക്കൊടി കാട്ടിയത്. ഡോ.കെ. എൻ. പണിക്കർ വൈസ് ചെയർമാനായി രൂപീകൃതമായ ഉന്നതവിദ്യാഭ്യാസകൗൺസിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം എന്നപേരിൽ കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ബിരുദകോഴ്സുകളുടെ ഘടനാപരമായ മാറ്റത്തിന് നാന്ദികുറിച്ചു. പ്രമുഖ അക്കാദമിക് പണ്ഡിതരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകളും സംവാദങ്ങളും സംഘടിപ്പിച്ചു. വാർഷികാടിസ്ഥാനത്തിൽ നടന്നിരുന്ന പരീക്ഷാസമ്പ്രദായം ആറുമാസംവീതമുള്ള സെമസ്റ്ററുകളായി വിഭജിച്ച് അതിനനുസൃതമായി കരിക്കുലവും സിലബസും പരിഷ്ക്കരിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു മാറ്റമാണ് വിഭാവനം ചെയ്യപ്പെട്ടത്. വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള ധാരാളം കോഴ്സുകൾ തെരഞ്ഞെടുക്കുവാൻ അവസരം പ്രദാനംചെയ്യുന്ന



തികച്ചും നവീനമായ ഒരു പദ്ധതിയെന്ന നിലക്കാണ് ഈ സമ്പദായം അവതരിപ്പിക്കപ്പെട്ടത്. പരമ്പരാഗതസദ്യയിൽനിന്നും ഭിന്നമായി ഒരു ബുഫെ ഡിന്നർ എന്നതിനുസമാനമായി കൊട്ടക്കണക്കിനു കോഴ്സുകൾ (Basketfull of Courses) കോളേജുകളിലുണ്ടായിരുക്കുകയും കുട്ടികൾക്ക് , അഭിരുചിയനുസരിച്ച് ഇഷ്ടം പോലെ കോഴ്സുകൾ തെരഞ്ഞെടുക്കാമെന്നതുമായിരുന്നു ഈ സമ്പ്രദായത്തിന്റെ പ്രഖ്യാപിതലക്ഷ്യമായി പറഞ്ഞിരുന്നത്. ഓരോ കോഴ്സുകളുടെയും മൂല്യം അതിന്റെ ഉള്ളടക്കത്തിന്റെ അളവനുസരിച്ച് കണക്കാക്കി ആകെ നൂറ്റിയിരുപതു ക്രെഡിറ്റുള്ള ഒരു പ്രോഗ്രാമായാണ് ബിരുദകോഴ്സുകളെ വിഭാവനം ചെയ്തത്. ഈ നൂറ്റിയിരുപത്ക്രെഡിറ്റുകൾക്ക് പുറമെ വിദ്യാർത്ഥി പഠിക്കുന്ന കോളേജിൽ ഐച്ഛികവിഷയത്തിനുപുറത്ത് ഏതെങ്കിലും കോഴ്സുകൾ ചെയ്യാൻ അവസരം ലഭ്യമായാൽ അതിന് എക്സ്ട്രാ ക്രെഡിറ്റും, ഒരു വിദ്യാർത്ഥി ആഗ്രഹിക്കുന്ന ഹ്യസ്വമായ ഏതെങ്കിലും ഒരു കോഴ്സ് മറ്റുകോളേജുകളിൽ ലഭ്യമാണെങ്കിൽഅതിൽച്ചേർന്ന് പഠിച്ച് അഡീഷണൽ ക്രെഡിറ്റും കരസ്ഥമാക്കാനുള്ള അവസരം സി.സി.എസ്.എസിന്റെ രൂപരേഖയിൽ പ്രതിപാദിച്ചിരുന്നു. ഈ ക്രെഡിറ്റുകളെല്ലാം. അംഗീകരിച്ചുകൊണ്ട് സർവ്വകലാശാല



ബിരുദം നൽകണമെന്നതുമായിരുന്നു വ്യവസ്ഥ. പരീക്ഷാമൂല്യനിർണ്ണയത്തിലെ കാതലായ മാറ്റങ്ങളിലൊന്നായിരുന്നു ഡയറക്ട് ഗ്രേഡിംഗ്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷാമൂല്യനിർണ്ണയത്തിൽ സ്വീകരിച്ചു വരുന്ന ഇൻഡയറക്ട് ഗ്രേഡിംഗിൽ (ആദ്യം മാർക്കിട്ടിട്ട് പിന്നെ അത് ഗ്രേഡിലേക്കു മാറ്റുന്നത്) നിന്നും ഭിന്നമായി ഓരോ ഉത്തരത്തിനും നേരിട്ട് ഗ്രേഡ് നൽകുന്ന രീതിയാണ് നിർദ്ദേശിക്കപ്പെട്ടത്.

2009-10 അക്കാദമിക് വർഷം കണ്ണൂർ സർവ്വകലാശാലയിലാണ് ഈ പദ്ധതി ആദ്യം പ്രാബല്യത്തിൽ വരുത്തിയത്. തുടർന്ന് അടുത്തവർഷം തന്നെ കേരളത്തിലെ മറ്റു സർവ്വകലാശാലകളും ഈ സമ്പ്രദായം അംഗീകരിച്ചുനടപ്പിലാക്കി. എന്നാൽ ഖേദകരമെന്നു പറയട്ടെ, സൈദ്ധാന്തികമായി വളരെ ഉന്നതവും വിശാലവുമെന്ന് വിവക്ഷിക്കപ്പെട്ട ഈ പദ്ധതി പ്രയോഗവൽക്കരിക്കപ്പെട്ടപ്പോളുയർന്ന സംശയങ്ങളും അസ്വസ്ഥതകളും ആക്ഷേപങ്ങളും അധ്യാപകരും വിദ്യാർത്ഥികളുമടങ്ങുന്ന അക്കാദമിക് സമൂഹത്തിന്റെ ആത്മവിശ്വാസത്തിന് വലിയൊരളവിൽ ക്ഷതമേല്പിച്ചു. അതിന് ഉപോൽബലകമായ കാരണങ്ങൾ പലതായിരുന്നു. അവയിൽ ഏറ്റവും പ്രസക്തമായ കാരണങ്ങൾ താഴെപ്പറയുന്നതാണ്.

1. ഉൾ ഒരു ലോകബാങ്കു പദ്ധതിയാണെന്നും സാമ്രാജ്യത്വഅജണ്ടയാണെന്നുമുള്ള ചെറുന്യൂനപക്ഷം വരുന്ന ഇടതുപക്ഷ ബുദ്ധിജീവികളും ചെറുപ്പക്കാരുമായ അധ്യാപകരുടെ പ്രചാരണം അക്കാദമിക് മേഖലയിലെ ഒരു പരിഷ്ക്കാരങ്ങളോടും ഒരുകാലത്തും യോജിക്കുവാനോ സ്വന്തമായി എന്തെങ്കിലും പരിഷ്ക്കാരങ്ങൾക്കു നാളിതുവരെ തുനിയുകയോ ചെയ്തിട്ടില്ലാത്ത വലതുപക്ഷഅധ്യാപകസംഘടനക്ക് വലിയ പിൻബലമായി. കരിക്കുലം- സിലബസ് രൂപീകരണ ശില്പശാലകളിലെല്ലാം ഇക്കൂട്ടർ കലാപങ്ങളുയർത്തി നിസ്സഹകരണം പ്രഖ്യാപിച്ചു. ആക്ഷേപങ്ങളുയർത്തിയ ബുദ്ധിജീവികളാവട്ടെ ഒരു ബദൽ നിർദ്ദേശിച്ചതുമില്ല.

2. സി.സി.എസ്.എസിന്റെ റഗുലേഷനിൽ പ്രതിപാദിച്ചിട്ടുള്ളവിധമാണ് കോഴ്സുകൾ ഓരോ കോളേജുകളിലും നടപ്പാകുന്നതെങ്കിൽ അത് നിലവിലുള്ള അധ്യാപകരുടെ, പ്രത്യേകിച്ചും ഭാഷാധ്യാപകരുടെ തൊഴിലിനെ ബാധിക്കുമെന്നഒരു സംശയവും അസ്ഥാനത്തായിരുന്നില്ല. കാരണം രണ്ടാം ഭാഷയായി പഠിപ്പിക്കേണ്ട മലയാളം, ഹിന്ദി, അറബി, കന്നട തുടങ്ങിയവയുടെ ഉള്ളടക്കം വെട്ടിച്ചുരുക്കി തൽസ്ഥാനത്ത് പരിസ്ഥിതി, സംസ്ക്കാരപഠനം തുടങ്ങിയവക്ക് പ്രാമുഖ്യം നൽകുവാനായിരുന്നു നിർദ്ദേശിക്കപ്പെട്ടിരുന്നത്. എതിർപ്പിനേത്തുടർന്ന് മേൽച്ചൊന്ന വിഷയങ്ങൾ ഉപഭാഷാപഠനത്തിന്റെ ഉള്ളടക്കമായിമാറി. അതാകട്ടെ, ചെരുപ്പിന്നനുസരിച്ച് കാലുമുറിക്കുന്നതിന് സമാനമായ അനുഭവമായി. ഇഷ്ടമില്ലാത്തതെന്തോ ചെയ്യുന്നുവെന്ന രീതിയിലാണ്ക്ലാസുകളിൽ പരിസ്ഥിതി-സംസ്ക്കാരപഠനങ്ങൾ നിർവ്വഹിക്കപ്പെട്ടത്.

3. മുമ്പ് പാർട്ട് വൺ, പാർട്ടു ടു, മെയിൻ എന്നിങ്ങനെ മൂന്നായി തിരിച്ചിരുന്ന ഒരു ഡിഗ്രി കോഴ്സ് കോമൺകോഴ്സ്, കോർ കോഴ്സ്, കോംപ്ളിമെന്ററി കോഴ്സ്, ഓപ്പൺ കോഴ്സ് എന്നീ നാലുമുഖ്യഭാഗങ്ങൾക്കകത്ത് ഉൾച്ചേർന്ന നിരവധി കോഴ്സുകളുടെ ഒരു ബിരുദപ്രോഗ്രാം ആയാണ് പരിഷ്ക്കരിക്കപ്പെട്ടത്. ഓരോ കോഴ്സകുളുടെയും ഉള്ളടക്കവും ഘടനയും തീരുമാനിച്ച് കരിക്കുലവും സിലബസുകളും രൂപീകരിക്കേണ്ട സർവ്വകലാശാലകളുടെ പഠനബോർഡുകളുകളിലെ അംഗങ്ങളിൽപലരും പരിഷ്ക്കരണങ്ങളോടു മുഖം തിരിഞ്ഞുനിന്നവരോ, മാനസീകമായി വിയോജിപ്പുള്ളവരോ ആയിരുന്നതിനാൽത്തന്നെ മികച്ച സിലബസുകൾ പല ബിരുദപ്രോഗ്രാമുകൾക്കും ലഭ്യമായില്ല. കോഴ്സുകളെ സമഗ്രതയിൽക്കാണാതെ, വാർഷികഅടിസ്ഥാനത്തിൽ പഠിപ്പിക്കപ്പെട്ടിരുന്നത് അർദ്ധവാർഷികമാക്കാൻ ഉള്ളടക്കം പപ്പാതി മുറിക്കുക എന്ന എളുപ്പവഴിയാണ് പല പഠന ബോർഡുകളും കണ്ടെത്തിയത്.

4. ഇരുപത്തിയഞ്ചും മുപ്പതും വർഷംവരെ സർവ്വീസുള്ള അധ്യാപകരുടെ എണ്ണം കോളേജുകളിൽ അത്ര കുറവായിരുന്നില്ല. ഇക്കൂട്ടരിൽ നല്ലൊരു ശതമാനംപേർസ്വയം അപ്ഡേറ്റ് ചെയ്യാത്തവരും പരിഷ്ക്കാരങ്ങളോടു തികഞ്ഞ അസഹിഷ്ണുത പുലർത്തുന്നവരും വിരമിക്കൽ കാത്തിരിക്കുന്നവരും

ആയിരുന്നതുകൊണ്ടുതന്നെ ഒരു പാഠപുസ്തകം മാറ്റി പകരം മറ്റൊന്നു നിർദ്ദേശിക്കുന്നതു പോലും വിപ്രതിപത്തിക്കു കാരണമായിത്തീരുകയായിരുന്നു.

5. ഇൻഫർമാറ്റിക്സ് പോലുള്ള വിഷയങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നതുകൊണ്ട് അതെങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാതെ കുഴങ്ങിപ്പോയ അധ്യാപകരുമുണ്ട്. എൽ.കെ.ജി മുതൽ കമ്പ്യൂട്ടർ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ചില പഠന ബോർഡുകൾ നിർദ്ദേശിച്ചത് എൽ.കെ.ജി നിലവാരത്തിലുള്ള ഇൻഫർമാറ്റിക്സായിരുന്നു. കുട്ടികളുടെ മുമ്പിൽ പരിഹാസ്യരായതു മിച്ചം.

6. കോഴ്സുകളുടെ ഘടനാപരമായ പരിഷ്ക്കരണങ്ങൾ കുറേയൊക്കെ സാധ്യമാക്കിയെങ്കിലും പരീക്ഷയുടെ ഘടനയിലും ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിലും കാതലായ മാറ്റങ്ങളൊന്നും വരുത്തിയില്ല. മൂല്യനിർണ്ണയത്തിൽ ഡയറക്ട് ഗ്രേഡിംഗ് നടപ്പായെങ്കിലും ഉത്തരങ്ങളെ വായിച്ച് അർഹമായ ഗ്രേഡ് നൽകുന്നതിൽ അധ്യാപകന്റെ വ്യക്തിനിഷ്ഠത (Subjectivity) തന്നെ ആധിപത്യം തുടർന്നു. വാസ്തവത്തിൽഇതൊഴിവാക്കുക എന്ന പരമപ്രധാനവും ആദർശനിഷ്ഠവുമായ ഉദ്ദേശലക്ഷ്യമായിരുന്നു ഡയറക്ട് ഗ്രേഡിംഗിന്റെ അടിസ്ഥാനദർശനംതന്നെ. കൂടാതെ ഡയറക്ട് ഗ്രേഡിംഗിൽ അധ്യാപകർ പാലിക്കേണ്ട ഉയർന്ന അക്കാദമിക് മൂല്യബോധത്തിന്റെയും വൈജ്ഞാനികവീക്ഷണത്തിന്റെയും അഭാവം ഈ സമ്പ്രദായത്തോടുതന്നെ അവമതിപ്പുണ്ടാക്കി.

7. കൊട്ടക്കണക്കിന് കോഴ്സുകളിൽനിന്നും ഇഷ്ടമുള്ളത്ര തിരഞ്ഞെടുക്കാമെന്ന പ്രഖ്യാപനംതന്നെ അസംബന്ധമായാണ് അനുഭവപ്പെട്ടത്. കാരണം ഒരു കോളേജിൽ നിലവിലുള്ള കോഴ്സുകളല്ലാതെ പുതിയ കോഴ്സുകളൊന്നും പ്രഖ്യാപിക്കപ്പെട്ടില്ല. അങ്ങനെവരുമ്പോൾ പരിമിതമായ കോഴ്സുകളിൽനിന്നാണ് കുട്ടികൾ തിരഞ്ഞെടുപ്പു നടത്തേണ്ടത്. ഇന്റർ ഡിസിപ്ളിനറിയായി തിരഞ്ഞെടുക്കാവുന്ന കോഴ്സുകളാവട്ടെ രണ്ടു സെമസ്റ്ററുകളിലായി പരിമിതപ്പെടുത്തി. ഈ ഓപ്പൺ കോഴ്സുകൾക്ക് വളരെ ചുരുങ്ങിയ ക്രെഡിറ്റും ലളിതമായ ഒരു സിലബസുമാണ് നിഷ്കർഷിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ പലയിടത്തും ഓപ്പൺ കോഴ്സുകൾ ഉഴപ്പൻ കോഴ്സുകളായിത്തീർന്നു.

8. പരീക്ഷകളും അതിന്റെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ടുയർന്നുവന്ന പുതിയ ധാരാളം പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് പരീക്ഷകളുടെ എണ്ണം ഇരട്ടിയായി. സാങ്കേതികസൗകര്യങ്ങൾ കുറേയൊക്കെ മെച്ചപ്പെട്ടിട്ടും ഫലപ്രഖ്യാപനത്തിന്റെ കാര്യത്തിൽ ഇപ്പോഴും വേഗത ആർജിക്കാനായീട്ടില്ല. നവംബറിൽ നടക്കുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാംപുകളിലേക്കു പോകുന്ന അധ്യാപകർ ജനുവരി പകുതിയോടെയേ മടങ്ങി കോളേജുകളിലെത്തുന്നുള്ളൂ. രണ്ട്, നാല്, ആറ് സെമസ്റ്ററുകൾ മാർച്ച് 31 ന് അവസാനിക്കും. അപ്പോൾ എത്ര പ്രവൃത്തിദിവസം ലഭിച്ചു എന്നു മനസിലാകുമല്ലോ. അതുപോലെതന്നെ ഏപ്രിൽ , മെയ് മാസങ്ങളിൽ അവധിയും കഴിഞ്ഞ് കോളേജിലെത്തുന്ന അധ്യാപകർ നേരേ മൂല്യനിർണ്ണയക്യാംപുകളിലേക്കു പോകും. ഇതെല്ലാം ബാധിക്കുന്നത് വിദ്യാർത്ഥികളുടെ അധ്യയനത്തെയും ക്യാംപസുകളിലെ അക്കാദമിക് അന്തരീക്ഷത്തെയുമാണ്.



9. തൊണ്ണൂറു അധ്യയനദിവസങ്ങളാണ് ഒരു സെമസ്റ്റർ കാലയളവിൽ ലഭ്യമാകേണ്ടിയിരുന്നത്. എന്നാൽ മിക്ക സെമസ്റ്ററും ഇതിന്റെ പകുതിദിവസമെങ്കിലും അധ്യയനം നടക്കാതെയാണ് അവസാനിക്കുക. ഈ സമയദൗർലഭ്യം പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെയാകെ ബാധിച്ചു. രണ്ടുമാസത്തെ മധ്യവേനലവധി മാറ്റമില്ലാതെ തുടർന്നതിനാൽ സെമസ്റ്റർ പ്രവൃത്തിദിവസങ്ങളുടെ സംതുലിതാവസ്ഥ നഷ്ടപ്പെട്ടു. യഥാർത്ഥത്തിൽ ജൂണിൽ തുടങ്ങി ഒക്ടോബറിൽ അവസാനിക്കുന്ന ഒരു സെമസ്റ്ററിന്റെ അവധി നവംബർമാസത്തിലും ഡിസംബറിൽ തുടങ്ങി ഏപ്രിലിൽ അവസാനിക്കുന്ന സെമസ്റ്ററിന്റേത് മെയ് മാസത്തിലുമായിരുന്നു ക്രമീകരിക്കേണ്ടിയിരുന്നത്. എന്നാൽ എം. ജി. സർവ്വകലാശാലയൊഴിച്ച് മറ്റൊരു സർവ്വകലാശാലയും ഇത്തരത്തിലൊരു ശ്രമം നടത്തിനോക്കിയില്ല. എം. ജി.യാകട്ടെ ഭരണമാറ്റത്തിൽ ആദ്യം ഉപേക്ഷിച്ചത് ഈ നടപടിയാണ്.

10. വിദ്യാർത്ഥിസംഘടനകൾക്ക് പൊതുവേ സെമസ്റ്ററൈസേഷനോടു അനുകൂല സമീപനമുണ്ടായിരുന്നില്ല. കോളേജുയൂണിയൻ പ്രവർത്തനങ്ങളും സർവ്വകലാശാലായൂണിയൻ പ്രവർത്തനങ്ങളും സമയബന്ധിതമായി തീർക്കാനാവാതെ അവർ നട്ടം തിരിഞ്ഞു. പലയിടത്തും യൂണിയൻ പ്രവർ



ത്തനങ്ങൾ വെറും അനുഷ്ഠാനം മാത്രമായി. അങ്ങനെ ക്യാംപസുകളുടെ സർഗാത്മകത നഷ്ടപ്പെടുത്തി എന്ന ആക്ഷേപവും ഈ സമ്പ്രദായം ഏറ്റുവാങ്ങി.

11. എക്സ്ട്രാ ക്രെഡിറ്റെന്നും അഡീഷണൽ ക്രെഡിറ്റെന്നും പറഞ്ഞ് റഗുലേഷനിൽ പ്രഖ്യാപിക്കപ്പെട്ടിരുന്ന ഒരു കോഴ്സും ആരും ഒരിടത്തും തുടങ്ങിയില്ല.

ചുരുക്കിപ്പറഞ്ഞാൽ ബിരുദതലവിദ്യാഭ്യാസത്തിന്റെ അലകും പിടിയും മാറ്റി കാലാനുസാരിയാക്കാൻ ഡോ.കെ.എൻ . പണിക്കരുടെ നേതൃത്വത്തിലുള്ള കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ നടത്തിയ ശ്രമങ്ങൾ ഭാഗികമായെങ്കിലും വിജയം കണ്ടതായി ആർക്കും അനുഭവവേദ്യമാകുന്നില്ല. എന്നാൽഏകദേശം അമ്പതുവർഷത്തോളമായി യാതൊരുവിധ പരിഷ്ക്കാരങ്ങൾക്കും ഇടപെടലുകൾക്കും വിധേയമാകാതിരുന്ന, ഭരണകൂടങ്ങൾ പൊതുവെ ഉപേക്ഷവെച്ചുപുലർത്തിയിരുന്ന ബിരുദവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും അടിമുടി മാറേണ്ടതുതന്നെയാണ് എന്ന ബോധ്യത്തിലേക്കെത്തിച്ചേരാൻ സി.സി.എസ്.എസ്. പരിഷ്ക്കാരംകൊണ്ടു സാധിച്ചുവെന്നത് നിസ്സാരകാര്യമല്ല.

## യു.ഡി.എഫ് സിണ്ടിക്കേറ്റിന്റെ ബിരുദനയം

എൽ.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ നടപ്പിലാക്കിയ സി.സി.എസ്.എസ് പരിഷ്ക്കാരത്തിനെതിരെ അതിശക്തമായ പ്രക്ഷോഭവും പ്രതിരോധവും നടത്തിയ യു.ഡി.എഫ് അനുകൂല അധ്യാപകസംഘടനയുടെ മുമ്പിൽ ഭരണമാറ്റത്തോതുടർന്ന് രണ്ടു ചോദ്യങ്ങൾ ന്യായമായും ഉയർന്നുവന്നിരുന്നു. ഒന്ന്- ഈ സമ്പ്രദായം തുടരണമോ ? രണ്ട്- ഈ സമ്പ്രദായത്തിന്റെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ മികവുള്ളതാക്കി തുടർന്നുകൊണ്ടുപോകണോ? എന്നാൽ സംഭവിച്ചതാകട്ടെ തികഞ്ഞ അക്കാദമികവിരുദ്ധതയും പിന്നോട്ടുപോകലുമാണ്. രാജ്യാന്തര പ്രശസ്തനായ നയതന്ത്രവിദഗ്ധൻ ശ്രീ ടി.പി. ശ്രീനിവാസനെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ മേധാവിയാക്കി. ഉന്നതവിദ്യാഭ്യാസമേഖലയുമായി കാര്യമായ ബന്ധമൊന്നുമില്ലാത്ത അദ്ദേഹം പക്ഷെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം മാറ്റുന്നതിന് എതിരായിരുന്നു. കാരണമായി അദ്ദേഹം പറഞ്ഞത് തന്റെ മക്കൾ പഠിച്ച വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളിലെല്ലാം ഈ സമ്പ്രദായമാണ് നടപ്പിലുള്ളതെന്നത്രെ ! ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിന്റെ നടപ്പുരീതികളേക്കുറിച്ച് പഠിക്കാൻ ഇരുപത്തഞ്ച് വർഷങ്ങൾക്കു മുമ്പ് കോളേജധ്യാപകസർവ്വീസിൽനിന്നും വിരമിച്ച പ്രൊഫസർ ഹൃദയകുമാരി അധ്യക്ഷയായി ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷൻ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റമെന്ന പേര് അതുപോലെതന്നെ നിലനിർത്തി. ആകെയുണ്ടായിരുന്ന രണ്ട് ഓപ്പൺകോഴ്സെന്ന ചോയ്സ് ഒന്നാക്കി കുറച്ചു. കരിക്കുലവും സിലബസുമെല്ലാം തലങ്ങും വിലങ്ങും വെട്ടി. പരിസ്ഥിതി- സംസ്ക്കാരപഠനത്തെ നാടുകടത്തി. ഡയറക്ട് ഗ്രേഡിംഗ് ഒഴിവാക്കി സ്കൂളുകളിലേതുപോലെ ആദ്യം മാർക്കിടലും പിന്നെ ഗ്രേഡു നൽകലുമാക്കി. 40 മാർക്കിന്റെ പരീക്ഷ ഒന്നരമണിക്കൂറുകൊണ്ടെഴുതിക്കഴിഞ്ഞ കുട്ടികൾ മൂന്നുമണിക്കൂറിന്റെ ഒടുക്കത്തെമണിമുഴങ്ങിക്കിട്ടാൻ പരീക്ഷാഹാളിലിരുന്ന് കലമ്പൽകൂട്ടി.

ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സിസ്റ്റത്തിന് കുറേയധികം കുഴപ്പങ്ങളുണ്ടായിരുന്നു. അതിന്റെ സൈദ്ധാന്തികതലം വളരെ വ്യക്തതയുള്ളതും വിശാലവുമായിരുന്നുവെന്നതിൽ തർക്കമില്ല. എന്നാൽ രാജ്യത്തെവിടെയെങ്കിലും ഇതിന് ഒരു പൂർവ്വമാതൃക ഇല്ലായിരുന്നു. എൻ.ഐ.ടി, ഐ.ഐ.എം പോലെയുള്ള ദേശീയസ്ഥാപനങ്ങളിൽ ക്രെഡിറ്റ് സമ്പദായം നിലവിലുണ്ടായിരുന്നെങ്കിലും അവിടുത്തെ അക്കാദമിക് പ്രവർത്തനങ്ങളെ കോളേജുകളിലെ പ്രവർത്തനങ്ങളുമായി ഒരു താരതമ്യത്തിന്വിദൂരസാധ്യത പോലുമില്ലായിരുന്നു. നടപ്പിൽവരുത്തിയതിനുശേഷം സാന്ദർഭികമായി ഉടലെടുത്തതും മുൻകൂട്ടിക്കാണാൻ കഴിയാതെപോയതുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ അതിന്റെ ഉപജ്ഞാതാക്കൾക്ക് കേരളത്തിൽ ഒരു ഭരണത്തുടർച്ച സംഭവിക്കാതിരുന്നതുകൊണ്ട് കഴിഞ്ഞതുമില്ല. ബിരുദകോഴ്സുകളുടെ നവീകരണത്തിൽ സംഭവിച്ച ഗുരുതരമായ പാളിച്ചകളെ തിരിച്ചറിഞ്ഞ് വീണ്ടും കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അക്കാദമികപ്രവർത്തനങ്ങളെ പുനഃസംഘടിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് നാം ഇപ്പോൾ എത്തിച്ചേർന്നിട്ടുള്ളത് .

## കോളേജുകളുടെ വർത്തമാനം

കേരളത്തിൽ ബിരുദബിരുദാനന്തരകോഴ്സുകൾ മുഖ്യമായും കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ നാലു സർവ്വകലാശാലകൾക്കുകീഴിലെ എഴുന്നൂറോളംവരുന്ന അഫീലിയേറ്റഡ് കോളേജുകളിലും സംസ്കൃതസർവ്വകലാശാലയിലെ ഏതാനും

ക്യാംപസുകളിലുമാണ് നടന്നുവരുന്നത്. കൂടാതെ മിക്കവാറും എല്ലാ സർവ്വകലാശാലകൾക്കും വിദൂര വിദ്യാഭ്യാസകേന്ദ്രങ്ങളുമുണ്ട്. എഴുന്നൂറോളം ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ പകുതിയിലധികം സ്വാശ്രയകോളേജുകളാണെന്ന വസ്തുത ഈ മേഖലയിൽ സ്വകാര്യമൂലധനം എത്ര വിപുലമായതോതിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നു മനസിലാക്കിത്തരുന്നുണ്ട്. പരമ്പരാഗതബിരുദകോഴ്സുകൾ ലാഭകരമായി നടത്താനാകുന്ന സാഹചര്യം ഉടലെടുത്തത് ആഗോളവൽക്കരണത്തെ പിൻപറ്റി കേരളത്തിലേക്കു കടന്നുവന്ന നവഉദാരവൽക്കരണ നയങ്ങളുടേയും 2001-ലെ നവ വിദ്യാഭ്യാസ നയങ്ങളുടേയുമൊക്കെ സ്വാധീനത്തേതുടർന്നാണ്. മിക്കവാറും എല്ലാ സ്വാശ്രയകോളേജുകളും ഓഫർചെയ്യുന്ന ഒരു കോഴ്സ് ബികോം ആണെന്നത് ഇവിടെ പ്രത്യേകം പ്രസക്തമാണ്. കമ്പോളവൽക്കരിക്കപ്പെട്ട സാമൂഹ്യസാഹചര്യങ്ങളിൽ വിപണിയുടെ താൽപര്യത്തിനനുസരിച്ച് വിദ്യാഭ്യാസത്തെ മാറ്റിത്തീർക്കുക എന്ന ആഗോളഅജണ്ട നടപ്പാക്കുന്നതിന്റെ നേരനുഭവമാണ് ബികോം കോഴ്സുകൾക്ക് അഡ്മിഷൻ കിട്ടാൻ രക്ഷിതാക്കൾ നെട്ടോട്ടമോടുന്ന കാഴ്ച്ച. അൻപതിനായിരം രൂപമുതൽ രണ്ടുലക്ഷം രൂപവരെ കോഴകൊടുത്താണ് എയ്ഡഡ് കോളേജുകളിലെ മാനേജുമെന്റുസീറ്റിൽ കൊമേഴ്സിന് അഡ്മിഷൻ തരമാക്കുന്നത്. മുമ്പൊക്കെ ഫിസിക്സ്, കെമിസ്ട്രി പോലെയുള്ള വിഷയങ്ങളിലായിരുന്നു പണം കൊടുത്ത് അഡ്മിഷൻ നേടിയിരുന്നതെങ്കിൽ ഇന്ന് മലയാളം ബിഎ കോഴ്സിനടക്കം അഡ്മിഷൻ നേടാൻ പണം നൽകേണ്ടിവരുന്നു എന്നതാണ് യാഥാർത്ഥ്യം. കൊടുക്കാൻ രക്ഷിതാക്കളുണ്ടെന്നതാണ് മാനേജുമെന്റുകളുടെ പ്രലോഭനമെങ്കിൽ ഏതെങ്കിലും ഒരു കോളേജിൽവിട്ട് മക്കളെ എന്തേങ്കിലും പഠിപ്പിച്ചാൽ മതി എന്ന രക്ഷിതാക്കളുടെ നിസ്സഹായാവസ്ഥയും ഈ ദു:സ്ഥിതിക്കുപിന്നിലുണ്ട്.

പരിമിതമായ സീറ്റുകൾ മാത്രമുള്ള എയ്ഡഡ് കോളേജുകളിൽ മെറിറ്റിൽ അഡ്മിഷൻനേടാൻ പ്ലസ്ടുവിന്എൺപത്തഞ്ചു-തൊണ്ണൂറു ശതമാനം മാർക്കെങ്കിലും വേണമെന്നിരിക്കെ സാമാന്യം ഭേദപ്പെട്ട മാർക്ക് വാങ്ങിപാസായ മഹാഭൂരിപക്ഷം വിദ്യാർത്ഥികൾക്കും സ്വാശ്രയകോളേജുകളെ ആശ്രയിക്കുകയല്ലാതെ മറ്റു നിർവ്വാഹമില്ല. ഇതു മുൻകൂട്ടികണ്ടുകൊണ്ടാണ് അതതുകാലത്തെ ഭരണകൂടങ്ങൾ സംസ്ഥാനത്തെ സ്വാശ്രയകോളേജുകളിൽ മൂന്നുംനാലും ബാച്ചുകൾ ബികോമിനായി അനുവദിച്ചുനൽകിയത്. കൂടാതെ നിരവധി എയ്ഡഡ് കോളേജുകളിലും മാനേജുമേന്റുകൾക്ക് ഇഷ്ടമുള്ളത്ര സ്വാശ്രയകോഴ്സുകൾ അനുവദിച്ചുനൽകി.കോഴ്സുകൾ അനുവദിച്ചുനൽകലും അനുബന്ധകച്ചവടവും സാമാന്യം തകൃതിയായി നടക്കുമ്പോളും കോളേജുകളിലെ അക്കാദമിക് പ്രവർത്തനങ്ങളുടെ നിലവാരത്തേപ്പറ്റിയോ, പരീക്ഷകളേപ്പറ്റിയോ,അതിന്റെ ഫലങ്ങളേപ്പറ്റിയോ, ബിരുദാനന്തര പഠന-തൊഴിൽ സാധ്യതകളേപ്പറ്റിയോ ഒന്നും ഗൗരവാവഹമായ ചർച്ചകളൊന്നും സി.സി.എസ്.എസിനുമുമ്പ് കേരളത്തിൽ നടന്നിരുന്നില്ല. സി.സി.എസ്.എസ് കാലത്താവട്ടെ ഒരു പരീക്ഷണമെന്ന രീതിയിൽ പ്രയോഗിച്ചുനോക്കിക്കൊണ്ടിരിക്കവെ അതിന്റെ തുടർച്ചയും നഷ്ടപ്പെട്ടു. അങ്ങനെ തികഞ്ഞ അനിശ്ചിതത്വത്തിന്റെ നടുവിലാണ് ഇപ്പോൾ കേരളത്തിലെ പരമ്പരാഗതബിരുദകോഴ്സുകൾനടന്നുകൊണ്ടിരിക്കുന്നത്.



ഇതിനെല്ലാമിടയിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ രൂപപ്പെട്ടുവന്ന അല്പം വരേണ്യരെന്ന് സ്വയം അഭിമാനിക്കുന്ന ഒരു കൂട്ടം കോളേജുകളുണ്ട്- സ്വയംഭരണകോളേജുൾ.ഇവയുടെ എണ്ണം പത്തൊമ്പതായിരിക്കുന്നു. ഇവരുടെ ആദ്യബിരുദ ബാച്ച് ഇനിയും പുറത്തിറങ്ങിയിട്ടില്ല. അവിടുത്തെ അക്കാദമിക് പ്രവർത്തനങ്ങളേപ്പറ്റി അത്രയൊന്നും വിശദാംശങ്ങൾ പുറത്തു ലഭ്യമല്ല. അഡ്മിഷൻ മുതൽ സിലബസ്- കരിക്കുലം തയ്യാറാക്കൽ, പരീക്ഷ, ഫലപ്രഖ്യാപനം വരെയുള്ള കാര്യങ്ങളിൽ സർവ്വകലാശാലക്കു കാര്യമായ കൈകടത്തൽ അധികാരങ്ങളൊന്നുമില്ല. എന്നാൽ ബിരുദ സർട്ടിഫിക്കറ്റ് അടിച്ചുനൽകേണ്ടത് സർവ്വകലാശാലയാണ്. വളരെ ഉയർന്ന നിലവാരത്തിലാണ് അവിടെ കാര്യങ്ങൾ നടക്കുന്നതെന്നാണ് പ്രചാരണം.അഡ്മിഷനു വൻതുക നൽകേണ്ടതുണ്ടെന്നും അതിന് സഹായിക്കാൻ ധാരാളം ഇടനിലക്കാർ നാട്ടുമ്പുറങ്ങളിലും നഗരങ്ങളിലും ചുറ്റി നടക്കുന്നതായി വാർത്തകളുണ്ട്. ഒരു ബിരുദസീറ്റിന് ലക്ഷങ്ങളുടെ വിലയുള്ളായും പറഞ്ഞുകേൾക്കുന്നുണ്ട്.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കു സർക്കാർ ചില പാക്കേജുകൾ



പ്രഖ്യാപിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം കേരളത്തിലെ അഞ്ചുസർക്കാർകോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള തീരുമാനമുണ്ടായി. കോടികളുടെ ഫണ്ടാണ് ഈ കോളേജുകൾക്കു ലഭ്യമാകാൻ പോകുന്നത്. അത് അത്രയും ആശ്വാസകരം. എന്നാൽ ഈ സ്വയംഭരണ-പഞ്ചനക്ഷത്ര കോളേജുകൾക്ക് പുറത്ത് ലക്ഷക്കണക്കിനായ വിദ്യാർത്ഥികൾ ബിരുദപഠനത്തിനായി ചേരുന്നുണ്ട്. ഉന്നതനിലവാരമുള്ള സിലബസും കരിക്കുലവും ഭൗതികസാഹചര്യങ്ങളും അവരുടെകൂടി അവകാശമാണ്. ഇപ്പോൾത്തന്നെ പല തട്ടിലും പല നിലവാരത്തിലുമായിട്ടുള്ള കോളേജുകളെ സിലബസിന്റെയും കരിക്കുലത്തിന്റെയും തലത്തിലെങ്കിലും മറ്റുള്ളവയോട് തുല്യമാക്കിത്തീർക്കുവാനുള്ള ഭാരിച്ച ഉത്തരവാദിത്തമാണ് ചുമതല ഏൽക്കാനിരിക്കുന്ന പുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിലിനുള്ളത്.

ക്രെഡിറ്റ്-സെമസ്റ്റർ സമ്പ്രദായങ്ങൾ പാതിവഴിയിലുപേക്ഷിക്കുക എളുപ്പമായിരിക്കുകയില്ല. ഡോ. കെ.എൻ. പണിക്കർ സി.സി.എസ്.എസ്. സമ്പ്രദായം അവതരിപ്പിച്ചുകൊണ്ട് 2008 -ൽ നടത്തിയ ആമുഖഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും പ്രസക്തമാണ്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ യുവതലമുറയെ പ്രാപ്തമാക്കാനുതകുന്ന വിദ്യാഭ്യാസം നൽകുക എന്നത് ഒരു പരിഷ്കൃതസമൂഹത്തിന്റെ കടമയാണ്. പതിനായിരക്കണക്കിന് ചെറുപ്പക്കാർ, പ്രായപൂർത്തിയായവർ പ്രതീക്ഷാനിർഭരരായി കോളേജുകളുടെ പടിവാതിൽ കടന്ന് അകത്തേക്കു പ്രവേശിക്കുകയാണ്. അവർക്ക് തങ്ങളുടെ അഭിരുചിക്കൊത്ത് തിരഞ്ഞെടുക്കുവാൻ ധാരാളം കോഴ്സുകളുണ്ടാകണം. നാളെ ഏതെങ്കിലും തൊഴിൽകണ്ടെത്തി പൊതുസമൂഹത്തെ അഭിമുഖീകരിക്കുമ്പോൾ തങ്ങൾ ക്യാംപസുകളിൽനിന്നും നേടിയെടുത്ത സാമൂഹ്യാവബോധത്തിന്റെ പിൻബലത്തിൽ പ്രവർത്തിക്കുവാൻ കഴിയണം.

യു.ജി.സി.യുടെ നോഡൽ ഏജൻസിയായ നാക്കിന്റെ നിലവാരപരിശോധനക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ് കേരളത്തിലെ ഒട്ടുമിക്ക ഗവൺമെന്റ്-എയിഡഡ് കോളേജുകളും. അതുകൊണ്ടുതന്നെ കോളേജുകളുടെ ഭൗതികസാഹചര്യങ്ങളൊക്കെ പണ്ടത്തേക്കാൾ പതിന്മടങ്ങ് വികസിച്ചിരിക്കുന്നു. കേരളത്തിലെ ബിരുദവിദ്യാഭ്യാസത്തിന് മാതൃകയാക്കാവുന്ന പലതും ഇതരസംസ്ഥാനങ്ങളിലെ മികച്ച സർവ്വകലാശാലകളിൽ നടന്നുവരുന്നുണ്ട്. ബിരുദപഠനം ഇന്ന് പൂർണ്ണമായും ഒരു സ്പെഷ്യലൈസേഷനിൽ ഒതുങ്ങിത്തീരേണ്ട കോഴ്സല്ല. യഥാർത്ഥത്തിൽ അതൊരു ഫൗണ്ടേഷൻ കോഴ്സിനു സമാനമേ ആകുന്നുള്ളൂ. മൂന്നു വർഷത്തെ പഠനത്തിനുശേഷം കുട്ടികൾക്ക് തങ്ങളുടെ പ്രൊഫഷൻ തിരഞ്ഞെടുക്കുവാൻ സഹായകമാവണം ബിരുദവിദ്യാഭ്യാസം. ആ വിധത്തിലൊക്കെ അവരെ നയിക്കാൻ പര്യാപ്തമായ ഒട്ടവനവധി കാര്യങ്ങൾ സി.സി.എസ്.എസിന്റെ പ്രാരംഭചർച്ചകളിൽ സജീവമായിരുന്നു. കോളേജുകളിൽ പഠിപ്പിക്കുന്ന ശാസ്ത്ര-സാങ്കേതികമേഖലകളിലും സാഹിത്യ-കലാമേഖലകളിലുമൊക്ക പ്രതിഭാശാലികളായ അധ്യാപകർക്ക് സ്വന്തമായി രൂപകൽപന ചെയ്യാവുന്ന ഹ്രസ്വകാലകോഴ്സുകൾക്ക് സർവ്വകലാശാല അംഗീകാരം നൽകണം. അധ്യയനസമയം കഴിഞ്ഞോ, ഒഴിവുദിവസങ്ങളിലോ അത്തരം കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾക്കും അവസരങ്ങൾ ലഭ്യമാകണം. മുൻകാലങ്ങളിൽ ക്ലാസുമുറികളിലുണ്ടായിരുന്നു എന്നു പറയപ്പെടുന്ന സർഗാത്മകത തിരിച്ചു പിടിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.ഭാഷാ-സാഹിത്യ വിഷയങ്ങളുടെ ബോധനരീതിയിൽ വന്നിട്ടുള്ള അപചയത്തിനു പരിഹാരം കണ്ടെത്തണം. സെമസ്റ്റർ കാലയളവിനെ പുന:ക്രമീകരിച്ച് പരീക്ഷകളും മൂല്യനിർണണയ ക്യാംപുകളും നടത്തണം. അധ്യയനസമയം ക്രമീകരിച്ച് പാഠ്യതരപ്രവർത്തനങ്ങളും കോളേജുയൂണിയൻ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തണം. പിടിച്ചിരുത്തി പഠിപ്പിക്കുവാനുള്ള അധ്യാപകരുടെ വാശി ഉപേക്ഷിക്കുകയും ഹാജരിന് മാർക്കു നൽകുന്ന പരിപാടി അവസാനിപ്പിക്കുകയും വേണം. ഓപ്പൺകോഴ്സുകളുടെ പ്രാധാന്യം വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുകയും കുറേക്കൂടി ഗൗരവമുള്ള വിഷയങ്ങൾ കോഴ്സിന്റെ ഉള്ളടക്കമാക്കുകയും സാധ്യമെങ്കിൽ ഓരോ സെമസ്റ്ററിലും ഒരു സോഫ്റ്റ് കോർ അഥവാ ഒരു ഓപ്പൺ കോഴ്സെങ്കിലുമെന്നനിരക്കിൽ പുന:സംഘടിപ്പിക്കുകയും വേണം.കേരളം കാത്തിരിക്കുകയാണ് സമഗ്രമായ ഒരു ബിരുദവിദ്യാഭ്യാസനയത്തിനു കാതോർത്ത്.

jpnirmalagiri@gmail.com
9447372399

# THE SOCIAL MEDIA AND MEDIATED MOTHERHOODS

**Dr. A.C. Sreehari**
Payyanur College



Images of women as mothers are produced and widely circulated in plenty, nowadays, through the social media - Facebook profile pictures, WhatsApp display pictures would prove this - a phenomenon not so prominent before the proliferation of visual media. 'Motherhood' is constructed in such a way that it creates a normative model of mothering with no regional, national or international differences. For the patriarchal discourse, a normative mother is one who idolizes herself in roles which demand the protection and patronage of men. Patriarchal society which constructs images of normative men and women commodifies good mother models, thereby making women compete to fit into the assigned roles, while demanding men to become the other side of mothers. Critiquing the formation of mediated motherhood and the comparative discourses that facilitate such a patriarchal gaze becomes significant in such a context.

A critique of the lessons taught by the prominent/privileged reformers of modern family life for more than hundred years through different discursive practices of gender constructed through literature and film is attempted here. Researchers have established that the institutions of arranged heterosexual marriage and nuclear family are constructed ones. The act of transgendering individuals by undermining the male/female dichotomy becomes the need of the hour. It is an attempt to disable polarisations and see identities and sexualities as existing in a continuum.

Academic interventions like There Comes Papa by Arunima, Engendering Individuals by J. Devika, Imagining Nuclear Family by Dinesan Vadakkiniyil, writings on transformation of family and marriage in Kerala by Praveena Kodoth etc., which critiqued the heterosexual based family as an institution, contested the normativity that is assigned to heterosexuality. These studies

described how the transmission into a Euro-centric modernity necessitated the establishment of heterosexual marriage as indispensible. Other gendered bodies were written out of existence by this discourse of modernity. Protests against heteronormativity and homophobia had begun to assert themselves in Kerala, more so from the second half of the 20th century.

**The Transition from Matriliny to Patriarchy**


Matrilineal kinship was relatively unknown in India, though it was not unusual in Kerala. In the nineteenth century, nearly fifty percent of the Malayali population of different castes and communities were matrilineal. Matrilineal family has rarely been studied in India except by the anthropologists. These studies resulted in the construction of an idealized notion of matrilineal kinship that was unvarying over time as well as across space. Such an 'ideal type' was more useful for a cross- cultural study of matrilineal societies all over the world, rather than as an aid to understanding the social history of colonial Malabar (Arunima:4). Historical study in this area is still an ongoing praxis that misconceptions and misreadings are plenty and no quick consensus could be reached as historiography on the family is as much a locus of conflict as the concept of family itself. But attempts have been made to flatten out the diversity representing particular forms of family as normative and others as deviant, creating systems of gradations and hierarchies of the types of family with the patriarchal, patrilineal, upper-caste family at the top being regarded as the norm.

The structure thus came into being shaped the ideology of the upper castes, and continues to underpin beliefs and practices extant today. This occurs here not simply as a natural process, but due to the presence of the colonial institutions. Speaking from within the regimen of colonialism, the colonialists called the native practices barbaric (Dinesan 18).

A possible starting point for an exploration of the historical evidence on the crucial place of control over matriliny within the larger structure in which brahmanical patriarchy was located could be the practices and beliefs prevalent among the natives.

The Nair men living in polygamy and Nair women in polyandry (Engels 61) was not a practice in the upper caste Namboodiries. The patrilineal Namboodiri men practiced polygamy whereas matrilineal Nair women practiced polyandry (Namboodiripad 31-32). With





Christianity, the patriarchal religion, the new motive of avoidance of sin enters in, and the moral standard becomes in theory the same for men as for women, though in practice the difficulty of enforcing it upon men has always led to a greater toleration of their failings than of those of women.

**Colonial Reformations and Engenderings:**

The bulk of colonial writing thus focused on demonstrating the peculiarities of Hindu civilization and the practices pertaining to women. The Anglican writers, especially Christian missionaries, were methodically building up an indictment, also in print, about the hideous state of Indian society (Chakravarti:9). Also according to the Brahmanical texts like the Keralolpatti and the Keralamahatmyam, Nair women were meant to be polyandrous and at any given time could have up to eight lovers / husbands (Arunima 12). These texts also condemned this practice as 'promiscuous.'

Western anthropological scholarship on Malabar also shows that the sexuality of women, more than that of men, is a subject of social concern. The best known among the colonial writing is James Mill's account of India and her past; its reach and impact were tremendous because it was the first comprehensive history of India. Mill deemed the Hindu civilization as crude from its very beginnings and as plunged in the lowest depths of immorality and crime (Chakravarthi 9). The colonialists had primarily used Sanskrit texts in the process of evolving an Anglo–Hindu law within the Anglo–Indian legal system. The Sanskrit tradition, 'locked up' till then in the hands of a closed priesthood was being thrown open and its 'treasures' made available to the people. Print colonialism was employed to accomplish their desired goals (Dinesan 95).

The Europeans, who had successfully constituted their own 'true' history, were now engaged in giving to Indians a history. This reconstruction of the past, the creation of a tradition was a case of giving back to the natives the truths of their own little read and less understood literature. The Ramayana, The Mahabharata, The Gita, The Vedas – all state that women are difficult to control (Chakravarti 140-45). The view that women's innate nature is lascivious and evil was so pervasive that it features even in Buddhist literature.

This was the general context in which women's 'essential nature' came to be identified with their sexuality. The natives of Malabar, as part of their attempts to absorb the mainstream national culture, were active recipients of this perception of the past prepared by the western intervention. The indigenous narrative forms, the erotic and devotional forms of literary productions, whether it is Pattu or Manipravalam works of the later Bhakthi literature which narrated either war or Bhakthi or illustrated Nagaram and Ganikas were replaced by a new genre – the novel – in which romantic love and its consummation in the nuclear family were inscribed into the very fabric of the form (Dinesan 84-85). Patriarchy was firmly established as an ideology through the printing and distribution of these books – both traditional texts where women are not in control of men and the modern books where the male wielded power over 'the others'.

**Here Comes Hindu-lekha and Madhavan Nair:**

Ravi Varma's painting Here Comes Papa and Chandu Menon's novel Indulekha etc. of this period made a clarion call for the end of matriliny (Arunima 2). Chandu Menon's novel, though titled Indulekha, was actually about the emergence of the modern Malayali Man. The 'reformer', largely young, educated Nair men from well–to–do Tharavadus argued vehemently against the 'immorality' of Nayar practices; they wanted to cleanse it of such 'barbaric' customs. They demanded legislative intervention by the colonial state: the law they wanted would guarantee patrilineal nuclear fam-

ilies, based on love and shared right in the property.

The young professional middle class Nair men became part of the colonial notions of morality (Chakravarti 256). They raised the demand for marriage reform to gain control over the sexuality and fertility of women (Arunima 128). With their engagement with the colonial state, the men in matrilineal Nair families, who were the agents of change dismantled the last vestiges of 'barbarism.' Hindu laws and patrilineal descent had thus become factual parts of Nair life.

The abolition of matrilineal Kinship by the (post)colonial Kerala legislature in 1976 was a predictable consequence of two centuries of legal interventions of the colonial rule. Between the 1930s and the 1970s (The Madras Marumakkathayam Act of 1933 & the abovesaid 1976 legislation) most landed tharavadus all over the state were in a process of disintegration and a new integration of individuals. The period allowed the 'papas' painted a generation earlier by Ravi Varma to come into their own houses as husbands and 'property' owners. (In the family, the women had become a property in the state!). The extension of the Hindu code in the 1950s to govern Nairs made Indulekha - a Hindulekha and Man - a Madhavan.

**Men's My Stories and Women's Motherhood Selves:**

Kamala Das' My Story in fact becomes the history of the modern Malayali men. Kamala Das resoundingly rejects the central figure of Malayali social reformism, the 'manly reformer' (Devika 2006). She reveals that the housewife may have a domain beyond the domestic, a 'private' in which the body's pleasures are not forbidden: the aesthetic woman bound to the domestic longs to be free, to reorder the space of the home on her terms. One might look at how African women writers speak on the necessity for a woman to be fertile and to give birth to sons in a land which was matrilineal before colonial interventions. They attempt to break the prevalent portraitures in African writing. It must have been difficult to draw provocative images of African motherhood against the already existing literary models, they say. The reconstitution of female self confined women to the domestic space of the patriarchal nuclear family which is an insular bounded space that keeps a strict vigil on female sexuality. My Story revisits the same site of Indulekha to discover that nuclear family is a corrupt, oppressive institution where both the male and female become alienated and can only become themselves through various kinds of transgression. In this sense My Story can be read as a rewriting of Indulekha.

Malayalam Literature from Chanthu Menon to Indu Menon is to be reread to understand the construction of these gendered identities. Chanthumenon's Indulekha has a vital role in constructing the upper caste Nair male and the English educated Nair female as



the epitome of modern masculinity and femininity. The stories of Indumenon, who recently got the Sahitya Akademy Yuva Award for stories, travel through the familiar terrain of familial heterosexual engendering in spite of their occasional slips into the complications of engendering.

Virtual mediations make attempts of resistance almost impossible. The market is able to flatten the multiple manifestations of the wo/men folk into a monolithic one. This should alert one to the implications of the self-assertion of men and market in our mediated society. The 'like' and 'sharing' public is also already positioned by ideological beliefs, so that they read the images in a way which accords with their own ideological assumptions. The construction and proliferation of normative, middle class motherhood in visual media ought to be understood in such a context.

**References:**

Arunima, G. There Comes Papa: Colonialism and the Transformation of Matriliny in Kerala, Malabar: c 1850-1940. New Delhi: Orient Longman, 2003. Print.

Chakravarti, Uma. Everyday Lives, Everyday Histories: Beyond the Kings and Brahmanas of 'Ancient' India. New Delhi: Tulika, 2006. Print.

Das, Kamala. My Story. Kottayam: DC Books, 2006. Print.

Devika, J. "Housewife, Sex Worker and Reformer: Controversies over Women Writing Their Lives in Kerala." Economic and Political Weekly 29 April 2006. 1676-83. Print.

Dinesan, V. Imagining Nuclear family: Kerala Experience. Payyanur: Malabar Charitable Society, 1995. Print.

Engels, F. The Origin of the Family, Private Property and the State. Moscow: Progress Publishers, 1977. (First printing 1948, First Edition 1884). Print.

Namboothiripad, E.M.S. Kerala: Society and Politics. New Delhi: National Book Centre, 1984. (First published in 1967 by National Book Agency Pvt. Ltd. Under the title Kerala: Yesterday, Today and Tomorrow.) Print.

Tharu, Susie. "Foreword." Indulekha. Chandumenon, O. Trans. Anitha Devasia. OUP: New Delhi, 2005. xi. Print.

# Your Income Tax
## for the Assessment Year 2017-18 (Financial Year 2016–17)

**Prof. Tomichen Joseph**
K.E. College, Mannanam
Tresurer, AKPCTA



Another financed year is almost coming to a close. In the midst of hectic academic activities, we teachers have to indulge in same tax planning also. By understanding the relevant provision of Income tax Act, we will be able to bring down our tax liability considerably. Of course, there is not much change in the tax slabs and provisions which are applicable to salaried class of assesses. The only major change is to the enhancement of rebate under see 87A to Rs 5000/- for assesses with a Total income not exceeding five lakhs. Still, a quick overview of relevant Income tax provisions is presented here.

### Definitions of certain terms

Gross Salary – Sum total of pay in the pay band, academic grade pay, HRA after deduction of Sec-10(13A), festival allowance, arrear salary including amount credited to Provident Fund, and encashed earned leave, if any.

**Net Salary –** Gross salary minus tax on employment paid during the financial year

**Gross Total Income** – Net salary minus interest on loan taken for the purpose of self occupied house plus interest on NSC and valuation remuneration, if any.

**Total Income** – Gross Total Income minus deduction u/s 80C to 80U

**Tax on Total Income** – Apply the rate of tax applicable for the Assessment Year 2017-18 (Financial Year 2016-17 on total income.

**Rebate of Income Tax (Sec 87A)**

Assesses whose total income does not exceed five lakhs rupees shall be entitled to a rebate of Rs.5000/- from the income tax payable. Up to last year, it was Rs 2000/-

**Education Cess** – It is payable @ 3% of the amount of income tax and surcharge.

### Scheme of Total Income

Pay in the pay band ..............
Academic Grade Pay ..............
D.A ..............
HRA (after deduction u/s 10 (13A) ..............
Festival Allowance ..............
Arrear Salary (Including arrear D.A credited to PF) ..............
Encashment of earned leave ..............

Gross Salary

Less employment tax u/s 16(iii) ............

Net Salary

Less Interest on loan taken for the construction of self occupied House ..............

**Income from Other Sources** ..............
Add Interest on NSC ..............
Add Valuation Remuneration if any ..............
Add interest on Bank deposit if any ..............

Gross Total Income

Less deduction u/s 80C-80 U ...............

Total Income

## Rate of Income Tax.

On total income, tax is computed at the following rates as applicable for the Assessment Year 2017-18 i.e. the previous year (financial year) 2016-17.

**I. Senior Citizen (who is of 60 yrs or more but less than 80 yrs)**

| | | |
|---|---|---|
| First 3,00,000 | - | Nil |
| Next 2,00,000 | - | 10% |
| Next 5,00,000 | - | 20% |
| Balance of Total Income | - | 30% |

**II. Super Senior Citizen (who is at the age of 80 years or more)**

| | | |
|---|---|---|
| First 5,00,000 | - | Nil |
| Next 5,00,000 | - | 20% |
| Balance of Total Income | - | 30% |

**III. Ordinary individual (Male or Female)**

| | | |
|---|---|---|
| First 2,50,000 of the total income | - | Nil |
| Next 2,50,000 of the total income | - | 10% |
| Next 5,00,000 of the total income | - | 20% |
| Balance of the total income | - | 30% |

**Relief u/s 89(1):** Relief in respect of arrear salary, if any, received is deducted from tax payable.

I & II- applicable for pensioners.

**1. Exemptions u/s 10 (13A) Rule 2 A - HRA**

Only those who are residing in rented accommodation can claim exemptions for HRA.

Exempted portion of HRA is least of the following 3 figures.

1. Actual amount of HRA received
2. Excess of rent paid over 10% of salary
3. 40% of salary due

HRA as reduced by the amount of exemption u/s 10 (13 A) is included in gross salary.

**II. Professional tax 16(iii)**

Employment tax paid by the assessee leviable by or under any law will be allowed as deduction. This will be allowed to be deducted only when it is actually paid.

**III. Rules for claiming interest on loan for self occupied house**

A. Allowable maximum interest Rs.30,000, where such property has been (1) acquired (2) constructed (3) repaired (4) renewed (5) reconstructed with borrowed capital.

B.Allowable interest Maximum Rs. 2,00,000/-- where such property (1) acquired (2) constructed with borrowed capital after 31-03-99 and construction completed within 3 years from the end of the financial year in which the capital was borrowed.

Note:

1. Enhanced deduction Rs. 2,00,000/- is available only for acquisition and construction of the property or new loan taken for the repayment of the existing loan taken for acquisition or construction.

2. No stipulation regarding the date of commencement of construction.

3. Interest is allowed on accrual basis ie. amount payable, though not paid is also deductible.

4. The self occupied house or part of it should not be let out during the whole or part of the previous year.

5. Employee should furnish a certificate from the financial institution as to the loan and interest paid to the employer. Principal portion is deductible from gross Total Income under sec80C.

**IV. 80 C Deduction in respect of LIC premium, contribution to PF etc.**

The following payments will qualify for deduction u/s 80 C.

1. Premium paid for insuring the life of spouse or his or her child including major children. Premium paid shall not exceed 20% of the sum assured. For policies taken on or after 01-04-2012 the premium paid shall not exceed 10% of the sum assured.
2. Contribution to Provident Fund including Public Provident Fund in the name of any member of family.
3. Contribution to Unit Linked Insurance plan of UTI.
4. Amount used to purchase NSC VIII and IX issue.
5. Interest accrued on NSC VIII and IX issue (excluding interest credited in the 6thand 9thyear.
6. Contribution of Unit Linked Insurance plan of LIC Mutual Fund.
7. Subscription of Home Loan account scheme of National Housing Bank.
8. Amount paid for the repayment (principal) of loans taken for the construction or acquisition of self occupied house property.

Note :Stamp duty, registration fee and other expenses for the transfer of such house property to the assessee will also qualify.

9. Sums paid towards JeevanDhara and JeevanAkshaya schemes of LIC of India.
10. Tuition fees (excluding any payment towards any development fees for donation or payment of similar nature) paid at the time of admission or thereafter to any university, college, school or other educational institution situated in India for the purpose of full time education of his two children (no maximum limit).
11. Investment in equity shares or debentures of a public company or public financial institution forming part of any eligible issue of capital approved by the board.
12. Sum paid as subscription to any units of mutual fund approved by the board.
13. Contribution to pension fund LIC or any other insurer. (80 CC- maximum Rs1,00,000/-)
14. Fixed deposit with Scheduled Bank for a term of 5 years or more.
15. Deposit under the Senior Citizens Saving Scheme Rules 2004.
16. Deposit under Five Year time deposit under the Post Office Time deposit Rules 1981.

**Quantum of Deduction**

Maximum deduction is restricted to Rs.1,50,000 (including pension fund u/s 80CCC). I.e. Rs.1,50,000 or actual saving whichever is less.

**V. 80CCG – Deduction in respect of investment in listed equity shares or listed units of an equity oriented fund.**

Quantum of deduction - 50% of Investment or Rs.25,000/ whichever is less subject to the following conditions.

1. Gross Total Income of the Assessee should not exceed Rs.12,00,000.
2. Investment is made in listed equity shares or listed units of an equity oriented fund.
3. Assessee can invest and claim deduction for 3 consecutive assessment yars.

**VI. 80 D Deduction in respect of Medical Insurance premia**

The premium paid for insuring the health of the assessee, his spouse, parents or dependent children. The amount should be paid by any mode other than cash out of taxable income of the assessee. Deductible amount:

1. Premium paid for self, spouse, and depended children Rs. 15,000 or actual amount paid whichever is lower
2. Premium paid for depended parents or not Rs 15,000 or actual whichever is lower.

Note : 1. Payments made by an individual (cash or otherwise) on account of preventive health check up of self, spouse, dependent children or parent, during the financial year upto Rs.5,000 will qualify within the overall limit of Sec 80D; i.e., preventive check up expense together with premium paid should not exceed Rs.15,000.

2. If the parent is a senior citizen Rs. 15,000 is enhanced to 20,000.

3. Assessee can claim a maximum of Rs 30,000 or 35,000 under this section


4. Contribution made to Central Govt. Health scheme also will qualify.

VII. 80 DD - Deduction in respect of maintenance including medical treatment of Disabled dependent.

**Items eligible for deduction**

a. Expenditure incurred by way of medical treatment (including nursing) training and rehabilitation of disabled dependent or

b. The amount paid or deposited for the benefit of such dependent under any scheme framed by the




L.I.C of India or any other insurer.

**Quantum of Deduction**

1. Rs. 50, 000 irrespective of the amount of expenditure incurred for 40% of the disability or more.

2. In case of severe disability -Rs. 100000 irrespective of the amount of expenditure, ie. for disability of 80% or more.

Handicapped dependent:He/she is a relative of the assessee and dependent for support and maintenance of the assessee. He/she must be suffering from a permanent physical disability or mental retardation, which is to be certified by a medical authority. Copy of the certificate should be field along with the return of income. Fresh certificate should be filed where the disability requires reassessment.

Dependent: It means the spouse, children, parents, brothers and sisters of the individual dependent wholly or mainly on such individual for support and maintenance.

**VIII. 80 DDB Deduction in respect of medical treatment of assessee or any dependent relative of specified disease.**

Assessee incurred expenditure for the medical treatment of specified disease, of the assesses himself or dependent relative prescribed in rule 11DD.

**Quantum of deduction**

1. Rs. 40,000/- or the amount of expenditure W.I.L.

2. Where the expenditure is incurred for the treatment of a senior citizen the amount of Rs. 40,000/- mentioned above will be enhanced to Rs. 60,000/-

3. For super senior citizen (age 80yrs or more) Rs.80000 or actual whichever is lower.

3. Where any compensation (Mediclaim) is received from an insurance company for the medical treatment or Reimbursement of expenses from employer, the deductions mentioned above shall be reduced by such compensation.

**Specified diseases**

1. Neurological disease where the disability level had been certified to be of 40% and above.

  a. Dementia

  b. Dystonia musculorum detormans

  c. Motor Neuron Disease

  d. Alaxia

  e. Chorea

  f. Hemiballismus

  g. Aphasia

  h. Parkinsons disease

II. Malignant cancers

III AIDS

IV. Chronic Renal failure

V. Hematological disorders

  a. Hemophilia

  b. Thalassaemia



Assessee should file a certificate in prescribed form (Form No. 10-1) from a neurologist, oncologist, urologist, hematologist, immunologist, etc. working in a government hospital.

Dependent relative- same as stated in 80 DD

**IX. 80 E Deduction in respect of interest on Loan taken between for Higher education of the Assessee, Spouse and Children**

Quantum of deduction- Full amount of interest paid during the year.

Period of deduction-Deduction is allowed for 8 years or until the interest is fully paid, whichever is earlier.

Higher education-Full time studies for any graduate or postgraduate courses in engineering, medicine, management or post graduate course in applied science or pure science including Mathematics and Statistics, Including Vocational Studies.

80EE – Deduction in respect of interest on Loan taken between 01-04-2013 and 31-03-2014 for residential house property

Quantum of Deductionis Rs 1,00,000 in AY 2014-15. If the interest payable is less than Rs.100000 the balance payable will be allowed in the year 2015-16.

**Conditions**

1. The amount of loan does not exceed Rs 25,00,000.
2. The value of the house property does not exceed Rs.40,00,000.
3. Assessee does not own any house property on the date of sanction of the loan.
4. The same amount should not be claimed as deduction under any other provisions of the Act.

**X. 80 G Donation made during the previous year.**

Donation made to certain funds are 100% deductible.

Donation to certain charitable trust - deduction only 50% and also subject to a limit in qualifying amount.

Where donation exceeds Rs.10000 the amount should be paid through mode other than cash. Donation in kind is not allowed.

**XI. 80 GGC Donation to political parties.**

Quantum of Deduction- Full amount of donation is allowed as deduction. Donation should be paid by mode other than cash

**XII. 80 U Deduction in respect of persons with disability**

Deduction is allowed for persons suffering from the following disabilities, ie. not less than 40% disability, blindness, low-vision, leprosy cured, hearing impairment, loco motor disability mental retardation, mental illness, autism, cerebral palacy and multiple disability.

Quantum of Deduction - A fixed deduction of Rs. 75, 000/- for 40% or more disability. Please not that 80GGE can be claimed by filing I.T Return or not deductible to determine the TDS.

For severe disability i.e. 80% or above - Rs. 125, 000.

Filing of certificate - Same as for 80 DD

Please note that 80GGE can be claimed by filing I.T Return or not deductible to determine the TDS.

**XIII. 80 TTA Interest on Savings Bank Account**

Deductions are for saving bank Account with a bank, Co-operative Society Bank, and Post Office.

Quantum of Deduction- Rs 10000 or interest accrued whichever is lower.

EXAMPLE

Details of salary of Assessee "A"

| | | |
|---|---|---|
| Pay in the pay Band | - | 53060 pm |
| Academic Grade Pay | - | 9000 pm |
| Dearness Allowance | - | 77575 pm |
| HRA | - | 1500 pm |
| Festival allowance | - | 2400 pa |
| D.A. arrear credited to P.F. | - | 8000 pa |
| Interest on NSC accrued | - | 2000 pa |
| Interest on Housing Loan | - | 60000 pa |
| Interest on SB account | - | 15000 |
| (Loan taken after 31.03.99) | | |
| LIC premiums paid | - | 15000 pa |
| Donation to political party | - | 2500 pa |
| Principal of Housing Loan repaid | - | 10000 pa |
| P.F. Contribution | - | 60000pa |
| Employment tax paid | - | 3000 pa |

Contribution to pension fund of LIC- 5000 pa

Educational expense of First child - 10000 pa

Educational expense of Second child - 15000 pa

Medical Insurance premium paid by charge- 5000 pa

## Computation of total income and tax payable by assessee 'A'

**Assessment Year 2015-16**

**Previous Year 2014-15**

| | | |
|---|---|---|
| Pay in the pay Band | - | 636720 |
| AcademicGrade Pay | - | 1,08,000 |
| D.A | - | 930900 |
| HRA | - | 18000 |
| Festival allowance | - | 2,400 |
| D.A. credited P.F | - | 8,000 |
| Gross Salary | - | 17,04,020 |
| Employment Tax paid u/s 16 (III)- | | 3,000 |
| **Net salaries** | - | **17,01,020** |
| Less Interest on H. Loan | - | 60,000 |
| | | 16,41,020 |
| Add interest on NSC | - | 2,000 |
| Interest in SB account | - | 15000 |
| **Gross Total Income** | - | **16,58,020** |
| **Less deduction under chapter VI A** | | |
| 80 C | | 125000 |
| 80 D premium of Mediclaim | | 5000 |
| 80 GGC Donation to political party 2500 | - | 142500 |
| 80TTA –savings bank interest | | 10000 |
| **Total income** | - | **15,15,520** |

**Computation of Tax on total income**

| | | | |
|---|---|---|---|
| First | 2,50,000 | Nil | Nil |
| Next | 2,50,000 | 10% | 25,000 |
| Next | 5,00,000 | 20% | 1,00,000 |
| Balance | 5,00,000 | 30% | 154656 |
| | Total | | 279,656 |
| Education Cess 3% of | 1,66,430 | | 8390 |
| | **Total Tax Liability** | | **288046** |
| | **Rounded to** | | **288050** |

## Deductible Amount u/s 80C & 80ccc

| | | |
|---|---|---|
| 1. | P.F. contribution current | 60000 |
| 2. | P.F. D.A. arrear credited | 8000 |
| 3. | Interest on NSC | 2000 |
| 4. | Principal of H. Loan | 10000 |
| 5. | LIC premium paid | 15000 |
| 6. | Educational Expense First Child | 10000 |
| | Second child | 15000 |
| 7. | Contribution to pension fund (80CCC) | 5000 |
| | Total | 125000 |

**Notes:**

1. Qualifying sum deductible u/s 80 C Rs. 1,50,000 (including pension fund contribution u/s 80 CCC) Or Rs. 110000 whichever is less.

2. Treatment of NSC and Interest on NSC

a. NSC purchased during the year if any qualified for deduction u/s 80 C

b. Include interest on NSC under the Head income from other source.

c. Qualifies for deduction u/s 80 C

3. Savings Bank Interest deductible up to 10,000.

**Tax deduction at source (TDS) and deductions**

Principal (DDO) is expected to follow the following steps before making TDS.

5. Estimate the salary that the employee is expected to draw during the financial year as per the above provisions

6. Make the following deductions to arrive at total income

a. Interest on housing loan after getting the proper certificate from the employee

b. 80C, 80CCC, 80CCF, 80D, 80DD, 80DDB, 80E, 80EE. 80G (only 100% deductible donations), 80U.

c. exemptions for HRA

7. Compute tax and education cess at the prescribed rates

8. Compute the monthly TDS by dividing the tax and education cess by 12 months.

9. Recalculate the total income and tax payable in the month of Dec / Jan and make necessary changes in the TDS, if needed.



കളിയും കാര്യവും


# ഓർമകളിലെ പീറ്റർ നോർമാൻ

ഡോ. സോണി ജോൺ

ക്രൈസ്റ്റ് കോളേജ്,
ഇരിങ്ങാലക്കുട




പീറ്റർ നോർമാന്റെ ഓർമയ്ക്ക് ഈ കഴിഞ്ഞ ഒക്ടോബർ 3-ാം തീയതി 10 വയസ്സു തികഞ്ഞു. പല തലത്തിലുള്ള വിശേഷണങ്ങൾ ചേരുന്ന ഒരു വ്യക്തിത്വമായിരുന്നു പീറ്ററിന്റേത്. ഒളിമ്പിക് വെള്ളി മെഡൽ ജേതാവായ കായിക താരമെന്നോ, വർണ്ണ വെറിയാൽ അന്ധമായ ഒരു സമൂഹത്തിന്റെ എല്ലാ അവഗണനകളും പീഡനങ്ങളും ഏറ്റുകൊണ്ട് ജീവിക്കേണ്ടിവന്ന ഒരു രക്തസാക്ഷിയെന്നോ, ഒരിക്കലും മരിക്കാത്ത സൗഹൃദത്തിന്റെ പ്രതീകമെന്നോ, ലോകത്തെ ഞെട്ടിത്തരിപ്പിച്ച 1968 മെക്സിക്കോ ഒളിമ്പിക്സിലെ 'ബ്ലാക്ക് പവർ സല്യൂട്ട്' പ്രതിഷേധത്തിലെ നിശ്ശബ്ദ സാന്നിദ്ധ്യമെന്നോ ഒക്കെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. എന്നാൽ എനിക്കിഷ്ടം ജീവിതകാലം



മുഴുവൻ അദ്ദേഹം നെഞ്ചോടു ചേർത്തുവെച്ച പ്രയോക്താവുമായി അദ്ദേഹത്തെ കാണാനാണ്.


മെക്സിക്കോ ഒളിമ്പിക്സിലെ 200 മീറ്റർ ഓട്ട മത്സരത്തിനുശേഷം മെഡൽദാന ചടങ്ങിനായി ഒരുമിച്ചിരിക്കുമ്പോഴാണ് തന്റെ ഒപ്പമുള്ള അമേരിക്കൻ താരങ്ങളായ ടൊമ്മി സ്മിത്തും ജോൺ കാർലോസും അടക്കിപ്പിടിച്ചു സംസാരിക്കുന്നത് പീറ്റർ നോർമാന്റെ ശ്രദ്ധയിൽ പെടുന്നത്. ആ സംസാരത്തിനൊടുവിൽ ടൊമ്മി മെഡൽ ദാനത്തിനിടെ തങ്ങൾ നടത്താനുദ്ദേശിക്കുന്ന പ്രതിഷേധത്തെക്കുറിച്ച് പീറ്ററിനോട് സൂചിപ്പിച്ചു. അമേരിക്കയിലെ കറുത്ത വർഗക്കാർ കളിക്കളത്തിനകത്തും പുറത്തും നേരിടേണ്ടിവരുന്ന വിവേചനത്തിനെതിരെയുള്ള പ്രതിഷേധ വേദിയാക്കാൻ ഒളിമ്പിക് വിജയപീഠത്തെക്കാൾ വലിയ ഇടമില്ലെന്ന് അവർ തിരിച്ചറിഞ്ഞു. താൻ ഭാഗമാകാൻ പോകുന്ന പ്രതിഷേധത്തിന്റെ വരുംവരായ്കകളെക്കുറിച്ച് യാതൊന്നും ചിന്തിക്കാതെ തന്റെ എല്ലാ പിന്തുണയും അദ്ദേഹം അവർക്ക് വാഗ്ദാനം ചെയ്തു. പീറ്ററിന്റെ വ്യക്തിത്വത്തിൽ രൂഢമൂലമായിരുന്ന ശുദ്ധ മനുഷ്യസ്നേഹത്തിന്റെ സ്വാഭാവിക പ്രതികരണം കൂടിയായിരുന്നു അത്. മാത്രമല്ല, തന്റെന്റെ രാജ്യത്ത് നിലനിന്നിരുന്ന തീവ്ര വർണ്ണ വിവേചനത്തിന്റെ എല്ലാ ദുഷ്ടതകളും നേരിട്ടറിയാമായിരുന്ന പീറ്റർ നോർമാൻ ഓസ്ട്രേലിയയിലെ ആദിമ വർഗക്കാരോടും മറ്റു വ്യത്യസ്ത വർണ്ണക്കാരോടും താൻ കൂടി ഉൾപ്പെടുന്ന വെളുത്തവർഗം വെച്ചുപുലർത്തിയിരുന്ന വിവേചനത്തിനെതിരെ തന്റെയുള്ളിലുള്ള പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവസരമായും ഇതിനെ കണക്കാക്കി. പ്രതിഷേധത്തിനു മുൻപായി ടൊമ്മിയും ജോണും തികഞ്ഞ ആശയക്കുഴപ്പത്തിലായിരുന്നു. കയ്യിലണിയേണ്ട കറുത്ത ഗ്ലൗസ് ജോൺ ഒളിമ്പിക് വില്ലേജിൽ വെച്ചു മറന്നിരുന്നു. ടൊമ്മിയുടെ കയ്യിലുണ്ടായിരുന്ന ഒരു ജോഡി ഗ്ലൗസ് രണ്ടുപേരും വലതുകയ്യിലും ഇടതുകയ്യിലുമായി മാറിയണിഞ്ഞ് കയ്യുയർത്തി പ്രതിഷേധിക്കാനുള്ള ആശയവും ധാർമ്മിക പിന്തുണയും നൽകിയത് പീറ്ററായിരുന്നു. തന്റെ സുഹൃത്തുക്കൾ ഇത്തരത്തിലൊരു പ്രതിഷേധം നടത്തുമ്പോൾ കയ്യും കെട്ടി നോക്കി നിൽക്കാൻ പീറ്റർ തയ്യാറായിരുന്നില്ല. അവർ മാറിലണിഞ്ഞിരുന്ന സ്പോർട്സിലെ വർണ്ണവിവേചനത്തിനെതിരെ നിലകൊണ്ട ഒളിമ്പിക് ഹ്യൂമൻ റൈറ്റ് പ്രസ്ഥാനത്തിന്റെ ബാഡ്ജുകളിലൊരെണ്ണം അദ്ദേഹം അവരുടെ സുഹൃത്തായിരുന്ന റോവിങ് താരം പോൾ ഹോഫ്മാനിൽ നിന്നും സംഘടിപ്പിക്കുകയും അത് സ്വയം മാറിലണിഞ്ഞ് തന്റെ സുഹൃത്തുക്കളുടെ പ്രതിഷേധത്തിലെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു. ടൊമ്മി പിന്നീട് അതിനെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്. 'പീറ്റർ കൈ പൊക്കിയില്ലെങ്കിലും ഒരു കൈ തന്നു ഞങ്ങളോടൊപ്പം നിന്നു.'. ലോകചരിത്രത്തിൽ തന്നെ വർണ്ണവിവേചനത്തിനെതിരെ ഏറ്റവും ശക്തമായ സ്വാധീനം ചെലുത്തിയ പ്രതിഷേധപ്രകടനമായാണ് 'ബ്ലാക് പവർ സല്യൂട്ട്' കണക്കാക്കപ്പെടുന്നത്. ലോകമനസ്സിൽ ചിരപ്രതിഷ്ഠ നേടിയ ആ പ്രതിഷേധവും അതിന്റെ പ്രതിബിംബവും അമേരിക്കൻ സിവിൽ റൈറ്റ് പ്രസ്ഥാനത്തിനും ലോകമൊട്ടുക്കും വർണ്ണവിവേചനത്തിനെതിരെയുള്ള പോരാട്ടത്തിനും നൽകിയ പ്രചോദനം വിലമതിക്കാനാവാത്തതാണ്.

മെൽബണിലെ സാധാരണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കോബർഗെന്ന പട്ടണപ്രാന്തത്തിൽ ഒരു ഫാക്ടറി തൊഴിലാളിയുടെ മകനായി ജനിച്ച പീറ്റർ തന്റെ പ്രിയ കളിയായ ഓസ്ട്രേലിയൻ റൂൾസ് ഫുട്ബോൾ കളിക്കാനുള്ള കളിയുപകരണങ്ങൾ വാങ്ങാൻ പിതാവിന്റെ സുഹൃത്ത് നൽകിയ ഒരു ജോഡി പഴയ സ്പൈക്ക് ലഭ്യമായതുകൊണ്ടുമാത്രം. സ്വതവേയുള്ള ഓട്ടത്തിലെ വേഗത ഏറെ വൈകാതെ തന്നെ പീറ്ററെ മെൽബണിലെ അറിയപ്പെടുന്ന ഓട്ടക്കാരനാക്കി മാറ്റി. മെക്സിക്കോ ഒളിമ്പിക്സിലെത്തുമ്പോൾ ലോക നിലവാരത്തിൽ തീരെ അറിയപ്പെടാത്ത താരമായിരുന്നു പീറ്റർ. ഹീറ്റ്സിൽ തന്റെ മികച്ച പ്രകടനത്തിലൂടെ ഒളിമ്പിക്സ് റെക്കോർഡ് തകർത്തതോടെയാണ് പീറ്റർ നോർമനെന്ന സ്പ്രിന്ററെ ലോകം ഉറ്റുനോക്കാൻ തുടങ്ങിയത്. ഫൈനലിൽ ഒന്നും രണ്ടും സ്ഥാനമുറപ്പിച്ചിരുന്ന അമേരിക്കക്കാരെ ഞെട്ടിച്ചുകൊണ്ടാണ് തന്റെ ജീവിതത്തിലെ



ഏറ്റവും മികച്ച പ്രകടനത്തിലൂടെ ജോൺ കാർലോസിനെ മറികടന്ന് അദ്ദേഹം രണ്ടാമതെത്തിയത്. ഓസ്ട്രേലിയയുടെ കായിക ചരിത്രത്തിലെ തന്നെ ഏറ്റവും ഗംഭീരമായ പ്രകടനങ്ങളിലൊന്നായിരുന്നു അത്. അന്ന് പീറ്ററിട്ട ഓസ്ട്രേലിയൻ ദേശീയ റിക്കോർഡ് ഇന്നും തകർക്കപ്പെടാതെ നിൽക്കുന്നു എന്ന വസ്തുത മാത്രം മതി അദ്ദേഹത്തിന്റെ പ്രകടനത്തിന്റെ ഔന്നത്യം മനസ്സിലാക്കാൻ. അത്തരമൊരു പ്രകടനത്തിലൂടെ ഒരു വെള്ളക്കാരനായ തനിക്ക് ലഭിക്കുമായിരുന്ന എല്ലാ സൗഭാഗ്യങ്ങളും നഷ്ടമാകും എന്നു മനസ്സിലാക്കി തന്നെയാണ് പീറ്റർ ആ പ്രതിഷേധത്തിന്റെ ഭാഗമായത്. പ്രതിഷേധത്തിൽ താൻ പങ്കെടുത്തതിനെക്കുറിച്ച് പീറ്റർ പറഞ്ഞതിങ്ങനെ. 'നമ്മളെല്ലാം തുല്യരായാണ് ജനിച്ചത്. അതുകൊണ്ടുതന്നെ തുല്യരായി ജീവിക്കാനുള്ള അവകാശവും എല്ലാവർക്കുമുണ്ട്.'

മെക്സിക്കോ ഒളിമ്പിക്സിനുശേഷം മെൽബണിൽ തിരിച്ചെത്തിയ പീറ്ററെ കാത്തിരുന്നത് നരക തുല്യമായ യാനതകളാണ്. തീവ്ര വർണവെറിയാൽ കണ്ണടഞ്ഞ ഓസ്ട്രേലിയയിലെ വെള്ളക്കാർ പീറ്ററെ ഒരു അപമാനമായാണ് കണ്ടത്. ഉണ്ടായിരുന്ന അധ്യാപകജോലി നഷ്ടപ്പെട്ടു. കുട്ടികളടങ്ങിയ തന്റെ കുടുംബം പോറ്റാൻ കഴിയാതെ ഉലഞ്ഞ പീറ്ററിനു തുണയായത് കോബർഗിലെ മാംസക്കടയിലെ ഇറച്ചിവെട്ടു തൊഴിലും സായാഹ്നത്തിലെ ഓസ്ട്രേലിയൻ റൂൾസ് ഫുട്ബോൾ പരിശീലക വേഷവും. കായികാധ്യാപകനാവാൻ യോഗ്യതയുണ്ടായിരുന്ന ആ ഒളിമ്പിക് മെഡൽജേതാവിന് മര്യാദയുടെ പേരിലെങ്കിലുമൊരു ജോലി പോലും നൽകാൻ സർക്കാർ തയ്യാറായില്ല. വെളുപ്പ് ഓസ്ട്രേലിയക്കു വേണ്ടിയിരുന്നത് ഒരൊറ്റ കാര്യം മാത്രം. 'ബ്ലാക്ക് പവർ സല്യൂട്ട്'നെയും തന്റെ വിജയപീഠത്തിലെ കൂട്ടുകാരായ ടൊമ്മി സ്മിത്തിനെയും ജോൺ കാർലോസിനെയും തള്ളിപ്പറയണം. എന്നാൽ താൻ വശ്വസിച്ച തത്വങ്ങളിൽ ഉറച്ചുനിന്ന പീറ്റർ അതിന് താൻ ഒരുക്കമല്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും താൻ ചെയ്തതായിരുന്നു ശരിയെന്നും ഇനിയുമിത്തരം ഒരവസരത്തിൽ ഇതിൽ നിന്നും വ്യത്യസ്തമായി തനിക്കൊന്നും ചെയ്യാനുണ്ടാകില്ലെന്നും അർത്ഥശങ്കക്കിടയില്ലാത്തവിധം ഉറച്ചുപറയുകയും ചെയ്തു. അതിനു പീറ്ററിന് നൽകേണ്ടിവന്നത് വലിയ വിലയായിരുന്നു. 200 മീറ്ററിൽ 13 തവണയും 100 മീറ്ററിൽ അഞ്ചുതവണയും ഒളിമ്പിക് യോഗ്യത നേടിയിട്ടു് 1972ലെ മ്യൂണിക് ഒളിമ്പിക്സിനുള്ള ടീമിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയില്ല. നിരാശനായ പീറ്റർ ഓട്ടം നിറുത്തുകയും അതു വല്ലപ്പോഴും സമൂഹത്തിലെ തീർത്തും പാവപ്പെട്ടവർക്കു വേണ്ടി പണം സ്വരൂപിക്കുന്നതിനു മാത്രമാക്കുകയും ചെയ്തു. സ്പോർട്സിലെ തന്റെ അഭിനിവേശത്തെ പ്രിയപ്പെട്ട ക്ലബ്ബായ വെസ്റ്റ് ബ്രൂൺസ്വിക്കിന്റെ ഓസ്ട്രേലിയൻ റൂൾസ് ഫുട്ബോൾ മത്സരങ്ങളിലേക്ക് മാത്രമായി ഒതുക്കുകയും ചെയ്തു.




അമേരിക്കയിലെ സ്ഥിതി വ്യത്യസ്തമായിരുന്നു. തുടക്കത്തിൽ വധഭീഷണിയുൾപ്പെടെ നേരിടേണ്ടിവന്നെങ്കിലും ചരിത്രം ടൊമ്മി സ്മിത്തിനോടും ജോൺ കാർലോസിനോടും കരുണ കാണിച്ചു. കറുത്തവർഗക്കാർ അമേരിക്കൻ കായികരംഗത്തെ അധിപരായി തീരുകയും ടൊമ്മിയും ജോണും വീരനായകരായി തീരുകയും ചെയ്തു. സാൻ ജോസ് യൂണിവേഴ്സിറ്റിയിലെ പൂർവ്വവിദ്യാർത്ഥികളായ ഇരുവർക്കുമുള്ള അംഗീകാരമായി യൂണിവേഴ്സിറ്റി ക്യാമ്പസിന്റെ മധ്യത്തിലായി 'ബ്ലാക്ക് പവർ സല്യൂട്ടി'ന്റെ ഒരു പ്രതിമ യൂണിയവേഴ്സിറ്റി അധികൃതർ സ്ഥാപിച്ചു. എന്നാൽ തന്നെ അതിലുൾപ്പെടുത്തരുതെന്ന് പീറ്റർ ആവശ്യപ്പെട്ടു. വിജയപീഠത്തിൽ ഒഴിച്ചിടുന്ന തന്റെ സ്ഥാനത്ത് സന്ദർശകർ നിന്നു ഫോട്ടോയെടുത്തു ചരിത്രത്തിന്റെ ഭാഗമാകട്ടെയെന്നും പീറ്റർ അഭ്യർത്ഥിച്ചു. അതുപ്രകാരം സ്ഥാപിതമായ പ്രതിമയുടെ അനാച്ഛാദനത്തിനും പ്രധാന പ്രഭാഷണത്തിനും യൂണിവേഴ്സിറ്റി അധികൃതർ ക്ഷണിച്ചത് പീറ്റർ നോർമാനെയായിരുന്നു. ന്യൂ സൗത്ത് വെയിൽസിലെ ന്യൂ ടൗണിലുള്ള 'ബ്ലാക്ക് പവർ സല്യൂട്ടി'ന്റെ ഒരു ചിത്രം മാത്രമാണ് പീറ്ററിന്റെ ഓർമ നിലനിർത്താനുള്ള ഓസ്ട്രേലിയയിലെ ഏക സ്മാരകം. ഏതോ അജ്ഞാതനായ കലാകാരൻ വരച്ച ആ ചുമർ ചിത്രം നശിപ്പിക്കാനായുള്ള ശ്രമങ്ങൾ പൊതുജന പ്രതിഷേധത്തെ തുടർന്ന് ഫലം കണ്ടില്ല. ഇന്ന് പൈതൃക സ്വഭാവമുള്ള നശിപ്പിക്കപ്പെടാൻ പാടില്ലാത്ത കലാസ്മാരകങ്ങളുടെ ഗണത്തിലാണ് ഈ ചിത്രത്തിനു സ്ഥാനം.

2000 സിഡ്നി ഒളിമ്പിക്സിന്റെ സംഘാടകർ ഒരു ഒളിമ്പിക് മെഡൽ ജേതാവിനു ചേർന്ന പരിഗണന അദ്ദേഹത്തിന് നൽകിയില്ല. മെൽബണിൽ നടന്ന ഏതാനും ചെറിയ പരിപാടികളിൽ മാത്രമായി പീറ്റർ നോർമാനെ അവർ ഒതുക്കി. ഇതറിഞ്ഞ ടൊമ്മി സ്മിത്തും ജോൺ കാർലോസും തങ്ങളുടെ പ്രിയ സുഹൃത്തിനെ അമേരിക്കൻ അത്‌ലറ്റിക്സ് ടീമിന്റെ ഭാഗമാവാൻ ക്ഷണിച്ചു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അമേരിക്കൻ താരങ്ങൾക്ക്, പ്രത്യേകിച്ചും മൈക്കൽ ജോൺസണ്, വലിയ പ്രചോദനമാകുമെന്ന് അവർക്കറിയാമായിരുന്നു. മൈക്കൽ ജോൺസൺ തന്റെ കായികജീവിതത്തിലെ ഏറ്റവും വലിയ പ്രചോദനമായി കണ്ടിരുന്നത് പീറ്റർ നോർമാനെ ആയിരുന്നു. സിഡ്നി ഒളിമ്പിക്സിനിടെ നടന്ന മൈക്കളിന്റെ ജന്മദിനത്തിലെ മുഖ്യാതിഥിയും പീറ്ററല്ലാത മറ്റാരുമായിരുന്നില്ല.

പീറ്ററിന്റെ സഹോദരിപുത്രൻ സംവിധാനം ചെയ്ത പീറ്ററിന്റെ മരണശേഷം 2008ൽ പുറത്തുവന്ന് ഒട്ടേറെ പുരസ്കാരങ്ങൾ നേടിയ 'സല്യൂട്ട്' എന്ന ഡോക്യുമെന്ററി 'ബ്ലാക് പവർ സല്യൂട്ടി'നെയും പീറ്റർ നോർമാനെന്ന ഓട്ടക്കാരനെയും മനുഷ്യനെയും ലോകത്തിനു മുൻപിൽ പുനരവതരിപ്പിച്ചു. 2012ൽ പീറ്ററിന്റെ മരണത്തിനും ആറുവർഷങ്ങൾക്കിപ്പുറം ഓസ്ട്രേലിയൻ പാർലമെന്റ് പീറ്റർ നോർമാനോടും അദ്ദേഹത്തിന്റെ കുടുംബത്തോടും മാപ്പുപറഞ്ഞു. 1968ലെ ഒളിമ്പിക് വിജയത്തിനുശേഷം മടങ്ങിയെത്തിയ പീറ്റർ നോർമാനു നേരെ ഓസ്ട്രേലിയൻ സമൂഹം ചെയ്ത എല്ലാ അനീതികൾക്കും അതുപോലെ തന്നെ വിജയപീഠത്തിലേറാൻ തയ്യാറെടുക്കുന്ന ആ വിധി നിർണായക മുഹൂർത്തത്തിൽ താന വിശ്വസിച്ച തത്വങ്ങൾക്കൊപ്പം ഉറച്ചുനിന്ന് വർണവിവേചനത്തിനെതിരെ ഒളിമ്പിക് ഹ്യൂമൻ റൈറ്റ്സ് പ്രസ്ഥാനത്തിന്റെ ബാഡ്ജ് ധരിക്കാൻ അദ്ദേഹം കാണിച്ച പരമമായ ധീരതയെ അംഗീകരിക്കാത്തതിനും ഓസ്ട്രേലിയൻ ജനതയ്ക്കുവേണ്ടി പാർലമെന്റ് അദ്ദേഹത്തോട് നിരുപാധികം മാപ്പുചോദിച്ചു. ഒരു പക്ഷേ ഒരു ജനതയ്ക്കു വളരെ വൈകിയുദിച്ച വിവേകമായി അതിനെ കണക്കാക്കാം.

2006 ഒക്ടോബർ മൂന്നാം തീയതി ഹൃദ്രോഗം മൂലം മൃത്യു വരിച്ച തങ്ങളുടെ പ്രിയസുഹൃത്തിന്റെ ശവമഞ്ചം ചുമക്കാൻ ടൊമ്മി സ്മിത്തും ജോൺ കാർലോസും മെൽബണിൽ പറന്നെത്തി. ശവസംസ്കാര ചടങ്ങിനിടെ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തിയതും ഇവർ തന്നെയായിരുന്നു. വർണ്ണവെറിയാൽ അന്ധകാരത്തിലകപ്പെട്ട ഒരു ലോകത്തിന് പ്രതീക്ഷയുടെ ഇത്തിരിവെട്ടമായി പ്രത്യക്ഷപ്പെട്ട പീറ്റർ നോർമാന്റെ ജീവിതം പലവിധ വിവേചനങ്ങളാൽ ഇന്നും വീർപ്പുമുട്ടുന്ന ലോകത്തിന് പ്രത്യാശയും പ്രചോദനവും നൽകുന്ന ഒന്നാണെന്ന കാര്യത്തിൽ സംശയമില്ല. വിജയപീഠത്തിലെ തന്റെ സുഹൃത്തുക്കളെപ്പോലെ കായികാധ്യാപകനും പരിശീലകനുമായിരുന്ന അദ്ദേഹം പകർന്നു നൽകിയ അറിവുകൾ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളിലൂടെയും അദ്ദേഹത്തെ ബഹുമാനിക്കുന്നവരിലൂടെയും കളത്തിനകത്തും പുറത്തുമുള്ള വർണ്ണത്തിന്റെയും ഭാഷയുടെയും ദേശീയതയുടെയും വിവേചനത്തിനെതിരെയുള്ള പോരാട്ടമായി മാറും എന്ന് പ്രതീക്ഷിക്കാം.





# Demonitisation of Indian Currency- A Master Stroke to Poor

DR. KUMAR S P
SN College, Kollam



Prime Minister NarendraModihas made a surprise shock to the countryby withdrawing high denomination bank notes from circulation. He said he was launching a war on black money, corruption and terror financing. Many rushed to call this move a "master stroke" and "surgical strike" on black money. Finance minister ArunJaitly called the demonetization initiative a 'logical step' towards India becoming a 'cashless society'.Butmost of the business in India has cash transaction with less than 2% business transactions taking place electronically. This unexpected move led severe cash crunch for both the customers and the sellers. People from various walks - the migrant labourers, the landless workers, the potters, the contract labourers, the street vendors, rickshaw pullers,female workers keep the money stashed at their homes became victims of this unplanned inhumane action. The small artisans and street vendors will be most impacted. The fast growing e-commerce segment which was made popular due to COD (Cash on Delivery) model will have slow business for few weeks.

Most Indians probably imagine black money as bundles of cash sitting in large suitcases, waiting to be deposited with some influential person in exchange for some consideration. But a few percent of black money takes in that form and the rest may be in the form of gold and other tangible assets.



Strict law enforcement mechanism with strong political will is necessary to unearth these huge illegal assets. The demonetization does not affect the black money in foreign accounts and it also not affects the black money presently held in stock markets and bank accounts. More over the move may end up in increasing the proportion of non-monetary assets which can diversify the money laundering process via these assets which are more difficult to trace and detect. Immediately after the ban, many places in India saw the birth of a short lived black market of the now useless notes(Rs. 500 note exchanged for Rs.400 and Rs. 1000 notes exchanged for Rs 800). Black money can be easily converted into Rs. 100 notes with a small lossbut without losing all of it.The step is a short lived glory and an attempt to create a legacy.Politicians and businessmen holding black money in huge amounts have easy way around to avoid losing their money. They are using touts. An amount of say Rs.200, 000 can be credited in ten accounts with Rs.20, 000 each. No one will be questioning a Rs.20, 000 credit in account of a man with an average paying job. Now, think of this for bigger sums of money. It's already working, for, almost 80% of total 25 crore Jan DhanYojana account was filled with money immediately after the announcement.

Nearly two-third of India's GDP is a cash economy which is heavily dominated by the unorganized sector. Very low banking penetration is existing in India which is closer to53% of our population only. Since the co-operative banks, which have a massive presence in rural areas is missing from the ambit, it becomes a harder hit. Moreover, since most of the savings and trade are done in the form of cash, the new move has brought them to a standstill. The negative impact of demonetizationon agriculture will be very high. The months of November and December are the season for sowing of Rabi crops (in most of India) and Samba crops in Tamil Nadu. This season requires a lot of cash in hand for purchasing seeds, pesticides, fertilizers, hiring labourers etc. All these activities will be severely hampered due to want of required cash.The informal sectorisyet another area hard hitted by the demonitisation process. Contract laborers in organised and un-organised sectors are paid their daily-wages in cash. Now the contractors can delay the wage payment for few days till things settle down. These laborers will have to face hardships for comings days since they live a life on hand to mouth earnings. Besides foreign travelers visiting India are facing a lot of difficulties in Forex conversions. They will have to queue in banks to get the notes changed. Also, Indians who are on foreign visits may not be able to come back to India immediately, hence locking their money.

Inadequacy of bank branches is one primary reason why cash dominates small businesses. Many rural branches are open for just a day or two in a week. The RBI report suggests that between 2001 and 2015, the number of bank branches in urban and metropolitan centres more than doubled from 20,713 to 43,716. In rural and semi-urban centres, it has increased, but not at such pace. During the period, the number of branches in rural and semi-urban centres has risen from about 44,905 to 82,358. In 2015, there were 7.8 branches for one lakh people in rural India, but 18.7 branches in urban India. This was not enough to meet the growing demand of all bank transactions.

**Conclusion**

The demonetization process is clearly a political move. A master strategist has made another attempt at turning the media into his advertiser for the upcoming UP election. With Modi's popularity hitting a low over the previous few months and the BJP regime being criticized and sometime being equated to Nazi Germany (for the recent ban on NDTV), this move comes right on time. If BJP wins UP election, it will get a fair number of seats in RajyaSabha. Once NDA is in majority in RajyaSabha as well one can easily fathom the unilateral decisions that can be taken without a space of divergent opinions which are contradictory to the government's stance.Thus in short, 94% Indians have wealth less than 8 lakhs and roughly hold 10% of the nation's money. 6% Indians hold 90% of the nation's money. It's not wise to trouble the 94% Indians to unearth the black money from those 6% Indians.

സരിഗമ

# എം.എസ്. ബാബുരാജ്: അജ്ഞാതദ്വീപിൽനിന്നെത്തിയ അരയന്നം


ഡോ. എൻ. രേണുക


എൻ.എസ്.എസ്. കോളേജ്, ചേർത്തല



ചില വ്യക്തികൾ ഒരു കാലഘട്ടമായി പരിണമിക്കുന്ന രീതിയുണ്ട്. ആ കാലഘട്ടത്തിന്റെ ഓർമ്മകളെയും അനുഭവങ്ങളെയും പൂർണ്ണമായും സമാഹരിക്കുംവിധം വ്യാപ്തമായ വ്യക്തിത്വങ്ങൾ. വിചിത്രമായ അത്തരം രൂപാന്തരീകരണത്തിന്റെ ഫലമായിരുന്നു മുഹമ്മദ് സാബിർ ബാബുരാജ് എന്ന എം.എസ്. ബാബുരാജ്. അനാഥത്വത്തിന്റെയും അജ്ഞാതവാസത്തിന്റെയും അലച്ചിലിന്റെയും അതിജീവനത്തിന്റെയും കണ്ടെത്തലിന്റേതുമായ ജീവിതചക്രം വീണ്ടും മുന്നോട്ടുപോയി. സംഗീതത്തിന്റെ പ്രഭാവകാലം. വെള്ളിത്തിരയിലൂടെ ഉച്ചസ്ഥായിയിലേക്ക് കുതിച്ച ഗ്രാഫ് പെട്ടെന്ന് താണുപോയി. ഉയരാൻ ശ്രമിച്ചുവെങ്കിലും ദയനീയമായ രീതിയിൽ വീണ്ടും വീണ്ടും ഇടറിക്കൊണ്ടിരുന്നു. 'പാമരനാം പാട്ടുകാരൻ' എന്നത് പിന്നീട് ഒരു ജീവിതമുദ്രയായി ബാബുരാജിൽ അടിച്ചേൽപിക്കപ്പെട്ടു. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ദേശിരൂപങ്ങളെ മലയാള ഭാഷയുമായി സംയോജിപ്പിച്ചുകൊണ്ട് അതിബൃഹത്തായ ഒരു അന്തരാളഘട്ടം ചലച്ചിത്രഗാനലോകത്ത് സൃഷ്ടിച്ചുകൊണ്ട് ബാബുരാജ് ഭൗതിക പരാധീനതകളിലൂടെ കടന്നുപോയി. ജീവിതത്തിലേക്ക് ആഴ്ന്നുപോയ സംഗീതജ്ഞരുടെയെല്ലാം വിധിയായിരുന്നു അത്. വ്യക്തിയും കലാകാരനും തമ്മിലുള്ള ഇടച്ചിൽ എം.എസ്. ബാബുരാജിനും ബാധകമായി. മാർക്കറ്റ് ഇക്കോണമി ഭരിക്കുന്ന കലാചരിത്രത്തിൽ ഒരുപക്ഷേ ഇത്തരം സംഘർഷങ്ങൾക്ക് വലിയ പ്രസക്തി ഉണ്ടാകില്ലായിരിക്കാം. പക്ഷേ ജീവിതേച്ഛകൾക്കുമപ്പുറം കലയുടെ ഉന്മാദസദൃശമായ ലഹരികളിലൂടെയും പ്രലോഭനങ്ങളിലൂടെയും സഞ്ചരിച്ച ഒരു കാലഘട്ടത്തിന്റെ സൃഷ്ടിയായിരുന്നു എം.എസ്. ബാബുരാജ്. നോട്ടുമാലകളിൽ ആനന്ദവും അഭിമാനവും മാത്രം കണ്ടു. അതിൽ ഒളിഞ്ഞിരിക്കുന്ന ലാഭക്കണ്ണുകളുടെ സ്വഭാവം ഒരിക്കലും തിരിച്ചറിഞ്ഞതുമില്ല.

ബ്രിട്ടീഷ് മലബാറിന്റെ ചരിത്രം കേരളത്തിലെ ഇതര പ്രാദേശിക ചരിത്രങ്ങളിൽ നിന്നു ഭിന്നമാണ്. വിവിധതരം സംഘർഷങ്ങളാൽ, അഭിരുചികളാൽ, രാഷ്ട്രീയ സാഹചര്യങ്ങളാൽ രൂപപ്പെട്ടുവന്ന സങ്കരജനത ഭാഷയിലും






ഭാവുകത്വത്തിലും സംസ്കാരത്തിലും പലതായി നിൽക്കുവാൻ ആഗ്രഹിച്ചിരുന്നു. മാപ്പിളലഹളയ്ക്കുശേഷം മലബാറിന്റെ സാമൂഹികചരിത്രത്തിൽ സാംസ്കാരികമായ ചടങ്ങുകളും സ്വത്വാന്വേഷണങ്ങളും സജീവമായി. ജാതീയമായ ഐഡന്റിറ്റിയുടെ ഭാഗം തന്നെയായിരുന്നു കലാചരിത്രവും. ഇനിയും പിടിതരാത്ത സങ്കീർണ്ണമായ വഴികളിലൂടെ മാപ്പിളലഹളയും ദേശസങ്കല്പങ്ങളും സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്നതിന് അക്കാദമിക ചരിത്രഗ്രന്ഥങ്ങളും സാഹിത്യകൃതികളും കലാപഠനങ്ങളും തെളിവുകളാണ്. കലാപത്തിന്റെ ബാക്കിപത്രങ്ങളായ നാടുകടത്തലുകൾ, അഭയാർത്ഥിത്വം, അനാഥത്വം എന്നിവ പുതിയ ഒരു മാനവികതാബോധം സൃഷ്ടിച്ചു. 'ലോകപൗരത്വം' എന്ന വിശാലമായ തലത്തിലേക്ക് മലബാറിന്റെ സാംസ്കാരികചരിത്രം വികസിച്ചതിനു പുറകിൽ കോഴിക്കോട് നഗരം, തുറമുഖങ്ങൾ, കച്ചവടസംഘങ്ങൾ, കലാസമിതികൾ, സംഗീതജ്ഞരുടെ പോക്കുവരവുകൾ എന്നിവയുണ്ട്. അതോടൊപ്പം ചിതറിത്തെറിച്ച ജാതിസമൂഹങ്ങൾ പ്രാദേശികമായ കൂട്ടായ്മകൾ അന്വേഷിച്ചുതുടങ്ങി. പ്രതാപികളായ ഇസ്ലാം കുടുംബങ്ങളിൽ അതിഥികളായെത്തിയ നാടോടി സംഗീതജ്ഞർ ഉത്തരേന്ത്യൻ സംഗീതസംസ്കാരത്തെ കോഴിക്കോടിന് പരിചയപ്പെടുത്തി. തദ്ദേശീയമായി നിലനിന്നിരുന്ന കർണ്ണാടകസംഗീതപദ്ധതിയുടെ സാങ്കേതികതയ്ക്കൊപ്പം അന്യസ്വരങ്ങളും ഭാവസാന്ദ്രങ്ങളായ മെലഡികളും കേട്ടുതുടങ്ങി. അകാരണമായ വിഷാദം അവയിൽ പ്രതിധ്വനിച്ചിരുന്നു. ആദ്യകാലങ്ങളിൽ മുസ്ലീം കല്യാണവീടുകളിലും മെഹ്ഫിലുകൾ എന്നറിയപ്പെട്ട സംഗീതകൂട്ടായ്മകളിലും മാത്രം പ്രചരിച്ചിരുന്ന ഗസലുകളും ഖവാലികളും കാലം ചെന്നപ്പോൾ മതാതീതമായ ഇടങ്ങൾ കണ്ടെത്തി. ഹിന്ദുസ്ഥാനി സംഗീതം കോഴിക്കോടിന്റെ തെരുവുകളിലും പണ്ട്യാലകളിലും കടൽത്തീരങ്ങളിലും നഷ്ടവസന്തത്തിന്റെയും കാത്തിരിപ്പിന്റേതുമായ ഋതുക്കൾ സൃഷ്ടിച്ചു. ഹൈദരാബാദ് എന്നപോലെ പ്രിയപ്പെട്ടവരോടു സംവദിയ്ക്കുന്ന നഗരിയായി മാറി. എം.എസ്. ബാബുരാജിന്റെ ജനനപശ്ചാത്തലം ഇതായിരുന്നു. കോഴിക്കോട്ടെ മെഹ്ഫിലുകളിൽ സ്ഥിരമായി എത്തിയിരുന്ന ബംഗാളിയായ ഹിന്ദുസ്ഥാനി സംഗീതജ്ഞൻ ജാൻ മുഹമ്മദ്ഖാന്റെയും വാഴക്കാട് സ്വദേശിയായ ഫാത്തിമയുടെയും പുത്രനായിരുന്നു എം.എസ്. ബാബുരാജ്. ഏറെക്കുറെ അനാഥമായ

**പ്രതാപികളായ ഇസ്ലാം കുടുംബങ്ങളിൽ അതിഥികളായെത്തിയ നാടോടി സംഗീതജ്ഞർ ഉത്തരേന്ത്യൻ സംഗീതസംസ്കാരത്തെ കോഴിക്കോടിന് പരിചയപ്പെടുത്തി. തദ്ദേശീയമായി നിലനിന്നിരുന്ന കർണ്ണാടകസംഗീതപദ്ധതിയുടെ സാങ്കേതികതയ്ക്കൊപ്പം അന്യസ്വരങ്ങളും ഭാവസാന്ദ്രങ്ങളായ മെലഡികളും കേട്ടുതുടങ്ങി.**

ബാല്യമാണ് ബാബുരാജിനുണ്ടായിരുന്നത്. ബാബുരാജ് ജനിച്ച് അധികകാലം കഴിയുംമുമ്പേ ഉമ്മ രോഗബാധിതയായി മരിച്ചു. തലശ്ശേരിയിലെ അറയ്ക്കൽ രാജകുടുംബത്തിൽ പാടാൻ പോകുമായിരുന്ന ജാൻമുഹമ്മദ് തലശ്ശേരിയിൽ നിന്ന് മറ്റൊരു വിവാഹം കഴിച്ചു. എട്ടുവയസ്സുവരെ പിതാവിന്റെ കീഴിൽ ഹാർമോണിയവും ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ബാലപാഠങ്ങളും അഭ്യസിക്കുവാൻ അവസരം ലഭിച്ചുവെങ്കിലും അതിനുശേഷം ജാൻമുഹമ്മദ് കൊൽക്കത്തയിലേക്ക് തന്നെ മടങ്ങിപ്പോവുകയാണ് ഉണ്ടായത്. മജീദ് എന്ന ഒരു സഹോദരൻ സന്തതസഹചാരിയായി ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള മറ്റു വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല എന്നാണ് ജീവചരിത്രങ്ങൾ സൂചിപ്പിക്കുന്നത്. വിശപ്പും ദാരിദ്ര്യവും മൂലം ട്രെയിനുകളിലും തെരുവുകളിലും ഗസലുകളും ഭജനുകളും പാടി നടന്ന ബാല്യമായിരുന്നു ബാബുരാജിന്റേത്. പോലീസ് ക്വാർട്ടേഴ്സിനു മുൻപിലുള്ള തെരുവിൽ വയറ്റത്തടിച്ചുപാടിയിരുന്ന ബാബുരാജിനെ കുഞ്ഞ് അഹമ്മദ് എന്ന സംഗീതസ്നേഹിയായ പോലീസ് കോൺസ്റ്റബിൾ കണ്ടെത്തുകയായിരുന്നു. ജാൻമുഹമ്മദിന്റെ മകൻ തെരുവുഗായകനായി അലയുന്നതിലെ അനീതിയായിരിക്കണം കുഞ്ഞ് അഹമ്മദിനെ വേദനിപ്പിച്ചത്. ഈ തിരിച്ചറിവ് ബാബുരാജിന്റെ അനാഥത്വത്തിനുള്ള താത്കാലികമായ മറുപടിയായിരുന്നു. പിന്നീട് കോഴിക്കോട് അബ്ദുൾഖാദർ എന്ന പേരിൽ പ്രസിദ്ധനായ ലെസ്ലിയുമായുള്ള സൗഹൃദവും ഇവിടെനിന്നാണ് ആരംഭിക്കുന്നത്. അബ്ദുൾഖാദറിന്റെ പാട്ടുകൾക്ക് ഹാർമോണിയം വായിച്ചിരുന്ന ബാബുരാജിന്റെ ചിത്രം ഓർമക്കുറിപ്പുകളിലുണ്ട്. അബ്ദുൾഖാദറിന്റെയും ബാബുരാജിന്റെയും ജീവിതങ്ങൾക്ക് പലതലങ്ങളിലും സമാനതകളുണ്ടായിരുന്നു. അലച്ചിലും അനാഥത്വവും പരദേശവാസവും അനുഷ്ഠാനം പോലെ സ്വീകരിച്ച ബാല്യകൗമാരങ്ങളാണ് അവരുടെ സംഗീതത്തിന് ദേശാന്തരങ്ങളുടെയും നാടോടിരൂപങ്ങളുടെയും ഛായ നൽകിയത്. അബ്ദുൾഖാദറിന്റെ ബർമ്മവാസം പോലെ ഒന്ന് ബാബുരാജിന്റെ ജീവിതത്തിലും സംഭവിച്ചു. പക്ഷേ അത് അജ്ഞാതവാസമായിരുന്നു. കുറേ വർഷങ്ങൾ ബാബുരാജിന്റെ ജീവിതചിത്രങ്ങളിൽ നിന്ന് മാഞ്ഞുപോയിരിക്കുന്നു. പിതാവിനെ അന്വേഷിച്ചുള്ള ബംഗാൾ യാത്രയായിരുന്നു അതെന്നാണ് ജീവചരിത്രങ്ങൾ പറയുന്നത്. ആർ. രാമചന്ദ്രന്റെ 'പ്രേതഭൂമിയിൽ' എന്ന കവി

*പി. ജയചന്ദ്രനും ബാബുരാജും*




ബാബുരാജ്, പി. സുശീല

തയിൽ എഴുതുംപോലെ-

"എന്നെത്തേടിപ്പോയ
എന്റെ പറവകൾ
എന്നെക്കാണാതെ എന്നിലേക്കുതന്നെ
മടങ്ങിവന്നിരിക്കുന്നു." ആയിരുന്നു ആ യാത്ര. വർഷങ്ങൾക്കുശേഷം കോഴിക്കോട് തിരിച്ചെത്തിയ ബാബുരാജ് സ്വന്തം ശക്തികേന്ദ്രത്തിൽ നിന്ന് ഹാർമോണിയത്തിലും വായ്പാട്ടിലും ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. അത്ഭുതകരമായി ചിറകടിച്ച് ആകാശത്തിലേക്ക് ഉയർന്നുപൊങ്ങി. തളർച്ച വിദൂരമായിരുന്നു. അലച്ചിലിന്റെ കാലം ഹിന്ദുസ്ഥാനിസംഗീതത്തിലെ വിവിധ ശൈലികളുടെ പരിശീലനകാലമായിരുന്നിരിക്കണം. പിൽക്കാല ചലച്ചിത്രഗാനങ്ങൾ അതു വ്യക്തമാക്കുന്നുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം ആയിരത്തിതൊള്ളായിരത്തി അമ്പതുകൾ പരിവർത്തനകാലമായിരുന്നു. രാഷ്ട്രീയമായ ചലനങ്ങൾ കേരള സംസ്കാരത്തെ ഒട്ടാകെ നവീകരിച്ചുകൊണ്ടിരുന്നു. ജാതീയവും സാമ്പത്തികവും മതപരവുമായ അസമത്വങ്ങൾ ഇല്ലാതാവുമെന്നും പുതിയ മാനവികദർശനത്തിൽ ഊന്നിയ ദേശീയത രൂപംകൊള്ളുമെന്നുമൊക്കെയുള്ള പ്രത്യാശകൾ എങ്ങും നിറയുന്ന സമയം. കോഴിക്കോട് അബ്ദുൾഖാദറും മച്ചാട്ട് വാസന്തിയും എംഎസ് ബാബുരാജും ഉൾപ്പെട്ട സംഗീതകൂട്ടായ്മയ്ക്ക് അത്തരം രാഷ്ട്രീയഗതിഭേദങ്ങളുടെ അദൃശ്യമായ ചാലകശക്തിയാകുവാൻ കഴിഞ്ഞു. കരുണയിലും വിപ്ലവത്തിലും പ്രണയത്തിലും വിരഹത്തിലും പ്രതീക്ഷകളിലും സ്വപ്നങ്ങളിലും പുലരുന്ന ആർദ്രതയുള്ള ഒരു സംസ്കാരത്തിന് ബാബുരാജിന്റെ സംഗീതം കാരണമായിത്തീർന്നുവെന്നു പറയാം. കെ.പി.എ.സി.യിലൂടെ രൂപപ്പെട്ട പ്രണയവും വിപ്ലവവും ഇഴചേർന്ന ഗാനധാരകൾ യുവാക്കൾക്ക് ദിശാബോധം നൽകി.

നിലമ്പൂർ ബാലന്റെ സംഗീതട്രൂപ്പിലും കോഴിക്കോട്ടെ മെഹ്ഫിലുകളിലും കല്യാണരാവുകളിലും പാടിവന്നിരുന്ന ബാബുരാജിനെ സിനിമാലോകത്തിന് പരിചയപ്പെടുത്തിയത് കവിയും ഗാ

**കേരളത്തെ സംബന്ധിച്ചിടത്തോളം ആയിരത്തിതൊള്ളായിരത്തി അമ്പതുകൾ പരിവർത്തനകാലമായിരുന്നു. രാഷ്ട്രീയമായ ചലനങ്ങൾ കേരള സംസ്കാരത്തെ ഒട്ടാകെ നവീകരിച്ചുകൊണ്ടിരുന്നു. കരുണയിലും വിപ്ലവത്തിലും പ്രണയത്തിലും വിരഹത്തിലും പ്രതീക്ഷകളിലും സ്വപ്നങ്ങളിലും പുലരുന്ന ആർദ്രതയുള്ള ഒരു സംസ്കാരത്തിന് ബാബുരാജിന്റെ സംഗീതം കാരണമായിത്തീർന്നുവെന്നു പറയാം.**

നരചയിതാവും സംവിധായകനുമായിരുന്ന പി. ഭാസ്കരനാണ്. 'ബാബുരാജ്' എന്ന പേരും പി. ഭാസ്കരന്റെ സൃഷ്ടിയാണെന്നാണ് പറയപ്പെടുന്നത്. 1957-ൽ രാമുകാര്യാട്ട് സംവിധാനം ചെയ്ത 'മിന്നാമിനുങ്ങ്' എന്ന ചിത്രത്തിനുവേണ്ടിയാണ് ആദ്യം സംഗീതസംവിധാനം നിർവ്വഹിച്ചതെങ്കിലും അതിനുശേഷം വന്ന 'ഉമ്മ', കുട്ടിക്കുപ്പായം, തച്ചോളി ഒതേനൻ എന്നിവയിലൂടെയാണ് ബാബുരാജ് ശ്രദ്ധേയനായ സംവിധായകനായി മാറിയത്. താമസമെന്തേ വരുവാൻ, വാസന്ത പഞ്ചമിനാളിൽ (ഭാർഗവീനിലയം), അവിടുന്നെൻഗാനം, പ്രാണസഖി, ഒരു പുഷ്പം (പരീക്ഷ), അഞ്ജനക്കണ്ണെഴുതി, കന്നിനിലാവത്ത് (തച്ചോളിഒതേനൻ), ഇന്നലെ മയങ്ങുമ്പോൾ, താമരക്കുമ്പിളല്ലോ, കവിളത്തെ കണ്ണീർ കണ്ടു (അന്വേഷിച്ചു കണ്ടെത്തിയില്ല), സുറുമയെഴുതിയ (ഖദീജ), തളിരിട്ട കിനാക്കൾ (മൂടുപടം), സൂര്യകാന്തി (കാട്ടുതുളസി), തേടുന്നതാരേ ശൂന്യതയിൽ (അമ്മു) താനേ തിരിഞ്ഞും മറിഞ്ഞും (അമ്പലപ്രാവ്), ഒരു കൊച്ചു സ്വപ്നത്തിൻ (തറവാട്ടമ്മ), അകലെ അകലെ (മിടുമിടുക്കി), അനുരാഗനാടകത്തിൻ (നിണമണിഞ്ഞ കാല്പാടുകൾ) എന്നിങ്ങനെ അനേകം വശ്യമായ പാട്ടുകൾ പുരുഷാന്തരങ്ങൾ പിന്നിട്ട് ആസ്വാദകരെ തേടിയെത്തുന്നു. എങ്കിലും ബാബുരാജിന്റെ സംഗീതജീവിതത്തിലെയും മലയാള ചലച്ചിത്രഗാനരംഗത്തെയും 'ബ്രേക്ക്' എന്ന് പറയാവുന്നത് 'ഭാർഗവീനിലയ'ത്തെക്കുറിച്ചാണ്. പുതിയ ശൈലീപരീക്ഷണങ്ങൾ ചലച്ചിത്രഗാനരംഗത്തെ ആകെ നവീകരിച്ചു. സംഗീതനിഷ്ഠമായ നവോത്ഥാനമെന്നുതന്നെ പറയേണ്ടിവരും. ഓരോ ഋതുവിലും കാത്തിരിക്കുന്നവരുടെ മനോവ്യഥകൾ പകരുന്ന മനസ്സിൽ യൗവ്വനം സൂക്ഷിക്കുന്ന മന്ദ്രസ്ഥായിയിലുള്ള ഗാനങ്ങളാണ് ബാബു





അനേകം ഹിറ്റ്ഗാനങ്ങളിലൂടെ പ്രശസ്തനായതിനു ശേഷം, അവശതയുടെ ഒരു ഇടവേളയുണ്ടായി ബാബുക്കയുടെ ജീവിതത്തിൽ. എന്തുകൊണ്ടോ പ്രൊഡ്യൂസർമാർ വിളിക്കാതായി. ആ അവസ്ഥയിൽ, സംഗീതസംവിധാനരംഗത്തെ തന്റെ സ്ഥാനം പോലും മറന്നുകൊണ്ട് വി.എം. കുട്ടിയുടെയും മറ്റും ഗാനമേളയിൽ ഹാർമോണിയം വായിക്കാൻ അദ്ദേഹം പോയി. അന്ന് മഞ്ചേരി കാർവലിൽ ഗാനമേള കഴിഞ്ഞ് പങ്കെടുത്തവരുടെ പേരുകൾ വിളിച്ചുപറഞ്ഞപ്പോൾ ഓർക്കസ്ട്രക്കാരുടെ കൂട്ടത്തിലൊരാളായി എം.എസ്. ബാബുരാജ് ചുരുങ്ങി.

രാജ് ചിട്ടപ്പെടുത്തിയത്. ഓരോ ഇലയനക്കത്തിലും ഉപാധികളില്ലാതെ കാത്തിരിക്കാൻ സജ്ജമായ ഒരു സമൂഹത്തെയാണ് അവ സൃഷ്ടിച്ചത്. ആ അർത്ഥത്തിലാണ് ബാബുരാജ് മലയാളിയുടെ സൗന്ദര്യബോധത്തെ നവീകരിച്ചത്. മലയാള ചലച്ചിത്രഗാനശാഖയിൽ റൊമാന്റിസിസത്തിന് വഴിതെളിച്ചവർ വേറെയും ഉണ്ടായിരുന്നു. എങ്കിലും തെരുവിൽ പാടിയലഞ്ഞവന്റെ വിലാപസ്വരങ്ങൾ അബോധത്തിൽ വിഷാദഗീതികളായി ഗാനങ്ങളിൽ ചേക്കേറി. ആത്മനിഷ്ഠത (subjectivity), ഏകാന്തത, പ്രണയം, വിരഹം, ഓർമ, കാത്തിരിപ്പ്, എന്നിങ്ങനെ കാല്പനികതയുടെ സ്വപ്നധർമ്മങ്ങളെല്ലാം ബാബുരാജിന്റെ ഈണങ്ങളിൽ സംരക്ഷിക്കപ്പെട്ടു. ഭാവഗീതികൾ എന്ന ഒരു ശാഖ മലയാളത്തിൽ സംജാതമായി. മലയാളഭാഷയുടെ സാങ്കേതികസ്വഭാവം ഉത്തരേന്ത്യൻ സംഗീതശൈലികളുമായി സാത്മീഭവിക്കുന്ന 'എംപതി'യുടെ ഭാഷ അതിർത്തികൾ ഭേദിച്ചുപോയി.

ബാബുരാജ് കുഞ്ഞ് അഹമ്മദിന്റെ സഹോദരിയെ വിവാഹം ചെയ്തെങ്കിലും അധികകാലം ആ ബന്ധം തുടർന്നില്ല. രോഗബാധിതരായി ആദ്യഭാര്യയും രണ്ടുകുട്ടികളും മരിച്ചു. ബാബുരാജ് വീണ്ടും വിവാഹിതനായി. അതിൽ ഒൻപതു കുട്ടികൾ ഉണ്ടായി. 1967 കാലയളവിനുള്ളിൽ ബാബുരാജ് പ്രധാന ഗാനങ്ങളെല്ലാം പാടിയും ചിട്ടപ്പെടുത്തിയും സുവർണ്ണയുഗം പോലെ ജീവിച്ചു. മദ്രാസിലെ സിനിമാറെക്കോർഡിങ്ങിനിടയിലും കോഴിക്കോട് എത്തി അനൗദ്യോഗിക സദസ്സുകളിൽ പ്രതിഫലമില്ലാതെ പാടിയിരുന്നു. പണത്തിന്റെ വിനിമയത്തെക്കുറിച്ച് തീർത്തും അജ്ഞനായിരുന്ന കലാകാരനായിരുന്നു ബാബുരാജ്. അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ കെടുതികൾ അപ്രതീക്ഷിതമെന്നു പറയാനാവില്ല. സ്വന്തം ഈണങ്ങൾക്ക് മതിയായ പ്രതിഫലം ചോദിച്ചുവാങ്ങുവാൻ ശ്രമിക്കാതെ കിട്ടുന്നതുകൊണ്ട് തൃപ്തിപ്പെട്ടു. പ്രൊഡ്യൂസർമാരുടെ ചൂഷണത്തിനു വിധേയനായി. രോഗവും ലഹരിയും സാമ്പത്തികപരാധീനതയ്ക്ക് കൂട്ടുവന്നു. പല കാരണങ്ങളാൽ ക്രമേണ സിനിമാ സംഗീതത്തിന്റെ ലോകത്തുനിന്ന് പിന്മാറേണ്ടിവന്നു. മദ്രാസിൽ നിന്ന് പരാതികളില്ലാതെ കല്ലായിയിലേക്ക് തിരിച്ചെത്തിയ ബാബുരാജ് ദാരിദ്ര്യത്തെ മറികടക്കുവാൻ നടത്തിയ ശ്രമങ്ങൾ ഒരു വന്മരത്തിന്റെ വീഴ്ചപോലെ പരിതാപകരമായിരുന്നുവെന്ന് മാമുക്കോയ എഴുതുന്നുണ്ട്:

"അനേകം ഹിറ്റ്ഗാനങ്ങളിലൂടെ പ്രശസ്തനായതിനുശേഷം, അവശതയുടെ ഒരു ഇടവേളയുണ്ടായി ബാബുക്കയുടെ ജീവിതത്തിൽ. എന്തുകൊണ്ടോ പ്രൊഡ്യൂസർമാർ വിളിക്കാതായി. ആ അവസ്ഥയിൽ, സംഗീതസംവിധാനരംഗത്തെ തന്റെ സ്ഥാനം പോലും മറന്നുകൊണ്ട് വി.എം. കുട്ടിയുടെയും മറ്റും ഗാനമേളയിൽ ഹാർമോണിയം വായിക്കാൻ അദ്ദേഹം പോയി. അന്ന് മഞ്ചേരി കാർവലിൽ ഗാനമേള കഴിഞ്ഞ് പങ്കെടുത്തവരുടെ പേരുകൾ വിളിച്ചുപറഞ്ഞപ്പോൾ ഓർക്കസ്ട്രക്കാരുടെ കൂട്ടത്തിലൊരാളായി എം.എസ്. ബാബുരാജ് ചുരുങ്ങി. അതുകേട്ടുനിൽക്കേ, കേരളത്തിലെ മഹാനായൊരു സംഗീതജ്ഞന് ഈ ഗതി വന്നല്ലോ എന്ന് മനസ്സ് തേങ്ങിപ്പോയി." (സ്വന്തം വിലയറിയാതിരുന്ന കലാകാരൻ)

ഇതൊരു കൊടിയ അവസ്ഥാന്തരമാണ്. കലയുടെ ചരിത്രത്തിൽ ഭൗതികഘടകങ്ങൾക്കുള്ള പ്രാധാന്യം തിരിച്ചറിയാതിരുന്ന അനേകം കലാകാരന്മാർക്ക് ഒരുമിച്ചനുഭവിക്കേണ്ടിവന്ന ദുരന്തം. അതിജീവിക്കാൻ ശ്രമിച്ചുവെങ്കിലും പക്ഷാഘാതം അദ്ദേഹത്തെ വീണ്ടും തോൽപിച്ചു. സുഹൃത്ത് കോഴിക്കോട് അബ്ദുൾഖാദറിന്റെ വിയോഗവും അദ്ദേഹത്തെ മാനസികമായി തളർത്തിയിരിക്കണം. 1978 ഒക്ടോബർ 7ന് മദ്രാസിലെ ജനറൽ ഹോസ്പിറ്റലിൽ വെച്ച് മരണമടയുമ്പോൾ അദ്ദേഹം അനാഥനായിരുന്നില്ല. സാങ്കേതിക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ടായിരുന്ന ജനറൽ ഹോസ്പിറ്റലിൽ അദ്ദേഹത്തിനുവേണ്ടി എക്സ്-റേ മെഷീൻ എത്തിച്ചുകൊടുത്തത് എം.ജി.ആർ. ആയിരുന്നു. അനാഥത്വം എന്നത് മനസ്സിന്റെ ഒരവസ്ഥയാണ്. രക്ഷിക്കുവാൻ



യേശുദാസ്, ബാബുരാജ്

എത്ര വ്യക്തികൾ ചുറ്റുമുണ്ടെങ്കിലും മാനസികമായ അരക്ഷിതത്വത്തിൽ നിന്ന് മുക്തമാകുവാൻ സാധിക്കാത്ത മനസ്സിന്റെ അവസ്ഥ.

എംഎസ് ബാബുരാജിൽ അതിശക്തമായ ഒരു ഭൂതകാലം പിറവിയെടുക്കുകയാണ്. മാപ്പിളപ്പാട്ടുകളും സിനിമാഗാനങ്ങളും ലളിതഗാനങ്ങളും അടക്കം അറുനൂറിൽ പരം ഗാനങ്ങൾ.... ദേശ്, ബീംപലാസി, യമൻകല്യാൺ, പഹാഡി, മോഹനം, ആഹിർ ഭൈരവ്, മിയാൻ കി മൽഹാർ, ദർബാരി കാനഡ, ചാരുകേശി എന്നിങ്ങനെയുള്ള അപൂർവ്വരാഗങ്ങൾ.... അതിൽ യമൻകല്യാൺ എന്ന പ്രിയരാഗത്തിൽ അനേകം ഗാനങ്ങൾ ചിട്ടപ്പെടുത്തി. യേശുദാസിനും എസ്.ജാനകിക്കും വേണ്ടി മാത്രമായി ഭാവന ചെയ്യപ്പെട്ട യുഗ്മഗാനങ്ങൾ ബാബുരാജിന്റെ വ്യക്തിപരമായ ദൗർബല്യവും വിജയവുമായിരുന്നു. പി. ഭാസ്കരനു പുറമേ വയലാർ, ശ്രീകുമാരൻതമ്പി, യൂസഫലി കേച്ചേരി, മങ്കൊമ്പ് ഗോപാലകൃഷ്ണൻ, ഒ.എൻ.വി., അഭയദേവ്, അൻവർ സുബൈർ, തിക്കുറിശ്ശി, തിരുനയനാർ കുറിച്ചി മാധവൻനായർ, പൂച്ചാക്കൽ ഷാഹുൽ ഹമീദ്, കെ.ടി. മൊയ്ദീൻ, കെ.ടി. മുഹമ്മദ്, പൊൻകുന്നം ദാമോദരൻ, പി.എം. കാസിം, കെ.ജി. സത്താർ എന്നിവരുടെ ഗാനങ്ങൾക്കും സിനിമാ-നാടകമേഖലയിൽ ബാബുരാജ് സംഗീതം നൽകിയിട്ടുണ്ട്. സവിശേഷമായ ഭാഷയിലും പ്രയോഗങ്ങളിലും ആ ഗാനങ്ങൾ നിശ്ചലമായിരുന്നില്ല. സാങ്കേതികതയെക്കാൾ മെലഡിയിൽ അഭിരമിച്ചുവെങ്കിലും പുതിയ സംഗീതസാധ്യതകൾ പരീക്ഷിച്ചിരുന്നു. മാപ്പിളപ്പാട്ടുകളുടെ സംസ്കാരത്തിൽ മാത്രം ഉറഞ്ഞുപോയ സംഗീതബോധമായിരുന്നില്ല ബാബുരാജിന്റേത്. വടക്കൻപാട്ട് ശീലുകൾ, ഭാവഗാനങ്ങൾ, മുജ്റ, ഫ്യൂഷൻ, സൂഫിയാനാകലാം എ്ന്നിങ്ങനെ ശൈലീപരമായ പുതുമകൾ പരീക്ഷിച്ച ഗായകൻ കൂടിയായിരുന്നു അദ്ദേഹം. ഹാർമോണിയവും തബലയും മാത്രം ഉപയോഗിച്ച് പരിമിതവും അസ്വസ്ഥവുമായ സാഹചര്യത്തിൽ ഇരുന്നുകൊണ്ടാണ് അബോധത്തിന്റെ ഭാഷയെന്നപോലെ പ്രണയാതുരവും അലൗകികവുമായ പല ഈണങ്ങളും സംവിധാനം ചെയ്തിരുന്നതെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. ആധാരശ്രുതിയിൽ അന്ധമായി വിശ്വസിച്ചുകൊണ്ട്. ഹാർമോണിയം കയ്യിൽ കിട്ടിയാൽ അതിന്റെ കറുപ്പും വെളുപ്പും ഇടകലർന്ന കട്ടകളിലൂടെ വിരലോടിച്ചുകൊണ്ട് ബാബുരാജ് എത്തിച്ചേരുന്ന വന്യവും അപാരവുമായ രാഗവിസ്തൃതികളെക്കുറിച്ചും ഭ്രാന്തമായ ഭാവപ്പകർച്ചകളെക്കുറിച്ചും സുഹൃത്തുക്കൾ ഓർമിക്കുന്നു. അനുഭൂതിയുടെ പാരമ്യത്തിൽ ചുവരിൽ ഒരു പ്രത്യേകരീതിയിൽ ഇടിയ്ക്കുന്ന ബാബുരാജിനെ യു.എ.ഖാദർ ഓർമിക്കുന്നുണ്ട്. വയലിനിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചിരുന്ന ഇറ്റാലിയൻ വയലിനിസ്റ്റായിരുന്ന നിക്കോളോ പെഗനിനിയെക്കുറിച്ചും ഇതുപോലെ പറയാറുണ്ട്. പെഗനിനി വയലിൻ വാദനം ആരംഭിക്കുമ്പോൾ അദ്ദേഹത്തിന്റെ വയലിന്റെ സൗണ്ട്ബോക്സിൽ ഏതോ ഒരു ദുർഭൂതം ഒളിച്ചിരിക്കുന്നുണ്ടെന്നും തന്റെ മാനസികോർജ്ജം മുഴുവൻ ഊറ്റിയെടുത്ത് ആ ദുർഭൂതമാണ് വയലിൻ വായിക്കുന്നതെന്നുമുള്ള കഥകൾ നിലവിലുണ്ടായിരുന്നു. അത്രത്തോളം അമാനുഷികമായിരുന്നു ആ വായന. ബാബുരാജിന്റെ ഹാർമോണിയം കഥകൾ മിത്താകുവാൻ ഇരിക്കുന്നതേയുള്ളൂ. എന്നാൽ ജീവിച്ചിരിക്കെതന്നെ ബാബുരാജിന്റെ കൈ ചലനങ്ങൾ നിലച്ചുപോവുകയാണുണ്ടായത്. രോഗം



മൂലം അതിവേഗ ചലനങ്ങൾ നിഷ്പന്ദമായിപ്പോയ ബാബുരാജിന്റെ അവസ്ഥയെക്കുറിച്ച് രവിമേനോൻ ഓർമിക്കുന്നു: ''യാഗാശ്വം, എന്ന ചിത്രത്തിന്റെ സംഗീതസംവിധാന രംഗമാണ് പശ്ചാത്തലം. മദ്രാസ് അശോക ഹോട്ടലിൽ ബാബുരാജിനെ കാത്തിരിക്കുമ്പോൾ ഹരിഹരന്റെ മനസ്സ് അറിയാതെ ആ പഴയ ഈണം മൂളുകയായിരുന്നു. ഒടുവിൽ ബാബുരാജ് വന്നു. ആർഭാടപൂർണമായി വസ്ത്രംധരിച്ച്, അന്തരീക്ഷത്തിൽ യൂഡി കൊളോണിന്റ സുഗന്ധം പരത്തി ചുറുചുറുക്കോടെ നടന്നുവരുന്ന പഴയ ബാബുരാജല്ല. ജീവിതം നൽകിയ തിരിച്ചടികളുടെ ആഘാതത്തിൽ തളർന്നുതുടങ്ങിയ ബാബുരാജ്. ഒരു സ്ട്രോക് ഏൽപിച്ച ഞെട്ടലിൽ നിന്ന് കരകയറിത്തുടങ്ങുന്നതേയുള്ളു അദ്ദേഹം. പ്രായവും ക്ഷീണവും പക്ഷേ, ആ നിഷ്കളങ്കമായ പുഞ്ചിരിക്ക് മങ്ങലേല്പിച്ചിരുന്നില്ല. മങ്കൊമ്പ് ഗോപാലകൃഷ്ണനും യൂസഫലി കേച്ചേരിയുമാണ് ഗാനരചയിതാക്കൾ. ''പാട്ടുകൾ ചിട്ടപ്പെടുത്തേണ്ട ഘട്ടമെത്തിയപ്പോൾ ബാബുരാജ് അസിസ്റ്റന്റായ മുത്തുവിനെ വിളിച്ച് ഹാർമോണിയത്തിന് മുന്നിലിരുത്തി. ബാബുക്ക ഈണം പാടിക്കൊടുക്കുമ്പോൾ മുത്തു പെട്ടി വായിക്കും. പതിവില്ലാത്ത ഒരേർപ്പാട്. എനിക്ക് വല്ലാത്ത നിരാശ തോന്നി. അസിസ്റ്റന്റിനെ വെച്ചു കമ്പോസ് ചെയ്യുന്നതല്ലല്ലോ ബാബുക്കയുടെ ശൈലി.. ബാബുക്ക പെട്ടിവായിച്ചേ പറ്റൂ എന്നായി ഹരിഹരൻ. അമ്പരന്നുപോയ ബാബുരാജ് ദയനീയമായി സംവിധായകനെ നോക്കുന്നു. പിന്ന രണ്ടും കല്പിച്ച് ഹാർമോണിയം മുന്നിലേക്ക് നീക്കി വെക്കുന്നു. രാമുകാര്യാട്ടിന്റെ ഭഷയിൽ 'ബാബുരാജിന്റെ ദർബാർ' തുടങ്ങാൻ സമയമായ. പക്ഷേ ഹരിഹരന്റെ ഓർമകളെ ദീപ്തമാക്കുന്ന പഴയ ബാബുരാജ് സദിരുകളുടെ നിഴൽ മാത്രമായിരുന്നു ആ ദർബാർ. ശരിക്കും ഒരു ദുരന്തം. കുട്ടിക്കാലം മുതൽക്കേ ആത്മാവിന്റെ ഭാഗമായി കൊണ്ടുനടന്ന ഹാർമോണിയത്തിൽ സ്വരസ്ഥാനങ്ങളെ ചൊൽപ്പടിക്കുനിർത്താനാവാതെ കുഴങ്ങി ബാബുരാജിന്റെ വിരലുകൾ. പഴയ ചലനശേഷി നഷ്ടപ്പെട്ടിരുന്നു അവയ്ക്ക്. ദീർഘനേരത്തെ 'യുദ്ധ'ത്തിനുശേഷം ജാള്യതയോടെ, വേദനയോടെ തല കുനിച്ചിരുന്നു ബാബുരാജ്. ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.'' (വെളിച്ചം വിളക്കണച്ചപ്പോൾ)

ജീവിച്ചിരിക്കെ ഒരു സംഗീതജ്ഞന്റെ പേരിൽ ഒരു കലാസമിതി ഉണ്ടാവുക അപൂർവ്വമാണ്. ഹാജി അബ്ദുൾ റഹ്മാൻ പ്രസിഡന്റായി 'ബാബുരാജ് മ്യൂസിക്കൽ ക്ലബ്ബ്' യേശുദാസാണ് ഉദ്ഘാടനം ചെയ്തത്. ലിവിങ് ലെജൻഡ് എന്നു തന്നെ വിശേഷിപ്പിക്കപ്പെട്ട ബാബുരാജിനെപ്പോലൊരാൾ പിന്നീടുള്ള ഓർമകളിൽ കണ്ണീരിൽ കുതിർന്ന് മാത്രം ഉയിർത്തെഴുന്നേൽക്കുന്ന ഡോക്യുമെന്ററികളെക്കുറിച്ചും എഴുത്തുകളെക്കുറിച്ചും വ്യാപകമായ വിമർശനങ്ങളുണ്ട്. അതിൽ കഴമ്പുണ്ട്. ജീവിതദുരന്തങ്ങളെ നൊസ്റ്റാൾജിയയോടെ ആസ്വദിക്കുന്ന രോഗാതുരമായ ഒരു പ്രവണതയുണ്ട്. അതിഭീകരമായ മനുഷ്യക്കുരുതികൾ നടന്ന ചരിത്രസ്മാരകങ്ങൾ പലതും ഗൃഹാതുരത്വമുണർത്തുന്ന പുരാവസ്തുക്കളായി മാറുന്നതെങ്ങനെയാണ്. ബാബുരാജിന്റെ പാട്ടുകളുടെ കളക്ഷൻ 'കസെറ്റ്' എച്ച്.എം.വി. ഇറക്കിയത് 'പാമരനാം പാട്ടുകാരൻ' എന്ന പേരിട്ടായത് യാദൃച്ഛികമല്ല. 'മനസ്സും മിത്തും', 'യാത്ര' എന്നീ ഡോക്യുമെന്ററികളും വടേരി ഹസ്സൻ രചിച്ച 'ബാബുരാജ് സ്മൃതി' ജമാൽ കൊച്ചങ്ങാടി എഡിറ്റ് ചെയ്ത 'ബാബുരാജ്', ബാബുരാജ്: സ്വരരാഗങ്ങളുടെ മുന്തിരിപ്പാത്രം, ബാബുരാജ്: ചുടുകണ്ണീരാലെൻ ജീവിതകഥ, ബിച്ച ബാബുരാജിന്റ വാമൊഴി ജീവിതചരിത്രം 'ബാബുക്ക തളിരിട്ട കിനാവിലെ വിരുന്നുകാരൻ' എന്നിങ്ങനെ ശ്രദ്ധേയമായ ജീവചരിത്ര കുറിപ്പുകളും പഠനങ്ങളും വന്നുകൊണ്ടിരിക്കുന്നു. ബാബുരാജിന്റെ പാട്ടുകളെക്കുറിച്ചുള്ള പൊതുവിമർശനം അന്യഭാഷാ ഈണങ്ങളെ ഓർമിപ്പിക്കുന്നുവെന്നതായിരുന്നു. എസ്.ഡി. ബർമൻ, ജയദേവ്-റോഷൻ, ഒ.പി. നയ്യാർ, ശങ്കർ ജയ്കിഷൻ എന്നിങ്ങനെയുള്ള സംഗീതസംവിധായകരുടെ സ്വാധീനം ബാബുരാജിൽ ഉണ്ടായിട്ടുണ്ടാകാം. പക്ഷേ വിമർശനങ്ങൾ തിരസ്കരിക്കപ്പെടേണ്ടവയാണ്. കാരണം ഓരോ ഭാഷയിലെയും വൈകാരികാന്തരീക്ഷം, റിഥമിക് പാറ്റേൺ വളരെ വ്യത്യസ്തമാണ്. അബോധത്തിൽ ഊറിക്കൂടിയ ഈണങ്ങളെ ഭാഷാനുസൃതമായി പുനഃസൃഷ്ടിക്കുകയാണ് ബാബുരാജ് ചെയ്തത്. അതിബൃഹത്തായ ഭൂഭാഗസ്ഥലികളിൽ ഇടതൂർന്നു വളർന്ന വൻവൃക്ഷങ്ങൾ പോലെ സംഗീതം കൊണ്ടുനടന്ന ഒരു വ്യക്തിത്വത്തിന്റെ ജീവിതദുരന്തങ്ങളെ മാത്രം ഓർത്ത് കണ്ണീരിൽ മാത്രം കുതിർന്നുപോയ തൂവാലയായി സങ്കല്പിക്കുന്നതിൽ ഒരുതരം അധാർമികതയുണ്ട്. ജീവിതത്തിന്റെ ഉയർച്ചതാഴ്ചകൾ വേദനാജനകം തന്നെയാണ്. പക്ഷേ അതിനുമപ്പുറം അസ്തമനകടലിന്നകലെ.... അകലെ... അജ്ഞാത ദ്വീപിൽ നിന്നുമെത്തിയ അരയന്നങ്ങളോടും തിരമാലകളോടും നിങ്ങൾ ആരുടെ ദൂതുമായാണ് എത്തിയതെന്ന് ചോദിക്കാൻ മാത്രം പ്രൗഢമായ രാജശബ്ദമായിരുന്നു എം.എസ്. ബാബുരാജിന്റേത്.

*'മുജ്റ' - മുഗൾ കാലഘട്ടത്തിൽ 'തവായിഫ്' കൾ പരമ്പരാഗതമായി തുടർന്നു വന്നിരുന്ന നൃത്ത-സംഗീതരൂപം.*
*സൂഫിയാന- കാശ്മീരി ക്ലാസ്സിക്കൽ സംഗീതരൂപം. സന്തൂറിന്റെ അകമ്പടിയോടെ ആലപിക്കുന്നു.*

*റഫറൻസ്*

1. *ബാബുരാജ് (എഡിറ്റർ) ജമാൽ കൊച്ചങ്ങാടി*
2. *വെളിച്ചം വിളക്കണച്ചപ്പോൾ - രവിമേനോൻ*
3. *സ്വയം വിലയറിയാതിരുന്ന കലാകാരൻ - മാമുക്കോയ*
4. *ബാബുക്ക പാടിക്കൊണ്ടേയിരിക്കുന്നു. - എ. കാസിം*
5. *M.S. Baburaj - The legendary musician (Maddy's Rambligs, Thoughts, opinions and musings of a red restless nomad)*
6. *'വയലിൻ തന്ത്രികളിലെ സ്വപ്നനർത്തനം' വിഷ്ണുദാസ് എസ്. മനോജർ.*

# ദൈവത്തിന് പ്രിയപ്പെട്ടവർ

ദീപ നിശാന്ത്
കേരളവർമ്മ കോളേജ്, തൃശ്ശൂർ



രാവിലെ കോളേജിൽ പോകുന്ന സമയത്ത് ബസ്സിൽ നല്ല തിരക്കായിരിക്കും. പർവ്വതാരോഹകരെപ്പോലെ ബാഗ് ചുമലിലേറ്റിയുള്ള കുട്ടികൾക്കും ജോലിക്കാർക്കുമിടയിൽ തിങ്ങി ഞെരുങ്ങിയാണ് രാവിലത്തെ യാത്ര.

പുറകിലോട്ട് നീങ്ങി നിൽക്കാനുള്ള കണ്ടക്ടറുടെ ആഹ്വാനമുയർന്നപ്പോൾ ഞാൻ പുറകിലോട്ടു മാറി കമ്പിയിൽപ്പിടിച്ചു നിന്നു. തൊട്ടടുത്ത് ഒരു പുരുഷൻ നിൽപ്പുണ്ട്. ചുറ്റും സ്ത്രീകൾക്കിടയിലുള്ള അയാളുടെ നിൽപ്പിലൊരു പന്തികേട് മണത്തു.അതിർത്തിയിൽ തോക്കുമായി കാവൽ നിൽക്കുന്ന പട്ടാളക്കാരുടെ മനസ്സുമായാണ് പലപ്പോഴും ബസ്സിൽ സ്ത്രീകൾ യാത്ര ചെയ്യാറുള്ളത്. ഏതു നിമിഷവും ശരീരത്തിൽ വന്നു വീഴാവുന്ന കൈകളെക്കുറിച്ച് അവർ നിതാന്ത ജാഗ്രതയിലായിരിക്കും.

മധ്യവയസ്കനായ അയാൾ ഇടയ്ക്കിടയ്ക്ക് അസ്വസ്ഥതയോടെ അങ്ങോട്ടുമിങ്ങോട്ടും തിരിയുന്നുണ്ട്. അയാളാരെയോ അന്വേഷിക്കുന്നതായി തോന്നി. സീറ്റിനു പുറകിലെ കമ്പിയിൽ പിടിച്ചാണ് അയാൾ നിൽക്കുന്നത്. അയാളുടെ തിരിയലിലൊക്കെ ചുറ്റുമുള്ള സ്ത്രീകൾ അസ്വസ്ഥ പ്രകടിപ്പിക്കുന്നുണ്ട്.

'ഇയാൾക്ക് പുറകിലോട്ടിറങ്ങി നിന്നൂടേ?' എന്ന ചോദ്യം എന്റെയുള്ളിൽ കിടന്ന് തിളയ്ക്കുന്നുണ്ട്. ചുറ്റും സ്ത്രീകളാണ്. അതിനിടയിൽ ഇയാളെന്തിനു നിൽക്കണം എന്ന സോകോൾഡ് സദാചാരചിന്തയിൽ ഞാൻ വിറച്ചു. എന്റെ ശരീരത്തെ അയാളിൽ നിന്നും പരമാവധി അകറ്റിനിർത്തി ഞാൻ നിന്നു.

'താനെങ്ങട്ടാ ഈ തിരിഞ്ഞ് കളിക്കണേ' തൊട്ടടുത്തു നിന്ന തടിച്ച സ്ത്രീ പരുഷമായി അയാളോടു ചോദിച്ചു. അയാളാ ചോദ്യം പൂർണ്ണമായും അവഗണിച്ച് ചുറ്റും വേവലാതി നിറഞ്ഞ കണ്ണുകളോടെ പരതി.

'മ്മ്ച്ചീ' എന്ന് അവ്യക്തമായ സ്വരത്തിൽ പരിഭ്രാന്തിയോടെ അയാൾ വിളിച്ചു.ഒരപരിചിതലോകത്ത് തീർത്തും തനിച്ചായവനെപ്പോലെ അയാൾ നിസ്സഹായനായി നിന്നു.അതു കേട്ടപ്പോൾ, 'അതിന് സുഖല്യാന്ന് തോന്ന്ണ്ട്' എന്ന് എന്റെ പുറകിലുള്ള സ്ത്രീ ശബ്ദം താഴ്ത്തി പറഞ്ഞു.

'ഞാനിവിടേണ്ട്' എന്ന തീരെ മയമില്ലാത്തശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. എഴുപത്തഞ്ചോളം വയസ്സ് പ്രായം വരുന്ന ഒരു സ്ത്രീയാണ്. അയാളുടെ അമ്മയായിരിക്കണം. കനത്ത മുഖവുമായി അവർ ഇരിക്കുകയാണ്.അവരെ കാണാതായപ്പോഴാവാം അയാളുടെ പരിഭ്രമക്കണ്ണുകൾ ജോലി തുടങ്ങിയത്.

വികൃതമായി ഒന്നുറക്കെ ചിരിച്ച് അന്വേഷിച്ച ആളെ കണ്ടെത്തിയ സന്തോഷത്തിൽ അയാൾ ആ സീറ്റിനടുത്തേക്ക് ഞെരുങ്ങി നീങ്ങാൻ ശ്രമിച്ചു.അടുത്തുള്ള സ്ത്രീകൾ അയാൾക്ക് വഴിയൊരുക്കി.

'അവടെ നിന്നാ മതി.... എറങ്ങാറായി'

പരുപരുത്ത ഒച്ചയിൽ ഇരുന്നിരുന്ന സ്ത്രീ പറഞ്ഞു.

അതുകേട്ട് നിസ്സഹായനായി നിന്ന അയാളോട് സഹതാപം തോന്നിയിട്ടാവണം ആ സ്ത്രീയുടെ അടുത്തിരുന്ന പെൺകുട്ടി എഴുന്നേറ്റ് മാറി നിന്നു.അമ്മയ്ക്കരികിൽ ഇടം കിട്ടിയ ആഹ്ലാദത്തിൽ തിടുക്കപ്പെട്ട് തന്റെ ശരീരത്തെ അയാളാ സീറ്റിലേക്ക് ഇറക്കി വെച്ചു.ഇരുന്ന പാടെ പ്രായമായ സ്ത്രീയുടെ കൈ പിടിച്ച് തന്റെ മടിയിലേക്ക് വെച്ചു. ആ പ്രവൃത്തിയിൽ ഒട്ടും ഭാവമാറ്റം കാണിക്കാതെ സ്ത്രീ പുറത്തോട്ടു നോക്കിയിരുന്നു.

പ്രത്യക്ഷത്തിൽ അയാൾ ആരോഗ്യവാനായിരുന്നു. പത്തുനാൽപ്പത്തഞ്ച് വയസ്സു വരും. മുടി അവിടവിടെയായി നരച്ചിട്ടുണ്ട്. നരച്ച പാന്റും ഷർട്ടുമാണ് വേഷം.ആ ഷർട്ട് അയാൾക്ക് വലുതായിരുന്നു. ആ അയഞ്ഞ ഷർട്ട് ബസ്സിലെ കാറ്റേറ്റ് വീർത്തു നിന്നു.

'അമലാസ്പത്രി എത്താറായാ?'

വൃദ്ധയായ സ്ത്രീ ചോദിച്ചത് എന്റെ മുഖത്ത് നോക്കിക്കൊണ്ടാണ്.

'ഇപ്പോ എത്തും... എണീറ്റോളു...' എന്ന് പറയുമ്പോഴേക്കും അവർ തിടുക്കപ്പെട്ട് എണീറ്റു. അയാളും ചാടിയെണീറ്റു..

ഞെരുങ്ങി പുറത്തേക്കിറങ്ങാൻ നോക്കിയ മകനെ അവർ നിസ്സംഗമായി തടഞ്ഞു.

'നിക്ക്.... വണ്ടി നിർത്തട്ടെ...'

സ്ത്രീ മുന്നിൽ കയറി നിന്നു. അനുസരണയുള്ള ഒരു കൊച്ചു കുട്ടിയായി അയാൾ പിന്നിൽ നിന്നു. ചുറ്റും അയാൾ പകച്ചു നോക്കുന്നുണ്ടായിരുന്നു. അമ്മയുടെ സാരിത്തുമ്പിനു നേരെ അയാൾ കൈ നീട്ടി. അവരുടെ കൈത്തണ്ടയിൽ അഭയം പ്രാപിച്ചു.

'മോനാലേ?'

നേരത്തെ അയാളെ ശകാരിച്ച സ്ത്രീ കണ്ണിൽ ആവോളം സഹതാപം നിറച്ച് വൃദ്ധയോട് ചോദിച്ചു.

'ആ...' അവർ അലക്ഷ്യമായി പുറത്തേക്ക് നോക്കിക്കൊണ്ട് പറഞ്ഞു.

'എന്താട്ടാ.... ഇതിനിം കൊണ്ട് ?' തീർത്തും സ്വാഭാവികമെന്നോണം അവർ ചോദിച്ച ആ ചോദ്യം കേട്ട് വൃദ്ധ രൂക്ഷമായി അവരെയൊന്ന് നോക്കി. 'ഇത്' എന്ന പ്രയോഗമാവണം അവരെ ചൊടിപ്പിച്ചിട്ടുണ്ടാവുകയെന്ന് ഞാൻ കണക്കുകൂട്ടി. തന്റെ ചോദ്യത്തിലെ അപകടം മനസ്സിലാക്കിയാവണം ചോദിച്ച സ്ത്രീ തന്റെ ചോദ്യം മടക്കി വെച്ച് പെട്ടെന്ന് തിരുകി മുന്നിൽക്കയറാൻ അനാവശ്യമായി തിരക്കുകൂട്ടി..

അമല സ്റ്റോപ്പിലെത്തിയപ്പോൾ വൃദ്ധ ആദ്യമിറങ്ങി. വികാരരഹിതമായ കണ്ണുകളോടെ തിരിഞ്ഞു മകനെ നോക്കി. അയാൾ പരിഭ്രമത്തോടെ ചാടിയിറങ്ങാൻ നോക്കുകയായിരുന്നു. അയാളുടെ ലോകം മുഴുവൻ, മുൻപേ ഇറങ്ങിപ്പോയ വൃദ്ധയായ സ്ത്രീയാണെന്ന് ആ പരിഭ്രമപ്പാച്ചിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു. തന്റെ ജീവിതത്തിൽ നിന്നും അവരെങ്ങാനും പെട്ടെന്ന് ഇറങ്ങി നടന്നാലോ എന്ന വെപ്രാളം അയാളുടെ ഓരോ ചലനങ്ങളിലുമുണ്ടായിരുന്നു. ഇറങ്ങിയ പാടേ അയാളാ സ്ത്രീയുടെ കൈ പിടിച്ചു. അവർ തന്റെ വിരലിൽ തൂങ്ങിയ ആ മുതിർന്ന പുരുഷനെ ഒരു കൊച്ചുകുഞ്ഞിനെ എന്നോണം റോഡരികിലേക്ക് നീക്കി നിർത്തി. അയാൾ പകച്ച കണ്ണുകളോടെ ചുറ്റും നോക്കിക്കൊണ്ട് നിന്നു.ആശുപത്രി അപ്പുറത്താണ്. റോഡ് മുറിച്ചുകടക്കാൻ ബസ്സ് മുന്നോട്ടെടുക്കുന്നതും കാത്ത് അവർ നിന്നു. അവരുടെ മുന്നിലൂടെ ബസ്സ് കടന്നു പോകുമ്പോൾ ഞാൻ കണ്ണിൽ നിന്ന് മറയുവോളം അവരെ തിരിഞ്ഞു നോക്കി. എനിക്ക് പെട്ടെന്ന് ടെൻസിയെയാണ് ഓർമ്മ വന്നത്.

മോന്റെ പിറന്നാൾ ദിവസം ഞാൻ പോസ്റ്റ് ചെയ്ത ചിത്രങ്ങൾ കണ്ട് ടെൻസി അയച്ച ആ മെസേജ് എന്നെ ഇടയ്ക്കിടെ ലജ്ജിപ്പിക്കാറുണ്ടായിരുന്നു.

ധ്യാനുന്റെ പിറന്നാൾ ഭാനുമതി ടീച്ചർക്കും കുട്ടികൾക്കുമൊപ്പം അരണാട്ടുകരയിലെ 'അംഹ'യിൽ ആഘോഷിക്കാമെന്ന് തീരുമാനിച്ചപ്പോൾ വരാമെന്ന് കുറേപ്പേർ ഏറ്റു. മാനസികമായും ശാരീരികമായും വെല്ലുവിളികൾ നേരിടുന്ന കുറേപ്പേർ അംഹയിലുണ്ട്. ഞങ്ങൾ എല്ലാവരുമായി അവിടേക്കു പോയി. മധുര പലഹാരങ്ങളും സമ്മാനങ്ങളുമായാണ് പലരും വന്നത്.. കേക്ക് വാങ്ങിയിരുന്നില്ല. പകരം ഞങ്ങൾ ധ്യാനുവിനെക്കൊണ്ട് കോഴിക്കോടൻ ഹൽവ മുറിപ്പിച്ചു. തലയിൽ പിറന്നാൾത്തൊപ്പി വെച്ച് ധ്യാനു നിന്നപ്പോൾ ചുറ്റും ആരവമുയർന്നു. പകച്ച കണ്ണുകളോടെ കുറേ കുട്ടികളും മുതിർന്നവരും നിന്നു. ഹൽവ മുറിക്കുന്നതിനു മുമ്പേ അവർ കൈനീട്ടി.


'ഷുഗറൊക്കെ ഉള്ളോരാട്ടാ ദീപേ.... ശ്രദ്ധിച്ചോണം... പിന്നേം ചോദിച്ചാ കൊടുക്കണ്ടാട്ടോ...' എന്ന് ഭാനു ടീച്ചർ നിർദ്ദേശം തന്നിരുന്നതുകൊണ്ട് രണ്ടാമതും നീട്ടുന്ന കൈകളെ ഞാൻ മനഃപൂർവ്വം അവഗണിച്ചു. ലാൽ ക്യാമറയിൽ ചിത്രങ്ങളെടുത്തു. ഉച്ചഭക്ഷണം കഴിഞ്ഞ് കുറേ സമയം പാട്ടും കളിയുമായി അവിടെ ചെലവഴിച്ചതിനു ശേഷം ഞങ്ങൾ തിരിച്ചിറങ്ങി. വണ്ടിയിൽ കയറിയപ്പോൾ ധ്യാനു എന്നോടു ചോദിച്ചു.

'അമ്മേ...അവർക്കൊന്നും ബുദ്ധില്ല്യേ ?'

അതിബുദ്ധിമാൻമാരെ മാത്രമേ അവൻ അതുവരെ കണ്ടിരുന്നുള്ളൂ.. സ്വാർത്ഥതാലേശമില്ലാതെ നിഷ്കളങ്കമായി ചിരിക്കുകയും കൈകൊട്ടുകയും ബഹളം വെക്കുകയും ചെയ്യുന്ന അവർക്ക് 'ബുദ്ധിയില്ല' എന്ന നിഗമനത്തിൽ ചുരുങ്ങിയ സമയം കൊണ്ടു തന്നെ അവൻ എത്തിച്ചേർന്നിരുന്നു.

'അവർക്ക് നമ്മളേക്കാൾ ബുദ്ധിണ്ട് മോനേ.....' ഞാൻ പറഞ്ഞു.

ഞാൻ വെറുതെ പറഞ്ഞതല്ലായിരുന്നു. ഓർമ്മകളുടെ കാര്യത്തിൽ അവരെന്നെ അത്ഭുതപ്പെടുത്താറുണ്ടായിരുന്നു. ഭാനുമതി ടീച്ചറുടെ സ്ഥാപനം സന്ദർശിക്കണമെന്ന് പറഞ്ഞപ്പോൾ എന്റെ പുസ്തകപ്രകാശനദിവസം ഐസക്സാറുമായാണ് കഴിഞ്ഞ തവണ അവിടെ പോയത്. പിന്നെ ചെല്ലുന്നത് ഇപ്പോഴാണ്. എന്നെ കണ്ടപ്പോഴേക്കും, മഞ്ഞ, സാരി, ടീച്ചറ്, മാഷ്, താടി, ജുബാ, മുണ്ട് എന്നൊക്കെ ഉറക്കെപ്പറഞ്ഞ് അവർ മുൻപരിചയം വിളിച്ചോതിയപ്പോൾ ഞാൻ ഞെട്ടിപ്പോയി. എത്ര ശക്തമായാണ് അവർ ഓർമ്മയുടെ ഭൂപടത്തിൽ നമ്മെ അടയാളപ്പെടുത്തുന്നത്! 'ഓർമ്മയുണ്ടോ?' എന്ന ചിലരുടെ ചോദ്യത്തിനു മുന്നിൽ ബുദ്ധിമാന്മാരായ നമ്മൾ എത്ര തവ



ണയാണ് ചൂളി നിൽക്കേണ്ടി വന്നിട്ടുള്ളത്! പഠിച്ചിറങ്ങിയ കുട്ടികളെ പിന്നീടു കാണുമ്പോൾ പേരറിയാത്ത നിസ്സഹായാവസ്ഥയിൽപ്പിടഞ്ഞ് എത്രയെത്ര സന്ദർഭങ്ങൾ.... ഓർമ്മയുടെ ബലത്തെക്കുറിച്ചുള്ള നമ്മുടെ അഭിമാനങ്ങളൊക്കെ പൊള്ളയാണെന്ന് ബോധ്യപ്പെടുന്നത് അത്തരം സന്ദർഭങ്ങളിലാണ്.

'അവരെന്താമ്മേ അങ്ങനൊക്കെ സംസാരിക്കണേ?' അച്ചടി ഭാഷയിലല്ലാതെ അവ്യക്തമായി ഉച്ചരിക്കപ്പെട്ട അവരുടെ വാക്കുകൾ ധ്യാനുവിന് അത്ഭുതമായിരുന്നു.

ഞാൻ ഒന്നും പറഞ്ഞില്ല.

'ഒരു ചേട്ടനെന്റെ കൈ പിടിച്ച് തിരിച്ചു' ധ്യാനു പരാതി പറഞ്ഞു. ഞാനതിന് മറുപടി പറയുന്നതിനു മുമ്പേ തന്നെ അവൻ പറഞ്ഞു.

'സ്നേഹം വന്ന്ട്ടാവും ലേ ?'

വീട്ടിൽ സോനുവോ സൂര്യയോ ഒന്നു പതുക്കെ തട്ടിയാൽപ്പോലും വിപ്ലവവീര്യമുണരുന്നോനാണ്.. ഒന്നു കിട്ടിയാൽ നാലെണ്ണം തിരിച്ചു കൊടുക്കുന്നവനാണ്... ശരീരം നൊന്താൽ അലറിക്കരയുന്നവനാണ്... ഈ കൈ പിടിച്ചു തിരിക്കൽ സ്നേഹം കൊണ്ടാണെന്ന തിരിച്ചറിവ് അവനുണ്ടായെങ്കിൽ ഈ വരവിന്റെ ലക്ഷ്യം പൂർണ്ണമായെന്ന് ഞാൻ ആഹ്ലാദത്തോടെ ചിന്തിച്ചു...

'അടുത്ത പിറന്നാളും ഇങ്ങനെ മതീട്ടാ' എന്നവൻ പറഞ്ഞപ്പോൾ എന്റെ ആഹ്ലാദം പൂർണ്ണമായി.

വീട്ടിലെത്തിയപ്പോഴേക്കും ലാൽ ഫോട്ടോസൊക്കെ അയച്ചു തന്നു. ഞാനത് ഫേസ്ബുക്കിലിട്ടു. ആളുകൾ ആശംസകളും അഭിനന്ദനങ്ങളുമായെത്തി. 'ദീപ ടീച്ചർടെ നല്ല മനസ്സിനെ'വാഴ്ത്തി. യു.ജി.സി.സ്കെയിലിൽ ശമ്പളം വാങ്ങുന്ന ഒരാളുടെ ഒരു നേരത്തെ അന്നദാനത്തെ ഒരു മഹത്കർമ്മമായി ആളുകൾ വാഴ്ത്തുന്നതു കേട്ട് ഒരു ലജ്ജയുമില്ലാതെ ഞാനഭിമാനിച്ചു. ആത്മരതിയുടെ തീർത്ഥക്കുളത്തിൽ ഞാൻ മുങ്ങി നിവർന്നു. അഭിമാനഗർവ്വത്തിലേറി അങ്ങനെ നിൽക്കുമ്പോഴാണ് ടെൻസിയുടെ ഇൻബോക്സ് മെസേജ്... നെറുകയിൽ കൂടം കൊണ്ടടിയേറ്റതു പോലെ ഞാൻ പിടഞ്ഞത് അപ്പോഴാണ്.

'ദീപ ചെയ്തത് ശരിയാണെന്ന് തോന്നുന്നുണ്ടോ?' എന്ന ടെൻസിയുടെ ചോദ്യം എന്നിൽ അലോസരമുണ്ടാക്കി. അത്രയൊന്നും ഹൃദയവിശാലത എനിക്കില്ലായിരുന്നു. ചില വിമർശനങ്ങൾക്കു മുന്നിൽ അസഹിഷ്ണുതയോടെ നിൽക്കുന്ന ഞാനാണ് പലപ്പോഴും അസഹിഷ്ണുതയെക്കുറിച്ച് പലയിടത്തും ഘോരഘോരം സംസാരിക്കുകയും എഴുതുകയും ചെയ്യുന്നതെന്നോർത്ത് ആത്മനിന്ദ തോന്നാറുണ്ട്... പിന്നീടോർക്കുമ്പോൾ ലജ്ജ കൊണ്ട് തല കുനിഞ്ഞു പോകാറുണ്ട്. ടെൻസിയുടെ വാക്കുകളും ആദ്യം എന്നിൽ നീരസമാണുണർത്തിയത്.

ഞാനെന്തപരാധമാണ് ചെയ്തത്? ഭാനുമതി ടീച്ചറെക്കുറിച്ചും, അവർ നടത്തുന്ന സ്ഥാപനത്തെക്കുറിച്ചും ലോകത്തെ അറിയിക്കാനുള്ള ഏത് സന്ദർഭവും പാഴാക്കിക്കൂടാ എന്നായിരുന്നു എന്റെ ഉദ്ദേശം. അറിയട്ടെ... ഇങ്ങനൊരാളുണ്ടെന്ന്... ഞാനിത്തരം പോസ്റ്റിടുമ്പോൾ പലരും അവരെക്കുറിച്ചും സ്ഥാപനത്തെക്കുറിച്ചും എന്നോട് ചോദിക്കുമായിരുന്നു. അവിടേക്ക് സാമ്പത്തിക സഹായം ചെയ്യുമായിരുന്നു. അത്തരം ലക്ഷ്യങ്ങൾ കൂടി മുന്നിൽ കണ്ടാണ് ഞാൻ ഇതൊക്കെ വിളിച്ചു പറയുന്നത്... അത് നല്ല കാര്യമല്ലേ? അതിന് ടെൻസിക്കെന്താണ്? എനിക്ക് ടെൻസിയോട് ദേഷ്യം തോന്നി. ഞാൻ എന്റെ ഭാഗം ന്യായീകരിക്കാൻ ശ്രമിച്ചു..

'ദീപ ചെയ്യുന്നതൊക്കെ നല്ല കാര്യമാണ്.. അത് കണ്ട് ചിലർക്ക് അങ്ങനെ ചെയ്യാനുള്ള പ്രേരണയുമുണ്ടാകും. അതൊക്കെ ശരിയാണ് ദീപാ.. പക്ഷേ ഇങ്ങനെ പിറന്നാളാഘോഷങ്ങൾ അവിടെ നടത്തല്ലേ.. അവർക്ക് ചോറുവാരിക്കൊടുക്കുന്ന ചിത്രങ്ങൾ ഇടല്ലേ... അത് കണ്ട് ചിലർ അഭിനന്ദിക്കും...

ചിലർ സഹതപിക്കും... ചിലർ കരയും.... ചിലരാശ്വസിക്കും... നമ്മുടെ മക്കൾക്ക് ഈ ഗതി വന്നില്ലല്ലോ എന്നോർത്ത്... പക്ഷേ അത് കണ്ട് നെഞ്ചു പൊട്ടുന്ന എന്നെപ്പോലെ ചിലരുണ്ട് ദീപാ... അവർക്കാ ചിത്രം ഒരിക്കലും ആഹ്ലാദം നൽകില്ല. നമ്മുടെ മക്കൾ അന്യന്റെ ഔദാര്യത്തിനു വേണ്ടി പാത്രം നീട്ടുന്നത്...വികൃതമായി വാ പൊളിക്കുന്നത്... അത് കണ്ട് കുറേപ്പേർ സഹതപിക്കുന്നത്.. ദീപയ്ക്ക് കഴിയുമോ? മക്കളെ ആ അവസ്ഥയിൽ കാണാൻ?'

ആ ചോദ്യത്തിനു മുമ്പേ തന്നെ എന്റെ ഗർവ് പത്തി മടക്കിയിരുന്നു. ഞാൻ തോൽക്കാൻ തയ്യാറായിക്കഴിഞ്ഞിരുന്നു. എനിക്കറിയില്ലായിരുന്നു, എപ്പോഴും ചിരിച്ചു കൊണ്ട് നിൽക്കുന്ന ടെൻസിയുടെ ഉള്ളിലൊരു സമുദ്രഹൃദയമുണ്ടെന്ന്. അതിടയ്ക്കിടെ ആർത്തലച്ച് കരയിലേക്ക് കയറുമെന്ന് എനിക്കറിയില്ലായിരുന്നു.

ഞാൻ നിശ്ശബ്ദയായി...

'ഞാൻ ടെൻസിയെ വിളിച്ചോട്ടെ?' എന്റെ ചോദ്യം ദയനീയമായിരുന്നു. എനിക്ക് ഒന്നു മുങ്ങിനിവരണമായിരുന്നു. എല്ലാ ഈഗോയും മാറ്റി വെച്ച് ടെൻസിയോട് ക്ഷമ ചോദിക്കണമായിരുന്നു.

ടെൻസി തന്ന നമ്പറിൽ ഞാൻ വിളിച്ചു. ടെൻസി, ടെൻസിയുടെ തോമസിനെക്കുറിച്ച് പറഞ്ഞു.. ഒരമ്മയുടെ അതിജീവനത്തിന്റെ കഥ പറഞ്ഞു. കാത്തിരുന്ന് കിട്ടിയ മോന് ബുദ്ധിവളർച്ചയില്ലെന്ന് ഡോക്ടർ പറഞ്ഞപ്പോൾ അലറി വിളിച്ച് ഡോക്ടറുടെ മുറിയിൽ നിന്ന് ഇറങ്ങിയോടിയ ടെൻസിയെ എനിക്ക് കൺമുന്നിൽ കാണാം... ടെൻസി സ്റ്റെപ്പിറങ്ങി ഓടി എങ്ങോട്ടെന്നില്ലാതെ പരക്കം പായുന്നത് കാണാം... ആ സ്റ്റെപ്പിൽ തട്ടി വീണ് ഉരുണ്ടുരുണ്ട് താഴോട്ടു വരുന്നത് കാണാം... നിസ്സഹായനായ ഒരാൾ അവളുടെ പിറകെ ഓടുന്നതു കാണാം.. അടക്കിപ്പിടിച്ച് ആശ്വസിപ്പിക്കുന്നതു കാണാം.. പിന്നീടാ വേദനയിൽ നിന്നും വർദ്ധിതവീര്യത്തോടെ അവർ ചാടിയെഴുന്നേൽക്കുന്നത് കാണാം... ജീവിതം തിരികെ പിടിക്കുന്നതു കാണാം.. അവർക്കു മാത്രം തിരിച്ചറിയുന്ന ആത്മദുഃഖത്തിന്റെ അഗാധ സമുദ്രത്തിന്റെ അലകൾ ആരുടെ നേർക്കും ഇരച്ചു കയറ്റാതെ അവർ ജീവിക്കുന്നത് കാണാം..

ആത്മസംഘർഷത്തിന്റെ അഗാധഗർത്തത്തിൽ ഇപ്പോൾ വീണു കിടക്കുന്നത് ഞാനാണ്.എഴുന്നേൽക്കാനാവാത്ത നിസ്സഹായതയിൽ പിടയുന്നത് ഞാനാണ്.. ടെൻസി ഉള്ളിൽ പേറുന്ന തീക്കാറ്റ് വാക്കുകളായി എന്റെ കാതിൽ ആഞ്ഞു പതിക്കുന്നുണ്ട്. ഇടയ്ക്കിടെ ഉയരുന്ന ആ ദീർഘനിശ്വാസത്തിൽ ഞാൻ പൊള്ളിയടർന്നു പോയേക്കുമോ എന്ന് സത്യമായും ഞാൻ ഭയന്നു..

ഞാൻ തിരിച്ചറിയുന്നുണ്ട്... പിറന്നാളില്ലാത്തവരുടെ മുന്നിൽ ചെന്നു നിന്ന് അത്തരം ആഘോഷങ്ങൾ നടത്തുന്നതിന്റെ അനൗചിത്യം.. നമ്മുടെ പിറന്നാൾ അവരുടെ മുന്നിൽപ്പോയി ആഘോഷിക്കുന്നതിലും നല്ലത് അവരുടെ പിറന്നാൾ നമ്മളാഘോഷിക്കുന്നതാണെന്ന് എനിക്ക് മനസ്സിലാവുന്നുണ്ട്... എന്റെ മോന്റെ കവിളിൽ ഉമ്മ വെച്ചു കൊണ്ട് പിറന്നാളാശംസകൾ പറയുമ്പോഴും കൈയടിക്കുമ്പോഴും ചുറ്റും നിന്നിരുന്ന മുഖങ്ങളുടെ ഓർമ്മകൾ എന്നെ ആത്മനിന്ദയുടെ പടുകുഴിയിലേക്ക് തള്ളിയിടുന്നുണ്ട്. തങ്ങളുടെ നഷ്ടങ്ങളെക്കുറിച്ച് അവരോർത്തു കാണുമോ? തങ്ങൾക്കു നഷ്ടപ്പെട്ട ഉമ്മകളെക്കുറിച്ചോർത്ത് ഉള്ളു പിടഞ്ഞിരിക്കുമോ? തങ്ങൾക്കന്യമായ വീടിനെക്കുറിച്ച്.... ബന്ധങ്ങളെക്കുറിച്ച്.... തങ്ങളെ അകറ്റി നിർത്തിയ ആഘോഷങ്ങളെക്കുറിച്ച് അവർ അവ്യക്തമായെങ്കിലും ഓർത്തു കാണുമോ?

എന്റെ ആത്മാഭിമാനം ആത്മനിന്ദയിലേക്ക് തലകുത്തി വീണു. ഞാൻ ഭൂമിയോളം താണു.

എല്ലാ ഗർവ്വും പത്തി മടക്കി.

ടെൻസി പറഞ്ഞു കൊണ്ടേയിരിക്കുകയാണ്. .. ഒരു മൂളലിന്റെ പോലും പിന്തുണ കൊടുക്കാതെ ഞാൻ കേട്ടുകൊണ്ടേയിരിക്കുകയാണ്...

'മോൻ സ്കൂളീന്ന് വന്നാ പറയും ദീപേ, ഞാൻ മേരീനെ കല്യാണം കഴിക്കും, സാറേനെ കല്യാണം കഴിക്കും.. എന്നൊക്കെ.. എനിക്ക് പേടിയാണ് അത് കേൾക്കുമ്പോൾ... അവര് വികാരമില്ലാത്തവരല്ല. അവർക്കൊക്കെ എല്ലാ വികാരങ്ങളുമുണ്ട് ദീപേ... അത് പ്രകടിപ്പിക്കുന്ന രീതിയും അളവും മാത്രേ വ്യത്യാസമുള്ളൂ... ഞാൻ തോമസിനോടു പറയും... 'അമ്മ പിണങ്ങുംട്ടോ.. നീയമ്മേനെ കല്യാണം കഴിച്ചാ മതീ'ന്ന്.. പേടിയായിട്ടാ ദീപേ... അവനെന്തേലും തോന്നിയാ, അത് പ്രകടിപ്പിച്ചാ മറ്റുള്ളോർക്കത് മനസ്സിലാവ്വോ? എന്നോട് കാട്ടിക്കോട്ടെ അവനെന്തു വേണേലും... ഞാനങ്ങനെയാ ദീപേ പ്രാർത്ഥിക്കാ.... എനിക്ക്...എനിക്കല്ലേ എന്റെ കുഞ്ഞിനെ അറിയൂ... എനിക്കല്ലേ എന്റെ കുഞ്ഞിനോട് ക്ഷമിക്കാൻ പറ്റൂ...'

ടെൻസീടെ ശബ്ദം ഇടറുന്നുണ്ട്.. പക്ഷേ ടെൻസി കരയുന്നില്ല. ഉള്ളിൽ ആർത്തലച്ചു കരയുന്നത് ഞാനാണ്..

'താനവിടില്ലേ?' ടെൻസി ചോദിക്കുന്നുണ്ട്.

'ഉണ്ടേ' ന്നു പറയണമെന്നുണ്ട് എനിക്ക്...

ഞാനെങ്ങനെ പറയാനാണ്?

ഒരു നശിച്ച കല്ല് തൊണ്ടയിൽക്കിടന്ന് ശബ്ദത്തെ പുറത്തേക്കു വിടാതെ തടഞ്ഞു നിർത്തുമ്പോൾ ഞാനെന്ത് പറയാനാണ്?

ടെൻസിക്കൊന്ന് ഫോൺ വെച്ചൂടേ എന്ന് ചിന്തിച്ച് ഞാൻ നിന്ന ആ വൈകുന്നേരം ഓർമ്മ വന്നപ്പോൾ എന്റെ കണ്ണുകൾ വീണ്ടും നിറഞ്ഞു..

ബസ്സാണ്.... ആളുകളുണ്ട്... കരഞ്ഞു കൂടാ...

ബസ്സിൽ നിന്നിറങ്ങിപ്പോയ ആ അമ്മയേയും മകനേയും ഓർമ്മയിൽ നിന്നും ഇറക്കിവിടാനാവാത്ത നിസ്സഹായതയിൽ ഞാൻ നിന്നു...

ആ അമ്മ എപ്പോഴെങ്കിലും എല്ലാം മറന്ന് ഒന്നുറങ്ങിയിട്ടുണ്ടാവുമോ?

കല്ലു പോലെ മരവിച്ച ആ മുഖം എപ്പോഴെങ്കിലും ചിരിക്കാറുണ്ടായിരിക്കുമോ?

ജീവിതത്തിന്റെ ഈ അവസാന സമയങ്ങളിൽ സൗമ്യ സ്നേഹിതനായ മരണത്തെ കാത്ത് സ്വസ്ഥമായിരിക്കാൻ അവർക്കാവുമോ?

ടെൻസി ആത്മവിശ്വാസത്തോടെ പറഞ്ഞു നിർത്തിയ വാക്കുകളോർത്തു.

'ദൈവത്തിന് ചിലരെ വലിയ വിശ്വാസമാണ് ദീപേ.... അവരുടെ കൈയിലാണ് ദൈവം ഏറ്റവും പ്രിയപ്പെട്ടവരെ ഏൽപ്പിക്കുക.... തോമസിനെ എനിക്കു തന്നത് അതുകൊണ്ടാണ്.. അവനെ വേറാരു നോക്കിയാലും ശരിയാവില്ലാ... അതാ...'

ശാസ്ത്രജാലകം

# ഗ്രഹണത്തിന്റെ ശാസ്ത്രം ശാസ്ത്രത്തിന്റെ ഗ്രഹണം

സ്വരൺ പി.ആർ.
പയ്യന്നൂർ കോളേജ്




ഗ്രഹണ ദിവസം തന്റെ സ്ഥാപനത്തിലെ 80 ശതമാനത്തോളം ഗവേഷകർ ഹാജരായില്ലെന്ന് ദക്ഷിണേന്ത്യയിലെ ഒരു പ്രശസ്ത കാർഷിക ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ പരിതപിക്കുന്നത് കേട്ടത് ഈയിടെയാണ്. അന്വേഷിച്ചപ്പോൾ അവരിലൊരാൾ പറഞ്ഞത് ആ ദിവസം പുറത്തിറങ്ങാതെ ഉപവാസത്തിലായിരുന്നുവെന്നാണത്രെ.

ആകാശത്തെ വിദൂര കാഴ്ചകൾ അദ്ഭുതങ്ങൾ മാത്രമായിരുന്ന കാലത്ത് ഭയത്തിൽ നിന്നുണ്ടായ ആചാരങ്ങൾ സ്വാഭാവികമാണ്. രാഹുവും കേതുവും ആകാശഗോളങ്ങളെ വിഴുങ്ങുന്നതാണ് ഗ്രഹണമെന്നൊക്കെയായിരുന്നു അന്നത്തെ വിശദീകരണം. അങ്ങനെയാവണം ഗ്രഹണ സമയത്ത് വിഷജന്തുക്കൾക്ക് വിഷം കൂടുമെന്നും അവ പുറത്തിറങ്ങുമെന്നും ഭക്ഷണം വിഷമയമാവുന്നതിനാൽ ഉപവസിക്കണമെന്നും തുടങ്ങിയ വിശ്വാസങ്ങൾ രൂപപ്പെട്ടത്. പക്ഷെ അക്കാലത്തെ വിസ്മയങ്ങളെ ദൂരദർശിനികളും ഉപഗ്രഹങ്ങളും ചേർന്ന് കാര്യകാരണസഹിതം പ്രൈമറി പാഠപുസ്തക അറിവുകളാക്കി മാറ്റിയ ഇക്കാലത്തും ഇന്ത്യയിലെ സാധാരണക്കാരനു മാതൃകയാവേണ്ട ഗവേഷക സമൂഹത്തിലെ ഭൂരിഭാഗം ഇത്തരത്തിലാണെങ്കിൽ വെറും അറിവുകളിൽ നിന്നും തിരിച്ചറിവുകളിലേക്ക് നയിക്കാൻ നമ്മുടെ ശാസ്ത്ര വിദ്യാഭ്യാസം പര്യാപ്തമാവുന്നില്ലെന്നു വേണം കരുതാൻ.

ആകാശവിസമയങ്ങളെ ലോകാവസാനവുമായി ബന്ധപ്പെടുത്തുന്ന പ്രചരണം എക്കാലത്തുമുണ്ടായിരുന്നു. ഇത്തരത്തിൽ ഏറ്റവുമൊടുവിലത്തെ ലോകാവസാന വാർത്ത 2016 നവമ്പർ 14നായിരുന്നു. അന്നായിരുന്നു സൂപ്പർമൂൺ അഥവാ അതി ചന്ദ്രൻ എന്ന പ്രതിഭാസം ആകാശത്തു കണ്ടത്. അന്ന് ചന്ദ്രന് സാധാരണയിലും 14ശതമാനത്തോളം അധികം വലിപ്പമുണ്ടായിരുന്നു. ദീർഘവൃത്താകൃതിയിലാണ് ചന്ദ്രന്റെ പരിക്രമണപാത. അതു കൊണ്ട് ചില സമയത്ത് അത് ഭൂമിയോടടുത്ത് വരും. അടുത്തുള്ള വസ്തു വലുതായി കാണുന്നത് സ്വാഭാവികം. ഇങ്ങനെ അടുത്തു വരുന്നതും പൗർണമിയും ഒന്നിച്ചു വരുമ്പോഴാണ് സൂപ്പർ മൂൺ ഉണ്ടാവുന്നത്. ഏതാണ്ട് 70 കൊല്ലം കൂടുമ്പോഴുണ്ടാവുന്ന സ്വാഭാവിക പ്രതിഭാസം. അവസാനമുണ്ടായത് 1948 ൽ, ഇനി 2034 ൽ വീണ്ടും വരും. ലോകാവസാനക്കാരുടെ ഭാവനാലോകം അപ്പോഴേക്കെങ്കിലും അവസാനിക്കുമെന്നാശിക്കാം.

രണ്ടായിരമാണ്ടിൽ ലോകാവസാനമെന്ന് കേട്ട് ഭയന്ന ബാല്യകാലം പലർക്കുമുണ്ടാവും. മുതിർന്നവർ പറയുന്നതെല്ലാം ശരിയെന്നു കരുതുന്ന ' നല്ല' വിദ്യാർത്ഥികളായിരുന്നല്ലോ നാമെല്ലാം. ചോദ്യം ചെയ്യപ്പെടാനാവാത്ത അറിവുകളുടെ സംപ്രേഷണമാണ് പലപ്പോഴും സംഭവിക്കുന്നത്. ശാസ്ത്രപഠനരീതിയുടെ പോരായ്മ വിളിച്ചു പറയുന്ന ദൈനംദിന കാഴ്ചകൾ നിരവധിയാണ്. കമ്യൂണിസ്റ്റ് റഷ്യ സ്പുട്നിക് വിക്ഷേപിച്ചപ്പോഴാണല്ലോ അമേരിക്കക്ക് തങ്ങളുടെ ശാസ്ത്ര പിന്നത്തിന്റെ പരിമിതി ബോധ്യപ്പെട്ടത്. പുഷ്പകവിമാനത്തിൽ ഗോളാന്തര യാത്ര നടത്തുന്ന ഇന്ത്യൻ സവർണ ശാസ്ത്രം സ്വപ്നത്തിൽ നിന്നുണരുന്ന ദിവസത്തിനായി കാത്തിരിക്കാം.



## മാധ്യമവിചാരം

മാധ്യമങ്ങളുടെ
അധാർമ്മിക സഞ്ചാരങ്ങളിൽ
മനുഷ്യത്വത്തിന്റെ തുറന്ന കണ്ണുമായി
ഒരു പുതിയ പംക്തി
'മാധ്യമവിചാരം' ആരംഭിക്കുന്നു.

# വർത്തമാന കാലത്തെ അകാല മറവികൾ


ഡോ. കെ പി ജയകുമാർ

എൻ.എസ്.എസ്. കോളേജ്
ചേർത്തല



ക്യാമറ പൂരിതമായ സമൂഹമാണിത്. കയ്യിൽ ക്യാമറയുമായി ചലിക്കുന്ന സമൂഹം. സെൽഫിയുടെ വരവോടുകൂടി സ്വയം ദൃശ്യമാവുക-ദൃശ്യപ്പെടുക, കാട്ടിക്കൊടുക്കുക എന്നതിലേക്ക് സമൂഹം മാറുന്നു. വ്യക്തികൾ ഒരേ സമയം ജീവനുള്ള യാഥാർത്ഥ്യവും ഒരു ദൃശ്യവുമാണ്. ജീവിതത്തിന്റെ ഓരോ നിമിഷത്തെയും ഇമേജുകളാക്കി അപ് ലോഡ് ചെയ്ത്, ഷെയർചെയ്ത് ഒരു വിതരണ വിനിമയ വ്യൂഹം കെട്ടിപ്പടുത്തിരിക്കുന്നു. ഈ വ്യൂഹത്തിന് പുറത്തായിരിക്കുമ്പോഴൊക്കെ, വ്യക്തികൾ അരക്ഷിതരും സന്ദേഹികളുമാകുന്നു. ഇത് ടെക്നോ സാവികളായ മനുഷ്യരുടെ മാത്രം പ്രശ്നമല്ല. ദൃശ്യസാങ്കേതിക കാലത്തിന്റെ പ്രശ്നമാണ്. എന്തു പ്രവർത്തിയും ഏതു പ്രവർത്തിയും നാലാൾ കാണണം എന്നതരത്തിൽ ഒരു 'വെളിപ്പെടൽ(വ്യാ)മോഹം' വ്യക്തികളെ ചൂഴുന്നു. ഭരണകൂട- ഉദ്യോഗസ്ത-ജുഡീഷ്യൽ-മാധ്യമ മുൻഗണനകൾ ഈ ദൃശ്യസാങ്കേതിവൽക്കരണത്തിന് വഴിപ്പെടുന്നുണ്ട്. ഈ മോഹം അധികാര വ്യവസ്ഥയുമായി ചേരുമ്പോഴാണ് ദൃശ്യകലകൾക്ക് പുറത്ത് താരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. പ്രധാനമന്ത്രി മുതൽ പ്രാദേശിക വാർത്താ അവതാരകർവരെ നീളുന്നതാണ് ഈ താര ശൃംഖല. ഇർറോം ശർമിള മുതൽ മൂന്നാറിലെ പൊമ്പിള ഒരുമൈ വരെ നീളുന്നതാണ് ഈ താര നിർമ്മിതി.

വസ്തുതകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ചരിത്രത്തിൽ നിന്നും തെന്നിമാറി ഇമേജുകളിൽ അഭിരമിക്കുന്ന സമൂഹമായി വർത്തമാനകാലം മാറുന്നതിന്റെ സൂക്ഷ്മ സൂചനയാണിത്. ദൃശ്യങ്ങൾക്ക്മേൽ ദൃശ്യങ്ങൾ വന്നുനിറയുന്ന വർത്തമാന അനുഭവത്തിൽ സമൂഹം ഒരുതരം അകാല മറവിയിലൂടെയാണ് കടന്നുപോകുന്നത്. ചരിത്രത്തെ, പ്രശ്നങ്ങളെ, സംഭവങ്ങളെ, വ്യക്തികളെ, താരങ്ങളെത്തന്നെയും മറന്ന് മറ്റൊരുദൃശ്യത്തിനായി നിദാന്തമായ തിരച്ചിൽ നടത്തുന്ന ഒരു റിമോട്ട് കൺട്രോളായി സമൂഹമനസ്സ് മാറുന്നു. ഈ പരതൽ മനോനിലയിൽ ദൃശ്യയാഥാർത്ഥ്യവും സമൂഹ/വ്യക്തി എന്ന ജൈവ യാഥാർത്ഥ്യവും തമ്മിലുള്ള അതിർവരമ്പുകൾ നേർത്തുവരുന്നു. സാമൂഹിക പ്രസ്ഥാനങ്ങൾ എന്നതിൽനിന്നകന്ന് രാഷ്ട്രീയപാർട്ടികൾ പോലും ഫാൻസ് അസോസിയേഷനുകളുടെ സ്വ



രൂപം കൈവരിക്കുന്നത് ഇതുമായി ചേർത്ത് കാണാവുന്നതാണ്.

നായകൻമാർ ഉണ്ടാകുന്നത്

ജനങ്ങളെ ബാധിക്കുന്ന 'യഥാർത്ഥ പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യുന്നത് എന്ന പ്രതീതി സൃഷ്ടിക്കുകയും ആ പ്രശ്നങ്ങൾക്കെല്ലാം കാരണം ക്രിമിനൽ ബന്ധങ്ങളും സ്വഭാവ ഘടനയുമുള്ള ചില വ്യക്തികളാണെന്ന് പറഞ്ഞുവെക്കുകയുമാണിവർ. ഇതിലൂടെ അതിനിടയാക്കിയ വ്യവസ്ഥിതിയും സ്ഥാപനങ്ങളും മോചിപ്പിക്കപ്പെടുന്നു. അതായത്, രാഷ്ട്രീയ നായകന്റെ/സംഘത്തിന്റെ, പൊലീസ് അധികാരികളുടെ, ന്യായാധിപൻമാരുടെ എല്ലാത്തരം ധാർമ്മിക രോഷവും നിലവിലുള്ള വ്യവസ്ഥിതിയുടെയും അധികാരത്തിന്റെയും യുക്തിക്കു നേരെ ഒരിക്കലും ഉന്നയിക്കപ്പെടുന്നില്ല. സിനിമയിൽ നിന്നും വലിച്ചുനീട്ടിയ ആക്ടിവിസമാണ് സമൂഹത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ആദിമരൂപങ്ങളുടെയും മൂല്യങ്ങളുടെയും ആവർത്തനത്തിലൂടെ ജനങ്ങളുടെ സംവേദനക്ഷമതയെ ഉണർത്തി പ്രതീക്ഷകളെ പ്രീണിപ്പിക്കുകയായിരുന്നു ഈ സിനിമകൾ. പൊലീസ്, കളക്ടർ എന്നിവരുടെ അമാനുഷികമായ ധീരതയും ബുദ്ധിയും പൊലിപ്പിച്ചുകാട്ടി, ബ്യൂറോക്രസിയെ ഉദാത്തവൽക്കരിക്കുന്ന 'ദ കിംഗ്', 'കമ്മീഷണർ' തുടങ്ങിയ ചലച്ചിത്രങ്ങൾ ഉദാഹരണമാണ്. സിവിൽ സർവ്വീസിനെക്കുറിച്ചുള്ള പൊതുജനത്തിന്റെ ഭയം കലർന്ന ബഹുമാനവും സംഘടിത രാഷ്ട്രീയ പാർട്ടികളുടെയും ബ്യൂറോക്രസിയുടെയും അഴിമതികളെക്കുറിച്ചുള്ള രോഷവും ഒരുമിച്ച് പ്രീണിപ്പിക്കാൻ സിനിമക്ക് കഴിയുന്നു.

ഇത്തരം ആർക്കി ടൈപ്പുകൾ പുനരുൽപ്പാദിപ്പിക്കപ്പെടുന്നത് സമകാലിക സമൂഹത്തിലാണ്. ടെലിവിഷനാണ് നായക പ്രതിനായകത്വങ്ങളെ സൃഷ്ടിക്കുന്നത്. സിനിമയിൽ നിന്ന് ഭിന്നമായി നായകൻമാർ നമ്മുടെ സ്വീകരണ മുറിയിലേക്ക് വന്നുചേരുന്നു. മാധ്യമങ്ങൾ പ്രത്യേകിച്ച് ടെലിവിഷൻ നൽകിയ തികച്ചും ഭിന്നമായ 'താരപരിവേഷം', ഒരു സൂപ്പർ താരമായി വളരാനോ, പദവി നിലനിർത്താനോ ഉള്ള നിരന്തര ശ്രമങ്ങളിലേക്ക് 'പൊതു വ്യക്തി'കളെ (public persanalities) കൊണ്ടുചെന്നെത്തിക്കുന്നുണ്ട്. ആർക്കെതിരെയും അഭിപ്രായം


പറയാൻ ചങ്കുറപ്പുള്ള രാഷ്ട്രീയ നേതാതാവ്, മുഖം നോക്കാതെ നീതി നടപ്പാക്കുന്ന കളക്ടർ, ജനങ്ങൾക്കായി നിയമം കയ്യിലെടുക്കുന്ന പൊലീസ് അധികാരി, ഏത് അധികാരിയെയും ചോദ്യമുനയിൽ നിർത്തുന്ന വാർത്താ അവതാരകർ എന്നിങ്ങനെ സിനിമയിലെ ആദിരൂപങ്ങൾക്ക് സമൂഹത്തിൽ പാരഡികൾ നിർമ്മിക്കപ്പെട്ടു.

ഈ ആദിരൂപങ്ങളെ നിർമ്മിക്കുന്നതിൽ ടെലിവിഷന്റെ പങ്ക് നിർണ്ണായകാണ്. മുഖ്യധാരാ മാധ്യമങ്ങളിൽ ഇല്ലാത്ത ഒരു റാഡിക്കലിസം കേരളത്തിലെ വാർത്താ ചാനലുകൾക്കമേൽ ആരോപിച്ചു. പൊതുസമൂഹത്തിന് അന്യമായ ശുദ്ധതയും ആത്മാർത്ഥതയും കാൽപ്പനികതയും വിപ്ലവാത്മകതയും ഇതിലേക്ക് പ്രക്ഷേപിക്കപ്പെട്ടു. അനീതി കാണുന്നിടത്തൊക്കെ 'പിന്തിരിപ്പനെന്ന്' വിളിക്കപ്പെട്ടിരുന്ന മാധ്യമങ്ങൾ പോലും പാഞ്ഞെത്താൻ തുടങ്ങി. ഈ തിരക്കിൽ വാർത്തയുടെ കുത്തൊഴുക്കിൽ ഓരങ്ങളിലേക്ക് പോകാതിരിക്കാൻ രാഷ്ട്രീയ നേതാക്കളും മാധ്യമപ്രവർത്തകരും ബ്യൂറോക്രാറ്റുകളും കച്ചവടക്കാരും കിണഞ്ഞുപോരാടുന്ന ഒരുൽസവപ്പറമ്പിലാണ് തലയെടുപ്പുള്ള ആൾരൂപങ്ങളുണ്ടാകുന്നത്.

ഒരു ടെലിവിഷൻ പരമ്പരയിൽ എന്നതുപോലെ ഉദ്വേഗവും റേറ്റിംങും ഒരുമിച്ച് നിലനിർത്താനുള്ള ഗിമ്മിക്കായി മാധ്യമപ്രവർത്തനവും ഭരണവും നിയമ നീതി നിർവ്വഹണവും മാറുന്നു. സമൂഹം, ജനം എന്നിങ്ങനെയുള്ള ജനാധിപത്യ പൊതു ബോധങ്ങൾക്ക്മേൽ വ്യക്തികൾ പ്രതിഷ്ടിക്കപ്പെടുന്നു. ജനാധിപത്യമാർഗ്ഗത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികളെ കാണാൻ പാതിരയോളം കാത്തിരുന്ന് ദർശനം വാങ്ങി, ആധിവ്യാധികൾ ബോധിപ്പിച്ച് മടങ്ങുന്നു. ജനസമ്പർക്കങ്ങൾ അവകാശങ്ങൾ നേടിയെടുത്ത ഒരാൾക്കൂട്ടത്തെയും സൃഷ്ടിക്കുന്നില്ല, മറിച്ച് 'പ്രജാവൽസലനായ' ഒരാദിരൂപത്തെ, പുനസൃഷ്ടിക്കുകയാണ്. ഈ സൃഷ്ടിക്കപ്പെടുന്ന നായകരൂപങ്ങൾക്കാകട്ടെ നിരന്തരം അവരുടെ ജനകീയത നിലനിർത്തേണ്ട ബാധ്യതയും വന്നുചേരുന്നു. അങ്ങനെ റേറ്റിങ് നിലനിർത്തുന്നതിന്റെ ഭാഗമായി ഭരണവും നിയമനീതി നിർവ്വഹണവും മാറുന്നു.

ജനാധിപത്യപരമായി സംഘടിപ്പിക്കപ്പെട്ട് ബഹുജന സമരങ്ങളിലൂടെ വൈകിമാത്രം വരാനിടയുള്ള നീതിക്കായി കാത്തിരിക്കാൻ ക്ഷമയില്ലാത്ത, വിട്ടുവീഴ്ചക്ക് തയ്യാറല്ലാത്ത, അഴിമതിക്കാർക്കെതിരെ സ്വയം നീതി നടപ്പാക്കുന്ന നായകൻമാരിലൂടെ സാമൂഹ്യ പ്രക്രീയയിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ട 'അതീതവ്യക്തി'യെയും 'അതിമനുഷ'നെയും കുറിച്ചുള്ള (പുരുഷകേന്ദ്രിതമായ) മിത്തുകൾ പുനഃസൃഷ്ടിക്കപ്പെടുകയാണ്. വ്യക്തികേന്ദ്രീകൃതമായ മൽസരത്തിന്റെ ഫലമാണ് എല്ലാ ആത്യന്തിക 'വിജയവും' എന്നു സ്ഥാപിക്കുകയും അവരുടെ പ്രവർത്തികളെ ഏകപക്ഷീയമായി ഉദാത്തവൽക്കരിക്കുകയും ചെയ്യുന്നു. നൻമ തിൻമകളെ നിശ്ചയിക്കുന്നത് വ്യക്തിസദാചാരമാണെന്നും, വ്യക്തിത്വത്തെ നിർണയിക്കുന്ന





താകട്ടെ വർണ, വംശ, പാരമ്പര്യ മൂല്യങ്ങളാണെന്നുമുള്ള ഉപരിവർഗ്ഗ സാംൺസ്ൺകാൺരിക പ്രത്യയശാസ്ത്രം തന്നെയാണ് ഇവിടെയും ആവർത്തിക്കുന്നത്. ഫിക്ഷനും നിത്യജീവിതവും സവിശേഷമായ രീതിയിൽ കൂടിക്കലർന്നുപോയ വർത്തമാനകാലത്താണ് പൊതുജനം അകപ്പെട്ടിരിക്കുന്നത്.


## തല മറക്കുമ്പോൾ

ഇത് കുറച്ചുകൂടി വ്യക്തമാകാൻ ഒന്നോ രണ്ടോ വർഷം പിന്നിലുള്ള ഒരു സംഭവമെടുക്കാം. ഋഷിരാജ് സിംങ് ട്രാൻസ്പോർട്ട് കമ്മീഷണർ ആയിരുന്ന കാലത്ത് ശ്രദ്ധേയമായ ഒരു സർക്കാർ നിർദ്ദേശം വന്നു. ''സിനിമയിലും ഇരുചക്ര വാഹനമോടിക്കുന്ന രംഗങ്ങളിൽ അഭിനയിക്കുന്നവർ ഹെൽമറ്റ് ധരിച്ചിരിക്കണം'' എന്നതായിരുന്നു അത്. ''നിർദേശം ലംഘിച്ചാൽ കേസെടുക്കും.'' എന്ന് ഒരു മുന്നറിയിപ്പും അതിൽ ഉണ്ടായിരുന്നു. പൗരസമൂഹത്തിന്റെ സുരക്ഷയെ കരുതി ഒരു ഭരണകൂട സംവിധാനം പുറപ്പെടുവിക്കുന്ന ഉത്തരവായി ഇതിനെ കാണാനാവുമോ? ദൃശ്യ-ജൈവ ജീവിതത്തിന്റെ അതിർരേഖകൾ മാഞ്ഞുപോകുന്നതിന്റെ ഉദാഹരണമായി ഇതിനെ കാണാനാവും.

കിംങ്, കമ്മീഷണർ തുടങ്ങി സിനിമയിൽ നീതി നടപ്പാക്കിയ ആൺ രൂപം പോലെ ഋഷിരാജ് സിങ് നായകനായ ഒരു സിനിമ സങ്കൽപിക്കുക. അക്കാലത്ത് തെരുവിൽ ഋഷിരാജ് സിങ് ഫാൻസ് അസോസിയേഷനുകളും ആരാധകരും ഉയർത്തിയ ഫ്ലക്സ് ബോർഡുകൾ കാണാമായിരുന്നു. മാധ്യമങ്ങളിൽ ഫെയ്സ് ബുക്ക് വാളുകളിൽ നിറയെ പോസ്റ്ററുകളായിരുന്നു. താരങ്ങളെ ഹെൽമറ്റ് അണിയിച്ച ധീരനാക ചിത്രം മാധ്യമങ്ങൾ പാടിപ്പുകഴ്ത്തിയിരുന്നു. ഈ കാലഘട്ടത്തിന്റെ സൂപ്പർ സ്റ്റാർ ഋഷിരാജ് സിങാണെന്ന് മോഹൻലാലും അഭിപ്രായപ്പെട്ടു. എല്ലാം കാണുമ്പോൾ ഉൽപ്രേക്ഷയിൽ അകപ്പെട്ടതുപോലൊരവസ്ഥ. അതുതാനല്ലയോ ഇത് എന്ന ശങ്ക? പക്ഷെ, ഏതാണ് വർണ്യം? ഏതവർണ്യം? സിനിമ യഥാർത്ഥവും നിയമ നിർവ്വഹണം ഫിക്ഷനുമായി തലതിരിഞ്ഞുപോയ ഒരവസ്ഥ. ഏത് ദൃശ്യം (ഫിക്ഷൻ) ഏത് ജൈവം (യാഥാർത്ഥ്യം) എന്ന് വേർതിരിക്കാനാവാതെ പോകുന്ന അവസ്ഥ. സൂക്ഷ്മ നോട്ടത്തിൽ അധികാരം ഫിക്ഷന്റെ കൂടി സാധ്യത പ്രയോജനപ്പെടുത്തി സർഗാത്മകതയിൽ ഇടപെടുന്നുവെന്ന് കാണാം.

നടീടനടൻമാരുടെ ആവിഷ്കാരമാധ്യമം കൂടിയായ മുഖത്തിനാണ് മറയിടുകയെന്നതാണ് ഭരണകൂട ഉത്തരവ്. കഥാ സന്ദർഭത്തിനനുസരിച്ച് കഥാപാത്രം പുലർത്തേണ്ട അഭിനയം ആവിഷ്കരിക്കാൻ എന്താണ് മാർഗ്ഗം? 'അന്നേരം നായകൻ കരകവിഞ്ഞ ഹൃദയവികാരത്താൽ കരയുകയോ/ ചിരിക്കുകയോ/ അന്തവിട്ടിരിക്കുകയോ ആയിരുന്നു'എന്ന് അടിക്കുറിപ്പു കൊടുത്താൽ മതി എന്നതുപോലെ വിചിത്രമായ ഉത്തരവുകളും വന്നുകൂടെന്നില്ല.

പുകവലി മദ്യപാനം തുടങ്ങിയ സന്ദർഭങ്ങളിൽ 'പുകവലിയും മദ്യപാനവും ആരോഗ്യത്തിന് ഹാനികരം' എന്ന പരസ്യം എഴുക്കാണിക്കണം എന്നാണ് ഇന്ത്യയിലെ ഇപ്പോഴത്തെ സെൻസർ നിയമം. അഥവാ എന്റെ പിഴ, എന്റെ പിഴ എന്റെ വലിയ പിഴ എന്ന കലാകാരന്റെ/കാരിയുടെ വിലാപമോ ഏറ്റുപറച്ചിലോ കൂടി ആവശ്യമാണ്. ഇത് അംഗീകരിച്ചുകൊണ്ടാണ് ഇപ്പോൾ സിനിമകൾ പ്രദർശനത്തിനെത്തുന്നത്. കല/ ആവിഷ്കാരം തുടങ്ങിയ മേഖലകളിലുള്ള ഭരണകൂടത്തിന്റെ അതിരു കടന്ന ഇടപെടലുകളോട് കലഹിച്ച പ്രശസ്ത സംവിധായകൻ വുഡ്ഡി അലൻ സിനിമകൾ ഇന്ത്യയിൽ പ്രദർശിപ്പിക്കുന്നില്ലെന്ന് പ്രഖ്യാപിച്ചത് ഈ സാഹചര്യത്തിലാണ്. സിനിമയുടെ ദൃശ്യങ്ങളെ അതിന്റെ സൗന്ദര്യത്തെ ഭംഗപ്പെടുത്തിക്കൊണ്ട് എഴുതിക്കാണിക്കുന്ന ഭരമകൂട മുന്നറിയിപ്പുകൾക്ക് തന്റെ കലാസൃഷ്ടി ഉപയോഗിക്കില്ലെന്നാണ് വുഡ്ഡി അലൻ പറഞ്ഞിരുന്നു. എന്നാൽ, നമ്മുടെ അധികാര വിധേയത്വവും താരാരാധനാ മനോഭാവവും സ്വയം സെൻസർഷിപ്പിന് വിധേയമാവുകയാണുണ്ടായത്. തുടർന്നിങ്ങോട്ട് അഭിനേതാക്കൾ കഥാസന്ദർഭങ്ങളെപ്പോലുംമറന്ന് ഹെൽമറ്റിട്ടു, ഇട്ടുകൊണ്ടിരിക്കുന്നു.



'നിയമമെന്നാൽ യഥാർഥ സാഹചര്യങ്ങളിൽ മാത്രം പ്രവർത്തനക്ഷമമാവുന്ന ഒന്നാണ്. ആതുകൊണ്ടുതന്നെ ഫിക്ഷനിൽ നിയമം പ്രയോഗിക്കാൻ കഴിയുകയില്ല. സിനിമയിൽ ഒരാൾ ഒരാളെ കൊല്ലുമ്പോൾ അയാളെ' യഥാർഥ'കുറ്റവാളിയായി കണക്കാക്കി ശിക്ഷിക്കുന്നത് അസംബന്ധമാണ്. അതുപോലെ, സിനിമയിൽ ഒരു അഭിനേതാവ് കഥാസന്ദർഭം ആവശ്യപ്പെടുകയാണെങ്കിൽ, ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനം ഓടിക്കുന്നത് എങ്ങനെ ശിക്ഷാർഹമാകും? വേഷം അഴിച്ചുവയ്ക്കുമ്പോൾ തീരുന്നതല്ലേ നടനം. ഒരു കഥാരാത്രത്തിന്റെ പേരിൽ ജീവിതകാലമത്രയും ക്രിമിനലായി മുദ്രകുത്തപ്പെടുന്നതിന്റെ യുക്തി എന്താണ്? ഇതേ അസംബന്ധയുക്തി, നാളെ കുറ്റകൃത്യങ്ങളുടെ എല്ലാ ആവിഷ്കാരങ്ങളേയും നിയമം മൂലം നിരോധിച്ചാൽ, പിന്നെ, സിനിമയ്ക്ക് സൗന്ദര്യശാസ്ത്രപരമായി എന്തു പ്രസക്തിയാണുള്ളത്? നന്മയേയും തിന്മയേയും ഒരേ ശക്തിയോടെ ആവിഷ്ക്കരിയ്ക്കുക എന്നതാണല്ലോ കലയുടെ ധർമ്മം. കൊലയും ബലാൽസംഗവും ഭവനഭേദനവും കള്ളക്കടത്തും തീവ്രവാദവുമെല്ലാം കുറ്റത്തിന്റെയും ശിക്ഷയുടെയും പരിധിയിൽ വരുന്നതിനാൽ ഇനി അത്തരം കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന നടീനടൻമാർ ശിക്ഷിക്കിപ്പെടുന്ന അവസ്ഥ എത്ര മാത്രം അസംബന്ധമാണ്. അയഥാർത്ഥവും കാൽപനികവുമായ ഒരു ഭാവനാലോകത്തുനിന്നുകൊണ്ട് കലയെ/ ഫിക്ഷനെ യഥാർത്ഥ്യമായി ധരിച്ചുപോകുമ്പോഴുണ്ടാകുന്ന ചാപല്യമായി മാത്രം ഇതിനെ കാണുന്നതിൽ അപകടമുണ്ട്. കാരണം ഇതൊരു തലതിരിഞ്ഞ സാമൂഹ്യബോധത്തെക്കൂടിയാണ് അടയാളപ്പെടുത്തുന്നത്.

സിനിമയിൽ ബൈക്ക് ഓടിക്കുന്ന നടൻ/ നടി ഹെൽമറ്റ് ധരിക്കണം എന്ന ഉത്തരവ് ഈ വിലക്കുകളുടെ തുടർച്ചയാണ്. നിയമം, നീതി തുടങ്ങിയ പദാവലികളും പ്രയോഗങ്ങളും സൃഷ്ടിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യങ്ങളുടെ അതിന്റെ ഉള്ളിലിരിപ്പുകളും പുറത്തുവരുന്ന സന്ദർഭം. മധ്യകാല മത/ പൗരോഹിത്യത്തിന്റെയും പിൽക്കാല വംശീയ ഏകാധിപത്യത്തിന്റെയും കാലത്ത് വിലക്കുകളായിരുന്നു നിയമങ്ങൾ. മനുഷ്യരുടെ പെരുമാറ്റവും ജീവിതവും സദാചാരവും തീരുമാനിക്കപ്പെടുന്നത് കല്ലേപ്പിളർക്കുന്ന കൽപനകളിലൂടെയാണ്. ഉത്തരവുകൾ അനുസരിച്ചും പാലിച്ചും വിധേയപ്പെടുന്ന ശരീരങ്ങളാണ് പ്രജകൾ. ആ പ്രജാസഞ്ജയമാണ് സമൂഹം. ജുസപ്പി തൊർണാതോറിന്റെ പ്രശസ്തമായ സിനിമാ പാരഡൈസോ എന്ന ചലച്ചിത്രം നിയമം എങ്ങനെയാണ് സാമൂഹ്യ സദാചാരമായി മാറുന്നതെന്ന് കാട്ടിത്തരുന്നുണ്ട്. സിസിലിയിലെ ഒരു ഗ്രാമീണ ടാക്കീസിന്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്. അവിടെ പ്രദർശനത്തിനെത്തുന്ന സിനിമകൾ ആദ്യം കാണുന്നത് പള്ളിയിലെ പുരോഹിതനാണ്. ചിത്രം പുരോഹിതനുവേണ്ടി രഹസ്യപ്രദർശനം നടത്തും. സിനിമയിലെ ചുംബനങ്ങളും ലൈംഗിക സ്പർശമുള്ള ഭാഗങ്ങളും വരുമ്പോൾ പുരോഹിതൻ മണിമുഴക്കും. അങ്ങനെ ആ ഭാഗം മുറിച്ചുനീക്കും. ഗ്രാമത്തിലെ പൊതുജനങ്ങൾ കാണുന്നതിനുമുമ്പ് മതപുരോഹിതനാൽ സിനിമ സെൻസർ ചെയ്യപ്പെടുന്നു. ആൺ പെൺ ഉടലുകൾക്കിടയിൽ പൗരോഹിത്യത്തിന്റെ അദൃശ്യമായ ഇരുമ്പുമറസ്ഥാപിക്കപ്പെടുന്നു. രണ്ടുപേർ ചുംബിക്കുമ്പോൾ ലോകം മാറുന്നു' എങ്കിൽ നൂറ്റാണ്ടുകളായി മുറിച്ചുമാറ്റിയ ചുംബനങ്ങളാലും വിലക്കപ്പെട്ട ഉടൽ ഗമനങ്ങളാലും സുസ്ഥിരമാക്കപ്പെട്ട ലോകമാണിത്. വിലക്കുകളാൽ നിർമ്മിക്കപ്പെട്ട ലോകം.

ഇവിടെ നമ്മുടെ നിയമ നിർവ്വഹണ സങ്കൽപ്പിക്കപ്പെടുന്നത് ജനാധിപത്യസങ്കൽപ്പത്തിൽ അധിഷ്ഠിതമായ നീതിബോധത്തിലല്ല, മറിച്ച് മത പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഏകാധിപത്യ സങ്കൽപ്പത്തിലാണ്. ഈ ഏകാധിപത്യമനോഭാവം സകലതിനെയും വരുതിയിലാക്കാൻ ശ്രമിക്കും. തെരുവും പള്ളിക്കൂടങ്ങളും വായനശാലകളും സിനിമാശാലകളും ഒരേ വിധം അച്ചടക്കത്തോടെ പ്രവർത്തിക്കണമെന്ന ശാസനയാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്. ജീവിതത്തിലോ കഥയിലോ ചലച്ചിത്രത്തിലോ ഈ അച്ചടക്കം പരിധികടക്കാൻ പാടില്ല. സിനിമയിൽ നിന്ന് ജീവിതത്തിലേക്കോ, ജീവിതത്തിൽ നിന്ന് സിനിമയിലേക്കോ ഇനി ബൈക്കോടിക്കുന്നവർ അതിനാൽ നിയമത്തിന്റെ പരിധിയിൽ വരുമെന്നും അത് ക്രിമിനൽ കുറ്റമായി പരിഗണിക്കപ്പെടുമെന്നും അനുശാസിക്കപ്പെടുന്നത് അതുകൊണ്ടാണ്. ചുംബനം പോലെ, പ്രണയാലിംഗനങ്ങൾ പോലെ ഇനി പൊലീസ് പുരോഹതർ മണി മുഴക്കുമ്പോൾ മുറിച്ചുമാറ്റേണ്ട ദൃശ്യങ്ങളിൽ ഹെൽമറ്റില്ലാത്ത തലകൂടി ഉൾപ്പെടും. ഇരുചക്രവാഹനവും അതിലെ യാത്രയും പ്രധാനമായിവരുന്ന ഒരു സിനിമ ഇനി സങ്കൽപ്പിക്കാനില്ല. വാൾട്ടർ സാലെസിന്റെ മോട്ടോർ സൈക്കിൾ ഡയറീസ് പോലൊരു സിനിമ കേരളത്തിൽ പ്രദർശിപ്പിക്കാനാവില്ല. സിനിമാ പാരഡൈസോയിൽ കാണുന്ന സിസിലിയിലെ ഗ്രാമീണ കൊട്ടകയിൽ സ്വകാര്യപ്രദർശനം കാണാനെത്തുന്ന പുരോഹിതനിൽ നിന്നും സമകാലിക പൊലീസ് മേധാവിയിലേക്കുള്ള ദൂരം നേർത്തുവരുന്നു.

ഈ സാമൂഹ്യ സങ്കൽപ്പത്തിനുള്ളിൽ അനാസക്തിയുടെ പ്രമേയങ്ങളുണ്ട്. ക്രിസ്ത്യൻ യുഗത്തിൽ പലതരം പ്രമാണങ്ങളായി അത് വിപുലമാകുന്നു. ത്യജിക്കലിന്റെയും നിരോധനത്തിന്റെയും വിലക്കുകളുടെയും അദൃശ്യവും ശക്തവുമായ പ്രമാണങ്ങളാണ് 'നിയമ'ങ്ങളായി പ്രവർത്തിച്ചത്. ലൈംഗിക നിയന്ത്രണങ്ങൾക്ക് ഇവിടെ പ്രത്യേക സ്ഥാനമുണ്ടായിരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് നിങ്ങൾ നിങ്ങളാവുന്നത് എന്ന അനുശാസിക്കുന്ന പൗരോഹിത്യ ശാസനം പിന്തുടരുന്നവരായി സമൂഹം മാറുന്നു. മറിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും നിരോധിക്കപ്പെടുന്നു. അത് കലയിലായാലും സാഹിത്യത്തിലോ, നിത്യജീവിതത്തിലോ ആയാലും. ഈ 'സനാതന' സത്യങ്ങൾ ചോദ്യം ചെയ്തപ്പോഴൊക്കെ അധികാരികൾ ചകിതരാകുന്നുണ്ട്. ചാർവാകൻ, ബ്രൂണോ, ഗലീലിയോ മുതൽ സൽമാൻ റുഷ്ദി, തസ്ലിമാ നസറീൻ, പി. എം ആന്റണി വരെ ചുട്ടെരിക്കപ്പെടുകയോ, നാടുകടത്തപ്പെടുകയോ തടവിലാക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. എത്രയോ ശാസ്ത്ര ചിന്തകൾ, ഗ്രന്ഥങ്ങൾ, ചിത്രങ്ങൾ, ചലച്ചിത്രങ്ങൾ ചുട്ടെരിക്കപ്പെട്ടിട്ടുണ്ട്. പൗരോഹിത്യ, വംശീയ ഏകാധിപത്യ കാലം മുതൽ ജനാധിപത്യ കാലം വരെ തുടരുന്നതാണ് ഈ അനുഭവം. ഇവിടെയാണ് ജനാധിപത്യം, നിയമം നീതി, എന്നീ പദാവലികൾ ചോദ്യം ചെയ്യപ്പെടുന്നത്.

ഭരണകൂടങ്ങൾ അതിന്റെ ഫാസിസ്റ്റ് ആശയങ്ങൾ ആദ്യം നടപ്പാക്കുക പാഠപുസ്തകങ്ങളിലും കലാ ആവിഷ്കാരങ്ങളിലമായിരിക്കും. എല്ലാ 'രണകൂടങ്ങളുടെ ഏകാധിപത്യസ്ഥാപനങ്ങളായി മാറുന്നിടത്ത് ഇത് പ്രകടമാണ്. ഫാസിസത്തിൽ മാത്രമല്ല സോഷ്യലിസ്റ്റ് ജനാധിപത്യ അധികാര ഘടനയിലും ഹിറ്റ്ലർ ലീനമായിരിക്കുന്നതിന്റെ സൂചനകൾ ചരിത്രത്തിലുണ്ട്. ട്രാക്ടറുകളെക്കുറിച്ച് കവിതയെഴുതാൻ കവികളെ നിർബന്ധിച്ച പഴയ സോവിയറ്റ് ഭരണകൂടത്തിൽ നിന്ന് ഭിന്നമല്ല മാധ്യപ്രവർത്തർ മാർക്സിസം എഴുത്തു പരീക്ഷ ജയിച്ചിരിക്കണം എന്ന ചൈനയുടെ പുതിയ നിയമം. രാഷ്ട്രീയോപരിതലത്തിൽ പ്രത്യക്ഷനായിരുന്ന ഹിറ്റലറെ തിരിച്ചറിയാനും പ്രതിരോധിക്കാനുമുള്ള ആയുധ ബലം കൊണ്ട് സാംസ്കാരിക മേഖലയിൽ ലീനമായിരിക്കുന്ന ഹിറ്റ്ലറെ പ്രതിരോധിക്കുക സാധ്യമവുകയില്ല.

കാരണം പൊതുനിരത്തുകളിൽ, സിനിമാശാലകളിൽ, ഷോപ്പിംങ്മാളുകളിലും ഒഫീസുകളിലും ജീവിതത്തിന്റെ ഇടനാഴികളിലെല്ലാം നിങ്ങൾ നിരീക്ഷണത്തിലാണെന്ന് ബോർഡ് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇത് ഭീതി നിറഞ്ഞ സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നു. പൊതു ഇടങ്ങളും തുറന്ന ചർച്ചകളും ഇറങ്ങി നടപ്പുകളും ഇനി സാധ്യമല്ലെന്ന തോന്നലുണ്ടാക്കുന്നു. ശരീരത്തിന്റെ സൂക്ഷ്മാംശങ്ങളിലേക്ക് പോലും ആണ്ടിറങ്ങുന്ന നോട്ടങ്ങളുടെ ഭയചകിതമായ അന്തരീക്ഷം. അത് സിനിമയിലേക്കും പുറം ജീവിതത്തിലേക്കും ഒരേപോലെ കണ്ണ് പായിക്കുന്നു. കുറ്റവാളികളെ എവിടെനിന്നും കണ്ടെടുക്കപ്പെടാമെന്ന അധികാരത്തിന്റെ തുറുകണ്ണുകൾക്ക് മുന്നിൽ വ്യക്തി കേവലം കഥാപാത്രങ്ങളായി മാറുന്നു. ഓട്ടോ ഡ്രൈവറായി, ടാക്സിയോടിക്കുന്നവനായി, തൊഴിലിടത്തിൽ നിന്നും വീട്ടിലേക്ക് ധൃതിയിൽ മടങ്ങുന്ന ഇരുചക്രവാഹനക്കാ

രനായി, ബസ് തൊഴിലാളിയായി വേഷമിട്ടാടുന്ന കഥാപാത്രങ്ങൾ. ഇവിടെ ഫിക്ഷനും യാഥാർഥ്യവും തമ്മിലുള്ള അതിർവരമ്പാണ് മായ്ച്ചു കളഞ്ഞിരിക്കുന്നത്. കുറ്റവാളിയാകാനുള്ള സാധ്യതാവൃത്തം കുറച്ചുകൂടി വിപുലപ്പെടുത്തി. അച്ചടക്കം സമൂഹത്തിന് മാത്രമാവരുതെന്നും കലക്കുമാകാമെന്നും, നിയമം ലംഘിക്കുന്ന കല ക്രിമിനൽ കുറ്റമാകുമെന്നുമാണ് ഇതിന്റെ സന്ദേശം. അതൊരു തോട്ടിയാണ്. എം എൻ വിജയൻ നിരീക്ഷിക്കുന്നതുപോലെ ആനയുടെ കാലിൽ ചാരിവച്ച തോട്ടി. ഒരു പിൻവലി, ശാസനം, വിലക്ക്. സ്വയം അനുസരിച്ചാൽ നമുക്ക് നല്ല പ്രജകളാകാം. അല്ലെങ്കിൽ ചങ്ങലയിൽ തളയ്ക്കപ്പെടാം.

## തലതിരിഞ്ഞ കാഴ്ചകൾ

അതിവേഗം മധ്യവർഗ്ഗവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹമാണ് നമ്മുടേത്. തലമുറകളായി ജീവിച്ചുവരുന്ന ചുറ്റുപാടുകളിൽ നിന്ന് പലരീതിയിൽ വിഭജിക്കപ്പെട്ട ജനക്കൂട്ടം. അനിയന്ത്രിതമായ നഗരവൽക്കരണത്തിൽ തിങ്ങിഞെരുങ്ങിയും പിന്നീടതിന്റെ ഭാഗമായും പുതി ശീലങ്ങളിലേക്ക് പ്രവേശിച്ച് ഒരു മൾട്ട് പ്ലക്സ് കാഴ്ചാ സമുഹമായി അതിവേഗം രൂപം മാറിക്കൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നതെന്നറിയാനുള്ള സാധ്യത കുറവായതുകൊണ്ടാവണം നുണകളിലും സ്വയം മെനഞ്ഞെടുത്ത സ്വപ്നങ്ങളിലും വാർത്തകളിലും വാർത്താ വ്യാഖ്യാനങ്ങളിലും ജനം അഭയം കണ്ടെത്താൻ ശ്രമിക്കുന്നത്. യാഥാർത്ഥ്യവും കൽപനയും വേർതിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതി. വ്യാമോഹങ്ങളുടെയും സങ്കൽപങ്ങളുടെയും യാഥാർത്ഥ്യത്തിന്റെയും ഇടയിൽ കുരുങ്ങിയ ഒരു സമൂഹത്തെ എങ്ങനെ വായിച്ചെടുക്കാൻ കഴിയും?

ഏതാനും വർഷങ്ങൾക്ക് മുമ്പ് കോട്ടയത്തു നിന്ന് കേട്ട് ഒരുൾസവത്തിന്റെ കഥ. കിഴക്ക് പാലായ്ക്ക് അടുത്തുള്ള ഉൾനാടൻ ഗ്രാമമായ അമ്പാറയിലെ അമ്പലത്തിൽ ഉത്സവത്തിന് ഗുരുവായൂർ പദ്മനാഭനെ കൊണ്ടുവന്നു. ഒറ്റ ആനയുടെ എഴുന്നള്ളിപ്പ് മാത്രം നടക്കുന്ന ചെറിയ ഒരു ഉത്സവം മാത്രമായിരുന്നു അന്നോളം അത്. ഒരാനയെപ്പോലും തികച്ച് കണ്ടു തീർത്തിട്ടില്ലാത്ത ഉൽസവപ്രേമികൾക്ക് മുന്നിൽ പത്മനാഭൻ നിന്നു. അവനെക്കാണാൻ മാത്രമായി ആളുകൾ തടിച്ചുകൂടി. തൊട്ടടുത്ത വർഷം മുതൽ കഥമാറി. കേരളത്തിലെ ഏറ്റവും മുന്തിയ കരിവീരനെത്തന്നെ എഴുന്നള്ളിക്കണമെന്ന് നാട്ടുകാർ തന്നെ ആവശ്യപ്പെടാൻ തുടങ്ങി. അത് ഒരു അഭിമാനപ്രശ്നമായി വളർന്നു. ഉത്സവത്തേക്കാൾ ഉയരത്തിൽ ആന തിളങ്ങി. കേരളത്തിലെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും സൂപ്പർ താരങ്ങളേക്കാൾ ഫ്ലെക്സ്ബോർഡുകളിൽ നിറഞ്ഞുനിൽക്കുന്നത് ആനകളാണ്. ആനകൾക്ക് ഫാൻസ് ആസോസിയേഷനുകൾ ഉള്ള നാടാണ് കേരളം. നമ്മുടെ കാഴ്ചയും കാഴ്ചപ്പാടും വിശ്വാസവും വിധേയത്വും ആരാധനയും പൂജയുമെല്ലാം ഉൽസവവും പിന്നിലും ആന മുന്നിലുമായി തലതിരിഞ്ഞുപോയിരിക്കുന്നു. ഇത് ഉൽസവങ്ങൾ വിട്ട് നിത്യജീവിതത്തിലും സാമൂഹ്യജീവിതത്തിലും ആവർത്തിക്കുന്നു. പ്രസ്ഥാനങ്ങളേക്കാൾ നേതാക്കൾക്കും ആത്മീയതയേക്കാൾ ആൾദൈവങ്ങൾക്കും പുരോഹിതർക്കും സുവിശേഷകർക്കും സിനിമയേക്കാൾ താരങ്ങൾക്കും നിയമത്തേക്കാൾ നിയമ പാലകകർക്കും വാർത്തകളേക്കാൾ അവതാരകർക്കും വന്നുചേർന്ന ആനവലിപ്പത്തിനു മുന്നിൽ, നമ്മുടെ കാഴ്ചകളും കാഴ്ചപ്പാടുകളും കൊമ്പും തുമ്പിക്കൈയും ചെവിയും വാലും ചൂലുമായി വിഭജിക്കപ്പെടുന്നു. അറിഞ്ഞ ശരികളിൽ അഭിരമിക്കുന്നു. ദൃശ്യങ്ങളുടെ ഈ ആഘോഷത്തിൽ ബിംബങ്ങളുടെ മഹത്വവൽക്കരണത്തിൽ സമൂഹം അനുഭവിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ മുറിച്ചുമാറ്റപ്പെടുകയോ മൂടിവയ്ക്കപ്പെടുകയോ ചെയ്യുന്നു.

## ആദരാഞ്ജലി



**ഷീജ ആർ.**
അസിസ്റ്റന്റ് പ്രൊഫസർ, കോമേഴ്സ്
പീറ്റ് മെമ്മോറിയൽ ട്രെയിനിങ്ങ് കോളേജ്,
മാവേലിക്കര

*കത്തിയമരാത്തൊരീ*
*ചിതകളിൽ*
*പച്ചവിറകുപോൽ*
*പുകയുന്നോർമ്മകൾ*



**സന്ദീപ് ടി.**
അസിസ്റ്റന്റ് പ്രൊഫസർ മാനേജ്മെന്റ് സ്റ്റഡീസ്,
എസ്.എൻ. കോളേജ്, കണ്ണൂർ

## സർവ്വീസ് ട്യൂട്ടോറിയൽ




# 6 –ാം യു.ജി.സി റഗുലേഷൻ പ്രകാരമുള്ള പ്രൊമോഷൻ/ പ്ലെയിസ്മെന്റ് വ്യവസ്ഥകൾ

ഡോ. കെ.പി. വിനോദ് കുമാർ

കൺവീനർ, സർവീസ് സെൽ




* 1-1-2006 ൽ ആരംഭിച്ച 6-ാം യു.ജി.സി റഗുലേഷനിൽ മൂന്ന് അധ്യാപക തസ്തികൾ മാത്രമേയുള്ളു.അസ്സിസ്റ്റൻഡ് പ്രൊഫസ്സർ, അസ്സോസിയറ്റ് പ്രൊഫസ്സർ, പ്രൊഫസ്സർ.

* രണ്ട് പേ-ബാന്റുകളും ആറ് അക്കാദമിക്ക് ഗ്രേഡ്പേകളും ഉണ്ട്. പേ-ബാന്റ് ഒന്നിൽ ശംബളസെക്യ്ലിൽ ₹15600-39100 രൂപയും പേ-ബാന്റ് രണ്ടിൽ ₹37400-17000 രൂപയും. ₹6000, ₹7000, ₹ 8000, ₹ 9000, ₹ 10000, ₹ 12000 എന്നിവയാണ് അക്കാദമിക് ഗ്രേഡ്-പേകൾ അടിസ്ഥാന ശംബളം എന്നത് പേ-ബേന്റിലെ ശംബളവും AGP യും ചേർന്നതാണ്.

* അസ്സിസ്റ്റന്റ് പ്രൊഫസ്സർക്ക് 3 ഘട്ടങ്ങൾ (Stage) ഉണ്ട്. അസ്സിസ്റ്റന്റ് പ്രൊഫസ്സർ സ്റ്റേജ് -1 ആയി നിയമനം ലഭിച്ച അധ്യാപകർക്ക് , സ്റ്റേജ് II ആകുന്നതിന് 6 വർഷത്തെ സർവ്വീസ് ആവശ്യമാണ്. (പി.എച്ച്.ഡി ഉള്ളവർക്ക് 2 വർഷത്തേയും, എം.ഫിൽ ഉള്ളവർക്ക് ഒരു വർഷത്തേയും ഇളവ് ലഭിക്കും). നിശ്ചിത ദൈർഘ്യമുള്ള ഒരു ഓറിയന്റേഷൻ കോഴ്സിലും ഒരു റിഫ്രഷൻ കോഴസിലും പങ്കെടുത്തിരിക്കണം. കൂടാതെ അക്കാദമിക് പ്രവർത്തനങ്ങളെ വിലയിരുത്തുന്ന API നിർബന്ധമാക്കുന്നപക്ഷം, അധ്യാപകർക്ക് നിശ്ചിത API സ്കോർ ഉണ്ടെന്ന് പ്രത്യേകം നിയോഗിക്കപെട്ട സമിതി (Screening cum evalution committee) യുണിവേഴ്സിറ്റിക്ക് ശുപാർശ സമർപ്പിക്കണം. API Score കണക്കാക്കുന്ന രീതി പലതവണ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും സർവ്വകലാശാലകൾ അധ്യാപകരോട് നൽകാൻ ശുപാർശ ചെയ്യപ്പെട്ടത് 2010 ൽ യു.ജി.സി റഗുലേഷനോടൊപ്പം നൽകിയിട്ടുള്ള API പ്രഫോമകളാണ്.

* അസ്സിസ്റ്റൻഡ് പ്രൊഫസ്സർ സ്റ്റേജ് II ൽ നിന്ന് III യിലേക്കുള്ള പ്രൊമോഷന് 5 വർഷം കൂടി സർവ്വീസ് വേണം. കൂടാതെ ഒരു റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുകയും ആവശ്യമായ API സ്കോറുകൾ ഉണ്ടെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന സ്ക്രീനിങ് കമ്മിറ്റി ശുപാർശ ചെയ്യുകയും വേണം.

* സ്റ്റേജ് IIIൽ നിന്ന് അസ്സോസിയേറ്റ് പ്രൊഫസ്സറാകാൻ തുടർന്നും 3 വർഷത്തെ സർവ്വീസ് ആവശ്യമാണ്. ഒരാഴ്ച ദൈർഘ്യമുള്ള ഒരു പ്രൊഫഷണൽ ഡെവലപ്പ്മെന്റ് കോഴ്സിലെ പങ്കാളിത്തവും മൂന്ന് പ്രസിദ്ധീകരണങ്ങളും ആവശ്യമാണ്. (പി.എച്ച്.ഡി യുള്ളവർക്ക് ഒന്നും എം.ഫിൽ ഉള്ളവർക്ക് രണ്ടും പ്രസിദ്ധീകരണങ്ങൾ മതിയാകും). ആവശ്യമായ എ.പി.ഐ സ്കോറുകൾ ഉണ്ടെന്ന് ഇതിനായി നിയോഗിക്കപ്പെടുന്ന സമിതി കണ്ടെത്തണം.




* പ്രൊഫസ്സർ തസ്തികകൾ കോളേജുകളിൽ സൃഷ്ടിക്കാമെന്ന് ഗവർമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും അതിനുള്ള തുടർനടപടികൾ സർവ്വകലാശാലകളുടെ ഭാഗത്തുനിന്നും സർക്കാറിന്റെ ഭാഗത്തുനിന്നും ആരംഭിക്കേണ്ടതാണ്. UGC റഗുലേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് 30.06.2010 ന് ആണെങ്കിലും ഗസറ്റിൽ പ്രസിദ്ധീകിരച്ചത് 18.09.2010 ന് മാത്രമാണ്. കേരളത്തിലെ വിവിധ സർവ്വകലാശാലകൾ 6-ാം UGC റഗുലേഷൻ അംഗീകരിച്ച് പാസ്സാക്കിയത് വിവിധ ഡേറ്റുകൾക്കാണ്. കേരള സർവ്വകലാശാല റഗുലേഷൻ അംഗീകരിച്ച് 2013 നവംബർ 24ന് മുമ്പ് പ്രമോഷൻ യോഗ്യത നേടിയ മുഴുവൻ അധ്യാപകർക്കും പഴയ റഗുലേഷൻ വ്യവസ്ഥകൾ അനുസരിച്ച് പ്രമോഷൻ നൽകിയിരുന്നു. കണ്ണൂർ സർവ്വകലാശാല റെഗുലേഷന് 18.09.2010 മുതൽ പ്രാബല്യം നൽകി കൊണ്ട് ഉത്തരവ് ഇറക്കിയത് 19.10.2011ന് ആണ്. കോഴിക്കോട് സർവ്വകലാശാലയിൽ അക്കാദമിക്ക് കൗൺസിൽ യു.ജി.സി റെഗുലേഷൻ അംഗീകരിച്ചത് 30.06.2013 ന് ആണെങ്കിലും സംഘടന ഇടപെടലിന്റെ ഭാഗമായി 2015 ഡിസംബർ 31വരെയുള്ള പ്ലെയ്സ്മെന്റ്/പ്രൊമോഷനുകൾക്ക് എ.പി.ഐ നിബന്ധനകൾ കണക്കാക്കാതെയുള്ള ഉത്തരവ് ഇറക്കിപ്പിക്കാൻ സാധിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പ്ലെയ്സ്മെന്റ്/പ്രമോഷൻ നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നേയോള്ളു. പ്ലെയ്സ്മെന്റ് പ്രൊമോഷൻ ലഭിക്കുന്നതിനായി അധ്യാപകർ സർവ്വകലാശാലയിലേക്ക് സമർപ്പിക്കേണ്ട പ്രധാന രേഖകൾ ഇപ്രകാരമാണ്.

1 Application in the prescribed PBAS Performa submitted by the applicant along with all supporting documents. One copy submitted to university and one copy retained in the college.

2 Service book of the promotee after making necessary entries regarding promotion/fixation of pay.

3 Promotion order issued by the manager.

4 Attested copies of certificate to prove participation of the applicant in the mandatory orientation/refresher/other courses of specified duration.

5 Minutes of the Screening/Selection committee

6 Copies of documents to prove publication requirement in the case of promotion to the post of Associate professor.

7 Copies of Ph.D/M.Phill certificates of the applicant, if claiming relaxation in the service requirement for promotion as Assistant Professor stage 2.

8 Documents to prove option exercised by the applicant for fixation of pay in the promoted post.

9 Service certificates containing details of leave without allowances (LWA) availed and period of dies-non.

10 Consolidated API verification statement duly signed by all members in the selection/Screening cum evaluation committee.(In Calicut University after31-12-2015).

11 Copies of University order approving initial appointment, earlier promotion etc(if demanded).

12 Declaration of promote regarding refund of excess pay consequent to changes in the date of promotion, if any.

അദ്ധ്യാപകരുടെ
സർവ്വീസ് സംബന്ധിയായ
ചോദ്യങ്ങൾ
ഇ-മെയിലിൽ അയക്കുക

vinodekat@yahoo.co.in
serviceakpcta@gmail.com

GOVERNMENT OF KERALA

Abstract

Higher Education Department - Payment of 6th UGC pay revision arrears to Government and Aided College Teachers and Teachers of Universities - Release of 4th installment - Modalities for disbursement -- Orders Issued.

HIGHER EDUCATION (C) DEPARTMENT

G.O.(P)No. 26/2016/HEDN Dated,Thiruvananthapuram,21/12/2016

Read: G.O (P) No.25/16/H.Edn Dated 21.12.2016.

ORDER

As per the G.O. read above, sanction has been accorded for the release of the fourth installment of 6th UGC pay revision arrears to the College/University teachers. The Accountant General, Kerala, pointed out that excess payment was made to the teachers by the Universities for valuation of answer scripts of regular students, which has to be performed as part of the normal duty of the teachers as per the guidelines issued by the UGC. Hence, it is incumbent upon the State to recover such excess amount from the arrears due to the teachers.

Considering the fact that some more time is required to quantify the exact amount to be recovered from the teachers, it is hereby ordered to release only 80% (Eighty percentage only) of the arrears and to hold back the remaining 20% of the amount ordered for release as per G.O. read as first paper above.

The Registrar, the Finance Officer and the Controller of Examinations of each University, in consultation with the Accountant General, shall quantify the excess amount recoverable from each faculty member, who received remuneration for valuation of answer scripts of regular students, against which the Accountant General raised objection as irregular payment. This process shall be completed within a period of three months from the date of issuance of this order.

By order of the Governor
B.SRINIVAS
PRINCIPAL SECRETARY

To:- The Director of Collegiate Education, Thiruvananthapuram.
The Director of Technical Education, Thiruvananthapuram.
The Registrar, University of Kerala/MG/Calicut/Kannur/CUSAT/SSUS
The Member Secretary, Kerala State Higher Education Council

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം—2-9-2016-ലെ ദേശീയ പണിമുടക്ക്— ജീവനക്കാർ ആഫീസുകളിൽ ഹാജരാകാതിരുന്നത്—അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുഭരണ (എസ്.എസ്.) വകുപ്പ്

സ. ഉ. (പി) നമ്പർ 28/2016/പൊ.ഭ.വ. തിരുവനന്തപുരം, 2016 ഒക്ടോബർ 18.

ഉത്തരവ്

2-9-2016-ൽ നടന്ന ദേശീയ പണിമുടക്കിനോടനുബന്ധിച്ച് ആഫീസുകളിൽ ഹാജരാകാതിരുന്ന ജീവനക്കാർക്കും അധ്യാപകർക്കും ആകസ്മികാവധി ഉൾപ്പെടെയുള്ള അർഹതപ്പെട്ട അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഉഷാ ടൈറ്റസ്,
സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/എല്ലാ കളക്ടർമാർക്കും.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർക്ക്.
രജിസ്ട്രാർ ജനറൽ, ഹൈക്കോടതി, കൊച്ചി (ആമുഖ കത്തുമുഖേന).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തുമുഖേന).
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്തുമുഖേന).

Nb 24/12/16.

GOVERNMENT OF KERALA

Abstract

Higher Education Department – Collegiate Education – Programmes of New Initiatives – Decisions of the Programme Implementation Committee - Orders Issued.

---

## Higher Education (F) Department

**G.O (Rt) No. 3490/2016/H.Edn. Dated, Thiruvananthapuram: 22.12.2016**

Read:- 1. G.O(Rt) No. 652/2014/HEdn dated 25.03.2014

2. Minutes of the meeting of the Programme Implementation Committee of New Initiatives in Higher Education approved on 13.11.2016.

3. Letter No. 3089/WWS/2016 /New Initiatives dated 19.11.2016 fom the Director of Collegiate Education, Thiruvanathapuram

### ORDER

In the circumstances reported by the Director of Collegiate Education in his letter read as 3rd paper, Government are pleased to issue order on the following points:

**1.** The convenor of IQAC in the College will be a Special Invitee in the meetings of the College Council without voting rights. The Director of Collegiate Education will look into the constitution of the College Council and take steps to make amendments in the constitution of the College Council so that IQAC member can be included as a member of the College Council.

**2.** IQAC in Colleges will be involved in the monitoring of the Programmes under the New Initiatives including FLAIR, SSP and WWS. A College level Monitoring Committee will monitor the activities related to these programme and suggest measures to improve the effectiveness of the programmes. The Monitoring Committee for New Initiatives at the college level will have the following members (i) Principal (ii) Secretary, College Council (iii) Convenor, IQAC (iv) Coordinator of WWS (v) Coordinator of SSP (vi) Representative of FLAIR members (if available) (vii) Student representative from SSP (viii) Student representative from WWS (ix) Head of the Administrative section (AA/Sr.Supdt/Jr.Supdt as per the status of the colleges). Coordinator of WWS or SSP, as decided by the College, will function as the Secretary of the Programme Monitoring Committee and keep record of the proceedings of the meetings.

**3.** There will be no provision to provide Refreshments to students of SSP and WWS for attending the sessions of the Programmes.

**4.** TA may be provided to genuinely needy students based on the distance from home for attending classes of WWS and SSP on days when concession facility is not provided by public transport. The expenses in this regard will be met from the office expenses earmarked for the Programmes.

**5.** In the WWS Programme, the Colleges should conduct a minimum of 45 External Mentoring sessions. The remaining 25 External mentoring sessions can be conducted in the form of visits of short duration (one/two days) to reputed academic institutions, meeting eminent faculty there, having interaction sessions

with them there etc;The students getting the benefit of the regular motivational visit need not be included in this mode of external mentoring sessions. Detailed guidelines on this will be issued by the Director of Collegiate Education.

6. Absence from college by faculty members for attending Programmes related to FLAIR/WWS/SSP/ASAP will be treated as 'duty' subject to the condition that they should compensate the lost classes. A record of the duty attended and the classes engaged to compensate the lost classes has to be maintained by the faculty member. The Director of Collegiate Education will issue a Circular in this regard to all the Deputy Directors of Collegiate Education.

(By Order of the Governor)
**SAJU PETER**
Deputy Secretary to Government

To

The Director of Collegiate Education, Thiruvananthapuram
Dr. K.P.Jaikiran, Programme Director, FLAIR
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
The Director, Web & New Media, I&PRD
Stock File/OC

Forwarded/By Order

Section Officer

FOR TOP QUALITY TEXTS

# SOBA PUBLICATIONS

**Changanasserry, Kottayam, Kerala State - 686101**

**Our prestigeous books which you can confidently follow:**

Financial Management (For B.Com/BBA) ₹140
Income Tax (For B.Com/BBA) ₹290
Direct Taxes - Law and Practice (For M.Com., MBA, CA, ICWA) ₹390
Principles of Insurance (For B.Com/BBA) ₹100
Capital Market (For B.Com) ₹100
Value Added Tax - Concepts and Practices (For B.Com) ₹110
Indian Financial Markets (For B.Com/BBA) ₹100
Capital Market and Investment Management ₹100
Indian Financial System (For B.Com/BBA) ₹100
Financial Management (For M.Com, MBA, CA, ICWA) ₹290

**Attention Authors and Eminent Professors**

We invite top quality texts for publication, for B.Com, BBA, M.Com, and MBA, on attractive terms. If interested contact:

The Manager,
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph: 9496752663, 9446223651**
**www.sobabooks.com**

विश्वविद्यालय अनुदान आयोग
**University Grants Commission**
(मानव संसाधन विकास मंत्रालय, भारत सरकार)
(Ministry of Human Resource Development, Govt. of India)
बहादुरशाह ज़फर मार्ग, नई दिल्ली-110002
Bahadur Shah Zafar Marg, New Delhi-110002
Ph: 011-23239337, 23236288,
Fax: 011-23238858, email: jssandhu.ugc@nic.in

सत्यमेव जयते

F.No. 1-2/2009(EC/PS)

29th November, 2016

**NOTICE**

**Sub: Constitution of the External Peer Review Committee in term of clause 5.6.1(d) of UGC Regulations on (Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) 2010.**

UGC Regulations on (Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) Regulations, 2010 dated 30th June, 2010 were notified in the Gazette of India on 18th September 2010. Clause 5.6.1 (d) of these Regulations has been amended vide UGC (Minimum Qualifications for Appointment of Teachers and other Academic Staff in Universities and Colleges and Measures for the Maintenance of Standards in Higher Education) Regulations (4th Amendment), 2016 which provides as under: -

> *"The term of appointment of the College Principal shall be five years with eligibility for reappointment for one more term only after a similar Selection process which shall take into account an external peer review, its recommendations and its outcomes.The framework of the external peer review shall be specified by the UGC."*

The matter was considered by the Commission in its meeting held on 15th November, 2016 and as per decision of the Commission, the constitution of the External Peer Review Committee shall be as under: -

(i) Nominee of the Vice-Chancellor of the affiliating University
(ii) Nominee of the Chairman, University Grants Commission

The nominees shall be nominated from the Principals of the Colleges with Excellence / College with Potential for Excellence / Autonomous Colleges / NAAC 'A+' accredited Colleges.

The Report of the above Peer Review Committee shall be the main basis for re-appointment of the Principal.

**(Prof. (Dr.) Jaspal Singh Sandhu)**
Secretary

# മാനവ മോചനത്തിന്റെ പുതു വെളിച്ചം ബുദ്ധമത ദർശനത്തിൽ


ഡോ.എൻ.എം.സണ്ണി

മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്



കേരള സാഹിത്യ അക്കാദമിയുടെ ഗവേഷണ പദ്ധതിയുടെ ഭാഗമായി പ്രസിദ്ധീകരിച്ച 'ബുദ്ധമതം ഇന്ത്യയിൽ' എന്ന ഗ്രന്ഥം ബുദ്ധമതത്തിന്റെ വൃദ്ധിക്ഷയങ്ങളെ കുറിച്ചുള്ള ആധികാരികമായ നിരീക്ഷണങ്ങളാണ് പങ്കുവെക്കുന്നത്. ബുദ്ധ ദർശനങ്ങളെ സംബന്ധിക്കുന്ന സാമ്പ്രദായിക ചിന്തകളെ നിരാകരിക്കുകയും, പകരം യുക്തിഭദ്രവും ശാസ്ത്രീയവുമായ വീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു എന്നതാ ണ് ബുദ്ധ ദർശന സംബന്ധിയായ ഇതര രചനകളിൽ നിന്ന് ഈ പുസ്തകത്തെ വ്യതിരിക്തമാകുന്നത്. ബുദ്ധമതം ഒരു മതല്ല, മാനവികതയിൽ അധിഷ്ഠിതമായി മുഴുവൻ മാനവ ജാതി യെയും തുല്ല്യരായി കാണുന്ന ഒരു ജീവിത വീക്ഷണമാണ് അത് എന്ന് ഗ്രന്ഥ കർത്താവായ കെ രാജഗോപാലൻ സംശയ ലേശമെന്യേ സമർത്ഥിക്കുന്നു. ബുദ്ധ കാലം വംശീയവും ജാതീയവുമായ വേർതിരുവുകളിൽ നിന്ന് വിമുക്ത മായിരുന്നു. വേദപൂർവ്വ കാലം മുതൽ ആധുനിക കാലം വരെ ബുദ്ധ ദർശനം മാനവരാശിക്ക് നൽകിയ വിമോചനാത്മമായ ചിന്തകൾ തെളിമയോടെ അനുവാചക സമക്ഷം  സമർപ്പിക്കുകയാണ് ഈ ഗ്രന്ഥം.

സംസ്കാര സമ്പന്നരായിരുന്ന സിന്ധു നദീതട നിവാസികൾക്ക് സുമേറിയൻ നാഗരികതയുമായി ബന്ധമുണ്ടായിരുന്നു എന്ന് ചരിത്രാന്വേഷകൻ കൂടിയായ പണ്ഡിറ്റ് നെഹ്റു സമർത്ഥിക്കുന്നുണ്ട്. അവരുടെ ഇടയിലേക്ക് അതിനെക്കാൾ താഴ്ന്ന സംസ്കാ രമുള്ള ഒരു ജനത കടന്നു വന്നിരിക്കാമെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അവിടെ നിലനിന്ന ജനതയെ, അവർക്കിടയിൽ തന്നെ നില നിന്ന അഭിപ്രായ വിത്യാ സങ്ങളും പരസ്പര ശത്രുതയും സമർത്ഥമായി ഉപയോഗിച്ചു കൊണ്ട് കീഴടക്കുകയും ചെയ്തതാവാം എന്ന് നിരീക്ഷിക്കുന്നു. ഉത്തരേന്ത്യയിലെ പ്രാചീന ഭാഷ പൂർവ്വ ദ്രാവിഡം ആയിരുന്നിരിക്കാം എന്നും നെഹ്റു വിശ്വസിക്കുന്നു. സൈന്ധവ നാഗരികതയുടെ ഭാഷ ദ്രാവിഡമായിരിക്കാം എന്ന് പ്രൊഫ. റോമിലാ ഥാപ്പറും നിരീക്ഷിക്കുന്നുണ്ട്.




ആര്യരുടെ ഏറ്റവും വലിയ സഹായിയായി ഋഗ്വേദത്തിൽ കാണുന്നത് ഇന്ദ്രനാണ്. അദ്ദേഹത്തിന്റെ ആയുധമായ വജ്രായുധം ത്വഷ്ടാവ് നിർമ്മിച്ച് നൽകിയതാണ്. ഈ വജ്രായുധം ഉപയോഗിച്ചാണ് ഇന്ദ്രൻ ദസ്യുക്കൾ

എന്ന് വ്യവഹരിക്കപ്പെടുന്ന തദ്ദേശ വാസികളുടെ നേതാവായ വൃത്രനെ കൊല്ലുന്നത്. ഋഗ്വേദത്തിലെ ഏറ്റവും പ്രമുഖനായ ദേവൻ ഇന്ദ്രനാണ്. ദസ്യുക്കളെ പരാജയപ്പെടുത്തുന്നതിനായി ഇന്ദ്രന്റെ സഹായം തേടുന്നതായി കാണാം.

പുത്രന്മാരുടെ ജനനം ആവർത്തിക്കുന്നതിന് വേണ്ടി ആര്യന്മാർ ആഗ്രഹിച്ചിരുന്നു, എന്നാൽ പുത്രിമാർക്ക് വേണ്ടി ആഗ്രഹിച്ചിരുന്നതായി തെളിവുകളില്ല. കാലിവളർത്തൽ പ്രധാന തൊഴിലായി സ്വീകരിച്ചിരുന്ന ആര്യർ മകനും മകന്റെ മകനും ജനിക്കാണ് കൂടുതലായി പ്രാർത്ഥിച്ചിരുന്നത്. ആര്യൻ എന്ന പദം കാലാന്തരത്തിൽ ഭാഷയായും സഞ്ചാരി എന്നും, പിന്നീട് ശ്രേഷ്ഠൻ എന്നുമായി മാറുകയാണുണ്ടായത്. തദ്ദേക വാസികളെ ദസ്യുക്കൾ-ശത്രുക്കളായാണ് കണക്കാക്കിയി രുന്നത്. ആര്യർ കീഴടക്കിയ അവരെ ദാസന്മാരായും-ദാസൻ-ദാനം ചെയ്യുന്ന വൻ-ശൂദ്രന്മാരായും, രാക്ഷസ ന്മാരായും കണക്കാക്കിയിരുന്നു.

ബിസി 1500റോടെ ആര്യന്മാർ പ്രബലരായെ ദസ്യുക്കളെ കീഴടക്കിയതായി മനസ്സിലാക്കാം. ദാസ ഗോത്രങ്ങളാൽ ഞങ്ങൾ ചുറ്റപ്പെട്ടിരിക്കുന്നു എന്നും അവർ യാഗം ചെയ്യുന്നില്ല, യാതൊന്നിലും വിശ്വസിക്കുന്നുമില്ല. അവർ മനുഷ്യരല്ല. അല്ലയോ ശത്രുക്കളുടെ നാശ കർത്താവേ അവരെ കൊല്ലുക, ദാസ വംശത്തെ നശിപ്പിക്കു, എന്ന ആഹ്വാനം . ഇന്ദ്രൻ എന്ന സേനാപതിയാൽ നടപ്പാക്കപ്പെട്ടു എന്ന് സമർത്ഥിക്കുന്നു. ഹരപ്പയിലെയും മോഹ ഞ്ചോദാരെയിലെയും ദ്രാവിഡരുടെ പ്രബലങ്ങളായ കോട്ടകളെ ആര്യന്മാർ ഇന്ദ്രന്റെ സഹായത്തോടെ ഇടിച്ചു തകർത്തതു കൊണ്ടാണ് ഇന്ദ്രൻ പുരങ്ങളെ നശിപ്പിച്ച പുരന്ദരനായി മാറുന്നത്.

ഇന്ദ്രൻ കഴിഞ്ഞാൽ അഗ്നിയെയാണ് ആര്യർ ഏറ്റവും കൂടുതൽ ആരാധിക്കുന്നത്. ശിവൻ എന്ന പേരിൽ ഒരൊറ്റ സ്തോത്രം പോലും ഋഗ്വേദത്തിൽ കാണുന്നില്ല. രുദ്രൻ എന്ന പേരിൽ വളരെ അപ്രധാനമായ ഒരു ദേവനുള്ളതായി കാണാനാകും. ഋഗ്വേദ കാലത്ത് ഭാരതത്തിൽ സ്ത്രീക്ക് പുരുഷന് തുല്യമായ സ്ഥാനം നിലവിലുണ്ടാ യിരുന്നതായി വിലയിരുത്തപ്പെടുന്നു. അക്കാലത്ത് സ്ത്രീധനം വേശ്യാവൃത്തി തുടങ്ങിയ ദുരാചാരങ്ങ ൾ ഉണ്ടായിരുന്നതായി സൂചനകളില്ല.

ഇൻഡോ ആര്യർ മദ്ധ്യേഷ്യയിൽ നിന്ന് ഇന്ത്യയിലേക്ക് ബിസി 8000ത്തോടെ കൂടി കുടിയേറിയതായി അനുമാനിക്കുന്നു. പേർഷ്യയിലെയും മെസപ്പെട്ടോമിയയിലെയും ഈജിപ്തിലെയും നാഗരികതകളുമായി അവർ ബന്ധപ്പെട്ടിരുന്നു.

ബുദ്ധന്റെ കാലം വരെ ഇന്ത്യയുടെ ബോധമണ്ഡലത്തെ നിയന്ത്രിച്ചിരുന്നത് വേദ മന്ത്രങ്ങളായിരുന്നു. അവസാന മണ്ഡലമൊഴിച്ചുള്ള ഋഗ്വേദമായിരുന്നു ഇതിൽ ഏറെ പ്രാചീനം. യജുസ് വേദം, സാമ വേദം, അഥർവ്വ വേദം എന്നിവ പിൽക്കാല രചനകളാ യാണ് കണക്കാക്കപ്പെടുന്നത്. യജുർവ്വേദം കൃഷ്ണ-ശുക്ല, ശുക്ല-ശതപത ബ്രാഹ്മണം വ്യാസ ശിഷ്യൻ വൈശമ്പായൻ ഉപദേശിച്ചതിനാൽ വൈശമ്പായ വേദം എന്നും അറിയപ്പെടുന്നതായി ഡോ. സുകുമാർ അഴിക്കോട് നിരീക്ഷിക്കുന്നുണ്ട്.

യജുസ്സുകളുടെ വേദമായാണ് യജുർവേദം അറിയപ്പെടുന്നത്. ഹോമിക്കുക എന്ന വാക്കിൽ



നിന്നാണ് യജുസ് എന്ന പദം ഉണ്ടായത് എന്ന് കണക്കാക്കപ്പെടുന്നു. യാഗ ത്തിന് ഉരുവിടുന്ന മന്ത്രങ്ങളാണ് ഇതിൽ അധികവും. പല മന്ത്രങ്ങളും ഋഗ്വേദ ത്തിൽ നിന്ന് ഉള്ളവ തന്നെയാണ്. ഇതിലെ ഗദ്യ ഭാഗത്തെ ബ്രാഹ്മണങ്ങൾ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.

ഋഗ്വേദ സംഹിത എഴുതിയ സ്ഥലമല്ല യജുർവ്വേദത്തിന്റേത്, ഇതിൽ സിന്ധു നദിയെ കുറിച്ചോ പോഷക നദിയെ കുറിച്ചോ ഉള്ള പരാമർശങ്ങളില്ല. കുരുപാഞ്ചാല ദേശമാണ് ഇതിൽ പരാമർശിക്കപ്പെടുന്നത്. കുരുക്ഷേത്രത്തിലെ ബ്രാഹ്മണരെ സംബന്ധിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ഭാരതമാകെ വ്യാപിച്ചതെന്ന് എന്ന് ഇതിലൂടെ അനുമാനിക്കാം. കുരു രാജ്യമായിരിക്കാം യജുർ വേദത്തിന്റെ ഉത്ഭവം സ്ഥലം എന്നു കണക്കാക്കപ്പെടുന്നു.

ഋഗ്വേദം വർഗ്ഗ സമൂഹത്തിലധിഷ്ഠിതമായിരുന്നു എന്ന് ഉറച്ച് വിശ്വസിക്കാവുന്ന തെളിവുകൾ ലഭ്യമാണ്, എന്നാൽ യജുർവ്വേദം കാലത്തോടെ ജാതിവർണ്ണ സമൂഹം പ്രോത്സാഹിപ്പിക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു. ഇതോടെ ആര്യർ യജമാനരും പൂർവ്വ നിവാസികൾ ദാസരുമായി വിഭജിക്കപ്പെട്ടു. ദാസർ ഇരുണ്ട നിറമുള്ളവരും ആര്യർ താരതമ്യേനെ വെളുത്ത നിറമുള്ളവരുമായിരുന്നു എന്ന് ഡി.ഡി.കൊസാംബി നിരീക്ഷിക്കുന്നുണ്ട്. യജുർവേദത്തിന്റെയും ബ്രാഹ്മണങ്ങളുടെയും കാലമായതോടെ ചാതുർ വർണ്ണ്യം ശക്തി പ്രാപിച്ചു എന്ന് കരുതപ്പെടുന്നു. യജുർ വേദത്തിൽ രുദ്രൻ ശിവനായി മാറുന്നു. ഋഗ്വേദത്തിൽ കാണാത്ത നാഗപൂജക്ക് യജുർ വേദ കാലത്തോടെ ആരംഭം കുറിക്കുന്നതായി കാണാനാകും.

ഋഗ്വേദം രൂപപ്പെടുത്തിയ മാനവികതയിലധിഷ്ഠിതമായ സാമൂഹ്യ പരിസരത്തെ യജുർവേദം പിന്നോട്ട് അടിക്കുന്നതായി കണക്കാക്കുന്നു ഋഗ്വേദത്തിൽ യജ്ഞ കർമ്മ ങ്ങളുടെ ഫലം ദേവന്മാർ മനുഷ്യർക്ക് നേരിട്ടു നൽകിയിരുന്നു എന്നാൽ യജുർവേദ കാലത്ത് പുരോഹിതന്മാർ ദേവന്മാർക്കും മനുഷ്യർക്കും ഇടയിൽ ഇടനിലക്കാരായി വർത്തിക്കുന്നതായി കാണാം.

സോമയാഗത്തിന് ഉരുവിടുന്ന ഗാനങ്ങളും മന്ത്രങ്ങളുമാണ് സാമ വേദത്തിലുള്ളത്. തികച്ചും മതകർമ്മങ്ങൾക്ക് വേണ്ടിയുള്ള സൂക്ത സമാഹാരമാണ് സാമവേദം എന്ന് ഡോ.എസ്.രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ആളുകളെ വിഭ്രമിപ്പിക്കുന്ന രീതിയിൽ മന്ത്രങ്ങൾ ചൊല്ലി യാഗ-യജ്ഞങ്ങളെ ഇവിടെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്.

ഋഗ്വേദം പോലെ തന്നെ അഥർവ്വ വേദവും സ്വതന്ത്രമായ ഉള്ളടക്കമാണ്. ഗോത്ര വർഗ്ഗങ്ങളുടെ പലതും സ്വീകരിക്കാൻ വൈദികമതം നിർബന്ധിതമായതിന്റെ ഫലമാ യാണ് അഥർവ്വവേദം രൂപപ്പെട്ടത്. ഋഗ്വേദം കഴിഞ്ഞാൽ കൂടുതൽ പ്രാധാന്യം അഥർവ്വ വേദത്തിനാണെന്ന് ഡോ.എസ്.രാധാകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. അനാര്യരുടെ ആഭിചാരക്രിയകൾ, താന്ത്രിക വിദ്യകൾ, മന്ത്രവാദം, ഇന്ദ്രജാലം, പ്രേതാരാധന എന്നിവക്കൊക്കെ ഇതിൽ സ്ഥാനം വന്നു. ശത്രുസംഹാരം, സുഖപ്രസവം, പരസ്ത്രീ ഗമനം, വശീകരണ മന്ത്രം, ശകുനം, തുടങ്ങിയ മിക്ക അനാചാരങ്ങളും അഥർവ്വ വേദകാലത്തിന്റെ പിൻതുടർച്ചയായി ഇപ്പോഴും കാണാവുന്നതാണ്.

വേദമന്ത്രങ്ങളുടെ ചെറുവാക്യങ്ങളിലുണ്ടായാ വിശദീകരണമോ വ്യാഖ്യനോമോ ആണ് ബ്രാഹ്മണങ്ങൾ എന്ന് കണക്കാക്കപ്പെടുന്നു. പുരോഹിതന് മഹത്തായ സ്ഥാനം നേടി കൊടുത്ത് ബ്രാഹ്മണങ്ങളാണ്. ''ആഴമില്ലാത്തതും, അപക്വവുമായ ശബ്ദ ധോരണിയും, പൗരോഹിത്യപരമായ കാപട്യവും പഴഞ്ചൻ പാണ്ഡ്യത്യ മാന്യതയുമാണ് ബ്രാഹ്മണ ങ്ങളുടെ പൊതുവായ സ്വഭാവം' എന്ന് മാക്സ് മുള്ളർ നിരീക്ഷിക്കുന്നുണ്ട്.

ശതപഥ ബ്രാഹ്മണത്തിന്റെ കർത്താവ് യാജ്ഞവൽക്യനാണ് എന്ന് വിശ്വസിക്ക പ്പെടുന്നു. സ്പർശത്തിലൂടെ അയിത്തം പോലുള്ള അനാചാരം ഉയർന്നു വരുന്നതും ചൂഷണാധിഷ്ഠിതമായ ഒരു സാമൂഹ്യ വ്യവസ്ഥ രൂപപ്പെട്ടതും ബ്രാഹ്മണങ്ങളുടെ കാലത്തോടെ ആണെന്ന് മനസ്സിലാക്കാം. ചാതുർവർണ്ണ്യത്തെയും പൗരോഹിത്യത്തേയും അത് ബലപ്പെടുത്തി. ധർമ്മവിധികളെ ചോദ്യം ചെയ്യാൻ



ശൂദ്രന് അധികാരമില്ലാതിരിക്കുകയും അറിവ് ആർജ്ജിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നതായും കാണാവു ന്നതാണ്.

വേദങ്ങളിൽ നിന്നുയർന്ന രണ്ടാമത്തെ ചിന്താധാരയുടെ പ്രതിനിധി സ്ഥാനത്താണ് ഉപനിഷത്തുകൾ നിൽക്കുന്നത്. ഭാരതീയ തത്വ ചിന്തയുടെ തിളങ്ങുന്ന മുഖം, വേദങ്ങ ളുടെ താത്വിക ജ്ഞാനമാണ് ഉപനിഷത്തുകൾ. ബുദ്ധനു മുമ്പു തന്നെ പ്രമുഖ ഉപനിഷ ത്തുകൾ ഈശാവാസ്യം, കേനം, കഠം, പ്രശ്നം എന്നിവ രചിക്കപ്പെട്ടു എന്ന് കണക്കാക്കപ്പെടുന്നു. ബ്രഹ്മവും ആത്മാവും രണ്ടല്ല ഒന്നാണ് എന്നതാണ് ഉപനിഷത്തുകളുടെ മുഖ്യമായ ഉള്ളടക്കം.

ഉപനിഷത്തുകൾ രൂപപ്പെടുത്തിയ പൊതു ഇടത്തിലേക്കാണ് ബുദ്ധൻ വരുന്നത് എന്ന് അഴീക്കോട് നിരീക്ഷിക്കുന്നുണ്ട്. ശൂദ്രൻ സഞ്ചരിക്കുന്ന ശ്മശാനമാണ് അയാളുടെ അടുത്ത് വെച്ച് വേദം അദ്ധ്യയനം ചെയ്യരുത് എന്നും വിധിക്കപ്പെട്ടിരിക്കുന്നു. നാഗരിക തയുടെ വളർച്ചയും ഗോത്രവംശങ്ങളുടെ തളർച്ചുടെയും കാലത്താണ് ബുദ്ധൻ രംഗപ്രവേശനം ചെയ്യുന്നത്. കാർഷിക സമ്പദ് വ്യവസ്ഥയിൽ അധിഷ്ഠിതമായ സമൂഹമാ യിരുന്നു അത്.

ത്രിപിടക സാഹിത്യത്തിൽ-വിനയ പിടകം, സുത്ത പിടകം, അഭിധർമ്മ പിടകം-നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സിദ്ധാർത്ഥൻ ജനിച്ച ഗോത്രം, ഗ്രാമം എന്നിവയുടെ സ്വീകാര്യമായ കാര്യത്തിൽ നിരീക്ഷണത്തിൽ എത്തിച്ചേരുന്നത്. ക്രിസ്തു വിന് മുമ്പ് 653ലാണ് സിദ്ധാർത്ഥ ഗൗതമൻ ജനിച്ചത് എന്ന് കൊസാംബി നിരീക്ഷിക്കുന്നുണ്ട്. ശാക്യ ഗോത്രത്തിന്റെ അധിപനായിരുന്ന ശുദ്ധോദനന്റെ മകനായാണ് സിദ്ധാർത്ഥന്റെ ജനനം. ശുദ്ധോദനൻ ലുമ്പിനി ഗ്രാമത്തിന്റെ തലവനും കൃഷിക്കാരനുമായിരുന്നു.

ശാക്യരും കോളിയരും കൃഷിക്ക് ആശ്രയിച്ചിരുന്നത് രോഹണി നദിയിലെ വെള്ളമാ യിരുന്നു. നദീജലം പങ്കിടുന്ന തർക്ക പരിഹാരത്തിന് യുദ്ധമാണ് ഏക പരിഹാരം എന്ന തീരുമാനം എതിർക്കുക വഴി സിദ്ധാർത്ഥൻ സംഘത്തിന്റെ തീരുമാന മനുസരിച്ച് നാടു കടത്തപ്പെടുകയാണ്. യുദ്ധം ഒരു പ്രശ്നത്തിനും പരിഹാരമല്ല. അതുകൊണ്ട് ആർക്കും ഒരു ലക്ഷ്യവും നേടാനുമാവില്ല എന്ന സിദ്ധാർത്ഥന്റെ നിലപാടാണ് നാടുകടത്തലിൽ കലാശിച്ചത്. ഓളിച്ചോടി എന്ന കഥ അവിശ്വനീയമാണ്. തപസ്സ് അനുഷ്ഠിക്കാനുറച്ച ഗൗതമനെ പിൻതിരിപ്പിക്കാൻ മഗധ ഭരിച്ചിരുന്ന ബിംബസാരൻ കഠിന പരിശ്രമം നടത്തുന്നുണ്ട്.

സദാചാരത്തിന്റെ മാർഗ്ഗമായി ബുദ്ധൻ ഉപദേശിക്കുന്നത് പത്ത് സദ് ഗുണങ്ങളാണ്. ശീലം, നിഷ്കാമം, ദാനം, വീര്യം, സഹനം, സത്യസന്ധത, ദൃഢനിശ്ചയം, കരുണ, മൈത്രി, ഉപേക്ഷ എന്നിവയാണ് ആ ഗുണങ്ങൾ. ശീലത്തെ സംബന്ധിച്ച അഞ്ച് തത്വങ്ങൾ ബുദ്ധൻ ലോകത്തിന് സമ്മാനിച്ചു. പഞ്ച ശീലങ്ങൾ ശ്രദ്ധേയമാണ്. കൊല്ലരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, ലൈംഗിക അസാന്മാർഗ്ഗം അരുത്, മദ്യപിക്കരുത്. മാനവരാശിക്ക് നൽകിയ വിലയേറിയ ദർശനങ്ങളായി അവ ഇപ്പോഴും ശോഭിക്കുന്നു. മാനവരാശിയെ പുരോഗതിയുടെ പാതയിലേക്ക് നയിച്ച ബുദ്ധ സൂക്തങ്ങൾ എക്കാലത്തും നില നിൽക്കുന്നതാണ്.

മനുഷ്യനെ യുക്തി ചിന്തയിലേക്ക് നയിക്കുക, സത്യാന്വേഷണത്തിനുള്ള സ്വാതന്ത്ര്യം നൽകുക, മനുഷ്യന്റെ അന്വേഷണ സ്വഭാവത്തെ പരിപോഷിപ്പിക്കുക എന്നിവയായിരുന്നു ആ സൂക്തങ്ങൾ.

പ്രപഞ്ച സൃഷ്ടാവായി ബുദ്ധൻ ദൈവത്തെ അംഗീകരിക്കുന്നില്ല. ദൈവം ശൂന്യത്തിൽ നിന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ചു എന്ന വാദവും ബുദ്ധൻ അംഗീകരിക്കുന്നില്ല. കാരണം ശൂന്യതയിൽ നിന്ന് ഒന്നിനെയും സൃഷ്ടിക്കാനവില്ല തന്നെ. ആത്മവിനെകുറിച്ചുള്ള ചർച്ച നിരർത്ഥകമാണെന്നും അദ്ദേഹം കരുതുന്നു. ദുഖ കാരണം മനുഷ്യനും മനുഷ്യ നും തമ്മിലുള്ള അസമത്തമാണ് എന്ന സത്യം ബുദ്ധൻ തിരിച്ചറിയുന്നു. അറിവു നേടാനുള്ള അവകാശം എല്ലാ മനുഷ്യർക്കും ഉണ്ട് എന്ന തത്വം ഉറപ്പിക്കുകയാണ് ബുദ്ധൻ ചെയ്തത്.

ബുദ്ധ ദർശനം ചാതുർ വർണ്ണ്യത്തെ ചവിട്ടി മെതിച്ചു. അടിമയ്ക്ക് സ്വാതന്ത്ര്യം നൽകി ശൂദ്രന് അറിവു നൽകി. സ്ത്രീക്ക് തുല്യത നൽകി. വേദപ്രകാരം ചെയ്യുന്ന ഹിംസ ഹിസയല്ല എന്ന വാദം ബുദ്ധൻ നിരാകരിച്ചു. സംഘ നിയമം അനുവദി ക്കുന്നതിൽ കൂടുതൽ ഒന്നും സ്വന്തമാക്കില്ലെന്ന് ഭിക്ഷു പ്രതിജ്ഞ ചെയ്യണം. ആറു വസ്തുക്കൾ മാത്രമെ ഭിക്ഷുവിന് സൂക്ഷിക്കാനാവൂ. ശരീരം മറക്കാനുള്ള മൂന്ന് കഷണം തുണി, അരപ്പട്ട, ഭിക്ഷാപാത്രം, ഖൗരക്കത്തി, ഒരു സൂചി, വെള്ളം അരിക്കാനുള്ള അരിപ്പ എന്നിവയായിരുന്നു അത്.

ബുദ്ധ ഭിക്ഷുവും ബ്രാഹ്മണനും തമ്മിലുള്ള വൈവിധ്യത്തെ കുറിച്ചുള്ള നിരീക്ഷ ണങ്ങൾ ശ്രദ്ധേയമാണ്. ബ്രാഹ്മണൻ പുരോഹിതനാണ് ആത്മാവിലും ദൈവത്തിലും വിശ്വസിക്കുന്നു-ഭിക്ഷു ആത്മാവിലോ ദൈവത്തിലോ വിശ്വസിക്കുന്നില്ല.ബ്രാഹ്മണൻ ജന്മനാ ബ്രാഹ്മണനാണ്-ഭിക്ഷു ഭിക്ഷുവായല്ല ജനിക്കുന്നത്. ബ്രാഹ്മണന് ജാതിയുണ്ട്-ഭിക്ഷുവിന് ജാതിയില്ല. ബ്രാഹ്മണന് എന്നെന്നും ബ്രാഹ്മണനായി ഇരിക്കാം -ഭിക്ഷുവിന് അത് സാധ്യമല്ല. ബ്രാഹ്മണന് പരിശീലനങ്ങൾ വേണ്ട-ഭിക്ഷുവിന് ശിക്ഷണം ആവശ്യ മാണ്. ബ്രാഹ്മണന് പണം സമ്പാദിക്കാം-ഭിക്ഷുവിന് അത് പാടില്ല.



ജാതി സമ്പ്രദായത്തിനെതിരെയുള്ള നിലപാടുകളായിരുന്നു ബുദ്ധ ദർശനത്തിന്റെ വളർച്ചയുടെ കാരണമായി നിരീക്ഷിക്കപ്പെടുന്നത്. മാനവിക ചിന്തകൾ മനുഷ്യനിൽ നിന്ന് പുറത്തേക്ക് ദേവന്മാരുടെ ലോകത്തിലേക്ക് തിരിയുന്നതാണ് ഋഗ്വേദ സൂക്തങ്ങളിൽ കാണുന്നത്, എന്നാൽ തന്നിൽ തന്നെ ഒളിഞ്ഞിരിക്കുന്ന ശക്തിയിലേക്ക് മനുഷ്യന്റെ അന്വേഷണത്തെ ബുദ്ധമതം തിരിച്ചു വിടുന്നു. യുക്തിയുടെ മതമായാണ് ബുദ്ധമതം നില കൊള്ളുന്നത്.

ബിംബസര പുത്രനായ അജാതശത്രുവിന്റെ നേതൃത്തിൽ അഞ്ഞൂറോളം ഭിക്ഷുക്കളുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട ഒന്നാമത്തെ സമിതി ബുദ്ധന്റെ ഉപദേശങ്ങൾ ക്രോഡീകരിക്കാൻ തീരുമാനിച്ചതോടെ അഭിപ്രായ വിത്യസങ്ങളും ഉടലെടുത്തു. ചന്ദ്രഗുപ്തന്റെ പുത്രനായ ബിന്ദു സാരന്റെയും, ബിന്ദുസാര പുത്രനായ അശോകന്റെയും ഭരണകാലം ബുദ്ധമതത്തിന്റെ വളർച്ചയുടെ സുവർണ്ണ കാലമായാണ് അടയാളപ്പെടുത്തു ന്നത്.

ഭാരതീയ ദൈഷണിക മണ്ഡലത്തെ ബുദ്ധമതത്തിന്റെ ഈ രണ്ട് ഉൾപ്പിരിവുകളും ചലനാത്മകമാക്കി എന്ന് നിരീക്ഷിക്കപ്പെടുന്നു. ഈ രണ്ട് ഉൾപ്പിരിവുകൾക്കും ഈരണ്ട് വീതം ശാഖകളും നിലനിന്നിരുന്നു. ഹീനയാന ശാഖക്കാർ വൈഭാഷികർ, സൗത്രാന്തികർ എന്നും, മഹായാന ശാഖക്കാർ യോഗാചരർ, മാദ്ധ്യമികർ എന്നും വിഭജിക്കപ്പെട്ടിരുന്നു. ധനം ദുർവ്യയം ചെയ്തു കൂടാ എന്ന് അനുയായികളെ പഠിപ്പിക്കുന്ന മതമാണ് ശ്രേഷ്ട മതം. ജ്ഞാനമാണ് ഒരാളെ ബ്രാഹ്മണനാക്കുക എന്ന ചിന്തക്ക് കുടുതൽ ഊന്നൽ നൽകി. പിന്നീട് ബുദ്ധനെ ഏറ്റവും ഒടുവിലത്തെ അവതാരമായി സ്വീകരിക്കുകയുണ്ടായി.

ചിലപ്പതികാരത്തിലും മണിമേഖലയിലും ബുദ്ധമതത്തിന്റെ സുവർണ്ണകാലത്തിന്റെ അടയാളങ്ങൾ കാണാം. ശൈവ വൈഷ്ണവ തർക്കത്തിന് പരിഹാരമായയാണ് ശാസ്താവ് അവതരിപ്പിക്കപ്പെടുന്നത് എന്ന് കാണാവുന്നതാണ്. വൃഷ്ണി വംശത്തിൽപെട്ട കൃഷ്ണ ഭക്തർ അവൈദികരായിരുന്നു അവർ പിന്നീട് വിഷ്ണു ഭക്തരായി മാറ്റപ്പെടുകയായിരുന്നു അങ്ങനെയാണ് കൃഷ്ണൻ വൈദിക ദേവനായി മാറുന്നത് എന്ന് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു.

നിങ്ങൾ തന്നെ നിങ്ങൾക്ക് വെളിച്ചമാകട്ടെ എന്ന ബുദ്ധന്റെ അവസാനത്തെ ഉപദേശം മാനവരാശിയെ മാനവിക മൂല്യങ്ങളിലധിഷ്ഠിതമായ ഒരു നവ ലോകം കെട്ടിപ്പടുക്കാൻ സഹായിക്കും എന്നതിന് സംശയമില്ല. ബുദ്ധ ദർശനം മാനവരാശിയുടെ മോചനത്തിന് പുതു വെളിച്ചം സമ്മാനിക്കുക തന്നെ ചെയ്യും. വംശീയതക്കും, ജാതിയ ചിന്തകൾക്കും ഉപരിയായി ചിന്തിക്കാൻ അത് പുതുതലമുറയെ പ്രേരിപ്പിക്കും. പരമ്പരാഗതവും സാമ്പ്രദായികവുമായ ചിന്തകളെ ഇളക്കി പ്രതിഷ്ഠിക്കുന്നതിന് 'ബുദ്ധമതം ഇന്ത്യയിൽ' എന്ന ഈ മഹത് ഗ്രന്ഥം സഹായകരമാകും.

# കണ്ണൂർ-കാസർഗോഡ് ഉന്നതവിദ്യാഭ്യാസ പരിഷ്കാര ശില്പശാല




ഉന്നതവിദ്യാഭ്യാസമേഖലയിലെ പരിഷ്കാരങ്ങളെ പഠിക്കാനായി എ.കെ.പി.സി.ടി.എ. ശില്പശാല സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട അഞ്ച് വിഷയങ്ങൾ കേന്ദ്രീകരിച്ചാണ് ശില്പശാല സംഘടിപ്പിച്ചത്. ജില്ലാ ലൈബ്രറി കൗൺസിൽ ഹാളിൽ എ.കെ.പി.സി.ടി.എ. കണ്ണൂർ-കാസർഗോഡ് ജില്ലാ പ്രസിഡന്റ് ഡോ. ആർ.കെ. സതീഷ് അദ്ധ്യക്ഷനായി. ഡോ. ദീപ കെ. (കരിക്കുലം-സിലബസ്), ഡോ. കെ.എം. പ്രസീദ് (അക്കാദമിക് കലണ്ടർ), ഡോ. കെ.എം. ഉദയാനന്ദൻ (ചോയ്സ്), ഡോ. കെ.പി. പ്രശാന്ത് (പരീക്ഷയും മൂല്യനിർണ്ണയവും), പത്മനാഭൻ കാവുമ്പായി (അക്കാദമികേതരം), ഡോ. കെ.വി. സുജിത്ത് (അക്കാദമിക് അനുബന്ധ പ്രവർത്തനം) എന്നിവർ പ്രബന്ധാവതരണം നടത്തി. എ.കെ.പി.സി.ടി.എ. ജേർണൽ ചീഫ് എഡിറ്റർ പ്രമോദ് വെള്ളച്ചാൽ ആമുഖ പ്രസംഗം നടത്തി.

ചർച്ചയിൽ പങ്കെടുത്ത് ഡോ. ജെയിംസ്പോൾ, ടി. ജിജികുമാരി, ഷീല എം. ജോസഫ്, ഡോ. അമൃത കെ. അടിയോടി, ഡോ. ജോസഫ് കെ. ജോബ്, ടി. മുഹമ്മദ് സയ്യിദ്, ഡോ. കെ.എൻ. അജേയ് കുമാർ, ഡോ. പി. ശ്രീജ, ഡോ. ഏ.ആർ. ബിജു, ഡോ. ഇസ്മായിൽ ഓലായിക്കര, ഡോ. കെ. സുധ, ഡോ. എം.കെ. രാധാകൃഷ്ണൻ, സി. ഗീത, ഇ.വി. സുരേഷ് എന്നിവർ സംസാരിച്ചു. സംസ്ഥാന അക്കാദമിക് കൺവീനർ ഡോ. സി. പത്മനാഭൻ ക്രോഡീകരണ പ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറി എ. നിശാന്ത് സ്വാഗതവും, വയനാട് ജില്ലാ സെക്രട്ടറി ഡോ. തോമസ് മോനോത്ത് നന്ദിയും പറഞ്ഞു.

## ഡോക്ടറേറ്റ്

### ശങ്കരനാരായണൻ പാലേരി



കോട്ടയം മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ശങ്കരനാരായണൻ പാലേരി. ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ്ങ് കോളേജിൽ സോഷ്യൽ സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. മുൻ എൻ.എസ്.എസ്. കോളേജ് പ്രിൻസിപ്പാൾ ഡോ. ശരത്ചന്ദ്രരാജിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

### ഡി. മിനികുമാരി



കേരള യൂണിവേഴ്സിറ്റിയിൽ നിന്നും എഡ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടിയ ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ്ങ് കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡി. മിനികുമാരി. കേരള യൂണിവേഴ്സിറ്റി വിദ്യാഭ്യാസ വിഭാഗം വകുപ്പുമേധാവി ഡോ. തെരേസ സൂസന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

### വൈശാഖൻ തമ്പി



കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് മെറ്റീരിയൽ സയൻസിൽ ഡോക്ടറേറ്റ് നേടിയ വൈശാഖൻ തമ്പി ഡി.എസ്. ചേർത്തല എൻ.എസ്.എസ്. കോളേജിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അസിസ്റ്റന്റ് പ്രൊഫസറാണ്. തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി (NIIST) ചീഫ് സയന്റിസ്റ്റ് ഡോ. പി. പ്രഭാകരറാവുവിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# MOVEMENT RESOLUTION OF THE 30th ACADEMIC CONFERENCE OF AIFUCTO HELD IN GUWAHATI DURING 7-9 DECEMBER, 2016



▶ This conference strongly objects the new policy initiatives of the Govt. of India which are promoting commercialisation, centralisation, corporatisation, and foreign universities in India. The conference warns the Govt. of India to desist from such moves.

▶ The expresses concern that despite various agitations by AIFUCTO, the Govt. of India has not addressed the problems teachers especially issues concerning young teachers like scrapping API, extension of date for completing OC/RC, thus depriving lacs of teachers of the benefit of CAS under 6th Pay Commission pay scales.

▶ The conference, after detailed deliberations on the Draft New Education Policy 2016, has reached the conclusion that in totality it will have adverse implications and decides to carry out a campaign against policy.

▶ The conference expresses conference over the non-submission of the report of UGC 7th PRC, even though six month term has come to an end.

▶ This conference expresses complete dissatisfaction with the failure of the Govt. of India to bring regulations for self financing institutions so as to ensure that the teachers in such institutions get benefit of UGC scales and service conditions. It expresses concern on the extreme exploitation of the contractual staff, the non-uniform implementation of the 6th UGC Pay Scales in various states and failure to resolve its anomalies.

▶ The conference denounces attacks on the autonomy of universities and the dissent expressed by the students.

▶ The conference expresses its concern over the untold sufferings of the common man consequent upon



Kerala Delegates



AKPCTA Academic Convener Dr. C. Padmanabhan

unplanned implementation of the decision of demonetisation OF Rs. 500/1000 currency notes.

This General Council demands the immediate redressal of the issues concerning the higher education. It further decides to launch direct action programmes at the state and the national level during the budget session of the parliament. It authorises the NEC to take required decisions taking into account the decisions of AIFUCTO General Council and the situation emerging from time to time.

The conference resolves that if the 7th PRC report is not submitted upto 31st January, 2017, then a nation-wide agitation programme may be chalked out by NEC.

# കോഴിക്കോട് സർവ്വകലാശാല ഏകദിന ശിൽപശാല




ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ.) യുടെ നേതൃത്വത്തിൽ കോഴിക്കോട് സർവ്വകലാശാലയിലെ പുതിയ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് നിലവിലുള്ള ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റത്തെ സംബന്ധിച്ച് ചർച്ചയും നടത്തി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റിക്ക് കൈമാറാൻ തീരുമാനിച്ചു.

ശില്പശാല മുൻ സിണ്ടിക്കേറ്റ് അംഗം ഡോ. കെ. കെ. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. വൈസ് പ്രസിഡന്റ് ഡോ. സി.കെ. ബാബു അധ്യക്ഷനായിരുന്നു. ഡോ. സി.എൽ. ജോഷി, ഡോ. പി.കെ. കുശലകുമാരി എന്നിവർ സംസാരച്ചു. സിണ്ടിക്കേറ്റംഗം ഡോ. സി. അബ്ദുൾ മജീദ് സ്വാഗതവും, ഡോ. എം.ബി. ഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു. ഡോ. ജയപ്രകാശ്, പ്രൊഫ. എ.എം.പി. ഹംസ, ഡോ. സലീം, പ്രൊഫ. ഹരിദാസൻ തുടങ്ങിയവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. ശില്പശാലയിൽ 150ഓളം ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ പങ്കെടുത്തു.

## കേരള യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എ.കെ.പി.സി.ടി.എ. അംഗങ്ങൾ




ഡോ. റാണി എസ്.
എസ്.എൻ. ട്രെയിനിങ് കോളേജ്



ജിനോ നൈനാൻ
സെന്റ് ഗ്രിഗോറിയോസ് കോളേജ് കൊട്ടാരക്കര



പ്രൊഫ. എസ്. സുരേഷ്
ശ്രീ. അയ്യപ്പാ കോളേജ് എരമല്ലിക്കര



ആർ. ഇന്ദുലാൽ
എസ്.ഡി. കോളേജ്, ആലപ്പുഴ




ശ്രീകുമാർ
എൻഎസ്എസ് കോളേജ്, പന്തളം




ഡോ. സുനിൽ കുമാർ
എസ്എൻ കോളേജ്, കൊല്ലം



ഡോ. കെ. ബിജുകുമാർ
മഹാത്മഗാന്ധി കോളേജ്, തിരുവനന്തപുരം



ഡോ. കെ. സന്തോഷ്
ദേവസ്വംബോർഡ് കോളേജ്, ശാസ്താംകോട്ട



ഡോ.എൻ. വിപിൻ ചന്ദ്രൻ
മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം



ഡോ. എസ്.കെ. സുഭാഷ്
എസ്.എൻ. വിമൻസ് കോളേജ്, കൊല്ലം



ഡോ. ഷാജി എം.
എസ്എൻ കോളേജ്, കൊല്ലം



എസ്എസ്എ സ്റ്റേറ്റ് ഡയരക്ടറായി നിയമിതനായ ഡോ. എ.പി. കുട്ടികൃഷ്ണൻ. എ.കെ.പി.സി.ടി.എ. മുൻ സംസ്ഥാന പ്രസിഡന്റും തളിപ്പറമ്പ് സർസയ്യിദ് കോളേജ് മുൻ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം തലവനും കണ്ണൂർ യൂണിവേഴ്സിറ്റി മുൻ പ്രോ-വൈസ്ചാൻസലറുമാണ്.



# ദേശീയവിദ്യാഭ്യാസനയം: ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസത്തിന് എതിര്: ഓപ്പൺഫോറം പാലക്കാട് ജില്ല




ഇന്ത്യൻ വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ തയ്യാറാക്കിയ ദേശീയ വിദ്യാഭ്യാസനയം കരട് രേഖ ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസത്തിന് ഭീഷണിയാണെന്ന് എകെപിസിടിഎ പാലക്കാട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഓപ്പൺ ഫോറത്തിൽ അഭിപ്രായം. ഇന്ത്യയിൽ ആയിരക്കണക്കിന് സ്ഥലങ്ങളിൽ സിറ്റിങ്ങുകൾ നടത്തിയും ലക്ഷക്കണക്കിന് ആൾക്കാരുടെ അഭിപ്രായം കേട്ടും നയം രൂപീകരിക്കുമെന്ന് പറഞ്ഞിട്ട് ഏറ്റവും ഗൗരവമേറിയ ഈ മേഖലയിൽ തെല്ലും സമഗ്രമല്ലാത്ത ഒന്നാണ് ഇപ്പോൾ സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി നൽകിയ 230ൽ അധികം പേജുള്ള റിപ്പോർട്ട് സർക്കാർ സ്വീകരിക്കുകയോ തള്ളുകയോ ചെയ്യാതെ ഒളിച്ചുകളി നടത്തുകയാണ്. വർഗീയത ഒരു ഭാഗത്തും കോർപ്പറേറ്റ് വൽക്കരണം മറുഭാഗത്തും പ്രോത്സാഹിപ്പിക്കാൻ ഉതകുന്നതാണ് ഇപ്പോൾ സർക്കാർ പ്രസിദ്ധീകരിച്ച കരട് നയം. മതേതരത്വവും ജനാധിപത്യവും ശക്തിപ്പെടുത്താനുള്ള ഒരു നിർദ്ദേശവും റിപ്പോർട്ടിലില്ല. ഓപ്പൺ ഫോറത്തിൽ പി. വേണുഗോപാലൻ, പ്രൊഫ. പി.ഹരിദാസ്, ഡോ. ജയപ്രകാശ് ആർ.കെ., ഡോ. കെ. വാസുദേവൻ പിള്ള, ഡോ. ശങ്കരനാരായണൻ പാലേരി, പ്രൊഫ. കെ.ജി. പ്രിയേഷ് തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു.



Dr. P.N. Harikumar, HOD Commerce, Catholicate College, Pathanamthitta Receiving the memento in the annual conference of indian commerce association held in lucknow university on 11th, 12th and 13th november, 2016. Based on the research achievements, this is the first time a teacher form aided college was selected as the co-chairperson of indian commerce association.

## RUSA ടെക്നിക്കൽ ഗ്രൂപ്പിലേക്ക് കേരള ഗവൺമെന്റ് നോമിനേറ്റ് ചെയ്ത എ.കെ.പി.സി.ടി.എ. പ്രവർത്തകസമിതി അംഗങ്ങൾ



ഡോ. സി.എൽ. ജോഷി



ഡോ. എം.ബി. ഗോപാലകൃഷ്ണൻ



ഡോ. ജയപ്രകാശ് ആർ.കെ..

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.257

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- DECEMBER - 2016




Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Prof. Pramod Vellachal